

എൻ.വി.കൃഷ്ണവാരിയർ
സ്ഥാപക പത്രാധിപർ

# വിജ്ഞാനകൈരളി


കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം

നവംബർ 2022 വാല്യം 54 ലക്കം 11 വില ₹ 25





ക്വാണ്ടം കമ്പ്യൂട്ടറുകൾക്ക് വഴിതുറന്ന ഗവേഷകർക്ക് നൊബേൽ സമ്മാനം
ഡോ. ജോർജ് വർഗീസ്
05
2022 ഭൗതികശാസ്ത്ര നൊബേൽ സമ്മാനത്തെക്കുറിച്ച് ചർച്ച ചെയ്യുന്ന ലേഖനം.

11
ക്ലിക് കെമിസ്ട്രിയും ബയോ ഓർത്തോഗണൽ കെമിസ്ട്രിയും രസതന്ത്രത്തിന്റെ ഭാവി
ഡോ. എം.എസ്. സുശീലൻ

17
ഓർമകളുടെ അപനിർമാണവും വീണ്ടെടുക്കലും
ഡോ. സി സേതുലക്ഷ്മി

21
മനുഷ്യാവകാശപ്പോരാളികൾക്ക് സമാധാനത്തിനുള്ള നൊബേൽസമ്മാനം
ഡോ. റ്റി. ഗംഗ

27
ഗൊദാർദ് ചലച്ചിത്രലോകത്തെ ഇതിഹാസകാരൻ
ഡോ. ഷെറീനാ റാണി ജി.ബി.

30
നെറ്റിലായ മലയാളിയും ആപ്പിലായ മലയാളവും
ഡോ. അശോക് ഡിക്രൂസ്

36
ആർട്ടിഫിഷ്യൽ ഇന്റലിജൻസും മാനവികതയുടെ ഭാവിയും
ബിജു ധർമപാലൻ

42
സൈബർ മനശ്ശാസ്ത്രം
ഡോ. സജി സാമുവൽ

48
ദ്രാവിഡമൂല്യങ്ങൾ തമിഴ് മലയാള ഭാഷകളിൽ
പ്രഭാഹരൻ കെ.

51
ശിലകളിൽ പൂക്കുന്ന സർഗാത്മകലോകം
ഡോ. ഉണ്ണി ആമപ്പാറയ്ക്കൽ

54
മലയാളഭാഷാ സാങ്കേതിക വിഭവ സ്രോതസ്സുകൾ ഒരവലോകനം
ഡോ. സരിത എസ്. എൽ



ഗൊദാർദ് ചലച്ചിത്രചരിത്രത്തിലെ ജംപ് കട്ട്
അനിൽ ദേവ്
23
ചലച്ചിത്രകലയിലെ പ്രതിഭയായ ഗൊദാർദിനെക്കുറിച്ചുള്ള ലേഖനം



നിങ്ങളോർക്കുക, നിങ്ങളെങ്ങനെ നിങ്ങളായെന്ന്...!
ഡോ. എ. ബിജുകുമാർ
13
ഈ വർഷത്തെ നൊബേൽ ജേതാവായ സ്വാന്തെ പാബോയുടെ പഠനങ്ങളെക്കുറിച്ച് ഒരവലോകനം

60
ഉൾക്കൊള്ളലിന്റെ സാംസ്കാരികാഖ്യാനങ്ങൾ: ഭിന്നശേഷിയും മാനവികാനന്തരതയും
ഡോ. ഷീബ എം. കുര്യൻ

65
പെൺവിനിമയത്തിന്റെ സാക്ഷാൽക്കാരങ്ങൾ
ഡോ. വിഷ്ണുരാജ് പി.

71
ആലിയ ഡയസ്പോറയുടെ നേർസാക്ഷ്യം
ഡോ. അമ്പിളി പി.സി.

76
ഇരവികുളം ദേശീയ ഉദ്യാനത്തിലെ മുതുവാൻ ഗോത്രത്തിന്റെ വംശീയസസ്യശാസ്ത്രനിരീക്ഷണങ്ങൾ
ഡോ. ജെയ്സൺ ജേക്കബ് വർഗ്ഗീസ്, ഡോ. എഫ്. ജി. ബെന്നോ പെരേര

82
പുസ്തകപരിചയം



വിജ്ഞാനകൈരളിയിലെ ലേഖനങ്ങളിൽ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങളുടെയും ആശയങ്ങളുടെയും ഉത്തരവാദിത്വം ലേഖകർക്കായിരിക്കും.
അവ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയോ ഗവൺമെന്റിന്റെയോ ഔദ്യോഗികാഭിപ്രായമായിക്കൊള്ളണമെന്നില്ല. - എഡിറ്റർ



ചീഫ് എഡിറ്റർ : 0471 2316306
എഡിറ്റർ : 8547071569
ഇ മെയിൽ editorvijnanakairali@gmail.com
harivkairali@gmail.com
ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, നാളന്ദ, തിരുവനന്തപുരം 695 003
സർക്കുലേഷൻ മാനേജർ : 9447762255
www.keralabhashainstitute.org

**ചീഫ് എഡിറ്റർ**
ഡോ. സത്യൻ എം.
**എഡിറ്റർ**
ജി.ബി. ഹരീന്ദ്രനാഥ്
**സബ് എഡിറ്റർ**
കെ.ആർ. സരിതകുമാരി
**പത്രാധിപസമിതി**
ഡോ. ഷിബു ശ്രീധർ
ഡോ. പ്രിയ വർഗീസ്
എൻ. ജയകൃഷ്ണൻ
ഡോ. റ്റി. ഗംഗ
റാഫി പൂക്കോം
ശ്രീകല ചിങ്ങോലി
രമ്യ കെ. ജയപാലൻ
വിദ്യ എസ്.
ദീപ്തി കെ.ആർ.
ഡോ. അപർണ്ണ എസ്. കുമാർ
ബിന്ദു എ.
അനുപമ ജെ.
**സർക്കുലേഷൻ മാനേജർ**
എൻ.ഐ. അനിൽകുമാർ
**ടൈപ്പ് സെറ്റ് & ലേ-ഔട്ട്**
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ
തിരുവനന്തപുരം -14
**കവർ ഡിസൈൻ :**
നാരായണ ഭട്ടതിരി

# നൊബേൽ സമ്മാനം-2022

ഓരോ വർഷവും വിവിധ വിഷയങ്ങളിലെ നൊബേൽസമ്മാനാർഹരെയും വിഷയങ്ങളെയും കുറിച്ച് അറിയാൻ വൈജ്ഞാനികലോകം എപ്പോഴും കാതോർത്തിരിക്കാറുണ്ട്. മനുഷ്യരാശിയുടെ മുന്നോട്ടുള്ള കുതിപ്പിന് ഉത്തേജകമാകുന്ന വിഷയങ്ങൾ തിരഞ്ഞെടുക്കാൻ എപ്പോഴും നൊബേൽ കമ്മിറ്റി ശ്രദ്ധാലുക്കളുമാണ്.

ഈ വർഷത്തെ നൊബേൽസമ്മാനാർഹരിൽ ഏറ്റവും ശ്രദ്ധേയനായ വ്യക്തി വൈദ്യശാസ്ത്രത്തിലെ നൊബേൽസമ്മാനജേതാവായ സ്വാന്തെ പാബോ ആണ്. പാലിയോജിനോമിക്സ് എന്ന ശാസ്ത്രശാഖയ്ക്ക് അടിത്തറ നൽകിയ ഈ ശാസ്ത്രജ്ഞൻ മനുഷ്യന്റെ പൂർവികരെക്കുറിച്ചും ഉല്പത്തിയെക്കുറിച്ചും നരവംശപരിണാമത്തിന്റെ നാൾവഴികളെക്കുറിച്ചും ഡി എൻ എ പഠനങ്ങളിലൂടെ കൃത്യവും ശാസ്ത്രീയവുമായ ഉത്തരങ്ങൾ നമ്മുടെ മുമ്പിൽ വച്ചു. നാൽപ്പതിനായിരം വർഷം പഴക്കമുള്ള ഫോസിലുകളിൽനിന്ന് വേർതിരിച്ചെടുത്ത ഡി എൻ എ പഠനങ്ങളിലൂടെ ഹോമോസാപിയൻസായ നമ്മളും നിയാണ്ടർത്താലുകളും തമ്മിലുള്ള ജനിറ്റിക് കൊടുക്കൽ വാങ്ങലുകളെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ അദ്ദേഹം നമ്മുടെ മുന്നിൽ വയ്ക്കുന്നുണ്ട്. ആധുനിക മനുഷ്യന്റെ വംശശുദ്ധിയെപ്പറ്റി ഏറെ ചർച്ചകളും കലാപങ്ങളും നടക്കുന്ന ഈ കാലഘട്ടത്തിൽ ദേശാതിർത്തികൾ കടന്ന് മനുഷ്യരെല്ലാം പല വംശങ്ങളുടെ കൂടിച്ചേരലിലൂടെ ഉരുത്തിരിഞ്ഞവരാണ് എന്ന ശാസ്ത്രതത്വത്തിന്റെ ആധികാരികമായ വെളിപ്പെടുത്തലുകളാണ് തന്റെ കണ്ടെത്തലുകളിലൂടെ അദ്ദേഹം അരക്കിട്ടുറപ്പിക്കുന്നത്. ആരോഗ്യരംഗത്ത് ഏറ്റവും കൂടുതൽ ഗവേഷണം നടക്കുന്ന മേഖലയാണ് ജീനോം പഠനങ്ങൾ. മനുഷ്യൻ നേരിടുന്ന പല മാരകരോഗങ്ങളുടെയും ഉല്പത്തിയും പരിഹാരവും ഇതിലൂടെ നമുക്ക് കണ്ടെത്താൻ കഴിയും. വൈദ്യശാസ്ത്രഗവേഷണരംഗത്ത് ഒരു കുതിച്ചുചാട്ടത്തിന് ഈ കണ്ടുപിടിത്തം ഉൾപ്രേരകമാകും. നരവംശശാസ്ത്രം, ആർക്കിയോളജി എന്നീ മേഖലകൾക്കുപുറമേ വംശീയരാഷ്ട്രീയത്തിന്റെ അടിവേരറിയാനും ഈ കണ്ടുപിടിത്തങ്ങൾക്ക് കഴിയും.

പാബോയ്ക്കു പുറമേ ക്ലിക്ക് കെമിസ്ട്രി, ബയോ ഓർത്തോഗണൽ കെമിസ്ട്രി എന്നിവയിലെ സംഭാവനകൾക്കായി കാരോളിൻ ബെർട്ടോസി, മോർട്ടൻ മെൽഡൽ, കെ. ബാരിഷാർപ്ലെസ്സ് എന്നീ മൂന്നുപേർക്ക് നൊബേൽ സമ്മാനം ലഭിച്ചു. നൂതനമായ ക്വാണ്ടം ടെക്നോളജിയുടെ സിദ്ധാന്തങ്ങൾ മുന്നോട്ടു വച്ച അലെയ്ൻ അസ്പെക്റ്റ്, ജോൺ എഫ് ക്ലോസർ, ആന്റൺ സൈലിംഗർ എന്നീ ഭൗതികശാസ്ത്രജ്ഞന്മാർക്കാണ് ഭൗതികശാസ്ത്രത്തിനുള്ള നൊബേൽസമ്മാനം ലഭിച്ചത്. ഈ കണ്ടുപിടിത്തങ്ങൾ ശാസ്ത്ര-സാങ്കേതിക വളർച്ചയ്ക്ക് ഉപോൽബലകവുമാണ്.

സമാധാനത്തിന് നൊബേൽസമ്മാനം ലഭിച്ചത് അലസ് ബിയാലിയാറ്റ്സ്കിക്കും റഷ്യയിലേയും ഉക്രയിനിലേയും മനുഷ്യാവകാശ സംഘടനകളായ മെമ്മോറിയൽ, സെന്റർ ഫോർ ലിബർട്ടീസ് എന്നിവയ്ക്കുമാണ്. കൂടാതെ സാഹിത്യത്തിന് ആനി എർണോയ്ക്കും നൊബേൽസമ്മാനം ലഭിച്ചു. ഇവരുടെയൊക്കെ സംഭാവനകൾ സമഗ്രമായി വിവരിക്കുന്ന ലേഖനങ്ങൾ ഉൾപ്പെടുത്തിയ വിശേഷാൽ പതിപ്പായി വിജ്ഞാനകൈരളി വായനക്കാർക്ക് മുന്നിൽ അവതരിപ്പിക്കുന്നതിൽ ഞങ്ങൾക്ക് വളരെയധികം സന്തോഷമുണ്ട്.

**- ചീഫ് എഡിറ്റർ**



# ക്വാണ്ടം കമ്പ്യൂട്ടറുകൾക്ക് വഴിതുറന്ന ഗവേഷകർക്ക് നൊബേൽ സമ്മാനം

**ഡോ. ജോർജ് വർഗീസ്**

ക്വാണ്ടം തത്വങ്ങൾ ശരിയായി ഉപയോഗിച്ച് ഫോട്ടോ ഇലക്ട്രിക് ഇഫക്ട് വിശദീകരിച്ചതിനും, ആറ്റത്തിന്റെ മോഡൽ സംവിധാനം ചെയ്തതിനും രണ്ടുപേർക്ക് 1922-ൽ നൊബേൽ സമ്മാനം നൽകി. 2022-ൽ നൊബേൽ കമ്മിറ്റി സമ്മാനത്തിനായി തെരഞ്ഞെടുത്ത ജോൺ ക്ലോസർ (John Clauser), അലെയ്ൻ ആസ്പെക്ട് (Alain Aspect), ആന്റൺ സൈലിംഗർ (Anton Zeilinger) എന്നീ ത്രിമൂർത്തികൾ വാസ്തവത്തിൽ കടപ്പെട്ടിരിക്കുന്നത് 1922-ൽ നൊബേൽ സമ്മാനം ലഭിച്ചിരുന്ന ആൽബർട്ട് ഐൻസ്റ്റൈനോടും നീൽസ് ബോറിനോടുമാണ്. 1900-ലാണ് ജർമൻ സൈദ്ധാന്തികൻ മാക്സ് പ്ലാങ്ക് ക്വാണ്ടം തത്വം ആദ്യമായി ആവിഷ്കരിച്ചത്. അന്ന് എല്ലാവരും നെറ്റിചുളിച്ച് മാറിനിന്നെങ്കിലും 1905-ൽ ആൽബർട്ട് ഐൻസ്റ്റൈൻ എന്ന ചെറുപ്പക്കാരൻ ആദ്യമായി അതുപയോഗിച്ച് ഫോട്ടോ ഇലക്ട്രിക് പ്രതിഭാസത്തിന് അനുയോജ്യമായ വിശദീകരണം നൽകി. 1911-ൽ നീൽസ് ബോർ ക്വാണ്ടം തത്വങ്ങൾ കൊണ്ട് നിർമിച്ച ആറ്റം മാതൃക കൊണ്ട് ശാസ്ത്രലോകത്തെ വിസ്മയിപ്പിച്ചു. പിന്നീടിങ്ങോട്ട് ക്വാണ്ടം സിദ്ധാന്തത്തിന്റെ ജൈത്രയാത്രയായിരുന്നു. ഭൗതികശാസ്ത്രമേഖലയെ അത് പരിഷ്കരിച്ചു. ഇന്നു നാം സൂക്ഷ്മലോകത്തെയും, സ്ഥൂലപ്രപഞ്ചത്തെയും നിരീക്ഷിക്കുന്നത് ക്വാണ്ടം സിദ്ധാന്തംകൊണ്ടാണ്. മനുഷ്യൻ കണ്ടെത്തിയ രണ്ട് മഹത്തായ ശാസ്ത്രസിദ്ധാന്തങ്ങൾ ഏതെന്നു പരിശോധിച്ചാൽ ക്വാണ്ടംതിയറിയും ആപേക്ഷികതാ സിദ്ധാന്തവുമാണെന്നു നിസ്സംശയം പറയാം. പ്രകൃതിയെയും അതിന്റെ തത്വങ്ങളെയും സമഗ്രമായി പരിശോധിച്ചറിയാൻ ഇവ രണ്ടും കൂടിയേ തീരൂ. ക്വാണ്ടം സിദ്ധാന്തം ആവിഷ്കരിച്ച മാക്സ് പ്ലാങ്കിന് 1918-ൽ നൊബേൽ സമ്മാനം ലഭിച്ചു. അതിനുശേഷം 27 വർഷം ക്വാണ്ടം സിദ്ധാന്തത്തിന്റെ വിവിധ വശങ്ങൾ ആവിഷ്കരിച്ചതിനാണ് ഭൗതികശാസ്ത്ര നൊബേൽ സമ്മാനം നൽകിയത്. അനേക പരീക്ഷണ നിരീക്ഷണങ്ങൾ നടത്തി മറ്റു മേഖലകളിൽ സമ്മാനിതരായവരും ക്വാണ്ടം ആശയങ്ങൾ പരോക്ഷമായെങ്കിലും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ആ കണക്ക് എടുത്തിട്ടില്ല.

**1911-ൽ നീൽസ് ബോർ ക്വാണ്ടം തത്വങ്ങൾ കൊണ്ട് നിർമിച്ച ആറ്റം മാതൃക കൊണ്ട് ശാസ്ത്രലോകത്തെ വിസ്മയിപ്പിച്ചു. പിന്നീടിങ്ങോട്ട് ക്വാണ്ടം സിദ്ധാന്തത്തിന്റെ ജൈത്രയാത്രയായിരുന്നു.**

## ക്വാണ്ടം പരിണയം

ഇത്രയ്ക്കു മഹത്തായ ക്വാണ്ടം സിദ്ധാന്തത്തെ പക്ഷേ, ആൽബർട്ട് ഐൻസ്റ്റൈൻ, എഡ്വിൻ ഷ്രോഡിംഗർ തുടങ്ങി മഹാപ്രതിഭാശാലികൾ പലരും വിമർശിച്ചിരുന്നു. ക്വാണ്ടം സംവിധാനത്തെ ഒരു സമ്പൂർണ ഭൗതികശാസ്ത്രസിദ്ധാന്തമെന്ന ഗണത്തിൽപ്പെടുത്താൻ കഴിയില്ലെന്ന പക്ഷക്കാരനായിരുന്നു ഐൻസ്റ്റൈൻ. ക്വാണ്ടം സിദ്ധാന്തം കൊണ്ട് എത്രയോ ഭൗതിക പ്രതിഭാസങ്ങൾ അനാവരണം ചെയ്യാൻ കഴിയുന്നു. അതുകൊണ്ട് അത് മികച്ച സിദ്ധാന്തമാണെന്നു വാദിക്കുകയാണ് നീൽസ് ബോറും അദ്ദേഹത്തെ പിന്തുണയ്ക്കുന്നവരും. ഐൻസ്റ്റൈൻ അങ്ങനെ പറയുന്നതിനു കാരണമുണ്ട്. അസ്ഥിരതാവാദമാണ് അതിന്റെ കാതൽ. ഒന്നും വ്യക്തമായി പറയാതെ സാധ്യതകളുടെ മുന്നറിയിപ്പ് മാത്രം തരുന്ന സിദ്ധാന്തം. ഭൗതിക യാഥാർഥ്യങ്ങളെപ്പോലും അയുക്തിയുടെ നിഴലിലേക്കു വലിച്ചിഴയ്ക്കുന്ന തത്വങ്ങൾ. അങ്ങനെ പലതുമുണ്ട്. ഐൻസ്റ്റൈനെ ഏറ്റവും അസ്വസ്ഥമാക്കിയത് മറ്റൊന്നാണ്. ക്വാണ്ടം തത്വങ്ങൾ അപ്പാടെ അംഗീകരിച്ചാൽ അദ്ദേഹം ആവിഷ്കരിച്ച റിലേറ്റിവിറ്റി സിദ്ധാന്തം തകിടം മറിയും. പ്രപഞ്ചത്തിൽ സഞ്ചരിക്കുന്ന എല്ലാ വസ്തുക്കൾക്കും പ്രകൃതി വേഗതയ്ക്ക് പരിധിവച്ചിട്ടുണ്ട്. പ്രകാശരശ്മികൾക്കു മാത്രം പരമാവധി വേഗതയിൽ സഞ്ചരിക്കാം. ബാക്കിയെല്ലാം അതിനു താഴെയേ വരാവൂ. ഐൻസ്റ്റൈനാണ് ഈ പ്രമാണം കണ്ടെത്തിയത്. ക്വാണ്ടം സിദ്ധാന്തം വലിച്ചുനീട്ടിയാൽ ഇതിനൊരു വിള്ളൽ വീഴുമെന്ന് ഐൻസ്റ്റൈൻ മനസ്സിലാക്കി. ഒരുപാട് അവ്യക്തതകൾ നിഴലിക്കുന്ന ക്വാണ്ടം സിദ്ധാന്തത്തെ എതിർക്കുക തന്നെ കാര്യം, അദ്ദേഹം തീരുമാനിച്ചു. 1927-ൽ ഒക്ടോബർ 27-ന് ബൽജിയത്തിലെ ബ്രസൽസ്സിൽ ചേർന്ന സൈദ്ധാന്തികരുടെ അഖിലലോകസമ്മേളനത്തിൽ വച്ച് ഐൻസ്റ്റൈനും ബോറും അക്ഷരാർഥത്തിൽ ഏറ്റുമുട്ടി. പ്രമുഖരായ സൈദ്ധാന്തികർ എല്ലാം അന്നവിടെയുണ്ടായിരുന്നു. വയോധികനായ ഹെൻട്രിക് ലോറൻസ് ആയിരുന്നു സമ്മേളനാധ്യക്ഷൻ. എർഡ്വിൻ ഷ്രോഡിംഗർ, വെർണർ ഹൈസൻബർഗ്, മാക്സ് ബോൺ, പോൾ ഡിറാക്, വൂൾഫ് ഗാംങ് പൗളി തുടങ്ങി നിരവധി പ്രതിഭാധനൻമാരുടെ ശ്രമഫലമായി ക്വാണ്ടം സിദ്ധാന്തം അത്യന്തം തിളക്കമാർന്നതായി കഴിഞ്ഞിരുന്നു. ആ പ്രതിഭാശാലികൾ എല്ലാവരും തന്നെ സോൾവേ കോൺഫറൻസിൽ പങ്കെടുത്തിരുന്നു. അലകും പിടിയും മാറണമെന്ന് അവർ ശഠിച്ചു. ഐൻസ്റ്റൈൻ നിരത്തിയ മുഖ്യവാദം അതിന്റെ പകിടകളിയാണ്. കാരണം, ക്വാണ്ടം അവസ്ഥയിൽ പിണഞ്ഞുകിടക്കുന്ന രണ്ടു വസ്തുക്കൾ അവ എത്ര അകലത്തിരുന്നാലും പരസ്പരം ബന്ധപ്പെടുന്നു. അതായത് അതിലൊരെണ്ണം അതിന്റെ അവസ്ഥ ഭേദപ്പെടുത്തിയാൽ, അതേ മാത്രയിൽ തന്നെ അതിന്റെ കൂട്ടാളിയും അതിനനുസരിച്ചുള്ള അവസ്ഥാമാറ്റം നടത്തും. എളുപ്പം മനസ്സിലാക്കാൻ ഇലക്ട്രോൺ കണത്തിന്റെ ക്വാണ്ടം അവസ്ഥയായ 'സ്പിൻ' ആണ് എളുപ്പം. ഇലക്ട്രോണിന് രണ്ട് സ്പിൻ അവസ്ഥകൾ ഉണ്ട്. 'സ്പിൻ അപ്' (Spin Up↑) എന്നും 'സ്പിൻ ഡൗൺ' (Spin Down↓) എന്നും രണ്ട് അവസ്ഥകൾ. ഈ രണ്ട് സ്പിൻ അവസ്ഥകളിൽ കഴിയാമെന്നുള്ളതുകൊണ്ടാണ് ഹൈഡ്രജൻ തന്മാത്രയിൽ രണ്ട് ഇലക്ട്രോണുകൾ രഹസ്യബാന്ധവത്തിൽ കഴിയുന്നത്. അല്ലെങ്കിൽ ഹൈഡ്രജൻ തന്മാത്രയുടെയും അതുകൊണ്ടു രൂപപ്പെടുന്ന മറ്റു പലതിന്റെയും - വെള്ളം പോലും - നിലനിൽപ്പ് അസ്ഥാനത്താകുമായിരുന്നു! ഇണചേർന്നിരിക്കുന്ന രണ്ട് സ്പിൻ അപ് & ഡൗൺ (↓ & ↑) ബന്ധമാണ് ഉള്ളത്. ഒരാൾ സ്പിൻ ഡൗൺ ചെയ്താൽ മറ്റേയാൾ അപ്പോൾ തന്നെ അപ് ചെയ്തിരിക്കും (↓ &↑). ഇങ്ങനെ കൂടിക്കുഴഞ്ഞു കഴിയുന്ന വ്യൂഹങ്ങളെ 'എന്റാംഗിൾഡ്' കണങ്ങൾ എന്നു വിളിക്കുന്നു. അടുത്തിരുന്നാലും അകലെ കഴിഞ്ഞാലും എന്റാംഗിൾഡ് ആണെങ്കിൽ അവ പരസ്പരം ഗാഢബന്ധത്തിലായിരിക്കും. ഒരാളുടെ മനം അറിഞ്ഞ് മറ്റേയാൾ മനംമാറ്റുന്ന പരിണയബന്ധം നമുക്ക് സുപരിചിതമാണല്ലോ. എന്റാംഗിൾഡ് ആയ രണ്ടു കക്ഷികൾ വിദൂരമായ രണ്ടു കോണുകളിൽ ആണെങ്കിൽ ഈ മനപ്പൊരുത്തം സാധിക്കാൻ എന്തു വിദ്യയാണുള്ളത്? ഒരാൾ (A) ഭൂമിയിലും മറ്റെയാൾ (B) ഭൂമിയിൽനിന്നും നാലു പ്രകാശവർഷം അകലെയുള്ള നക്ഷത്രമായ ആൽഫ സെൻട്ടൂറിയിലും ആണെന്നു സങ്കൽപ്പിക്കുക. പ്രകാശവേഗത്തിൽ സഞ്ചരിച്ചാലും ഇവിടെനിന്നും ആൽഫ സെൻട്ടൂറിയിലെത്താൻ നാലു വർഷമെടുക്കും. A യും B യും എന്റാംഗിൾഡ് ആയതുകൊണ്ട് A യിൽ വരുന്ന മാറ്റം B അപ്പോൾ തന്നെ മനസ്സിലാക്കി അയാളുടെ അവസ്ഥ തദനുസൃതമായി ഭേദപ്പെടുത്തുന്നു. അതായത് A ഇലക്ട്രോൺ തന്റെ സ്പിൻ ഡൗൺ ചെയ്താൽ അപ്പോൾ തന്നെ B ഇലക്ട്രോൺ അയാളുടെ സ്പിൻ അപ് ചെയ്തിരിക്കും. A സ്പിൻ മാറ്റിയെന്ന് B എങ്ങനെയാണ് അറിയുക? പ്രകാശവേഗത്തിൽ സഞ്ചരിച്ചാൽപ്പോലും ഒരു സന്ദേശം B യിൽ എത്താൻ നാലു വർഷം ക്വാണ്ടം സന്ദേശത്തിനു പ്രകാശത്തെക്കാൾ വേഗതയാർജിക്കാൻ കഴിയുമോ? അങ്ങനെയെങ്കിൽ ഐൻസ്റ്റൈൻ എഴുതിയ റിലേറ്റിവിറ്റി സിദ്ധാന്തം നിരർഥകമാകും! ഐൻസ്റ്റൈൻ അതിനു തയാറല്ല. അകലങ്ങളിൽ സംഭവിക്കുന്ന ഈ മറിമായം (spooky action at a distance) സോൾവെ കോൺഫറൻസിൽ ചൂടേറിയ വിവാദത്തിനു വഴിതെളിച്ചു. സൈദ്ധാന്തികർ പല സങ്കൽപ്പപരീക്ഷണങ്ങളും (thought experiments) അവതരിപ്പിച്ച് തങ്ങളുടെ വാദങ്ങൾ ന്യായീകരിക്കാൻ ശ്രമിച്ചു.

## ഷ്രോഡിംഗറുടെ പൂച്ച

ഐൻസ്റ്റൈന്റെ അഭിപ്രായത്തോട് ഏറ്റവും വിയോജിപ്പ് ബോറിനായിരുന്നു. 'ക്ലാസ്സിക്കൽ ഭൗതിക നിയമങ്ങളിൽ ക്വാണ്ടം തരംഗത്തെ തൂക്കിയിടാനാണ് അയാൾ ശ്രമിക്കുന്നത്', ബോറിന്റെ പരിഹാസം അങ്ങനെയായിരുന്നു. അന്നു തുടങ്ങിയ

ഐൻസ്റ്റൈന്റെ അഭിപ്രായത്തോട് ഏറ്റവും വിയോജിപ്പ് ബോറിനായിരുന്നു. 'ക്ലാസ്സിക്കൽ ഭൗതിക നിയമങ്ങളിൽ ക്വാണ്ടം തരംഗത്തെ തൂക്കിയിടാനാണ് അയാൾ ശ്രമിക്കുന്നത്', ബോറിന്റെ പരിഹാസം അങ്ങനെയായിരുന്നു. അന്നു തുടങ്ങിയ സംവാദം നിലയ്ക്കാത്ത ചർച്ചയായി ഏറെക്കാലം തുടർന്നു.

സംവാദം നിലയ്ക്കാത്ത ചർച്ചയായി ഏറെക്കാലം തുടർന്നു. പല സൈദ്ധാന്തികരും അതേറ്റെടുത്തു ചർച്ച ചെയ്തു. പ്രിൻസ്റ്റണിൽ ചേക്കേറിയ ഐൻസ്റ്റൈനെ മഥിച്ചുകൊണ്ടിരുന്ന പ്രശ്നമായിരുന്നു ക്വാണ്ടം തത്വത്തിന്റെ അപര്യാപ്തത വെളിച്ചത്തുകൊണ്ടുവരണം എന്നത്. ബോറിസ് പൊഡോൾസ്കി, നാഥൻ റോസ് എന്നീ ഗവേഷകർ ഐൻസ്റ്റൈനൊപ്പം ചേർന്നു. ഒരു ഭൗതിക യാഥാർഥ്യത്തെ പറ്റിയുള്ള ക്വാണ്ടം മെക്കാനിക്സിന്റെ വിശദീകരണം സമ്പൂർണമാകുമോ? (Can Quantum Mechanical description of Physical Reality be Complete?) എന്ന തലക്കെട്ടിൽ അവർ മൂവരും ചേർന്നെഴുതിയ ലേഖനം 1935-ലെ ഫിസിക്കൽ റിവ്യൂ മാസിക പ്രസിദ്ധപ്പെടുത്തി. EPR പ്രഹേളിക (EPR പാരഡോക്സ്) എന്ന പേരിൽ അതിപ്പോഴും ചർച്ചചെയ്യപ്പെടുന്നു. ഐൻസ്റ്റൈന്റെ ലേഖനം പ്രത്യക്ഷപ്പെട്ട വാർത്ത ന്യൂയോർക്ക് ടൈംസ് പ്രസിദ്ധപ്പെടുത്തിയത് ഇങ്ങനെയാണ് - Einstein Attacks Quantum Theory. നീൽസ് ബോറാണ് ഏറ്റവുമധികം വിഷണ്ണനായത്. EPR ലേഖനത്തെ നിരാകരിച്ചുകൊണ്ട് ഫിസിക്കൽ റിവ്യൂ മാസികയിൽ തന്നെ ബോർ വൈകാതെ മറ്റൊരു ലേഖനമെഴുതി. ക്വാണ്ടം മെക്കാനിക്സും ഭൗതിക യാഥാർഥ്യവും എന്നതായിരുന്നു തലക്കെട്ട്. ലേഖനം സംബന്ധിച്ച് നിരവധി കത്തുകൾ ഐൻസ്റ്റൈനും ഷ്രോഡിംഗറും കൈമാറി. അതിലൊന്നിൽ ഷ്രോഡിംഗർ നൽകിയ വിശദീകരണത്തിൽ പെട്ടിയിൽ അടച്ചുവച്ച പൂച്ചകളുടെ കഥയുണ്ട്. സുന്ദരിയായ പൂച്ചക്കുട്ടി പക്ഷേ, അപകടകരമായ അവസ്ഥയിലാണ് പെട്ടിക്കുള്ളിൽ മയങ്ങുന്നത്. കാരണം വിഷം നിറച്ച ഒരു കുപ്പി തൊട്ടരികിലുണ്ട്. കുപ്പി അടച്ചിരിക്കുകയാണെങ്കിലും അതിന്റെ മീതെ കനമുള്ള ഇരുമ്പു കഷണം വീഴാൻ പാകത്തിൽ തൂങ്ങിനിൽക്കുന്നു. ഇരുമ്പ് ദണ്ഡ് തൂക്കിയിട്ടിരിക്കുന്ന ചരട് മറ്റൊരു ഉപകരണത്തോടാണ് ഘടിപ്പിച്ചിരിക്കുന്നത്. റേഡിയോ ആക്ടിവിറ്റി പ്രദർശിപ്പിക്കുന്ന ചില വസ്തുക്കൾ അവിടെയുണ്ട്. അത് എപ്പോഴാണ് റേഡിയോ ആക്ടീവത മൂലം ആൽഫ, ബീറ്റ, ഗാമ രശ്മികൾ ഏതെങ്കിലും പുറന്തള്ളുന്നതെന്ന് ഷ്രോഡിംഗറുടെ തരംഗവാക്യങ്ങൾ ഉപയോഗിച്ചുകൊണ്ട് പ്രവചിക്കാൻ കഴിയും. റേഡിയോ കണങ്ങൾ ഉണ്ടായാൽ അത് രേഖപ്പെടുത്തുന്ന കൗണ്ടറും പെട്ടിയിലുണ്ട്. കൗണ്ടർ ടിക് ചെയ്തു പോയാൽ, അത് ഒരു ലിവർ ചലിപ്പിക്കും. ഇരുമ്പുദണ്ഡിന്റെ ചരട് വലിഞ്ഞുപൊട്ടും. ദണ്ഡ് താഴെ വീണ് കുപ്പി ഉടയും, വിഷദ്രാവകം പരക്കും. പൂച്ച അതു കുടിച്ചാൽ കൊല്ലപ്പെടും. അങ്ങനെയെങ്കിൽ അടച്ചിരിക്കുന്ന പെട്ടിയിലെ പൂച്ച കുറേ കഴിയുമ്പോൾ ജീവനോടെ ശേഷിക്കുമോ എന്നു നിങ്ങളുടെ ക്വാണ്ടം സിദ്ധാന്തംകൊണ്ടു പ്രവചിക്കാൻ കഴിയുമോ? 'ഷ്രോഡിംഗറുടെ പൂച്ച' എന്ന വിഖ്യാതമായ സാങ്കൽപ്പിക കഥയാണിത്. പൂച്ച ചത്തോ അതോ ജീവനോടെയുണ്ടോ എന്നു വിശദമാക്കാൻ പെട്ടി തുറന്നുനോക്കുകയേ മാർഗമുള്ളൂ എന്നു നീൽസ് ബോർ പറയും. പിന്നെ നിങ്ങളുടെ സിദ്ധാന്തം കൊണ്ട് എന്തു പ്രയോജനം? ഐൻസ്റ്റൈൻ കളിയാക്കും. ക്വാണ്ടം സിദ്ധാന്തവും ക്ലാസ്സിക്കൽ ചിന്താഗതിയും തമ്മിൽ കൂടിക്കുഴയ്ക്കരുതെന്നു ബോറും പ്രതികരിക്കും.



*ഷ്രോഡിംഗറുടെ പൂച്ച*

## അജ്ഞാതചരങ്ങൾ

1947-ലാണ് ഡേവിഡ് ബോം പ്രിൻസ്റ്റണിൽ ഐൻസ്റ്റൈന്റെ ലാവണത്തിലെത്തിയത്. EPR ലേഖനത്തിന്റെ ചുവടുപിടിച്ച് ബോം നടത്തിയ അഭിപ്രായപ്രകടനങ്ങൾ ശ്രദ്ധയാകർഷിച്ചു. ക്വാണ്ടം സിദ്ധാന്തത്തിന്റെ ന്യൂനത അദ്ദേഹം മനസ്സിലാക്കി. ക്വാണ്ടം സിദ്ധാന്തങ്ങൾ പൂർണമാകാത്തത്, ചില അജ്ഞാതചരങ്ങ (Hidden Variables)ളെ കൂടി പിടികിട്ടാത്തതുകൊണ്ടാണ് എന്നായിരുന്നു ബോമിന്റെ നിഗമനം. ബോമിന്റെ അജ്ഞാതചരങ്ങൾ സൈദ്ധാന്തികർക്കിടയിൽ വിസ്മയം ജനിപ്പിച്ചു. ബോമിന്റെ അജ്ഞാതചരസിദ്ധാന്തം ഏറെ ചർച്ച ചെയ്യപ്പെട്ടു. സൂക്ഷ്മകണങ്ങളുടെ പ്രതിഭാസങ്ങൾ വിശദമാക്കുന്നതിൽ അത് കുറേയൊക്കെ വിജയിക്കുകയും ചെയ്തു. യാഥാസ്ഥിതികമായിരുന്നില്ല അതിന്റെ ശൈലി. ബോമിന്റെ ഗണിതാഖ്യാനവും സരളമായിരുന്നില്ല. ലൂയിസ് ഡിബ്രോയി ബോമിനോട് യോജിച്ചെങ്കിലും വൂൾഫ് ഗാംഗ് പൗളി ബോമിനെ നിശിതമായി വിമർശിച്ചു. ബോമിനെ അനുകൂലിച്ച മറ്റൊരു വിഖ്യാത സൈദ്ധാന്തികൻ റിച്ചാർഡ് ഫെയ്മാനായിരുന്നു.

1947-ലാണ് ഡേവിഡ് ബോം പ്രിൻസ്റ്റണിൽ ഐൻസ്റ്റൈന്റെ ലാവണത്തിലെത്തിയത്. EPR ലേഖനത്തിന്റെ ചുവടുപിടിച്ച് ബോം നടത്തിയ അഭിപ്രായപ്രകടനങ്ങൾ ശ്രദ്ധയാകർഷിച്ചു. ക്വാണ്ടം സിദ്ധാന്തത്തിന്റെ ന്യൂനത അദ്ദേഹം മനസ്സിലാക്കി. ക്വാണ്ടം സിദ്ധാന്തങ്ങൾ പൂർണമാകാത്തത്, ചില അജ്ഞാതചരങ്ങ (Hidden Variables)ളെ കൂടി പിടികിട്ടാത്തതുകൊണ്ടാണ് എന്നായിരുന്നു ബോമിന്റെ നിഗമനം.

## ബെല്ലിന്റെ അസമത്വസിദ്ധാന്തം

അയർലന്റിൽ ജനിച്ച ജോൺ സ്റ്റുവർട്ട് ബെൽ ഐൻസ്റ്റൈൻ ബോർ സംവാദത്തിന്റെ കഥ കേട്ട് ആകൃഷ്ടനായി. ഇലക്ട്രോൺ സ്പിൻ ചരിതത്തെക്കാൾ ലഘുവായ ഒരു ഉദാഹരണം അദ്ദേഹം കണ്ടെത്തി. സാധാരണക്കാരോട് പറയാൻ എളുപ്പമുള്ള ഉദാഹരണമാണത്. ഡോക്ടർ ബർട്ടിമാൻ എന്ന കഥാപാത്രം കാലിൽ ധരിക്കുന്ന ഉറകൾക്ക് ഒരു പ്രത്യേകതയുണ്ട്. ഓരോ കാലിലും വ്യത്യസ്ത നിറ



*അലെയ്ൻ ആസ്പക്ട്, ജോൺ ക്ലോസർ, ആന്റൺ സൈലിംഗർ*

യാഥാർഥ്യം' ഒരു ദാർശനിക വിഷയം ആണെങ്കിൽ കേവലം ഭൗതികമായ അന്വേഷണങ്ങൾക്ക് പ്രസക്തിയില്ല. ഭൗതികമായ മാപിനികൾകൊണ്ട് യാഥാർഥ്യത്തെ തിരിച്ചറിയുക എളുപ്പമല്ല. ക്വാണ്ടം സിദ്ധാന്തത്തിന്റെ അപൂർണത ചൂണ്ടിക്കാട്ടിയ ഐൻസ്റ്റൈനെ ആശ്വസിപ്പിക്കാൻവേണ്ടിയായിരുന്നു ഡേവിഡ് ബോമിന്റെ നിർദേശങ്ങൾ.

ത്തിലുള്ള ഉറകളാണ് ബർട്ടിമാൻ ഇടുന്നത്. ഒരു കാലിൽ ചുവപ്പുനിറമാണെങ്കിൽ മറ്റേ കാലിന്റെ ഉറയ്ക്ക് വേറൊരു നിറമാകും. ബർട്ടിമാന്റെ ഇടതു കാലുറയുടെ നിറം നോക്കി വലതു കാലുറയുടെ നിറം പ്രവചിക്കുക അസാധ്യമെങ്കിലും ഒന്നു നിങ്ങൾക്കുറപ്പിക്കാം; വലതുകാലിൽ ആ നിറമായിരിക്കില്ല. ഭൗതികലോകം സൃഷ്ടിക്കുന്ന അതിർവരമ്പുകളുടെ അകലം ഒന്നും അതിനു പ്രശ്നമാകില്ല. ഇഴപിരിയാബന്ധത്തിൽ കഴിയുന്ന രണ്ടു വസ്തുക്കളിൽ ഒന്നിനെ നിരീക്ഷിച്ച് മറ്റേതിന്റെ അവസ്ഥ നിശ്ചയിക്കാൻ കഴിയും. ബെൽ ഈ നിരീക്ഷണപദ്ധതിയുടെ ഒരു അയുക്തി കണ്ടെത്തി. ക്വാണ്ടം തത്വങ്ങൾക്കനുസരിച്ചു പ്രവർത്തിക്കുന്ന ഏതിനും, നാമറിയാത്ത ചില തത്വങ്ങൾകൂടി അനുസരിക്കേണ്ടിവരുമെന്നായിരുന്നു ഡേവിഡ് ബോമിന്റെ നിഗമനം. ക്വാണ്ടം പ്രമാണമനുസരിച്ചു മാത്രമേ ഏതു കണവും പ്രവർത്തിക്കൂ. അതേക്കുറിച്ച് ഫലപ്രദമായ ഒരു പ്രവചനം നടത്തുക നിരീക്ഷകർക്ക് അസാധ്യമായ കാര്യവുമാണ്. യുക്തിയുടെ കുറേ ഭാഗം അയുക്തിയും ചേർന്നിരുന്നാലേ സിദ്ധാന്തവൽക്കരണം സാധ്യമാകയുള്ളോ? എന്താണ് വാസ്തവം? ഏതാണ് യഥാർഥമായ അവസ്ഥ?

'യാഥാർഥ്യം' ഒരു ദാർശനിക വിഷയം ആണെങ്കിൽ കേവലം ഭൗതികമായ അന്വേഷണങ്ങൾക്ക് പ്രസക്തിയില്ല. ഭൗതികമായ മാപിനികൾകൊണ്ട് യാഥാർഥ്യത്തെ തിരിച്ചറിയുക എളുപ്പമല്ല. ക്വാണ്ടം സിദ്ധാന്തത്തിന്റെ അപൂർണത ചൂണ്ടിക്കാട്ടിയ ഐൻസ്റ്റൈനെ ആശ്വസിപ്പിക്കാൻവേണ്ടിയായിരുന്നു ഡേവിഡ് ബോമിന്റെ നിർദേശങ്ങൾ. എന്നാൽ ബെല്ലിന്റെ തിയറം അതിനെ എതിർത്തു. 1964-ൽ പ്രസിദ്ധപ്പെടുത്തിയ തിയറം, ഭൗതികശാസ്ത്രലോകത്തെ മഹത്തായ നേട്ടങ്ങളിലൊന്നായി കരുതുന്നു. അത് കേവലം യുക്തികൊണ്ടുണ്ടാക്കിയ ലളിതമായ ഒരു പ്രമാണമാണ്. വളരെയെളുപ്പത്തിൽ വിവരിക്കാൻ ശ്രമിക്കാം. മൂന്നു വ്യത്യസ്തതകൾ ആദ്യമേ തീരുമാനിച്ചശേഷം, കുറേയേറെ ആളുകളുള്ള ഒരു സംഘത്തെ തരംതിരിക്കുകയാണെന്നിരിക്കട്ടെ. വ്യത്യസ്തതകൾ ഇങ്ങനെ - പുരുഷൻമാർ (A); പൊക്കം (5½ അടിക്കു മുകളിൽ) B; തൂക്കം (70 കിലോയ്ക്ക് താഴെ) ആളുകളുടെ തരംതിരിവു നടത്തിയാൽ അവരുടെ എണ്ണം മൂന്നു വിഭാഗങ്ങളിൽപ്പെടുത്താം. N1 (A,B അല്ല); N2 (B,C അല്ല); N3 (A, C അല്ല). ബെൽ തിയറം പറയുന്നത്, N1-ഉം N2 -ഉം കൂട്ടിയാൽ അത് N3 യെക്കാൾ കൂടുതലോ ചിലപ്പോൾ തുല്യമോ ആയിരിക്കും. ഗണിത സൂചിക ഉപയോഗിച്ചാൽ ഇങ്ങനെ എഴുതാം: $N1+N2 \geq N3$. അല്പം യുക്തി പ്രയോഗിച്ചാൽ ഇതിന്റെ വസ്തുത മനസ്സിലാക്കാവുന്നതേയുള്ളൂ. ഇത് കേവലം ഗണിതയുക്തിയാണ്. ജോൺ ബെൽ ഈ യുക്തി ക്വാണ്ടം തത്വങ്ങൾ അനുസരിക്കുന്ന വസ്തുക്കൾക്ക് ബാധകമാകുമോ എന്നു പരിശോധിച്ചു. ഇലക്ട്രോൺ സ്പിൻ മൂന്നു ദിശകളിൽ പരിശോധിച്ചാൽ അവിടെ ഈ തത്വം എങ്ങനെയാകുമെന്നാണ് ബെൽ അന്വേഷിച്ചത്. അതിശയമെന്നു പറയട്ടെ, ക്വാണ്ടം മെക്കാനിക്സിന്റെ തലത്തിലേക്കെത്തുമ്പോൾ ഈ ക്ലാസിക്കൽ നിയമം ലംഘിക്കപ്പെടുന്നതായി ബെല്ലിനു ബോധ്യമായി. ബെൽ തിയറം പിന്നെയും സംശയങ്ങൾ ഉണർത്തുന്നു. ബെല്ലിന്റെ യുക്തി സ്വീകാര്യമാണ് പക്ഷേ യാഥാർഥ്യം എന്നത് നിരീക്ഷണങ്ങൾക്കും അപ്പുറത്തു നിൽക്കുന്നു. നിരീക്ഷണങ്ങൾക്കു പിന്നിൽ പ്രവർത്തിക്കുന്നത് നമുക്കു തൊട്ടുമുന്നിലുള്ള അനുഭവങ്ങളാണ് (Locality). അതിനെ നിരാകരിക്കാൻ നമുക്ക് കഴിയില്ല. പ്രകാശമാണ് പരമാവധി വേഗത്തിൽ സഞ്ചരിക്കുന്നത് എന്ന പരമാർഥം നാം സ്വീകരിച്ചു കഴിഞ്ഞു. ക്വാണ്ടം സിദ്ധാന്തത്തിന്റെ കാമ്പായ അസ്ഥിരതാവാദം (uncertainty principle) പ്രകാശവേഗതാപരിധി ലംഘനീയമാണെന്നു സംശയമുണർത്തുന്നു. ബെല്ലിന്റെ വാദം ശരിയാണെങ്കിൽ എന്റാംഗിൾമെന്റ് വാസ്തവമാണ്. ക്വാണ്ടം സിദ്ധാന്തം അന്യൂനമാണ്. ഇണകൂടിക്കഴിയുന്ന ക്വാണ്ടം അവസ്ഥകൾ ഉണ്ട്. എത്രഅകലെ കഴിഞ്ഞാലും ഒന്നിൽ വരുത്തുന്ന മാറ്റങ്ങൾ അതിന്റെ ഇണയിൽ പ്രതിഫലിക്കും. ഒന്നിനെ നിരീക്ഷിച്ചാൽ മറ്റേതിന്റെ അവസ്ഥ പ്രവചിക്കാൻ കഴിയും. നിരീക്ഷിച്ചാലും ഇല്ലെങ്കിലും

ഭൗതിക യാഥാർഥ്യം മിഥ്യയാകുന്നില്ല. ദാർശനികൻമാർ പടുത്തുയർത്തിയ പല കോട്ടകളും തകർക്കുന്നതായിരുന്നു ജോൺ ബെല്ലിന്റെ സിദ്ധാന്തം. കുടിപ്പിണഞ്ഞു കിടക്കുന്ന ക്വാണ്ടം അവസ്ഥകൾ ഉപയോഗിച്ച് സന്ദേശങ്ങൾ കൈമാറാൻ എളുപ്പമല്ലേ? അവയുപയോഗിച്ചാൽ രഹസ്യങ്ങൾ സൂക്ഷിക്കാൻ കഴിയില്ലേ? സിദ്ധാന്തത്തിന്റെ സാധ്യതകൾ കണ്ടെത്തിയ ഭൗതിക ശാസ്ത്രജ്ഞൻമാർ അന്വേഷണം തുടങ്ങി. 1964-നുശേഷം അതൊരു വിപ്ലവത്തിനു തുടക്കംകുറിച്ചു എന്നു പറയുന്നതാകും ശരി. ജോൺ സ്റ്റുവർട്ട് ബെല്ലിന് നൊബേൽ സമ്മാനം നൽകാൻ നൊബേൽ കമ്മിറ്റിക്കു കഴിഞ്ഞില്ല. അതിന്റെ ഖേദം ഒഴിവാക്കാൻ കൂടിയായിരിക്കും ഇത്തവണ മൂന്നു പേർക്ക് ബെൽ തിയറം ശരിയെന്ന് പരീക്ഷണത്തിലൂടെ സ്ഥാപിച്ചതിൽ നൊബേൽ സമ്മാനം നൽകി ആദരിച്ചത്.

## ജോൺ ക്ലോസർ (John Clauser)

1970-ലാണ് ജോൺ ക്ലോസർ ബർക്കിലിയിലെ തന്റെ പരീക്ഷണശാലയിൽ സ്റ്റുവർട്ട് ഫ്രീഡ്മാനൊപ്പം (Stuart Freedman) ബെല്ലിന്റെ സിദ്ധാന്തം പരീക്ഷിക്കാൻ ഉറച്ചത്. ഐൻസ്റ്റൈൻ - ബോർ വിവാദങ്ങൾക്ക് ഒരു അറുതിവരുത്തണം എന്ന ലക്ഷ്യമായിരുന്നു മനസ്സിലുണ്ടായിരുന്നതെന്ന് നൊബേൽ സമ്മാനം ലഭിച്ചശേഷം ഒരു പത്രലേഖകനോട് അതേപ്പറ്റി ക്ലോസർ പറഞ്ഞു. അദ്ദേഹം തന്റെ പരീക്ഷണശാലയിൽ അതിനുള്ള സന്നാഹങ്ങൾ ഒരുക്കുന്നുവെന്ന് അറിഞ്ഞപ്പോൾ പ്രമുഖ സൈദ്ധാന്തികനും ആദരണീയനുമായ റിച്ചാർഡ് ഫെയ്മാൻ പറഞ്ഞത് ഇത്രയും പ്രയോജനമില്ലാത്ത പരീക്ഷണം നടത്തി അയാൾ എല്ലാവരുടെയും സമയവും പണവും പാഴാക്കുകയാണ് എന്നാണ്. ജോൺ ബെല്ലിന്റെ സിദ്ധാന്തത്തോട് ക്ലോസറിന് പക്ഷേ ഒരനുഭാവവും ഉണ്ടായിരുന്നില്ല. ബെൽ പറഞ്ഞത് തെറ്റാണെന്നു തെളിയിക്കണം എന്നായിരുന്നു ക്ലോസറിന്റെയും ലക്ഷ്യം. അവസാനം, ക്ലോസറും ഫ്രീഡ്മാനും നടത്തിയ പരീക്ഷണം അതു തെളിയിച്ചു. ക്വാണ്ടം എന്റാംഗിൾമെന്റ് വാസ്തവമാണ്. ദൈവം പകിടകളിക്കാരനല്ല എന്നു പറയുന്ന ഐൻസ്റ്റൈനാണ് തെറ്റുപറ്റിയത്. എത്രയകലത്തിരുന്നാലും ക്വാണ്ടം വേലകൾ (Quantum Actions) സാധ്യമാണ്.

## അലെയ്ൻ ആസ്പക്ട് (Alain Aspect)

ഫ്രാൻസിലെ പാരീസ് യൂണിവേഴ്സിറ്റിയിൽ പ്രൊഫസറാണ് എഴുപത്തിയഞ്ചുകാരനായ ആസ്പക്ട്. ആസ്പക്ട് പരീക്ഷണം തുടങ്ങും മുൻപ് ബെല്ലിനെ കണ്ടിരുന്നു. ബെൽ ചെറുപ്പക്കാരനായ ആസ്പക്ടിനെ കളിയാക്കി. 'പത്തൊമ്പതാം നൂറ്റാണ്ടിലെ ഭൗതികശാസ്ത്രംകൊണ്ട് നീയെങ്ങനെ ക്വാണ്ടം മെക്കാനിക്സ് ശരിയെന്നു തെളിയിക്കും' - ബെൽ സംശയമുണർത്തി. ആസ്പക്ട് വെല്ലുവിളി ഏറ്റെടുത്തു. അലെയ്ൻ ആസ്പക്ട് നൊബേൽ സമ്മാനം ആർജിക്കുന്നതിനു വളരെ മുൻപുതന്നെ ഭൗതികശാസ്ത്രലോകത്ത് വിഖ്യാതനാണ്. ഭൗതികശാസ്ത്രത്തിലെ വലിയ ആദരവുകളായ വുൾഫ്പ്രൈസ് (2010), ആൽബർട്ട് ഐൻസ്റ്റൈൻ മെഡൽ (2012), നീൽസ് ബോർ മെഡൽ (2013) തുടങ്ങിയവ അദ്ദേഹത്തിനു ലഭിച്ചിരുന്നു.

ക്ലോസറിന്റെ പരീക്ഷണത്തെക്കാൾ കുറേക്കൂടി മികച്ചതായിരുന്നു ആസ്പക്ടിന്റേത്. എന്റാംഗിൾമെന്റ് ഉണ്ടോ എന്നറിയുകയായിരുന്നു ആസ്പക്ടിന്റെയും ലക്ഷ്യമെങ്കിലും ഇണകളുടെ ക്വാണ്ടം അവസ്ഥ പരിശോധനയ്ക്കിടെ അവസ്ഥ മാറ്റി നോക്കുവാൻ അദ്ദേഹം പ്ലാനിട്ടു. അഞ്ചുമീറ്റർ അകലത്തിൽ ഇരുഭാഗത്ത് സ്ഥാപിച്ചിരിക്കുന്ന ഡിറ്റക്ടറിലേക്ക് എന്റാംഗിൾഡ് കണങ്ങൾ അയയ്ക്കും. അതിനിടെ അവ മറ്റൊരു ഉപകരണത്തിലൂടെ കടക്കും. അത് കണങ്ങളുടെ അവസ്ഥ ക്ഷണത്തിനുള്ളിൽ മാറ്റിക്കൊണ്ടിരിക്കും. ആസ്പക്ടിന്റെ പരീക്ഷണം വെല്ലുവിളിനിറഞ്ഞതായിരുന്നെങ്കിലും സമ്പൂർണവിജയമായിരുന്നു. എന്റാംഗിൾഡ് അവസ്ഥ നിലനിൽക്കുന്നതാണെന്ന് അദ്ദേഹം മനസ്സിലാക്കി. സ്ഥലകാല പരിശോധനകൾ പൂർത്തിയാക്കിയ ക്വാണ്ടം എന്റാംഗിൾമെന്റ് പരീക്ഷണം എല്ലാവരുടെയും ശ്രദ്ധപിടിച്ചുപറ്റി. ക്ലോസറിന്റേത് ഒന്നാം തലമുറയിൽപ്പെട്ട പരീക്ഷണമായിരുന്നു. രണ്ടാം തലമുറയും കടന്നതോടെ എന്റാംഗിൾഡ് അവസ്ഥയുപയോഗിച്ച് ഇൻഫർമേഷൻ കൈമാറ്റം ചെയ്യാൻ കഴിയുമെന്ന് ശാസ്ത്രസമൂഹം ഉറപ്പിച്ചു.

## ആന്റൺ സൈലിംഗർ (Anton Zeilinger)

വിയന്നക്കാരനായ ആന്റൺ സൈലിംഗർ ജോൺ ബെല്ലിനെക്കാണുന്നത് 1975-ലാണ്. ന്യൂട്രോൺ പരീക്ഷണങ്ങൾ നടത്തി ഗവേഷണം ചെയ്യുകയായിരുന്നു സൈലിംഗർ. ജോൺ ബെൽ സംഘടിപ്പിച്ച ഒരു ഭൗതികശാസ്ത്രപഠനകളരിയിൽ (Thinkshops on Physics) പങ്കെടുക്കാൻ സൈലിംഗർക്കും ക്ഷണംകിട്ടിയിരുന്നു. പ്രസ്തുത പരീക്ഷണത്തെപ്പറ്റി ക്ലോസർ നടത്തിയ ഒരു അഭിമുഖ സംഭാഷണം കാൽടെക് യൂണിവേഴ്സിറ്റി വെബ്സൈറ്റിലുണ്ട്. 'സ്റ്റു ഫ്രീഡ്മാനും ഞാനും ആണ് ആ പരീക്ഷണം ആദ്യം നടത്തിയത്. ഐൻസ്റ്റൈന്റെ അജ്ഞാതചരഭൗതികം ശരിയാണെന്നാണ് ഞാനും പരീക്ഷണത്തിന്റെ തുടക്കത്തിൽ കരുതിയിരുന്നത്. എന്റെ പരീക്ഷണത്തിലൂടെ ഐൻസ്റ്റൈൻ ശരിയല്ല എന്നു തെളിയിക്കപ്പെട്ടതോടെ എനിക്കു ദുഃഖം തോന്നി. ക്ലോസറുടെ പരീക്ഷണഫലം അതിനുശേഷമുണ്ടായ ക്വാണ്ടം കംപ്യൂട്ടിങ്ങിന്റെ വിപുലമായ സാധ്യതകൾക്ക് തുടക്കംകുറിച്ചു. ക്ലോസർ മൈക്കിൾ ഹോൺ (Michael Horne), ഏബർ ഷിമോണി (Aber Shimony), റിച്ചാർഡ് ഹോൾട്ട് (Richard

സ്ഥലകാല പരിശോധനകൾ പൂർത്തിയാക്കിയ ക്വാണ്ടം എന്റാംഗിൾമെന്റ് പരീക്ഷണം എല്ലാവരുടെയും ശ്രദ്ധപിടിച്ചുപറ്റി. ക്ലോസറിന്റേത് ഒന്നാം തലമുറയിൽപ്പെട്ട പരീക്ഷണമായിരുന്നു. രണ്ടാം തലമുറയും കടന്നതോടെ എന്റാംഗിൾഡ് അവസ്ഥയുപയോഗിച്ച് ഇൻഫർമേഷൻ കൈമാറ്റം ചെയ്യാൻ കഴിയുമെന്ന് ശാസ്ത്രസമൂഹം ഉറപ്പിച്ചു.



*ഐൻസ്റ്റൈൻ, പോഡോൾസ്കി, റോസൻ*

Holt), ക്വാണ്ടം എന്റാംഗിൾമെന്റിന്റെ വസ്തുതകൾ കുറേക്കൂടി വിപുലപ്പെടുത്തി. CHSH - അസമത്വം എന്നാണത് അറിയപ്പെടുന്നത്.

ക്വാണ്ടം സിദ്ധാന്തത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾ ആസ്പദമാക്കി നടത്താൻ കഴിയുന്ന പരീക്ഷണങ്ങളെപ്പറ്റിയായിരുന്നു കളരിയിലെ ചർച്ചകൾ. EPR -പാരഡോക്സ് - ബെൽസ് തിയറം തുടങ്ങിയവയെപ്പറ്റി സൈലിംഗർ അന്നാണറിയുന്നത്. സൈലിംഗറുടെ ജീവിതത്തിലെ വഴിത്തിരിവായി ആ സംഭവം. അതിനുശേഷം അദ്ദേഹം തന്റെ ജൈത്രയാത്ര തുടങ്ങി. സൈലിംഗറുടെ പരീക്ഷണത്തിൽ ലഭിക്കുന്ന കണ്ടെത്തലുകൾ ബെലിനെ അദ്ദേഹം അറിയിച്ചുകൊണ്ടിരുന്നു. ജോൺ ബെൽ അത്യന്തം സന്തോഷവാനായിരുന്നു.

## നൊബേൽ സമ്മാനം

'ഭൗതികശാസ്ത്രത്തെ അടിമുടി തിരുത്തിക്കുറിച്ച പ്രമുഖർക്കൊപ്പം നിശ്ചയമായും ഞാൻ ഇല്ല, എന്നാൽ അവരുടെ ഗണത്തിലേക്ക് എന്നെയും പരിഗണിക്കുന്നു എന്നറിയുന്നതിൽ ഞാൻ സന്തുഷ്ടനാണ്' നൊബേൽ സമ്മാനം പ്രഖ്യാപിച്ച വാർത്ത അറിഞ്ഞപ്പോൾ, ആസ്പക്ട് നടത്തിയ പ്രതികരണം ഇതായിരുന്നു. 1982-ൽ അലെയ്ൻ ആസ്പക്ട് നടത്തിയ പരീക്ഷണം അദ്ദേഹത്തെ ആ പ്രമുഖരുടെ പട്ടികയിൽപ്പെടുത്തുന്നതു തന്നെയായിരുന്നു. 'എല്ലാത്തരം വെല്ലുവിളികളെയും അതിജീവിക്കാൻ പോന്ന സിദ്ധാന്തമാണ് ക്വാണ്ടം മെക്കാനിക്സ്. തന്റെ പരീക്ഷണഫലങ്ങൾ പുറത്തറിയിച്ചുകൊണ്ട് അന്ന് ആസ്പക്ട് പറഞ്ഞു. ഐൻസ്റ്റൈൻ -ബോർ സംവാദം അവസാനിപ്പിച്ചുകൊണ്ടുള്ള പരീക്ഷണത്തിൽ, തീരുമാനം ബോറിന് അനുകൂലമായിരുന്നു. എന്നാൽ ആസ്പക്ട് അതിനെ വിലയിരുത്തുന്നത് ഇപ്രകാരമാണ്.

ഐൻസ്റ്റൈനാണ് ഇക്കാര്യത്തിൽ ഏറെ ബഹുമാനിക്കപ്പെടേണ്ടത്. കാരണം, ഇത്രയും വസ്തുതാപരമായ ഒരു സംശയം ഉന്നയിക്കാൻ അദ്ദേഹത്തിനാണല്ലോ കഴിഞ്ഞത്. ഇന്ന് ഈ സത്യം അനാവരണം ചെയ്തു കഴിഞ്ഞിരിക്കുന്നു. സാങ്കേതികവിദ്യ അതനുസരിച്ചുകൊണ്ട് മുന്നേറുന്നു. ഇതിനെല്ലാം വഴിമരുന്നിട്ടത് ഐൻസ്റ്റൈൻ തന്നെ. ബോർ വിജയിച്ചു, പക്ഷേ, സംഗതമായ ചോദ്യം ഉന്നയിച്ച ഐൻസ്റ്റൈൻ അല്ലേ മഹാ പ്രതിഭാശാലി ?ആന്റൺ സൈലിംഗറുടെ പരീക്ഷണങ്ങൾ മൂന്നാം തലമുറയിൽപ്പെട്ടതാണ്. ക്വാണ്ടം ഇൻഫർമേഷൻ സയൻസിനെ അദ്ദേഹം കുറേക്കൂടി ഉയരങ്ങളിൽ എത്തിച്ചു. ക്വാണ്ടം ക്യുബിറ്റ് (qbits) കൾ ഉപയോഗിച്ച് വിവരകൈമാറ്റം സാധ്യമാകുന്ന നൂതനാവിഷ്കാരം ഉടലെടുക്കാൻ അതു കാരണമായി. ക്വാണ്ടം അവസ്ഥകൾ കൊണ്ട്, ഇൻഫർമേഷൻ സൂക്ഷിക്കാനും കൈമാറ്റം ചെയ്യാനും സാധിക്കുമെന്നു തെളിഞ്ഞതോടെ ക്വാണ്ടം കംപ്യൂട്ടറുകളുടെ ലോകം തുറക്കപ്പെട്ടു.

ക്വാണ്ടം എന്റാംഗിൾമെന്റ് വാസ്തവമായുള്ളതാണെന്നു സ്ഥാപിച്ച ജോൺ ബെല്ലിനോട് എല്ലാം കടപ്പെട്ടുനിൽക്കുന്നു.

ജോൺ ബെൽ അന്നൊരു സാങ്കൽപ്പിക പരീക്ഷണം അവതരിപ്പിച്ചിരുന്നു. ദമ്പതികളായ ആലീസും ബോബുമാണ് കഥാപാത്രങ്ങൾ. അവർ വളരെ അകലെ കഴിയുന്നു. എന്റാംഗിൾഡ് ആയ കണങ്ങളുടെ ഓരോന്നു വീതം രണ്ടുപേരുടെയും പക്കലുണ്ട്. ആലീസ് വരുത്തുന്ന മാറ്റത്തിനനുസരിച്ച് ബോബിന്റെ കണത്തിനും മാറ്റം ഉണ്ടാകും. ആലീസ് മാറ്റം വരുത്തിയോ എന്നറിഞ്ഞാൽ മാത്രം മതി, ബോബിന്. അയാൾക്ക് അപ്പോൾ തന്നെ അറിയാം ഏതവസ്ഥയിലാണ് തന്റെ കയ്യിലുള്ള ക്വാണ്ടം കണമെന്ന്. ആലീസ് പക്ഷേ, ഒരു സന്ദേശം കൈമാറണം. 'ഞാൻ ചില മാറ്റങ്ങൾ വരുത്തിയിരിക്കുന്നു'. ഐൻസ്റ്റൈന്റെ പ്രകാശരശ്മിയെ ആശ്രയിക്കുകയേ അപ്പോൾ നിവൃത്തിയുള്ളൂ. അത്രയും അറിഞ്ഞാൽ ആലീസിന് കൈമാറുന്ന ഇൻഫർമേഷൻ അപ്പോൾ തന്നെ ബോബിന്റെ ഉപകരണങ്ങളിൽ എത്തിയിരിക്കും. ക്വാണ്ടം ഇൻഫർമേഷൻ സയൻസിനു വൻ മുന്നേറ്റമാണ് സൈലിംഗറിന്റെ പരീക്ഷണത്തിനുശേഷം ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ക്വാണ്ടം ടെലിപോർട്ടേഷൻ (Quantum Teleportation) സാധ്യമാകുന്ന യുഗത്തിലേക്കാണ് നാമിന്നു പ്രവേശിച്ചിരിക്കുന്നത്. ഇതിലൊന്നും പകിടകളി നടക്കുന്നില്ല. ക്വാണ്ടം സിദ്ധാന്തം ശരിയാണ്, ആപേക്ഷികതാസിദ്ധാന്തവും പാളിയിട്ടില്ല. ഒരു നാട്യവുമില്ല, ഒരു ഒളിച്ചുകളിയുമില്ല എല്ലാം പകൽ പോലെ സത്യം.

ജോൺ ക്ലോസർ, അലെയ്ൻ ആസ്പക്ട്, ആന്റൺ സൈലിംഗർ എന്നീ പ്രതിഭകൾക്ക് 2022-ലെ ഭൗതികശാസ്ത്ര നൊബേൽ സമ്മാനം നൽകിയ നൊബേൽ സമിതി നിരീക്ഷിച്ചു: 'നൂതനമായ ക്വാണ്ടം ടെക്നോളജി ആവിർഭവിച്ചിരിക്കുന്നു'. ഇവർ മൂവരും ഈ യുഗപിറവിക്ക് തുല്യ പങ്കുകാരാണ്. മൂന്നുപേരും നൊബേൽ സമ്മാനം ജോൺ ബെല്ലിന്റെ ഓർമയ്ക്കു മുന്നിൽ സമർപ്പിച്ചിട്ടുണ്ടാകും.

ക്വാണ്ടം സിദ്ധാന്തം ആവിഷ്കരിച്ച പ്രതിഭാശാലികൾ എല്ലാം തന്നെ ഇത്തരുണത്തിൽ സ്മരിക്കപ്പെടേണ്ടതാണ്. 2022-ലെ ഭൗതികശാസ്ത്ര നൊബേൽസമ്മാനം സവിശേഷതയാർജിച്ചിരിക്കുന്നു.

*(ഡോ. ജോർജ് വർഗീസ് - 7907311239)*

**'ഭൗതികശാസ്ത്രത്തെ അടിമുടി തിരുത്തിക്കുറിച്ച പ്രമുഖർക്കൊപ്പം നിശ്ചയമായും ഞാൻ ഇല്ല, എന്നാൽ അവരുടെ ഗണത്തിലേക്ക് എന്നെയും പരിഗണിക്കുന്നു എന്നറിയുന്നതിൽ ഞാൻ സന്തുഷ്ടനാണ്' നൊബേൽ സമ്മാനം പ്രഖ്യാപിച്ച വാർത്ത അറിഞ്ഞപ്പോൾ, ആസ്പക്ട് നടത്തിയ പ്രതികരണം ഇതായിരുന്നു.**





*കരോളിൻ ആർ ബെർട്ടോസി*



*മോർട്ടൻ മെൽഡൽ*



*കെ. ബാരി ഷാർപ്ലെസ്സ്*

# ക്ലിക് കെമിസ്ട്രിയും ബയോ ഓർത്തോഗണൽ കെമിസ്ട്രിയും – രസതന്ത്രത്തിന്റെ ഭാവി

## ഡോ. എം.എസ്. സുശീലൻ

രസതന്ത്രത്തിനുള്ള 2022-ലെ നൊബേൽസമ്മാനത്തിന് അമേരിക്കയിലെ സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റിയിലെ കരോളിൻ ആർ ബെർട്ടോസി, സ്ക്രിപ്പ്സ് റിസർച്ച് സ്ഥാപനത്തിലെ കെ. ബാരി ഷാർപ്ലെസ്സ്, ഡെൻമാർക്കിലെ യൂണിവേഴ്സിറ്റി ഓഫ് കോപ്പൻഹേഗനിലെ മോർട്ടൻ മെൽഡൽ എന്നിവർ അർഹരായി. ക്ലിക്ക് കെമിസ്ട്രി (Click Chemistry) ബയോ ഓർത്തോഗണൽ കെമിസ്ട്രി (Bioorthogonal Chemistry) എന്നീ നൂതന തന്മാത്രാസംശ്ലേഷണ സംവിധാനങ്ങൾ വികസിപ്പിച്ചെടുത്തതിനാണ് ഇവർക്ക് പുരസ്കാരം ലഭിച്ചത്.

കരോലിൻ ബെർട്ടോസി 1966-ൽ അമേരിക്കയിലാണ് ജനിച്ചത്. UC ബെർക്കലിയിൽനിന്ന് 1993 -ൽ പിഎച്ച്.ഡി. ബിരുദം നേടി. ഇപ്പോൾ സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റിയിൽ പ്രൊഫസറായി സേവനം അനുഷ്ഠിക്കുന്നു.

കെ. ബാരി ഷാർപ്ലെസ്സ് 1941 -ൽ അമേരിക്കയിൽ ജനിച്ചു. 1968 -ൽ സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റിയിൽനിന്ന് പിഎച്ച്.ഡി. ബിരുദം കരസ്ഥമാക്കിയ ഷാർപ്പിന് 2001-ലെ രസതന്ത്ര നൊബേൽ സമ്മാനവും ലഭിച്ചിട്ടുണ്ട്. രണ്ട് നൊബേൽ പ്രൈസുകൾ ലഭിക്കുന്ന അഞ്ചാമത്തെ വ്യക്തിയുമാണ് ഇദ്ദേഹം. അമേരിക്കൻ കെമിക്കൽ സൊസൈറ്റിയുടെ ഏറ്റവും ഉന്നത പുരസ്കാരമായ പ്രീസ്റ്റ്ലി മെഡൽ (2019) സെന്റനറി പ്രൈസ് (1993) വോൾഫ് പ്രൈസ് (2001) എന്നിവ അദ്ദേഹം നേടിയിട്ടുണ്ട്.

മോർട്ടൻ മെൽഡൽ 1954-ൽ ഡെൻമാർക്കിൽ ജനിച്ചു. 1986-ൽ ടെക്നിക്കൽ യൂണിവേഴ്സിറ്റി ഓഫ് ഡെൻമാർക്കിൽ നിന്ന് പിഎച്ച്.ഡി. ബിരുദം നേടി. നിലവിൽ ഡെൻമാർക്കിലെ യൂണിവേഴ്സിറ്റി ഓഫ് കോപ്പൻഹേഗനിൽ പ്രൊഫസറാണ്.

### എന്താണ് ക്ലിക് കെമിസ്ട്രി ?

നിർദിഷ്ട ഗുണധർമങ്ങളുള്ള പദാർഥങ്ങളെയും അവയുടെ നിർമാണത്തിന് ആവശ്യമായ തന്മാത്രകളെയും എളുപ്പത്തിലും ചെലവു കുറഞ്ഞ രീതിയിലും ഹരിത പ്രോട്ടോകോൾ അനുസരിച്ചും സംശ്ലേഷണം ചെയ്തെടുക്കുന്നതു വളരെ വെല്ലുവിളികളുള്ള ഒരു സങ്കീർണമായ പ്രക്രിയയാണ്. കൃത്യമായ ഒരു പദാർഥം നിർമിക്കാനാവശ്യമായ തന്മാത്രകളെ തെരഞ്ഞെടുക്കുന്നതിനോടൊപ്പം നാം അവയിലെ ആറ്റങ്ങൾ തമ്മിൽ ബന്ധങ്ങൾ ഉണ്ടാക്കുന്നതിലെ വിവിധ പ്രക്രിയകളെക്കുറിച്ചും അവയുടെ സങ്കീർണതകളെക്കുറിച്ചും വിശദമായ അറിവുള്ളവരായിരിക്കണം. പരിണതപ്രജ്ഞരായ രസതന്ത്രശാസ്ത്രജ്ഞർക്ക് നിലവിലെ രീതികളുപയോഗിച്ച് നിശ്ചിത

നിർദിഷ്ട ഗുണധർമങ്ങളുള്ള പദാർഥങ്ങളെയും അവയുടെ നിർമാണത്തിന് ആവശ്യമായ തന്മാത്രകളെയും എളുപ്പത്തിലും ചെലവു കുറഞ്ഞ രീതിയിലും ഹരിത പ്രോട്ടോകോൾ അനുസരിച്ചും സംശ്ലേഷണം ചെയ്തെടുക്കുന്നതു വളരെ വെല്ലുവിളികളുള്ള ഒരു സങ്കീർണമായ പ്രക്രിയയാണ്.

കോശങ്ങളുടെ സാധാരണ രസതന്ത്ര പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താതെ നടത്താൻ കഴിയുന്ന താണ് ബയോഓർത്തോഗണൽ രാസപ്രവർത്തന ങ്ങൾ. അതിനാലാണ് കോശങ്ങളുടെ പ്രവർത്തനങ്ങളെ വിശദീകരിക്കുവാനായി അവ ആഗോളതല ത്തിൽ ഉപയോഗിച്ച് വരുന്നത്. ഈ രാസപ്രവർത്തന ങ്ങൾ കാൻസറിനെ നിർണയിക്കാനും ചികിൽസിക്കാനും കഴിയുമെന്ന് ഗവേഷകർ കരുതുന്നു.

ഗുണധർമങ്ങളുള്ള മിക്ക തന്മാത്രകളെയും പരീക്ഷണശാലകളിൽ നിർമിക്കാമെങ്കിലും അവ വളരെയേറെ കഠിനപ്രയത്നവും സമയവും കൃത്യതയും പാലിക്കേണ്ടവയാണ്. ഇത് മനസ്സിലാക്കിയാണ് ബാറി ഷാർപ്‌ലെസ്സ് ലളിതവും കാര്യക്ഷമവുമായ ഒരു ഉൽപ്പാദനരീതിയായ ക്ലിക് കെമിസ്ട്രി അവതരിപ്പിച്ചത്. ഒരു കൂട്ടം വളരെ ശക്തമായ രാസപ്രവർത്തനങ്ങളെ ആശ്രയിച്ചുള്ള ഒരു മോഡുലാർ (ഒരുമിച്ചു ചേർക്കാവുന്ന പ്രത്യേക ഭാഗങ്ങളുള്ള) സമീപനം ഉപയോഗിച്ച് എങ്ങനെ സങ്കീർണവും ക്രിയാത്മകവുമായ തന്മാത്രകളെ വളരെ വിദഗ്ധമായി സംശ്ലേഷിച്ചെടുക്കാൻ കഴിയുമെന്ന് അദ്ദേഹം വിശദീകരിക്കുകയുണ്ടായി. ഇത്തരം രാസപ്രതിപ്രവർത്തനങ്ങൾ പരസ്പരം 'ക്ലിക്കിങ്ങിനു' വിധേയമാകാൻ കഴിവുള്ള നിർമാണബ്ലോക്കുകളിലേക്കു നയിക്കേണ്ടതുണ്ട് (ഒരു ബെൽറ്റ് അതിന്റെ ബക്കിളിൽ പൂട്ടുന്നത് പോലെ). ഈ രാസപ്രവർത്തനങ്ങൾ അനഭിലക്ഷണീയമായ ഉപോൽപ്പന്നങ്ങൾ ഉണ്ടാക്കാൻ പാടില്ലാത്തവ ആയിരിക്കണം. ഓക്സിജൻ, ജലം എന്നിവയുമായി സംവേദനശക്തിയില്ലാത്തതും അസംസ്കൃതപദാർഥങ്ങൾ എളുപ്പത്തിൽ ലഭ്യമായവയും ഉൽപ്പന്നങ്ങൾ ഫിസിയോളജിക്കൽ സ്ഥിതിയിൽ സ്ഥിരതയുള്ളവയുമായിരിക്കണം. ഉൽപ്പാദിപ്പിക്കപ്പെടുന്ന സംയുക്തങ്ങൾ ക്രൊമാറ്റോഗ്രാഫിക് രീതികളല്ലാത്ത ക്രിസ്റ്റലീകരണം, സ്വേദനം മുതലായ രീതികൾ ഉപയോഗിച്ച് എളുപ്പത്തിൽ വേർപെടുത്താവുന്നതും ആയിരിക്കണം.

## മോർട്ടൻ മെൽഡലിനെ അത്ഭുതപ്പെടുത്തിയ നിരീക്ഷണം

ഫാർമസ്യൂട്ടിക്കൽ പദാർഥങ്ങളുടെ വിശദമായ പഠനങ്ങളിൽ ഏർപ്പെട്ടിരുന്ന മെൽഡൽ സഹപ്രവർത്തകരോടൊപ്പം ഒരു ദിവസം ഒരു ആൽക്കയ്നും ഒരു അസൈൽ ഹാലൈഡും തമ്മിലുള്ള രാസപ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചു. സാധാരണയായി കുറച്ചു കോപ്പർ അയോണുകളും ഒരു നുള്ളു പലേഡിയവും ഉൽപ്രേരകങ്ങളായി ഉപയോഗിച്ചാൽ രാസപ്രവർത്തനം സുഗമമായി നടക്കുന്നതാണ്. എന്നാൽ, രാസപ്രവർത്തനം നടന്ന പാത്രത്തിൽ എന്താണ് നടന്നതെന്ന് നിരീക്ഷിച്ച മെൽഡൽ അപ്രതീക്ഷിതമായി എന്തോ കണ്ടെത്തി രാസപ്രവർത്തനഫലമായുണ്ടായ വസ്തുക്കളുടെ വിശകലനം നടത്തിയപ്പോഴാണ് അസൈൽ ഹാലൈഡ് തന്മാത്രയുടെ തെറ്റായ അറ്റത്താണ് ആൽക്കയ്ൻ പ്രതിപ്രവർത്തിച്ചതെന്നും തദ്വാരാ മറ്റേ അറ്റത്തു ഒരു അസൈഡ് ഗ്രൂപ്പ് ഉണ്ടായെന്നും അദ്ദേഹത്തിന് മനസ്സിലായത്. ആൽക്കയ്നും അസൈഡുമായി പ്രതിപ്രവർത്തിച്ചു ട്രൈയസോൾ (triazole) എന്ന ഒരു വലിയ സംയുക്തം ഉണ്ടായത് മെൽഡലിനെ അൽഭുതപ്പെടുത്തുകയും അത് വളരെ അപൂർവമായ ഒരു പ്രതിപ്രവർത്തനമാണെന്നു അദ്ദേഹത്തിന് ബോധ്യപ്പെടുകയും ചെയ്തു. 2002-ൽ ഈ പരീക്ഷണ ഫലങ്ങൾ മെൽഡൽ ഒരു ശാസ്ത്ര ജേണലിൽ പ്രസിദ്ധീകരിക്കുകയും അനേകം വിവിധതരം തന്മാത്രകളെ ഈ രാസപ്രവർത്തനം ഉപയോഗിച്ച് തമ്മിൽ ചേർക്കാൻ കഴിയുമെന്ന് വിശദീകരിക്കുകയും ചെയ്തു. ഇതേ വർഷം തന്നെയാണ് ബാറി ഷാർപ്‌ലെസ്സും സമാനമായ ഒരു ലേഖനം പ്രസിദ്ധീകരിക്കുകയും വിവിധ തന്മാത്രകൾ തമ്മിൽ യോജിപ്പിക്കാൻ ക്ലിക്ക് പ്രതിപ്രവത്തനങ്ങൾ ശാസ്ത്രജ്ഞർക്കു ഉപയോഗിക്കാമെന്ന് സമർഥിക്കുകയും ചെയ്തത്. ഇത്തരം പ്രതിപ്രവർത്തനങ്ങളുടെ ലാളിത്യം ഒന്ന് കൊണ്ട് മാത്രമാണ് ഇവ ഇത്രമാത്രം പ്രചാരം നേടിയത്. പ്രത്യേക ഗുണധർമങ്ങളുള്ള പദാർഥങ്ങളെ ഈ രീതി കൊണ്ട് മറ്റു പദാർഥങ്ങളിൽ 'ക്ലിക്-ഇൻ' ചെയ്യാൻ സാധിക്കുമെന്നുള്ളത് ക്ലിക് കെമിസ്ട്രിയുടെ അനന്തസാധ്യതകൾ വെളിപ്പെടുത്തുന്നു.

## ബയോ ഓർതോഗണൽ കെമിസ്ട്രി

കരോളിൻ ബെർട്ടോസി കാർബോഹൈഡ്രേറ്റുകളുടെ പഠനത്തിൽ ഏർപ്പെട്ടിരുന്നപ്പോഴാണ് ക്ലിക് കെമിസ്ട്രിയിൽ ആകൃഷ്ടയായത്. വിവിധതരം പഞ്ചസാര തന്മാത്രകളാൽ നിർമിക്കപ്പെട്ടതും മാംസ്യങ്ങളുടെയും കോശങ്ങളുടെയും ഉപരിതലങ്ങളിലുള്ളതുമായ സങ്കീർണമായ കാർബോഹൈഡ്രേറ്റുകളാണ് ഗ്ലൈക്കാനുകൾ. നൂതനമായ തന്മാത്രാജീവശാസ്ത്ര ഉപകരണങ്ങൾ ഇവയുടെ പഠനങ്ങൾക്ക് അനുയോജ്യമല്ലാത്തതിനാൽ അവയുടെ പഠനങ്ങൾ വളരെ വിരളമായി മാത്രമേ നടന്നിട്ടുള്ളൂ. ക്ലിക്ക്കെമിസ്ട്രിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കരോളിൻ ഒരു പ്രതിദീപ്തി (fluorescence) യുള്ള തന്മാത്രയെ ഗ്ലൈക്കാനുകളിൽ ഉൾപ്പെടുത്തി അവയെക്കുറിച്ചു വിശദമായി പഠിക്കുകയുണ്ടായി. ജൈവവ്യവസ്ഥകളിൽ കീമോസെലെക്റ്റിവ് രാസപ്രതിപ്രവർത്തനങ്ങളുടെ ഉപയോഗത്തെക്കുറിച്ചു പഠനം നടത്തിയ വേളയിലാണ് കരോളിൻ ബയോഓർത്തോഗണൽ കെമിസ്ട്രി എന്ന പദം ആദ്യമായി ഉപയോഗിച്ചത്. സമ്പന്നമായി ക്രിയാത്മകമാക്കപ്പെട്ട ജൈവിക പരിതസ്ഥിതികളിൽ ലിഗേറ്റ് ചെയ്യപ്പെടാവുന്ന അന്യോന്യം വളരെ വർണാത്മകതയുള്ള ക്രിയാത്മക ഗ്രൂപ്പുകളുടെ രാസപ്രതിപ്രവർത്തനങ്ങൾക്കാണ് കരോളിനും സഹപ്രവർത്തകരും കൂടുതൽ വിശദീകരണങ്ങൾ നൽകിയിട്ടുള്ളത്.

കോശങ്ങളുടെ സാധാരണ രസതന്ത്ര പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താതെ നടത്താൻ കഴിയുന്നതാണ് ബയോഓർത്തോഗണൽ രാസപ്രവർത്തനങ്ങൾ. അതിനാലാണ് കോശങ്ങളുടെ പ്രവർത്തനങ്ങളെ വിശദീകരിക്കുവാനായി അവ ആഗോളതലത്തിൽ ഉപയോഗിച്ച് വരുന്നത്. ഈ രാസപ്രവർത്തനങ്ങൾ കാൻസറിനെ നിർണയിക്കാനും ചികിൽസിക്കാനും കഴിയുമെന്ന് ഗവേഷകർ കരുതുന്നു.

*(ഡോ. എം.എസ്. സുശീലൻ - 9847064717 )*





# നിങ്ങളോർക്കുക, നിങ്ങളെങ്ങനെ നിങ്ങളായെന്ന്...!

ഡോ. എ. ബിജുകുമാർ

മനുഷ്യ പരിണാമത്തിലേക്ക് വെളിച്ചം വീശിയ ഗവേഷകൻ സ്വാന്തെ പാബോയ്ക്ക് നൊബേൽ സമ്മാനം

മാനവരാശിയുടെ ഉൽപ്പത്തി, പരിണാമം, അദ്വിതീയത തുടങ്ങിയവയെപ്പറ്റിയുള്ള അന്വേഷണങ്ങൾ എക്കാലത്തും പ്രസക്തമായിരുന്നു. ഏകദേശം 300,000 വർഷങ്ങൾക്ക് മുമ്പ് ആഫ്രിക്കയിൽ രൂപം കൊണ്ട ആധുനിക മനുഷ്യൻ (ഹോമോ സാപിയൻസ്) ഏതാണ്ട് 70,000 വർഷങ്ങൾക്ക് മുമ്പ് ആഫ്രിക്കയിൽ നിന്ന് മധ്യേഷ്യയിലേക്ക് കുടിയേറുകയും അവിടെ നിന്ന് ലോകത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്തു. ആധുനിക മനുഷ്യന്റെ ഏറ്റവും അടുത്ത ബന്ധുക്കളായ നിയാണ്ടർത്താലുകൾ (*Neandertals, Homo neanderthals or Homo sapiens neanderthalensis*) ഏകദേശം 400,000 വർഷം മുതൽ 30,000 വർഷങ്ങൾക്ക് മുമ്പ് വരെ യൂറോപ്പിലും പശ്ചിമേഷ്യയിലും സാന്നിധ്യമുണ്ടാവുകയും ചെയ്തിട്ടുണ്ട്.

നിയാണ്ടർത്താലുകൾക്ക് എങ്ങനെ വംശനാശം സംഭവിച്ചുവെന്നതിന് കൃത്യമായ ധാരണ നിലവിലില്ലെങ്കിലും ഹോമോ സാപിയൻസും നിയാണ്ടർത്താലുകളും പതിനായിരക്കണക്കിന് വർഷങ്ങളോളം യുറേഷ്യയുടെ വലിയ പ്രദേശങ്ങളിൽ ഒരുമിച്ച് നിലനിന്നിരുന്നുവെന്ന് കാണാം. വിവരസാങ്കേതികവിദ്യയുടെ തണലിൽ ജനിതക സാങ്കേതികവിദ്യക്കുണ്ടായ അവിശ്വസനീയമായ വളർച്ചയെതുടർന്ന് 1990-കളുടെ അവസാനത്തോടെ, ഏതാണ്ട് മുഴുവൻ മനുഷ്യ ജീനോമും ക്രമപ്പെടുത്തി ചിത്രീകരിച്ച് പ്രസിദ്ധീകരിച്ചിരുന്നു. ഇത് മനുഷ്യരുടെ സ്വഭാവ സവിശേഷതകൾക്കും രോഗാവസ്ഥകൾക്കും കാരണക്കാരായ ജീനുകളെ കണ്ടെത്താനും ചികിത്സാരീതികളിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരാനും സഹായിച്ചു. എന്നാൽ ഇന്നത്തെ മനുഷ്യരും വംശനാശം സംഭവിച്ച നിയാണ്ടർത്താലുകളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള പഠനങ്ങൾക്ക് പുരാതന ഫോസിലുകളിൽ നിന്ന് വീണ്ടെടുക്കുന്ന ജനിതക തന്മാത്രകളുടെ (ജീനോമിക് ഡിഎൻഎ) ഘടനയെപ്പറ്റിയുള്ള പഠനങ്ങൾ അനിവാര്യമാണ്. കുറച്ചുകാലം മുമ്പുവരെ ഏതാണ്ട് അസാധ്യമെന്ന് കരുതിയിരുന്ന ഈ ദൗത്യം സാധ്യമാക്കിയതിനാണ്, മനുഷ്യ പരിണാമം അന്വേഷിക്കാൻ പുരാതന ഡിഎൻഎയെ (ancient DNA) ഒരു പുതിയ വിവര പ്രവാഹമായി ഉപയോഗിക്കുന്ന ഒരു പുതിയ ശാസ്ത്രശാഖയുടെ അടിത്തറ പാകിയതിനാണ്, ജർമ്മനിയിലെ ലീപ്സിഗിലെ മാക്സ്പ്ലാങ്ക് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എവല്യൂഷണറി ആന്ത്രോപോളജിയിലെ സ്വീഡിഷ് ജനിതകശാസ്ത്രജ്ഞനും പരിണാമ ജനിതകശാസ്ത്രജ്ഞനുമായ സ്വാന്തെ പാബോ (Svante Pääbo) ഇക്കൊല്ലത്തെ ശരീരധർമശാസ്ത്രത്തിനും (physiology) വൈദ്യശാസ്ത്രത്തിനുമുള്ള നൊബേൽ സമ്മാനം സ്വന്തമാക്കിയിരിക്കുന്നത്.

## അസാധ്യമെന്നു തോന്നുന്ന ഒരു ദൗത്യം

തന്റെ ഔദ്യോഗികജീവിതത്തിന്റെ തുടക്കത്തിൽ, നിയാണ്ടർത്താലുകളുടെ ഡിഎൻഎ പഠിക്കാൻ ആധുനിക ജനിതക സാങ്കേതികവിദ്യകൾ ഉപയോഗിക്കാനുള്ള സാധ്യതയിൽ സ്വാന്തെ പാബോ ആകൃഷ്ടനായി. എന്നാൽ ആയിരക്കണക്കിന് വർഷങ്ങൾ ഭൂമിക്കടിയിൽപ്പെട്ട് അസ്ഥിപഞ്ജരങ്ങളുടെ അവശിഷ്ടങ്ങളായി (അശ്മകങ്ങൾ അഥവാ ഫോസിലുകൾ) മാത്രം അവശേഷിക്കുന്ന പ്രാചീനമനുഷ്യരുടെ ജനിതക തന്മാത്രകൾ വേർതിരിച്ചെടുക്കുകയെന്നത് സാങ്കേതിക വെല്ലുവിളികൾ നിറഞ്ഞതാണ്. കാലക്രമേണ ഡിഎൻഎ രാസപരമായി പരിഷ്കരിക്കപ്പെടുകയും ചെറിയ ശകലങ്ങളായി വിഘടിക്കുകയും സൂക്ഷ്മമാത്രകളിൽ മാത്രം അവശേഷിക്കുകയും ചെയ്യും. അവശേഷിക്കുന്നവ ബാക്ടീരിയകളിൽ നിന്നും സമകാലിക മനുഷ്യരിൽ നിന്നുമുള്ള ഡിഎൻഎ കൂടിക്കലർന്ന് വൻതോതിൽ മലിനീകരിക്കപ്പെടുന്നു. പരിണാമ ജീവശാസ്ത്രരംഗത്തെ അഗ്രഗാമി അലൻ വിൽസണിന്റെ ഒരു പോസ്റ്റ്ഡോക്ടറൽ വിദ്യാർഥിയെന്ന നിലയിൽ, നിയാണ്ടർത്താലുകളിൽ നിന്ന് ഡിഎൻഎ പഠിക്കുന്നതിനുള്ള രീതികൾ വികസിപ്പിച്ചെടുക്കാൻ പാബോ തുടങ്ങിയ ശ്രമങ്ങൾ വിജയം കണ്ടു.

## സ്വാന്തെ പാബോയുടെ ഗവേഷണങ്ങൾ

ഒരു ജർമ്മൻക്വാറിയിൽ നിന്ന് നിയാണ്ടർത്തൽ ഫോസിലുകൾ 1856ൽ ആദ്യമായി കണ്ടെത്തിയതു മുതൽ നിരവധി ചോദ്യങ്ങൾ ശാസ്ത്രസമൂഹത്തെ അലോസരപ്പെടുത്തികൊണ്ടിരുന്നു. തന്റെ പരിഷ്കരിച്ച രീതികൾ ഉപയോഗിച്ച്, 40,000 വർഷം പഴക്കമുള്ള ഒരു അസ്ഥിക്കഷ്ണത്തിൽ നിന്ന് ഡിഎൻഎ വേർതിരിച്ച് സ്വാന്തെ പാബോയും സംഘവും നിയാണ്ടർത്തലിന്റെ ജീനോം 2010-ൽ ആദ്യമായി ക്രമപ്പെടുത്തി പ്രസിദ്ധീകരിച്ചു. ശരീരകോശങ്ങളിലെ മൈറ്റോകോൺഡ്രിയയിൽ ഉള്ള ഡിഎൻഎ തന്മാത്രുകൾ ആണ് ഇതിനായി പ്രയോജനപ്പെടുത്തിയത്. സമകാലീന മനുഷ്യരുമായും ചിമ്പാൻസികളുമായും താരതമ്യപ്പെടുത്തുമ്പോൾ നിയാണ്ടർത്താലുകൾ ജനിതകപരമായി വ്യത്യസ്തരാണെന്ന് ഇതുവഴി തെളിയിക്കാൻ സാധിച്ചു. താരതമ്യ വിശകലനങ്ങൾ തെളിയിച്ചത് നിയാണ്ടർത്താലുകളുടെയും ഹോമോ സാപിയൻസിന്റെയും ഏറ്റവും പുതിയ പൂർവികർ ഏകദേശം 800,000 വർഷങ്ങൾക്ക് മുമ്പ് ജീവിച്ചിരുന്നു എന്നാണ്. പ്രധാനമായും, ഏതാണ്ട് 70,000 വർഷങ്ങൾക്ക് മുമ്പ് ആഫ്രിക്കയിൽ നിന്നുള്ള കുടിയേറ്റത്തെത്തുടർന്ന് ഇപ്പോൾ വംശനാശം സംഭവിച്ച നിയാണ്ടർത്താലുകളിൽ നിന്ന് ഹോമോ സാപിയൻസിലേക്ക് ജീൻ കൈമാറ്റം നടന്നതായും പാബോ കണ്ടെത്തി.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നിയാണ്ടർത്താലുകളും ആധുനികകാലത്തെ മനുഷ്യരും തമ്മിലുള്ള ബന്ധം പാബോയ്ക്കും അദ്ദേഹത്തിന്റെ സഹപ്രവർത്തകർക്കും ജനിതകമായി ഇപ്പോൾ അന്വേഷിക്കാനാകും. ആഫ്രിക്കയിൽ നിന്ന് ഉത്ഭവിച്ച സമകാലീന മനുഷ്യരേക്കാൾ യൂറോപ്പിൽ നിന്നോ ഏഷ്യയിൽ നിന്നോ ഉത്ഭവിച്ച സമകാലീന മനുഷ്യരിൽ നിന്നുള്ള ജനിതക സീക്വൻസുകളോട് നിയാണ്ടർത്തലിൽ നിന്നുള്ള ഡിഎൻഎ സീക്വൻസുകൾ കൂടുതൽ സാമ്യമുള്ളതാണെന്ന് താരതമ്യ വിശകലനങ്ങൾ കാണിച്ചു. ഇതിനർഥം നിയാണ്ടർത്താലുകളും ഹോമോ സാപിയൻസും സഹസ്രാബ്ദങ്ങളുടെ സഹവർത്തിത്വത്തിൽ ഇടകലർന്നു എന്നാണ്. യൂറോപ്യൻ അല്ലെങ്കിൽ ഏഷ്യൻ വംശജരായ ആധുനിക മനുഷ്യരിൽ, ഏകദേശം 1-4% ജീനോം നിയാണ്ടർത്താലുകളിൽ നിന്നാണ് ഉത്ഭവിക്കുന്നത് (ചിത്രം 1).

സ്വാന്തെ പാബോ വംശനാശം സംഭവിച്ച മനുഷ്യജാതികളുടെ അസ്ഥി മാതൃകകളിൽ നിന്ന് ഡിഎൻഎ വേർതിരിച്ചെടുത്തു. ജർമ്മനിയിലെ നിയാണ്ടർത്തലിൽ നിന്നാണ് അദ്ദേഹം ആദ്യമായി അസ്ഥിക്കഷ്ണം നേടിയത്, നിയാണ്ടർത്താലുകൾക്ക് പേര് നൽകിയ സ്ഥലമാണിത്. പിന്നീട്, തെക്കൻ സൈബീരിയയിലെ ഡെനിസോവ ഗുഹയിൽ നിന്ന് ഒരു വിരലിൽ നിന്ന് ലഭിച്ച അസ്ഥിയിൽ നിന്ന് ലഭ്യമായ ഡിഎൻഎ ഉപയോഗിച്ച്, ഡെനിസോവൻസ് എന്ന മനുഷ്യനെ ആദ്യമായി കണ്ടെത്തിയ സ്ഥലമാണിത്.

2008-ൽ തെക്കൻ സൈബീരിയൻ ഗുഹയിൽ നിന്ന് കണ്ടെത്തിയ 40,000 വർഷം പഴക്കമുള്ള വിരൽ അസ്ഥിയുടെ ഉത്ഭവം തിരിച്ചറിയാനും പാബോയുടെ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചു. അസ്ഥിയിൽ നിന്ന് വേർതിരിച്ചെടുത്ത ഡിഎൻഎ അത് നിയാണ്ടർത്തലിൽ നിന്നോ ഹോമോ സാപിയൻസിൽ നിന്നോ ഉള്ളതല്ലെന്നും എന്നാൽ ഇത് ഒരു വ്യക്തിയിൽ നിന്നാണെന്നും സൂചിപ്പിച്ചു. പ്രാചീന മനുഷ്യന്റെ ഈ പുതിയ ഗ്രൂപ്പിന് അസ്ഥി കണ്ടെത്തിയ സൈബീരിയൻ ഗുഹയുടെ പേരിൽ ഡെനിസോവൻസ് (Denisovans or *Denisova hominins*) എന്ന് പാബോയും സംഘവും പേരിട്ടു. ഏഷ്യയിൽ താമസിക്കുന്ന പുരാതന മനുഷ്യരും ഈ ഗ്രൂപ്പുമായി ഇടപഴകിയിട്ടുണ്ട്, ഇന്ന് ജീവിച്ചിരിക്കുന്ന കോടിക്കണക്കിന് ആളുകളുടെ ജീനോമുകളിൽ ഡെനിസോവൻ ഡിഎൻഎ കണ്ടെത്താനാകും.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സമകാലിക മനുഷ്യരിൽ നിന്നുള്ള ഡിഎൻഎ സീക്വൻസുകളുമായി താരതമ്യപ്പെടുത്തുമ്പോൾ, താൻ കണ്ടെത്തിയ ഡെനിസോവയ്ക്കും ഹോമോ സാപിയൻസിനുമിടയിൽ ജീൻ പ്രവാഹം നടന്നിട്ടുണ്ടെന്നും പാബോ തെളിയിച്ചു. മെലനേഷ്യയിലെയും തെക്കുകിഴക്കൻ ഏഷ്യയിലെ മറ്റ് ഭാഗങ്ങളിലെയും ജനസംഖ്യയിലാണ് ഈ ബന്ധം ആദ്യമായി കണ്ടത്; ഇവിടെയുള്ള വ്യക്തികൾ 6% ഡെനിസോവ

*ചിത്രം 1*






ഡിഎൻഎ വരെ വഹിക്കുന്നു.

പാബോയുടെ കണ്ടെത്തലുകൾ നമ്മുടെ പരിണാമ ചരിത്രത്തെക്കുറിച്ച് പുതിയ ധാരണ സൃഷ്ടിച്ചു. ഹോമോ സാപ്പിയൻസ് ആഫ്രിക്കയിൽ നിന്ന് കുടിയേറിയ സമയത്ത്, വംശനാശം സംഭവിച്ച രണ്ട് മനുഷ്യജാതികളെങ്കിലും യുറേഷ്യയിൽ താമസിച്ചിരുന്നു. നിയാണ്ടർത്താലുകൾ പടിഞ്ഞാറൻ യുറേഷ്യയിലാണ് താമസിച്ചിരുന്നത്, അതേസമയം ഡെനിസോവന്മാർ ഭൂഖണ്ഡത്തിന്റെ കിഴക്കൻ ഭാഗങ്ങളിൽ വസിച്ചിരുന്നു. ആഫ്രിക്കയ്ക്ക് പുറത്തുള്ള ഹോമോസാപിയൻസിന്റെ വികാസത്തിലും കിഴക്കോട്ട് അവരുടെ കുടിയേറ്റത്തിലും, അവർ നിയാണ്ടർത്താലുകളുമായി മാത്രമല്ല, ഡെനിസോവന്മാരുമായും കണ്ടുമുട്ടുകയും ഇടപഴകുകയും ചെയ്തു (ചിത്രം 2 ).

ഹോമോ സാപിയൻസ് ആഫ്രിക്കയിൽ നിന്ന് കുടിയേറി ലോകത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് വ്യാപിച്ച കാലത്ത് ലോകം എങ്ങനെയായിരുന്നു എന്നതിനെക്കുറിച്ചുള്ള പ്രധാന വിവരങ്ങൾ പാബോയുടെ കണ്ടെത്തലുകൾ നൽകിയിട്ടുണ്ട്.

യൂറേഷ്യൻ ഭൂഖണ്ഡത്തിൽ പടിഞ്ഞാറ് നിയാണ്ടർത്താലുകളും കിഴക്ക് ഡെനിസോവന്മാരും താമസിച്ചിരുന്നു. ഭൂഖണ്ഡത്തിലുടനീളം ആധുനിക മനുഷ്യൻ (ഹോമോസാപിയൻസ്) വ്യാപിച്ചപ്പോൾ സങ്കരസൃഷ്ടികൾ ഉണ്ടാവുകയും നമ്മുടെ ഡിഎൻഎയിൽ അവരുടെ ജനിതക ഘടകങ്ങൾ കൂടിച്ചേരുകയും ചെയ്തു. ആധുനിക മനുഷ്യരും നിയാണ്ടർത്താലുകളും ഏകദേശം 6,00,000 വർഷങ്ങൾക്ക് മുമ്പ് ജീവിച്ചിരുന്ന ഒരു പൊതുപൂർവികനെ പങ്കിടുന്നവെന്ന് സ്ഥാപിക്കാൻ ഗവേഷണം സഹായിച്ചു. പാബോയും സംഘവും സഹവർത്തിത്വത്തിന്റെ കാലഘട്ടത്തിൽ, ആധുനിക മനുഷ്യരും നിയാണ്ടർത്താലുകളും ഒരുമിച്ച് കുട്ടികൾ ഉണ്ടായിരുന്നു എന്നതിന്റെ ജനിതക തെളിവുകളും കണ്ടെത്തി.

## ആരോഗ്യ പ്രത്യാഘാതങ്ങൾ

മനുഷ്യ വംശപരമ്പരയും പരിണാമവും മനസ്സിലാക്കുന്നത് ആരോഗ്യത്തേയും രോഗത്തേയും കുറിച്ചുള്ള ആഴത്തിലുള്ള ചോദ്യങ്ങൾ മനസ്സിലാക്കുന്നതിനുള്ള നേരിട്ടുള്ള ജാലകമാണെന്ന് വ്യക്തമാണ്.

കൂടാതെ ഈ പ്രാചീന മനുഷ്യർ നമുക്ക് നിരവധി ജനിതക സമ്മാനങ്ങളും ശാപങ്ങളും നൽകിയിട്ടുണ്ട്. ശരീരഘടനാപരമായി ആധുനിക മനുഷ്യരും പ്രാചീന സ്പീഷിസുകളും തമ്മിലുള്ള ബന്ധപ്പെടലുകൾ മ്യൂട്ടേഷനിലൂടെയും സ്വാഭാവിക തിരഞ്ഞെടുപ്പിലൂടെയും ഇന്നത്തെ പരിസ്ഥിതികളിൽ പൊരുത്തപ്പെടാനുള്ള സാഹചര്യങ്ങൾ മനുഷ്യർക്ക് നൽകിയിട്ടുണ്ട്. മസ്തിഷ്ക വികസനം, രോഗപ്രതിരോധ സംവിധാനത്തിന്റെ പ്രതികരണം, രക്തത്തിൽ ഓക്സിജന്റെ അളവ് നിലനിർത്തൽ എന്നിവയെ സ്വാധീനിക്കുന്ന ജീനുകൾ ഉൾപ്പെടെ ഈ പൊരുത്തപ്പെട്ടലുകളിൽ ചിലത് പ്രയോജനകരമാണ്. ഹൈപ്പോക്സിയ പാത്ത്‌വേ ജീനിന്റെ ഡെനിസോവ മനുഷ്യജാതിയിൽ നിന്ന് ഉരുത്തിരിഞ്ഞ പതിപ്പ് (EPAS1), ഉയർന്ന ഉയരത്തിൽ അതിജീവനത്തിന് ജനിതകമായ നേട്ടം നൽകുന്നു, ഇത് ടിബറ്റൻ പീഠഭൂമിയിൽ താമസിക്കുന്ന ആളുകൾക്ക് ഉയർന്ന ഉയരത്തിലുള്ള അനുകൂലനവുമായി (രക്തത്തിൽ ഓക്സിജന്റെ അളവ് നിലനിർത്തൽ) ഭവിക്കുന്നു. വിവിധ തരത്തിലുള്ള അണുബാധകളോടുള്ള നമ്മുടെ രോഗപ്രതിരോധ പ്രതികരണത്തെ ബാധിക്കുന്ന നിയാണ്ടർത്തൽ ജീനുകളാണ് മറ്റ് ഉദാഹരണങ്ങൾ. സൂക്ഷ്മജീവികളെ തിരിച്ചറിയുന്നതിലും അലർജി പ്രതിപ്രവർത്തനങ്ങളിലും ഉൾപ്പെട്ടിരിക്കുന്ന ജീനുകളെ പറ്റിയുള്ള പഠനങ്ങളും ഇപ്പോൾ സ്വാന്റെ പാബോയുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

എന്നാൽ ടൈപ്പ് 2 പ്രമേഹം, ഹീമോഫിലിയ, എന്നിവയെ സ്വാധീനിക്കുന്ന ജീനുകൾ പോലെയുള്ളവ പുരാതന ഇന്റർബ്രീഡിങ്ങിന്റെ അനന്തരഫലമാണ്. ഹാനികരമാണെങ്കിലും, മനുഷ്യ-പുരാതന സങ്കരയിനങ്ങളുടെ സന്തതികളാണ് ഈ സ്വഭാവ വിശേഷങ്ങൾ കൈമാറിയത്. നിയാണ്ടർത്താലുകളുമായോ ഡെനിസോവന്മാരുമായോ സമ്പർക്കം പുലർത്താത്ത ഇന്നത്തെ ആഫ്രിക്കയിൽ ഉള്ള ജനിതക പൂർവികർക്ക് ഇത്തരം ജീനുകൾ അപൂർവമായതോ ഇല്ലാത്തതോ ആയതിനാൽ പുരാതന മനുഷ്യരാണ് ഈ ജീനുകൾക്ക് കാരണം എന്ന്

പാബോയുടെ ഗവേഷണം തികച്ചും പുതിയൊരു ശാസ്ത്ര ശാഖയുടെ വളർച്ചയ്ക്ക് കാരണമായി, പാലിയോജീനോമിക്സ്. ജീവിച്ചിരിക്കുന്ന എല്ലാ മനുഷ്യരെയും വംശനാശം സംഭവിച്ച മനുഷ്യവംശങ്ങളിൽ നിന്ന് വേർതിരിക്കുന്ന ജനിതക വ്യത്യാസങ്ങൾ വെളിപ്പെടുത്തുന്നതിലൂടെ, അദ്ദേഹത്തിന്റെ കണ്ടെത്തലുകൾ നമ്മെ അദ്വിതീയ മനുഷ്യരാക്കുന്നത് എന്താണെന്ന് പര്യവേക്ഷണം ചെയ്യുന്നതിനുള്ള അടിസ്ഥാനം നൽകുന്നു.

നമുക്ക് ഇപ്പോൾ അറിയാം. പ്രാചീന ഡി. എൻ.എ. അടങ്ങുന്ന മനുഷ്യ ജീനോമിന്റെ അനുപാതം ചെറുതാണെങ്കിലും, ഇത് സ്കീസോഫ്രീനിയ മുതൽ ഗുരുതരമായ കോവിഡ് -19 വരെയുള്ള രോഗങ്ങളുടെ അപകടസാധ്യതകളിൽ ഒരു പ്രധാന സംഭാവന നൽകുന്നു.

ഇന്ന് ലോകമെമ്പാടുമുള്ള ജനങ്ങളിൽ നല്ലൊരു പങ്കും നിയാണ്ടർത്താലുകളെപ്പോലുള്ള പുരാതന മനുഷ്യരിൽനിന്ന് ഡിഎൻഎ ഉള്ളവരാണെന്നത് നമ്മൾ ആരാണെന്നറിയുന്നതിന് കൂടുതൽ ഉൾക്കാഴ്ച നൽകും. അതിനാൽ ഇത്തരം പഠനങ്ങൾക്ക് ഏറെ പ്രസക്തിയുണ്ടെന്ന് നൊബേൽ സമിതി വിലയിരുത്തി.

## പാലിയോജീനോമിക്സ്

പാബോയുടെ ഗവേഷണം തികച്ചും പുതിയൊരു ശാസ്ത്രശാഖയുടെ വളർച്ചയ്ക്ക് കാരണമായി, പാലിയോജീനോമിക്സ്. ജീവിച്ചിരിക്കുന്ന എല്ലാ മനുഷ്യരെയും വംശനാശം സംഭവിച്ച മനുഷ്യവംശങ്ങളിൽ നിന്ന് വേർതിരിക്കുന്ന ജനിതകവ്യത്യാസങ്ങൾ വെളിപ്പെടുത്തുന്നതിലൂടെ, അദ്ദേഹത്തിന്റെ കണ്ടെത്തലുകൾ നമ്മെ അദ്വിതീയ മനുഷ്യരാക്കുന്നത് എന്താണെന്ന് പര്യവേക്ഷണം ചെയ്യുന്നതിനുള്ള അടിസ്ഥാനം നൽകുന്നു. പ്രാരംഭ കണ്ടെത്തലുകളെത്തുടർന്ന്, വംശനാശം സംഭവിച്ച മനുഷ്യകുലങ്ങളിൽ നിന്നുള്ള നിരവധി അധിക ജനിതക ശ്രേണികളുടെ വിശകലനം അദ്ദേഹത്തിന്റെ സംഘം പൂർത്തിയാക്കി. പാബോയുടെ കണ്ടെത്തലുകൾ മനുഷ്യ പരിണാമവും കുടിയേറ്റവും നന്നായി മനസ്സിലാക്കാൻ ശാസ്ത്രസമൂഹം വ്യാപകമായി ഉപയോഗിച്ച വരുന്നു. സീക്വൻസ് വിശകലനത്തിനുള്ള പുതിയ ശക്തമായ രീതികൾ സൂചിപ്പിക്കുന്നത് പുരാതന ഹോമിനിനുകളും ആഫ്രിക്കയിലെ ഹോമോസാപിയൻസുമായി കൂടിച്ചേർന്നിരിക്കാമെന്നാണ്. എന്നിരുന്നാലും ഉഷ്ണമേഖലാ കാലാവസ്ഥയിൽ പുരാതന ഡിഎൻഎയുടെ ത്വരിതഗതിയിലുള്ള അപചയം കാരണം ആഫ്രിക്കയിലെ വംശനാശം സംഭവിച്ച ഹോമിനിനുകളിൽനിന്നുള്ള ജീനോമുകളൊന്നും ഇതുവരെ ക്രമീകരിച്ചിട്ടില്ല.

## എന്താണ് നമ്മെ അദ്വിതീയ മനുഷ്യരാക്കുന്നത്?

നമ്മുടെ സംസ്കാരങ്ങൾ, സാമൂഹിക ഘടനകൾ, ആശയവിനിമയത്തിനുള്ള നമ്മുടെ കഴിവ് എന്നിവയുടെ സങ്കീർണതയാൽ ഹോമോ സാപിയൻസ് മൃഗങ്ങളിൽ വേറിട്ടുനിൽക്കുന്നു. ഈ അതുല്യമായ "മനുഷ്യത്വം" ആധുനിക മനുഷ്യവംശത്തിലെ ജീനോമിലെ മാറ്റങ്ങളുടെ ഫലമാണെന്ന് അനുമാനിക്കാം. പ്രാചീന ജീനോമുകളിലേക്കുള്ള പ്രവേശനം, പുരാതന ഹോമിനിനുകളിൽ നിന്ന് നമ്മെ വേർതിരിക്കുന്ന നിർണായക ജനിതക സവിശേഷതകൾ തിരിച്ചറിയാൻ ആവേശകരമായ പുതിയ സാധ്യതകൾ പ്രദാനം ചെയ്യുന്നു. നമ്മുടെ ഏറ്റവും അടുത്ത പരിണാമ ബന്ധുക്കൾ എന്ന നിലയിൽ അവരുടെ ജീനോമുകൾ ഫിസിയോളജിക്കും മെഡിസിനും വേണ്ടിയുള്ള പ്രത്യേക മാനുഷിക സവിശേഷതകൾ വ്യക്തമാക്കാൻ കഴിയുന്ന റഫറൻസ് പോയിന്റുകൾ നൽകുകയും വിവര ശേഖരം ലഭ്യമാക്കുകയും ചെയ്യുന്നു.

ആധുനിക മനുഷ്യർ അവരുടെ വികാസത്തിൽ ഇത്രയധികം വിജയിച്ചത് എന്തുകൊണ്ടാണെന്നും ആയിരക്കണക്കിന് വർഷങ്ങളായി യുറേഷ്യൻ പരിതസ്ഥിതിയുമായി പൊരുത്തപ്പെട്ട ശേഷം നിയാണ്ടർത്താലുകളും ഡെനിസോവനുകളും വംശനാശം സംഭവിച്ചത് എന്തുകൊണ്ടാണെന്നും അവശേഷിക്കുന്ന ഏറ്റവും വലിയ രഹസ്യങ്ങളിലൊന്നാണ്. ഈ ജനസഞ്ചയങ്ങൾ ചെറുതാണെന്നും അവയ്ക്ക് താരതമ്യേന ഉയർന്ന തോതിലുള്ള ഇൻബ്രീഡിങ് (ഒരേ വർഗങ്ങളും ബന്ധുക്കളും തമ്മിലെ ഇണചേരൽ) ഉണ്ടെന്നുമുള്ള നിരീക്ഷണം, ജനസംഖ്യാ വലുപ്പത്തിൽ അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ആധുനിക മനുഷ്യരുമായി മത്സരിക്കാൻ അവർക്ക് കഴിഞ്ഞേക്കില്ല എന്നതിന്റെ സൂചന നൽകുന്നു. നമ്മെപ്പോലെ നിയാണ്ടർത്താലുകൾക്കും വലിയ തലച്ചോറുണ്ടായിരുന്നു. അവർ ഗ്രൂപ്പുകളായി ജീവിക്കുകയും അവർ ഉപകരണങ്ങൾ ഉപയോഗിക്കുകയും ചെയ്തു, എന്നാൽ ലക്ഷക്കണക്കിന് വർഷങ്ങളിൽ അവ അപ്രത്യക്ഷമാകുന്നതുവരെ ഇവ വളരെക്കുറച്ച് മാത്രമേ മാറിയിട്ടുള്ളൂ. മറുവശത്ത്, ഹോമോസാപിയൻസ് സങ്കീർണമായ സംസ്കാരങ്ങളും ആലങ്കാരികകലയും നൂതന കണ്ടുപിടിത്തങ്ങളും അതിവേഗം വികസിപ്പിച്ചെടുത്തു. അവർ കടലുകൾ താണ്ടി നമ്മുടെ ഗ്രഹത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും വ്യാപിച്ചു. ഈ നാടകീയമായ വികാസത്തിന്റെ അടിസ്ഥാനം നിയാണ്ടർത്താലുകളിൽ നിന്നും ഡെനിസോവന്മാരിൽനിന്നും വേർപിരിഞ്ഞതിനുശേഷം സംഭവിച്ച ജനിതക മാറ്റങ്ങളായിരിക്കണം.

സ്വാന്തെ പാബോ, ഡേവിഡ് റീച്ച് തുടങ്ങിയവർ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന അന്തർവൈജ്ഞാനിക പഠനങ്ങൾക്ക് ഏറെ പ്രസക്തിയുണ്ട്. ഒന്ന്, മനുഷ്യരെ അദ്വിതീയരാക്കുന്ന ശാസ്ത്രസത്യങ്ങൾ കൂടുതൽ വ്യക്തമാകുന്നു, രണ്ട് , ആധുനിക ലോകത്ത് ജാതിമത ചിന്തകളുടെ അപ്രസക്തി കൂടുതൽ വെളിപ്പെടുന്നുവെന്ന് മാത്രമല്ല നാമെല്ലാവരും സമ്മിശ്രമാണെന്ന് തിരിച്ചറിയുന്നു, മൂന്ന് പാരമ്പര്യവാഹകരായ ജീനുകളെപ്പറ്റിയുള്ള മെച്ചപ്പെട്ട അറിവുകളുടെ പശ്ചാത്തലത്തിൽ പുതിയൊരു ആരോഗ്യക്രമത്തെയും ചികിത്സാരീതികളെയുംപറ്റി വേറിട്ട ചിന്തകൾ പ്രോത്സാഹിപ്പിക്കപ്പെടുന്നു. കൂടാതെ മനുഷ്യവർഗത്തെക്കുറിച്ചുള്ള ശാസ്ത്രത്തിന്റെ വീക്ഷണത്തെ മാറ്റിമറിച്ച വികസിച്ചുകൊണ്ടിരിക്കുന്ന പാലിയോജീനോമിക്സ് എന്ന ശാസ്ത്രമേഖലയ്ക്കും ജീവശാസ്ത്രവുമായി ബന്ധപ്പെട്ട അന്തരവൈജ്ഞാനിക പഠനങ്ങൾക്കും ലഭിച്ച ആവേശകരമായ അംഗീകാരമായും സ്വാന്തെ പാബോക്ക് ലഭിച്ച നൊബേൽസമ്മാനത്തെ കണക്കാക്കാം.

*(ഡോ.എ.ബിജുകുമാർ - 94472 16157)*



# ഓർമകളുടെ അപനിർമാണവും വീണ്ടെടുക്കലും

## സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം നേടിയ ആനി എർണോ

ഡോ. സി സേതുലക്ഷ്മി

പ്രശസ്ത ഫ്രഞ്ച് എഴുത്തുകാരിയായ ആനി എർണോയാണ് 2022 ലെ സാഹിത്യത്തിനുള്ള നൊബേൽ സമ്മാനത്തിനർഹയായിരിക്കുന്നത്. ക്ലീൻഡ് ഔട്ട്, എ ഗേൾസ് സ്റ്റോറി തുടങ്ങി ശ്രദ്ധേയമായ നിരവധി കൃതികൾ രചിച്ച എർണോയുടെ, ഓർമകളെ അപനിർമിക്കുന്ന സ്വകീയ ശൈലിയിലുള്ള എഴുത്തിനെക്കുറിച്ച് നൊബേൽ കമ്മിറ്റി ഇങ്ങനെ നിരീക്ഷിക്കുന്നു. "വ്യക്തിയുടെ ഓർമകളെയും, നഷ്ടപ്പെടലുകളെയും സമഷ്ടിയുടെ സഞ്ചിത നിയന്ത്രണങ്ങളെയും മറികടന്ന് വേരടക്കം അനാവരണം ചെയ്യുന്നതിൽ എർണോ പുലർത്തിയിരിക്കുന്ന നിർഭയത്വവും സൂക്ഷ്മനിസ്സംഗതയും അൽഭുതാവഹമാണ്". ഫ്രാൻസിൽ വളരെയധികം വായനക്കാരുള്ള എർണോയെ സമീപവർഷങ്ങളിൽ പുറത്തുവന്ന ഇംഗ്ലീഷ് പരിഭാഷകളിലൂടെയാണ് ലോകം അടുത്തറിയുന്നത്. നോവലിന്റെ മുഖപടമണിഞ്ഞ ആത്മകഥനങ്ങളാണ് ക്ലീൻഡ് ഔട്ട്, ഡു വാട്ട് ദേ സേ, ഓർ എൽസ്, ദി ഫ്രോസൺവുമൺ

വാക്കുകളുടെ മിതവ്യയവും മനപ്പൂർവം ആലങ്കാരികഭാഷ ഉപയോഗിക്കാതെയുള്ള ആഖ്യാനവും എർണോയുടെ പ്രത്യേകതയാണ്.




എന്നീ ആദ്യത്തെ മൂന്നു കൃതികളും. അതിനു ശേഷം രചിച്ച എ വുമൺസ് സ്റ്റോറി (1987), സിംപിൾ പാഷൻ (1991), എ ഗേൾസ് സ്റ്റോറി (2014) തുടങ്ങിയ മറ്റുകൃതികളിൽ വ്യക്തിയുടെ ഓർമകളിലൂടെ തലമുറയുടെയും സമൂഹത്തിന്റെ തന്നെയും ചരിത്രപരവും സാമൂഹികശാസ്ത്രപരവുമായ ആഖ്യാനമാണ് എർണോ നടത്തിയിട്ടുള്ളത്. ആത്മകഥനത്തെ സർഗാത്മകമായി വാർത്തെടുത്തുകൊണ്ട് നവീനമായൊരെഴുത്തുരീതിയ്ക്ക് എർണോ രൂപം കൊടുത്തു. എന്ന് തന്നെയല്ല നിരന്തരമായ പുതുക്കലുകൾ കൊണ്ട് ചിന്തേരിട്ട് ആത്മകഥനത്തിന്റെ അടിവേരോളം ചെന്ന് ഓർമകളെ അപനിർമിച്ച് വ്യക്തിയെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കാൻ പോന്ന സങ്കീർണമായ എഴുത്തുശൈലിയും എർണോ സൃഷ്ടിച്ചെടുത്തു. എർണോയുടെ കൃതികൾ ആത്മകഥനമെന്നതിലുപരി സാർവജനീനതയും സാമൂഹികാനുഭവങ്ങളും വിഷയാവതരണത്തിലെ പ്രത്യേകതയുംകൊണ്ട് വായനക്കാരെ അനുഭവത്തിലേക്ക് അടുപ്പിക്കുന്നു. താൻ പുരാരേഖകളുടെ സൂക്ഷിപ്പുകാരി മാത്രമാണ് എന്ന് എ വിമൻസ് സ്റ്റോറിയിൽ എർണോ പറയുന്നു. എന്നാൽ അവയിൽ അവർ നടത്തുന്ന ഓർമകളുടെ വീണ്ടെടുക്കലാണ് ലോകത്തിനുള്ള അമൂല്യമായ സമ്മാനം.

എർണോയുടെ സ്വകീയഭാഷ ലളിതവും നിസ്സംഗവുമാണ്. വാക്കുകളുടെ മിതവ്യയവും മനപ്പൂർവം ആലങ്കാരികഭാഷ ഉപയോഗിക്കാതെയുള്ള ആഖ്യാനവും എർണോയുടെ പ്രത്യേകതയാണ്. അതിനുള്ളിലാണ് രൂപകങ്ങളുടെ മുത്തുകൾ ഒളിപ്പിച്ചു വച്ചിരിക്കുക.

ആനി എർണോ 1940-ൽ ഫ്രാൻസിലെ ലിലെബോൺ നോർമാന്റിയയിൽ ജനിച്ചു, കുറച്ചു വർഷങ്ങൾക്കകം അവരുടെ കുടുംബം തൊഴിലാളി നഗരമായ യിവറ്റോയിലേക്ക് മാറിത്താമസിക്കുകയും മാതാപിതാക്കൾ അവിടെയൊരു കഫെയും പലചരക്കുപീടികയും നടത്തിപ്പോരുകയും ചെയ്തു. കത്തോലിക്കാ സഭക്കാർ നടത്തുന്ന ഒരു സ്വകാര്യ വിദ്യാലയത്തിലാണ് എർണോ പഠിച്ചത്. മധ്യവർഗക്കാരായ സഹപാഠികളിൽനിന്ന് എർണോയ്ക്ക് ആദ്യമായി തന്റെ കുടുംബമുൾപ്പെട്ട തൊഴിലാളിവർഗത്തെക്കുറിച്ച് അപമാനം നേരിട്ടു. അക്കാലത്തുണ്ടായ ആദ്യ ലൈംഗികാനുഭവത്തെക്കുറിച്ച് A Girl 's story എന്ന പുസ്തകത്തിൽ സൂചിപ്പിക്കുന്നുണ്ട്. cleaned out എന്ന കൃതിയിൽ 1964 ൽ അനുഭവിക്കേണ്ടിവന്ന, വേദനാജനകവും നിയമവിരുദ്ധവുമായ ഗർഭച്ഛിദ്രത്തെക്കുറിച്ച് എർണോ പറയുന്നുണ്ട്.

1967 ൽ എർണോയുടെ പിതാവിന്റെ മരണശേഷം എർണോ സകുടുംബം പാരീസിലെ പുതുനഗരമായ സെർജി പൊണ്ടോയിലേക്ക് താമസം മാറി. പിതാവിന്റെ ജീവിതത്തെക്കുറിച്ച് എഴുതിയ A Mans Place എന്ന കൃതി 1983 -ൽ പുറത്തുവന്നപ്പോഴേക്കും എർണോയ്ക്ക് ധാരാളം വായനക്കാരുണ്ടായിരുന്നു.

1967 ൽ എർണോയുടെ പിതാവിന്റെ മരണശേഷം എർണോ സകുടുംബം പാരീസിലെ പുതുനഗരമായ സെർജി പൊണ്ടോയിലേക്ക് താമസം മാറി. പിതാവിന്റെ ജീവിതത്തെക്കുറിച്ച് എഴുതിയ A Mans Place എന്ന കൃതി 1983 –ൽ പുറത്തുവന്നപ്പോഴേക്കും എർണോയ്ക്ക് ധാരാളം വായനക്കാരുണ്ടായിരുന്നു.

2000-ൽ അധ്യാപനവൃത്തിയിൽനിന്ന് വിരമിച്ച് മുഴുവൻസമയം സാഹിത്യരചനയ്ക്കായി മാറ്റിവച്ച എർണോയുടെ The years (2008) എന്ന കൃതി അവരുടെ ഏറ്റവും മികച്ച രചനകളിൽ ഒന്നായി കരുതപ്പെടുന്നു. ഉള്ളടക്കംകൊണ്ടും അറുപതുവർഷത്തെ വ്യക്തിയുടെയും സമഷ്ടിയുടെയും ചരിത്രത്തെ ഇടകലർത്തിനെയ്ത നൂതന മാതൃകയാലും ഈ കൃതി ധാരാളം ചർച്ചചെയ്യപ്പെട്ടിട്ടുണ്ട്. മാർഗരറ്റ് ഡ്യൂറാസ്, ഫ്രാങ്കോ മോറി എന്നീ പുരസ്കാരങ്ങൾക്ക് എർണോ അർഹമാവുകയും മാൻ ബുക്കർപ്രൈസിനു നാമനിർദ്ദേശം ചെയ്യപ്പെടുകയും ഉണ്ടായി. എർണോയുടെ സമ്പൂർണകൃതികൾക്ക് ഫ്രഞ്ച് ഭാഷാപുരസ്കാരവും മാർഗരറ്റ് യോർസെനേർ പുരസ്കാരവും നൽകപ്പെട്ടു. സെർജി പൊണ്ടേ സർവകലാശാല 2014 -ൽ എർണോയ്ക്ക് ഓണററി ഡോക്ടറേറ്റ് നൽകി ബഹുമാനിച്ചു.

തുറന്നടയുന്ന വാതിലുകൾ പോലെയെന്ന് എർണോ വിശേഷിപ്പിക്കുന്ന ആന്ദ്രേ ബ്രാന്റോയുടെ എഴുത്ത് എർണോയെ സ്വാധീനിച്ചിട്ടുണ്ട്. സാർത്രിന്റെയും സിമോൺ ദി ബുവയുടെയും എഴുത്തുകൾ എർണോയിലെ എഴുത്തുകാരിയെ പ്രലോഭിപ്പിച്ചിട്ടുണ്ടെന്നു വേണം കാണാൻ. വ്യക്തിയുടെ കഥമാത്രം പറയാതെ തലമുറയുടെ പൊതുവായ താൽപ്പര്യങ്ങളിലും അഭിലാഷങ്ങളിലും നിരാശകളിലുംകൂടി വ്യക്തിയുടെ കഥ പറഞ്ഞുപോകുന്ന രീതി അവലംബിച്ചിരുന്ന ജോർജ് പെരെസിന്റെ രീതിയെക്കുറിച്ച് എർണോ പരാമർശിക്കുന്നുണ്ട്. വിർജീനിയ വുൾഫ്, പെരെസ്, ബ്രെട്ടൻ, സിമോൺ, സാർത്ര് എന്നിവരുടെ എഴുത്തിന്റെ കാന്തികശക്തി അവരുടെ ആഖ്യാനങ്ങളുമായുള്ള സംവേദനവും തന്റെ എഴുത്തിനെ സ്വാധീനിച്ചിട്ടുണ്ടെന്ന് എർണോ എഴുതുന്നു.

ഓർമകളുടെ അപനിർമാണമാണ് എർണോയുടെ തനത് ആഖ്യാനസങ്കേതം. എഴുത്തുകാരിയുടെ ചിന്തകൾ പോലും പ്രത്യയശാസ്ത്രത്തിനനുസൃതമായേക്കാം. എർണോയെ സംബന്ധിച്ചിടത്തോളം എഴുത്ത് അതിനുമപ്പുറത്താണ്, അത് യുക്തിചിന്തയാലോ മുൻവിലക്കുകളാലോ ബാധിക്കപ്പെടാത്ത ഒന്നാണ്. എഴുത്തിന് എഴുത്തിനാൽത്തന്നെ നിർണയിക്കപ്പെടുന്ന ചില പരിമിതികളുണ്ട്, ഈ പരിമിതികൾ ആത്മനിഷ്ഠവുമാണ്. വിരോധാഭാസമെന്നു തോന്നുമെങ്കിലും ഈ പരിമിതികൾക്ക് എഴുത്തിനെ മികവുറ്റതാക്കാനും കഴിയും. ഇരുതലമൂർച്ചയുള്ള എഴുത്താണ് എർണോയുടെത്. ഓർമകളിൽ നിന്ന് അപമാനങ്ങളുടെ കാരണങ്ങൾ അവർ വേർതിരിച്ച് അപഗ്രഥിച്ചെടുക്കുന്നുണ്ട്. ഇടതുപക്ഷ ചായ്‌വുള്ള സാർത്രിന്റെയും സിമോൺ ദി ബുവയുടെയും കൃതികളിൽനിന്ന് പ്രചോദനമുൾക്കൊണ്ട ഇടതു ഫെമിനിസ്റ്റാണ് എർണോ. സാധാരണഗതിയിൽ എഴുത്താളിന്റെ പ്രത്യയശാസ്ത്രപരവും വ്യക്തിപരവുമായ ആന്തരികലോകവും എഴുത്തിൽ വെളിപ്പെടാറുണ്ട്. എന്നാൽ എർണോയുടെ സങ്കീർണമായ സാഹിത്യശൈലി അവരുടെ രാഷ്ട്രീയ മേൽവിലാസങ്ങൾക്കപ്പുറം സ്വയം അടയാളപ്പെടുത്തുന്നു. ഒരു

പെൺകുട്ടിയുടെ കഥ എന്ന കൃതിയിൽ പെൺകുട്ടിയും കഥയും തമ്മിൽ ഒരു സവിശേഷബന്ധമാണുള്ളത്.പെൺകുട്ടി കഥയെ കഥയായിരിക്കാനോ, കഥ പെൺകുട്ടിയെ പെൺകുട്ടിയായിരിക്കാനോ അനുവദിക്കുന്നില്ല. പെൺകുട്ടിക്കും കഥയ്ക്കുമിടയിൽ ഭൂതകാലം ഓർമിക്കുന്ന മുതിർന്ന സ്ത്രീയായ എഴുത്തുകാരിയാണുള്ളത്. ഫിക്ഷൻ എഴുത്തിൽ നാം മുമ്പ് കണ്ടിട്ടില്ലാത്ത എന്തോ ഒന്ന് എർണോ ആവേശിപ്പിക്കുന്നുണ്ട്. എർണോയുടെ തന്നെ വാക്കുകളിൽ "മുന്നോട്ടുപോകുംന്തോറും ഓർമയിൽ നിക്ഷിപ്തമായ കഥ തുടക്കത്തിലേതുപോലെ ലളിതമല്ലാതാവുന്നു. ഉദാഹരണത്തിന് പെൺകുട്ടിയായ എന്നെക്കുറിച്ചെഴുതാൻ അത്രയും കാലം പിന്നോട്ടു പോവുകയെന്നാൽ ആ കാലത്തെക്കുറിച്ച് അന്നുവരെ ഞാൻ സ്വരുക്കൂട്ടിവച്ചിരുന്ന വ്യാഖ്യാനങ്ങളെ തകർക്കുക എന്നുകൂടിയാണ്. യാതൊരു മഹത്വപ്പെടുത്തലുമില്ലാതെ ഒരു സാങ്കൽപ്പിക കഥാപാത്രത്തെയും കൂട്ടിച്ചേർക്കുന്നുമില്ല. മറിച്ച് ഞാനായിരുന്ന പെൺകുട്ടിയെ അപനിർമിക്കുകയാണ്." ഇപ്പറഞ്ഞത് ആഖ്യായികാ സാഹിത്യത്തിൽ അപനിർമാണ സങ്കേതത്തിന്റെ മൗലിക പ്രഖ്യാപനമാണ്. സമയത്താൽ വേർതിരിക്കപ്പെട്ട ദ്വന്ദ്വ പ്രതിപാദ്യമെന്ന സങ്കീർണത നേരിട്ടുകൊണ്ട് സമയത്തിന്റെ വിടവിൽ നിന്നുതന്നെ എഴുത്ത് ഉരുവം കൊള്ളുന്നു.

എർണോ സ്വന്തം ഭൂതകാലത്തിന്റെ പുരാവൃത്തത്തെ തകർത്ത് തന്റെ അപഗ്രഥന കരുക്കൾ കൊണ്ട് പുനർനിർമിക്കുന്നു. എർണോയുടെ സ്വന്തം പൂർവസ്വത്വത്തിന്റെ ആന്തരിക അപനിർമാണമാണ് ഒരു പെൺകുട്ടിയുടെ കഥ എന്ന കൃതി. ഇതിന്റെ തുടക്കത്തിൽത്തന്നെ സിമോൺ ദി ബുവയുടെ ദി സെക്കന്റ് സെക്സ് എന്ന കൃതിയോടുള്ള ചായ്‌വ് ദൃശ്യമാണ്. ഈ കഥയിലെ അപരൻ പെൺകുട്ടിയേക്കാൾ ഒരുപാട് മുതിർന്ന ഒരാളാണ്. അവധിക്കാല ക്യാമ്പിലെ ആൺകുട്ടികളാണ് മറ്റ് അപരന്മാർ. അവരാൽ അപമാനിക്കപ്പെട്ട ആ പെൺകുട്ടിയെ അവർ ഓർക്കുന്നുണ്ടായിരുന്നില്ല. അവരെപ്പോലെ എർണോയും ആ പെൺകുട്ടിയെ മറക്കാൻ ശ്രമിച്ചു. പക്ഷേ, പരാജയപ്പെട്ടു. ആയിടത്തുനിന്നാണ് ഈ എഴുത്താരംഭിക്കുന്നത്. പെൺകുട്ടിയുടെ കഥപറയുന്ന അവളുടെ പിൽക്കാല സ്വത്വമായ മുതിർന്ന സ്ത്രീ -ഈ ദ്വന്ദ്വം ഈ കൃതിയുടെ തുടക്കം മുതലുണ്ട്. തന്റെ ഭൂതകാലം ഒറ്റയ്ക്കോർമിച്ചെഴുതുന്ന വേദനാജനകമായ പദ്ധതിയിലേക്ക് എർണോ ആകർഷിക്കപ്പെടുകയാണ്. നേരിട്ടുള്ള അപമാനത്തെ മറികടക്കലാണ് ഈയെഴുത്ത്. അനുഭവംകൊണ്ടുള്ള അപമാനം മാത്രമല്ല അനുഭവവുമായി നമുക്കുണ്ടായിത്തീരുന്ന ബന്ധത്തെക്കൂടി തടസ്സപ്പെടുത്തുന്ന വ്യവസ്ഥയിൽ നിന്നുകൊണ്ട് അതേ അനുഭവങ്ങളുടെ പുനർനാമകരണമാണ് എർണോ ചെയ്യുന്നത്. ഓർമയുടെ അപനിർമാണത്തിൽ പെൺകുട്ടിയായ എർണോ കീഴടങ്ങുന്നത് കഥയിലെ അപരരോടല്ല മാറ്റാനാവാത്ത പ്രപഞ്ചനിയമങ്ങളോടാണ്. അപമാനത്തിന്റെ തെളിവായേക്കാവുന്ന കാര്യങ്ങളെ എർണോ എഴുത്തിലൂടെ വീണ്ടെടുക്കുന്നു. ഇത് അത്ഭുതാദരങ്ങളുളവാക്കുന്ന ദർശനവും നവീനതയുമാണ്. എഴുത്ത് ജീവിതത്തിൽനിന്ന് രക്ഷപ്പെട്ടു മാറിനിൽക്കുന്ന ഒന്നാണെന്ന് ഇതിനർഥമില്ല. ഈ തിരിച്ചെണ്ണൽ പ്രക്രിയയിൽ തത്വശാസ്ത്രപരവും സൗന്ദര്യശാസ്ത്രപരവുമായ ചില ചോദ്യങ്ങൾ എർണോ നേരിടുന്നുണ്ട്.

**തുടർച്ചയെ സംബന്ധിച്ചത്:** അടുത്ത് എന്ത് സംഭവിക്കും എന്നതിനെക്കുറിച്ച് ഒരു ചിത്രത്തിൽ നിന്ന് മറ്റൊന്നിലേക്ക് സന്നിവേശിപ്പിച്ചുകൊണ്ടെന്നപോലെ തുടരുമ്പോൾ, യഥാർഥത്തിൽ മിനിറ്റുകൾ മാത്രം നീണ്ടുനിന്ന ഒരു സംഭവമോ ഘടനയോ ഓർമയിലെന്നതുപോലെ എഴുത്തിലും വിപുലമായിപ്പോകാനിടയുണ്ട്. ഫ്രഞ്ച് നവതരംഗ സിനിമകളിലെ ഈ സാധ്യത എർണോ തന്റെ എഴുത്തിൽ ഉപയോഗിച്ചിരിക്കുന്നു. സമയരേഖയിൽ ദൂരെ ദൂരെയുള്ള ഓർമകളെ, സമയത്തുടർച്ചയിലെന്നപോലെ കോർത്തുകൊണ്ട് പുനർനിർമിക്കുന്ന ഇന്ദ്രജാലമാണ് ഈയെഴുത്തിൽ നമുക്ക് കാണാനാവുക. എഴുത്തിന്റെ പരിമിതികളെ പരീക്ഷിക്കാനാണ് ഈ സങ്കേതം ഉപയോഗിച്ചുനോക്കുന്നതെന്ന് ആത്മകഥാപരമായ ഈ കൃതിയിൽത്തന്നെ എർണോ പറയുന്നുണ്ട്. മനശ്ശാസ്ത്രപരമോ സമൂഹികശാസ്ത്രപരമോ ആയ വിശകലനങ്ങളിൽ തളച്ചിടാനാവാത്ത, മുൻധാരണകളിൽനിന്നും വ്യത്യസ്തമായ ആഖ്യാനത്തിനല്ലെങ്കിൽ പിന്നെ എഴുത്ത് എന്തിനാണെന്ന് എർണോ ചോദിക്കുന്നു. കഥയുടെ മടക്കുകൾ നിവർത്തവേ ഞൊറികളിൽനിന്നും ചുളിവുകളിൽനിന്നുമുതിർന്നു വീഴുന്നതാണ് കഥ പറച്ചിൽ അഥവാ എഴുത്ത്. ഇതാണ് എർണോയുടെ എഴുത്തിന്റെ കാതൽ. അപമാനവും അവഗണനയുമേറ്റ ക്ഷതസാധ്യതയുള്ള അസ്തിത്വമാണ് അതിന്റെ ഒളിയിടത്തിൽനിന്ന് പുറത്തുചാടുന്നത്. ഇപ്രകാരം എഴുതുമ്പോഴും ഭാഷയുടെ കാര്യത്തിൽ എർണോ പുലർത്തുന്ന കയ്യടക്കം അന്യാദൃശമാണ്.

എ മാൻസ് പ്ലേസ്, മരിച്ചുപോയ തന്റെ പിതാവിനെക്കുറിച്ചുള്ള പുസ്തകമാണ്. ചെറുപ്പം മുതൽ തൊഴിലാളിയായി ജീവിച്ച് പിൽക്കാല ജീവിതത്തോട് പൊരുത്തപ്പെടാനാവാതെപോയൊരാൾ. കടയുടമയും അധ്വാനിയുമായിരുന്നെങ്കിലും ഏകാന്തതയും സംശയവും അദ്ദേഹത്തിന്റെ സ്വഭാവത്തിൽത്തന്നെ ചേർന്നുപോയിരുന്നു. കലാത്മകമായ രീതികൾ വിട്ട് നിഷ്പക്ഷമായൊരു കഥന രീതിയാണ് ഈ കൃതിയിൽ എർണോ അവലംബിച്ചിരിക്കുന്നത്. ആവശ്യങ്ങളാൽ മാത്രം നിയന്ത്രിക്കപ്പെട്ട തീർത്തും സംഭവരഹിതമായ ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. അച്ഛനെക്കുറിച്ച് വിവരിക്കുമ്പോൾ ശ്വാസോച്ഛ്വാസത്തിന്റെ പ്രത്യേകതകൾ ശരീരചലനങ്ങൾ തുടങ്ങിയ ജൈവിക സ്വഭാവങ്ങളുടെ നിരീക്ഷണങ്ങൾ ഓർമയുടെ രാഷ്ട്രീയമാവുന്നു.

ഐ റിമൈൻ ഇൻ ഡാർക്നെസ്സ് എന്ന കൃതിയിൽ അൽഷിമേഴ്സ് രോഗം പിടിപെട്ട

**എർണോ സ്വന്തം ഭൂതകാലത്തിന്റെ പുരാവൃത്തത്തെ തകർത്ത് തന്റെ അപഗ്രഥന കരുക്കൾ കൊണ്ട് പുനർനിർമിക്കുന്നു. എർണോയുടെ സ്വന്തം പൂർവസ്വത്വത്തിന്റെ ആന്തരിക അപനിർമാണമാണ് ഒരു പെൺകുട്ടിയുടെ കഥ എന്ന കൃതി. ഇതിന്റെ തുടക്കത്തിൽത്തന്നെ സിമോൺ ദി ബുവയുടെ ദി സെക്കന്റ് സെക്സ് എന്ന കൃതിയോടുള്ള ചായ്‌വ് ദൃശ്യമാണ്.**






അമ്മയെക്കുറിച്ച് എർണോ കരുണയോടെ എഴുതുന്നു. അമ്മയുടെ ശാരീരികവും മാനസികവുമായ അസന്തുലിതാവസ്ഥയെക്കുറിച്ചും രോഗം ആ ശരീരത്തിൽ എന്ത് ചെയ്യുന്നുവെന്നും നിരീക്ഷകയുടെ നിസ്സംഗതയോടെ പറഞ്ഞിരിക്കുന്നു. അത്ര നിഷ്പക്ഷ ആഖ്യാനത്തിലും ഓർമയും യാഥാർഥ്യവും ഒത്തുചേരുന്ന ഭാഷയുടെ മടക്കുകളിലാണ് അമ്മയോടുള്ള സ്നേഹം കണ്ടെത്താനാവുക. "എന്റെ വീട്ടിൽ വച്ചിട്ട് പോയ ഈ കുപ്പായങ്ങൾ അമ്മ ഇനി ധരിക്കുകയില്ല. അവ, മരിച്ച ഒരാളിന്റേതുപോലെ തോന്നിപ്പിക്കുന്നു. പക്ഷേ, അമ്മ ജീവിച്ചിരുപ്പുണ്ട്, എന്നിൽ കുറ്റബോധമുളവാക്കിക്കൊണ്ട്." അൽഷിമേഴ്സ് ബാധിച്ച അമ്മയുടെ മരണത്തിന് നിസ്സഹായയായ സാക്ഷിയാവുക, അപ്പോഴും അമ്മയുടെ രോഗാവസ്ഥയെക്കുറിച്ച് അപരാധബോധത്തിലെന്നോണം നീറുക എന്നിങ്ങനെ ഒറ്റയടിക്ക് രണ്ടു വിഷമസന്ധികളെക്കുറിച്ച് ഇരട്ടമൂർച്ചയോടെ എർണോ പ്രതിപാദിക്കുന്നു.

സ്വന്തം കൃതികളുടെ ഓരോഭാഗത്തും എർണോ, വിഷയം എഴുത്തിന്റെ രീതിയെ എങ്ങനെ സ്വാധീനിക്കുന്നു എന്ന് നിരീക്ഷിക്കുന്നുണ്ട്. എഴുത്തിന്റെ മധ്യേതന്നെ എന്തിനാണ് എഴുതുന്നത് എന്ന് ആരായുന്നു. ആ നിമിഷം ഓർമ എഴുത്തായി മാറുന്നു. ഓർമയുടെ വേരുകളിൽനിന്നുപോലും അപമാനങ്ങളെയും അപരാധബോധങ്ങളെയും എടുത്തുമാറ്റി സ്വതന്ത്രമാക്കുന്നു. എഴുത്തിലൂടെയുള്ള വിടുതൽ സങ്കീർണമായ ഒന്നാണ്. ആന്ദ്രേ ബ്രെട്ടനെക്കുറിച്ച് എർണോ പറയുംപോലെ - നിയതമായ എഴുത്തുരൂപങ്ങളിലേയ്ക്ക് തരംതിരിക്കാനാവാത്ത, ആവണമെന്ന് നിർബന്ധമില്ലാത്ത, എന്നാൽ സ്വകീയമായ എഴുത്തുരീതി വ്യക്തിയുടെ സത്യം കണ്ടെത്തുവാനായി ആർക്കും അവലംബിക്കാവുന്ന മുക്തിമാർഗം പോലുമാണ്.

ട്രോമ എന്നത് വ്യക്തിയുടെ ശരീരത്തിലോ മനസ്സിലോ ഭാഷയിലോ പോലും ഏൽക്കുന്ന ക്ഷതമാണ്. അങ്ങിനെയൊരാഘാതംകൊണ്ട് കഷ്ടപ്പെട്ടുന്നവരെ ട്രോമ തെറാപ്പി, സ്ക്രിപ്റ്റോ തെറാപ്പി എന്നീ രീതികൾകൊണ്ട് ക്ലിനിക്കൽ സൈക്കോളജി വിദഗ്ധർ പിന്തുണയ്ക്കാറുണ്ട്. ആഘാതത്തിനു കാരണമായ സംഭവത്തെ ചിത്രങ്ങളും വാക്കുകളുമായി പ്രകടിപ്പിക്കാൻ സഹായിക്കുകയാണ് ഇതിലൂടെ ചെയ്യുക. അതിലൂടെ ട്രോമയെ സംബന്ധിച്ച ഓർമയെ മസ്തിഷ്കത്തിന്റെ വാചികമല്ലാത്ത സ്ഥാനത്തുനിന്നും വാചിക സ്ഥാനത്തേയ്ക്ക് കൊണ്ടുവരികയും അങ്ങനെ വ്യക്തിയുടെ ജീവിത കഥയിലേക്ക് ഇഴചേർക്കുകയും ചെയ്യുന്ന രീതിയാണത്. സ്ക്രിപ്റ്റോ തെറാപ്പിയും ഇതുപോലൊരു ചികിത്സാമാർഗമാണ്. പലവർഷങ്ങളിലെ ഗവേഷണത്തിന്റെ ഫലമായി ഉരുത്തിരിഞ്ഞിട്ടുള്ള ഈ മാർഗങ്ങളുമായി എർണോയുടെ സ്വകീയശൈലിക്കുള്ള സാരൂപ്യം അത്ഭുതകരമാണ്. അതേ സമയം സർഗാത്മകതയും ധിഷണാശക്തിയും ചേർന്ന് എർണോയുടെ വിഷയത്തോടുള്ള മൗലികമായ സമീപനവും പരിചരണവും അത്യുജ്ജ്വലം എന്നുതന്നെ പറയണം. വരും ദിനങ്ങളിൽ ലക്കാനിയൻ മനോവിശ്ലേഷണ സിദ്ധാന്തങ്ങളുടെ പശ്ചാത്തലത്തിൽ എർണോയുടെ കൃതികൾ ഗവേഷണം ചെയ്യുന്നത് സാഹിത്യത്തിനും ശാസ്ത്രത്തിനും മാത്രമല്ല മനുഷ്യജീവനുതന്നെയും മുതൽക്കൂട്ടാകും.

*(ഡോ. സി. സേതുലക്ഷ്മി - 8848345441)*

## "എഴുത്തുകാരുടെ ശ്രദ്ധയ്ക്ക്"

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ പുസ്തകം പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി സ്ക്രിപ്റ്റ് അയയ്ക്കേണ്ട രീതി പരിഷ്കരിച്ചു. publisher@silkerala.in എന്ന ഇമെയിൽ മുഖേനയാണ് രചയിതാക്കൾ ഇൻസ്റ്റിറ്റ്യൂട്ടിന് സ്ക്രിപ്റ്റ് അയയ്ക്കേണ്ടത്. പുസ്തകത്തിന്റെ PDF, വർക്ക് ഫയൽ, ചിത്രങ്ങൾ, ചാർട്ടുകൾ, മറ്റ് അനുബന്ധങ്ങൾ എന്നിവ അയയ്ക്കേണ്ടതാണ്. തുടർന്ന് പബ്ലിക്കേഷൻ കമ്മിറ്റി പരിശോധിച്ചാകും പ്രസിദ്ധീകരിക്കുക. യൂണിക്കോഡിൽ വേർഡിലോ ഇൻഡിസൈനിലോ ടൈപ്പ് ചെയ്യണം.

– ഡയറക്ടർ




# മനുഷ്യാവകാശപ്പോരാളികൾക്ക് സമാധാനത്തിനുള്ള നൊബേൽസമ്മാനം

ഡോ. റ്റി. ഗംഗ

അന്താരാഷ്ട്രതലത്തിൽ സമാധാനം സ്ഥാപിക്കുന്നതിനുവേണ്ടി മഹത്തായ സംഭാവനകൾ നൽകുന്ന വ്യക്തിക്കോ സംഘടനകൾക്കോ ആണ് സമാധാന നൊബേൽസമ്മാനം നൽകുന്നത്. അത്തരത്തിൽ കാലികപ്രസക്തമായ വിഷയമായ മനുഷ്യാവകാശത്തെ മുൻനിർത്തിയാണ് 2022 ലെ നൊബേൽസമ്മാനം നോർവീജിയൻ നൊബേൽ സമിതി പ്രഖ്യാപിച്ചത്. ബെലാറസിലെ മനുഷ്യാവകാശ അഭിഭാഷകനായ അലസ് ബിയാലിയാറ്റ്സ്കിക്കും റഷ്യയിലേയും ഉക്രയിനിലേയും മനുഷ്യാവകാശ സംഘടനകളായ മെമ്മോറിയൽ, സെന്റർ ഫോർ ലിബർട്ടീസ് എന്നിവയ്ക്കുമാണ് നൊബേൽ പുരസ്കാരം ലഭിച്ചത്. സമ്മാനജേതാക്കൾ അവരവരുടെ രാജ്യങ്ങളിലെ പൗരസമൂഹത്തെ പ്രതിനിധീകരിക്കുന്നു. അധികാരത്തെ വിമർശിക്കാനും പൗരന്മാരുടെ മൗലികാവകാശങ്ങൾ സംരക്ഷിക്കാനുമുള്ള അവകാശം വർഷങ്ങളായി ഇക്കൂട്ടർ പ്രോത്സാഹിപ്പിക്കുന്നു. യുദ്ധക്കുറ്റകൃത്യങ്ങൾ, മനുഷ്യാവകാശലംഘനങ്ങൾ, അധികാര ദുർവിനിയോഗം എന്നിവ രേഖപ്പെടുത്താനും ഇവർ മികച്ച രീതിയിൽ പരിശ്രമിച്ചതായി സമിതി വിലയിരുത്തി. സമാധാനത്തിനും ജനാധിപത്യത്തിനും വേണ്ടിയുള്ള പൗരസമൂഹത്തിന്റെ ആവശ്യത്തെ ഇവർ ഒരുമിച്ച് പരിഗണിക്കുന്നതായി കാണാം.

## അലസ് ബിയാലിയാറ്റ്സ്കി

1980 കളുടെ മധ്യത്തിൽ ബെലാറസിൽ ഉയർന്നുവന്ന ജനാധിപത്യപ്രസ്ഥാനത്തിന്റെ തുടക്കക്കാരിൽ ഒരാളായിരുന്നു അലസ് ബിയാലിയാറ്റ്സ്കി. സ്വന്തം രാജ്യത്തിന്റെ ജനാധിപത്യത്തിനും സമാധാനപരമായ വികസനത്തിനും വേണ്ടി അദ്ദേഹം തന്റെ ജീവിതം സമർപ്പിച്ചു. പ്രസിഡന്റിന് സ്വേച്ഛാധിപത്യ അധികാരങ്ങൾ നൽകുകയും വ്യാപകമായ പ്രകടനങ്ങൾക്ക് കാരണമാവുകയും ചെയ്ത വിവാദ ഭരണഘടനാഭേദഗതികൾക്ക് മറുപടിയായി അലസ് 1996-ൽ വിയാസ്ന (വസന്തം) എന്ന സംഘടനയ്ക്ക് രൂപം നൽകി. ജയിലിൽ കഴിയുന്ന പ്രകടനക്കാർക്കും അവരുടെ കുടുംബങ്ങൾക്കും വിയാസ്ന പിന്തുണ നൽകി. തുടർന്നുള്ള വർഷങ്ങളിൽ, രാഷ്ട്രീയ തടവുകാർക്കെതിരെയുള്ള അധികാരികളുടെ പീഡനപ്രയോഗത്തിനെതിരെ പ്രതിഷേധിക്കുകയും അവ രേഖപ്പെടുത്തുകയും ചെയ്യുന്ന ഒരു വിശാലമായ മനുഷ്യാവകാശ സംഘടനയായി വിയാസ്ന പരിണമിച്ചു. അലസ് ബിയാലിയാറ്റ്സ്കിയെ നിശ്ശബ്ദനാക്കാൻ സർക്കാർ അധികാരികൾ ആവർത്തിച്ച് ശ്രമിച്ചുകൊണ്ടിരുന്നു. അങ്ങനെ 2011 മുതൽ 2014 വരെയുള്ള കാലം അദ്ദേഹം ജയിലിൽ കിടന്നു. എന്നാൽ ഭരണത്തിനെതിരായ വലിയ തോതിലുള്ള പ്രകടനങ്ങളെത്തുടർന്ന് 2020-ൽ അദ്ദേഹം വീണ്ടും അറസ്റ്റിലായി. വിചാരണ കൂടാതെ ഇപ്പോഴും അലസ് തടവിലാണ്. വ്യക്തിപരമായ ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നിട്ടും, ബെലാറസിലെ മനുഷ്യാവകാശങ്ങൾക്കും ജനാധിപത്യത്തിനും വേണ്ടിയുള്ള പോരാട്ടത്തിൽ ബിയാലിയാറ്റ്സ്കി ഒരിഞ്ച് പോലും വഴങ്ങിയില്ല.

ലുകാഷെൻകോ ഉരുക്കുമുഷ്ടിയുടെ കാർക്കശ്യത്തിൽ എതിർശബ്ദങ്ങളെ അടിച്ചമർത്തി 94 മുതൽ രാജ്യം ഭരിക്കുന്നു. ഉക്രെയ്ന് എതിരെ മിസൈലുകളും ആയുധങ്ങളും ഉപയോഗിക്കാൻ റഷ്യക്കായി ബെലാറൂസ് പ്രദേശങ്ങൾ തുറന്നിട്ട വ്യക്തി. അതിന് കാരണമായത് വ്ലാദിമീർ പുട്ടിനുമായുള്ള അടുത്ത സൗഹൃദവും പങ്കാളിത്തവും. ലോകമാകെ പറഞ്ഞിട്ടും ഉക്രെയ്ന് എതിരെ പടപ്പുറപ്പാടിനിറങ്ങിയ സ്വേച്ഛാധിപതിയാണ് പുട്ടിൻ. സ്വേച്ഛാധിപതികൾ ഒറ്റയ്ക്ക് ആണെന്നും ജനങ്ങളുടെ അവകാശത്തിനും ജനാധിപത്യത്തിനും ഒപ്പമാണ് ലോകമെന്നും വിളിച്ചുപറയുന്നതാണ് ഈ വർഷത്തെ സമാധാന നൊബേൽസമ്മാന പ്രഖ്യാപനം.

അയൽരാജ്യങ്ങളായ ബെലാറസ്, റഷ്യ, ഉക്രെയ്ൻ എന്നിവിടങ്ങളിൽ മനുഷ്യാവകാശം, ജനാധിപത്യം, സമാധാനപരമായ സഹവർത്തിത്വം എന്നിവക്കുവേണ്ടി പ്രവർത്തിച്ച മികച്ച മനുഷ്യാവകാശ പ്രവർത്തകനും രണ്ടു മനുഷ്യാവകാശ സംഘടനകൾക്കുമാണ് 2022 ലെ സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിച്ചത്.

## മെമ്മോറിയൽ

സോവിയറ്റ് യൂണിയനിലെ മുൻ മനുഷ്യാവകാശ പ്രവർത്തകരാണ് 1987 ൽ മനുഷ്യാവകാശ സംഘടനയായ മെമ്മോറിയൽ സ്ഥാപിച്ചത്. കമ്യൂണിസ്റ്റ് ഭരണകൂടത്തിന്റെ അടിച്ചമർത്തലിന്റെ ഇരകളെ ഒരിക്കലും മറക്കാൻ കഴിയില്ലെന്ന് അവർ പറഞ്ഞു. സമാധാനത്തിനുള്ള നൊബേൽസമ്മാനജേതാവും (1975) യു. എസ്. എസ്. ആറിന്റെ ആണവ ശാസ്ത്ര‌ജ്ഞനുമായ ആന്ദ്രേ സഖറോവ്, മനുഷ്യാവകാശ അഭിഭാഷക സ്വെറ്റ്‌ലാന ഗനുഷ്കിന എന്നിവരാണ് മെമ്മോറിയൽ സ്ഥാപക നേതാക്കൾ. പുതിയ കുറ്റകൃത്യങ്ങൾ തടയുന്നതിന് മുൻകാല കുറ്റകൃത്യങ്ങളെ അഭിമുഖീകരിക്കേണ്ടത് അനിവാര്യമാണെന്ന ധാരണയുടെ അടിസ്ഥാനത്തിലാണ് മെമ്മോറിയൽ സ്ഥാപിച്ചത്. സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്കുശേഷം, റഷ്യയിലെ ഏറ്റവും വലിയ മനുഷ്യാവകാശ സംഘടനയായി മെമ്മോറിയൽ വളർന്നു. സ്റ്റാലിനിസ്റ്റ് കാലഘട്ടത്തിലെ ഇരകളെക്കുറിച്ചുള്ള ഡോക്യുമെന്റേഷൻ കേന്ദ്രം സ്ഥാപിക്കുന്നതിനു പുറമേ, റഷ്യയിലെ രാഷ്ട്രീയ അടിച്ചമർത്തലുകളെക്കുറിച്ചും മനുഷ്യാവകാശ ലംഘനങ്ങളെക്കുറിച്ചും മെമ്മോറിയൽ വിവരങ്ങൾ സമാഹരിക്കുകയും പരസ്യപ്പെടുത്തുകയും ചെയ്തു. റഷ്യൻ തടങ്കൽ കേന്ദ്രങ്ങളിലെ രാഷ്ട്രീയ തടവുകാരെക്കുറിച്ചുള്ള വിവരങ്ങളുടെ ഏറ്റവും ആധികാരിക ഉറവിടമായി മെമ്മോറിയൽ മാറി. സൈനികനടപടിയെ ചെറുക്കുന്നതിനും നിയമവാഴ്ചയെ അടിസ്ഥാനമാക്കിയുള്ള സർക്കാരിനെയും മനുഷ്യാവകാശങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങളിൽ സംഘടന മുൻനിരയിൽ നിൽക്കുന്നു. സ്വേച്ഛാധിപത്യത്തിനും ഏകാധിപത്യത്തിനും പൗരസമൂഹം വഴിമാറേണ്ടിവരുമ്പോൾ, സമാധാനമാണ് പലപ്പോഴും ഇരയാക്കപ്പെടുന്നത്. ചെചെൻ യുദ്ധസമയത്ത്, റഷ്യൻ, റഷ്യൻ-അനുകൂല സേനകൾ പൗരസമൂഹത്തിനെതിരെ നടത്തിയ ദുരുപയോഗങ്ങളെയും യുദ്ധക്കുറ്റകൃത്യങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ മെമ്മോറിയൽ ശേഖരിക്കുകയും പരിശോധിക്കുകയും ചെയ്തു. ചെച്നിയയിലെ മെമ്മോറിയൽ ബ്രാഞ്ചിന്റെ തലവനായ നതാലിയ എസ്റ്റെമിറോവ 2009-ൽ ഇക്കാരണത്താൽ കൊല്ലപ്പെട്ടു.

റഷ്യയിലെ പൗരസമൂഹം വർഷങ്ങളായി ഭീഷണികൾക്കും തടവിനും തിരോധാനത്തിനും കൊലപാതകത്തിനും വിധേയരായിട്ടുണ്ട്. മെമ്മോറിയലിന്റെ പ്രവർത്തനത്തിന്റെ ഫലമായി സംഘടനയെ ഒരു "വിദേശ ഏജന്റ്" ആയി മുദ്രകുത്തപ്പെട്ടിട്ടുണ്ട്. 2021 ഡിസംബറിൽ, മെമ്മോറിയൽ നിർബന്ധിതമായി നിർത്തിവെക്കാനും ഡോക്യുമെന്റേഷൻ സെന്റർ ശാശ്വതമായി അടച്ചുപൂട്ടാനും അധികാരികൾ തീരുമാനിച്ചു. തുടർന്ന് അടച്ചുപൂട്ടലിനുള്ള ഉത്തരവ് പ്രാബല്യത്തിൽ വന്നു, എന്നാൽ മെമ്മോറിയലിന് പിന്നിലുള്ള ആളുകൾ അടച്ചുപൂട്ടാൻ വിസമ്മതിച്ചു. നിർബന്ധിത പിരിച്ചുവിടലിനെക്കുറിച്ച് ചെയർമാൻ യാൻ റാച്ചിൻസ്കി പ്രസ്താവിച്ചത് ഇപ്രകാരമാണ്, "ആരും ഉപേക്ഷിക്കാൻ ഉദ്ദേശിക്കുന്നില്ല."

## സെന്റർ ഫോർ സിവിൽ ലിബർട്ടീസ്

ഉക്രെയ്നിലെ മനുഷ്യാവകാശങ്ങളും ജനാധിപത്യവും നടപ്പിലാക്കുന്നതിനായി കീവിൽ 2007-ൽ സെന്റർ ഫോർ സിവിൽ ലിബർട്ടീസ് സ്ഥാപിതമായി. ഉക്രേനിയൻ പൗരസമൂഹത്തെ ശക്തിപ്പെടുത്താനും ഉക്രെയ്നെ സമ്പൂർണ ജനാധിപത്യരാജ്യമാക്കാൻ അധികാരികളിൽ സമ്മർദ്ദം ചെലുത്താനുമുള്ള നിലപാടാണ് സംഘടന സ്വീകരിച്ചത്. ഉക്രെയ്നെ നിയമവാഴ്ച ഭരിക്കുന്ന ഒരു രാജ്യമാക്കി വികസിപ്പിക്കുന്നതിന് അന്താരാഷ്ട്ര നീതിന്യായ കോടതിയുമായി ഉക്രെയ്ൻ പൂർണമായും സഹകരിക്കണമെന്ന ആവശ്യവും സെന്റർ ഫോർ സിവിൽ ലിബർട്ടീസ് മുന്നോട്ടുവച്ചു.

2022 ഫെബ്രുവരിയിൽ റഷ്യയുടെ ഉക്രെയ്ൻ അധിനിവേശത്തിനുശേഷം, സെന്റർ ഫോർ സിവിൽ ലിബർട്ടീസ്, ഉക്രേനിയൻ പൗരസമൂഹത്തിനെതിരായ റഷ്യയുടെ യുദ്ധക്കുറ്റകൃത്യങ്ങൾ രേഖപ്പെടുത്തുകയും വിവരങ്ങൾ പുറത്തുവിടുകയും ചെയ്തു. ഏഴ് മാസം മുൻപ് റഷ്യൻസേന ഉക്രെയ്നിലേക്ക് പടപ്പുറപ്പാട് തുടങ്ങിയപ്പോൾ സംഘടനയുടെ പ്രവർത്തനം കൂടുതൽ ഉഷാറാക്കുകയും സമാധാനത്തിനായി പ്രവർത്തിക്കുന്ന ദേശീയ, അന്തർദേശീയ സംഘടനകളുമായി സഹകരിക്കുകയും ചെയ്തു. നൊബേൽ നേട്ടം കൂടുതൽ ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കാൻ ഊർജം നൽകുന്നു എന്നായിരുന്നു സംഘടനയുടെ മുഖ്യശിൽപ്പിയായ ഒലെക്സാൻഡ്ര മാത്‌വിച്ചുക്കിന്റെ പ്രതികരണം. ഒപ്പം അവർ പറഞ്ഞ വാചകം ഉത്തരവാദിത്തബോധമുള്ള ഏതൊരു വ്യക്തിക്കുമുള്ള ഓർമപ്പെടുത്തലാണ്. "പല നാടുകളിൽ നിന്നുള്ള സാധാരണക്കാർ ഒന്നിച്ചു ചേർന്ന് ശബ്ദം ഉയർത്തിയാൽ ലോകചരിത്രം മാറ്റിമറിക്കാൻ ഐക്യരാഷ്ട്രസഭ നടത്തുന്ന ഇടപെടലിനേക്കാൾ ശക്തിയുള്ള നീക്കവും നടപടിയും ആകും."

അയൽരാജ്യങ്ങളായ ബെലാറസ്, റഷ്യ, ഉക്രെയ്ൻ എന്നിവിടങ്ങളിൽ മനുഷ്യാവകാശം, ജനാധിപത്യം, സമാധാനപരമായ സഹവർത്തിത്വം എന്നിവക്കുവേണ്ടി പ്രവർത്തിച്ച മികച്ച മനുഷ്യാവകാശ പ്രവർത്തകനും രണ്ടു മനുഷ്യാവകാശ സംഘടനകൾക്കുമാണ് 2022 ലെ സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിച്ചത്. മാനവിക മൂല്യങ്ങൾ, സൈനിക വിരുദ്ധത, നിയമതത്വങ്ങൾ എന്നിവയ്ക്ക് അനുകൂലമായ അവരുടെ നിരന്തരമായ ശ്രമങ്ങളിലൂടെ ഈ വർഷത്തെ സമ്മാനജേതാക്കൾ ആൽഫ്രഡ് നൊബേലിന്റെ രാഷ്ട്രങ്ങൾ തമ്മിലുള്ള സമാധാനവും സാഹോദര്യവും സംബന്ധിച്ച കാഴ്ചപ്പാടിനെ പുനരുജ്ജീവിപ്പിക്കുകയും ആദരിക്കുകയും ചെയ്തുവെന്നു കരുതാം.

*(ഡോ. റ്റി.ഗംഗ - 9496468745*
*drgangasil@gmail.com)*




ഗൊദാർദ്

# ഗൊദാർദ് ചലച്ചിത്രചരിത്രത്തിലെ ജംപ് കട്ട്

**അനിൽ ദേവ്**

ഷാൻ ലൂക് ഗൊദാർദിന്റെ ദേഹാന്ത്യത്തോടെ ചലച്ചിത്രകലയിലെ ഒരു യുഗാന്ത്യമാണ് സംഭവിച്ചിരിക്കുന്നതെന്ന് നിസ്സംശയമായും പറയാം. പലരെപ്പറ്റിയും അതിശയോക്തികലർത്തി ഇത്തരം പ്രസ്താവങ്ങൾ നാം കണ്ടിട്ടുണ്ട്. എന്നാൽ, ഗൊദാർദിനെപ്പറ്റിയാവുമ്പോൾ അത് ഒരു സത്യപ്രസ്താവന മാത്രമാണ്.

ചലച്ചിത്രനിരൂപകൻ എന്ന നിലയിലായിരുന്നു ഗൊദാർദിന്റെ ചലച്ചിത്രജീവിതത്തിന്റെ തുടക്കം. ആദ്യം സ്വന്തംനിലയ്ക്ക് ഒരു സിനിമാപ്രസിദ്ധീകരണം തന്നെ തുടങ്ങി. 1950 ലായിരുന്നു അത്. പിൽക്കാലത്ത് സംവിധായകരെന്ന നിലയിൽ ഖ്യാതിനേടിയ ഷാക് റിവെറ്റും എറിക് റോമറും 'ലാ ഗസറ്റ് ദു സിനിമ' എന്ന ഈ പ്രസിദ്ധീകരണത്തിൽ പങ്കാളികളായിരുന്നു. അഞ്ചു ലക്കങ്ങളേ പുറത്തിറങ്ങിയുള്ളൂവെങ്കിലും സ്വന്തം പേരിലും തൂലികാനാമങ്ങളിലുമായി ഗൊദാർദ് ഇതിൽ പല ലേഖനങ്ങളെഴുതി. 1951- ൽ ആന്ദ്രേ ബസീൻ 'കഹേ ദു സിനിമ' ആരംഭിച്ചപ്പോൾ ഗൊദാർദ് അതിൽ നിരൂപണങ്ങളെഴുതിത്തുടങ്ങി. ഫ്രഞ്ച് സിനിമയുടെ പുനരുജ്ജീവനത്തിന് ഇന്ധനംപകർന്ന നിലവാരമേന്മയേറിയ പ്രസിദ്ധീകരണമായിരുന്നു 'കഹേദു സിനിമ'. അതിൽ സ്ഥിരമായി എഴുതിക്കൊണ്ടിരുന്ന യുവനിരൂപകരാണ് പിൽക്കാലത്ത് ഫ്രഞ്ച് സിനിമയിലെ ശക്തിസ്തംഭങ്ങളായി ഉയർന്നത്. മറ്റുള്ളവരിൽനിന്നും ഏറെ വ്യത്യസ്തമായിരുന്നു ഗൊദാർദിന്റെ രചനാരീതി. ബസീനെപ്പോലും തന്റെ നിരൂപണങ്ങളിലൂടെ വിമർശിക്കാൻ അദ്ദേഹം മടിച്ചില്ല. ബസീൻ പ്രശംസകൾ ചൊരിയുന്ന ഡിസീക്ക, ഓഴ്സൻ വെൽസ്, വില്യം വെയ്‌ലർ എന്നിവർക്ക് മുകളിലായി ഓട്ടോ പ്രെമിംഗറെയും ഹൊവാർഡ് ഹാക്സിനെയും അദ്ദേഹം പ്രതിഷ്ഠിച്ചു. ലക്ഷ്യവേധിയായ പ്രതിപാദനം, നിഷ്ഠൂരമായ ആക്രമണം, ഒളിപ്പിച്ചുവച്ച നർമം, മറച്ചുവയ്ക്കാനൊരുമ്പെടാത്ത സ്വന്തം ഇഷ്ടാനിഷ്ടങ്ങൾ ഇവയൊക്കെയായിരുന്നു അദ്ദേഹത്തിന്റെ രചനകളുടെ സവിശേഷതകൾ. കേൾക്കുന്നവരെ അമ്പരപ്പിക്കുന്ന ചില പ്രഖ്യാപനങ്ങളും അതോടൊപ്പമുണ്ടാവും. ഉദാഹരണമായി, പുകൾപെറ്റ ചലച്ചിത്രകാരൻ ഇങ്മർ ബർഗ്മാനെ നിസ്സാരവൽക്കരിക്കുന്ന അദ്ദേഹത്തിന്റെ നിരൂപണം പ്രസിദ്ധ

1951- ൽ ആന്ദ്രേ ബസീൻ 'കഹേ ദു സിനിമ' ആരംഭിച്ചപ്പോൾ ഗൊദാർദ് അതിൽ നിരൂപണങ്ങളെഴുതിത്തുടങ്ങി. ഫ്രഞ്ച് സിനിമയുടെ പുനരുജ്ജീവനത്തിന് ഇന്ധനംപകർന്ന നിലവാരമേന്മയേറിയ പ്രസിദ്ധീകരണമായിരുന്നു 'കഹേദു സിനിമ'.



*ഫസ്റ്റ് നെയിം : കാർമെൻ (1983)*

മാണ്. ഒരു ഇൻഗ്രിഡ് ബർഗ്മാനെ കിട്ടുന്നതിനു വേണ്ടി പത്ത് ഇങ്മർ ബർഗ്മാനെ വിട്ടുകൊടുക്കാമെന്നാണ് അദ്ദേഹം പറയുന്നത്. കെൻജി മിസോഗുച്ചിയെ പുകഴ്ത്തുമ്പോൾ അത് സ്വന്തം നാട്ടിലെ അത്യുന്നത ചലച്ചിത്രകാരനായ റോബർട്ട് ബ്രെസ്സനെ ഇകഴ്ത്തലാവുന്നു. ബ്രെസ്സൻ ഒരു സിനിമയെടുക്കുന്ന സമയംകൊണ്ട് മിസോഗുച്ചി പത്തു സിനിമയെടുക്കുമെന്ന് ഗൊദാർദ് പറയുന്നു. ഗൊദാർദിന് ചലച്ചിത്രനിരൂപകനും ചലച്ചിത്രകാരനുമാകുന്നതിനുള്ള പശ്ചാത്തലമൊരുക്കിയത് തീർച്ചയായും ഫിലിം സൊസൈറ്റികൾ തന്നെ. ലോകത്താദ്യം ഫിലിം സൊസൈറ്റികൾ രൂപപ്പെട്ടുകയും ഏറ്റവും വിപുലമായി ചലച്ചിത്രപ്രചരണം നിർവഹിക്കപ്പെടുകയും ചെയ്തത് ഫ്രാൻസിലാണെന്നത് നിസ്തർക്കമാണല്ലോ. 1950 കൾക്ക് മുമ്പ് തന്നെ ചില ഫിലിം സൊസൈറ്റികൾ പാരീസിന്റെ സാംസ്കാരികജീവിതത്തിന്റെ നിർണായകധാരകളായി മാറിയിരുന്നു. ഈ ഫിലിം സൊസൈറ്റികളുമായി ഗൊദാർദ് അടുത്തബന്ധം സ്ഥാപിച്ചു. സിനിമാത്തെക്ക് ഫ്രാൻസെസ്, സിനി ക്ലബ് ദു ക്വർട്ടിയെർ ലാറ്റിൻ, വർക്ക് ആൻഡ് കൾച്ചർ സിനി ക്ലബ് തുടങ്ങിയ ഫിലിം സൊസൈറ്റികളുമായൊക്കെ അദ്ദേഹം ബന്ധംപുലർത്തി. വർക്ക് ആൻഡ് കൾച്ചർ സിനി ക്ലബിന്റെ സവിശേഷത ആന്ദ്രേ ബസീൻ നേതൃത്വംകൊടുത്ത പ്രദർശനങ്ങളും ചർച്ചകളുമായിരുന്നു. 1936 -ൽ ഹെൻറി ലാൻഗ്ലോയും ജോർജസ് ഫ്രാങ്ജൂവും ചേർന്ന് രൂപം നല്കിയ സിനിമാത്തെക് ഫ്രാൻസെസ് ആവട്ടെ, മികച്ച ഒരു ഫിലിം ആർക്കൈവ്സ് കൂടിയായിരുന്നു. പല കാലഘട്ടങ്ങളിലെ ചലച്ചിത്രങ്ങൾ ഇടകലർത്തി അവിടെ നടത്തിയിരുന്ന പ്രദർശനങ്ങൾ ഗൊദാർദടക്കമുള്ള യുവചലച്ചിത്രകുതുകികൾക്ക് അസാധാരണമായ ചലച്ചിത്രാനുഭവമാണ് പകർന്നത്. ഫ്രാൻസ്വ ത്രൂഫോ, ക്ലദ് ഷാബ്രോൾ, ഷാക്ക് റിവേറ്റ് തുടങ്ങി പിൽക്കാലത്ത് ഫ്രെഞ്ച് നവതരംഗത്തിന്റെ മുന്നണിപ്പോരാളികളായിത്തീർന്ന ചലച്ചിത്രകാരന്മാരെ ഗൊദാർദ് പരിചയപ്പെടുന്നത് ഈ ഫിലിം സൊസൈറ്റികളിലൂടെയാണ്.

1952- ൽ അമ്മയോടൊപ്പം പാർക്കാനായി അദ്ദേഹം സ്വിറ്റ്സർലൻഡിലെത്തിയപ്പോൾ ഗ്രാൻഡ് ഡിക്സൻസ് ഡാമിന്റെ പണിയിൽ ഒരു നിർമാണത്തൊഴിലാളിയായി ചേർന്നു. ഈ ഡാമിനെപ്പറ്റി ഒരു ഡോക്യുമെന്ററി നിർമിക്കുക എന്ന ആശയം ഗൊദാർദിലുദിച്ചു. 'ഓപ്പറേഷൻ കോൺക്രീറ്റ്' എന്ന ഈ ഡോക്യുമെന്ററി ഡാമിന്റെ നിർമാണക്കമ്പനി വിലയ്ക്കെടുക്കുകയും അവരുടെ പബ്ലിസിറ്റിക്കായി ഉപയോഗിക്കുകയുംചെയ്തു. തുടർന്നുള്ള വർഷങ്ങളിൽ ഹ്രസ്വചിത്രങ്ങളിലൂടെ തന്റെ ലക്ഷ്യത്തിലേക്ക് പടിപടിയായി ഉയരുകയായിരുന്നു അദ്ദേഹം. പത്തുമിനിട്ട് ദൈർഘ്യമുള്ള 'ഉനെ ഫെം കൊക്കെറ്റ്' (1956), എറിക് റോമറുമായി ചേർന്നുള്ള ഹ്രസ്വചിത്രങ്ങളുടെ ഒരു സീരീസ്, 'എ സ്റ്റോറി ഓഫ് വാട്ടർ '(1958) എന്നിവയ്ക്കുശേഷം ഫീച്ചർ ചിത്രങ്ങളിലേക്ക് കടക്കുന്നതിനു തൊട്ടുമുമ്പായി വരാനിരിക്കുന്ന തന്റെ ഫീച്ചർചിത്രത്തിൽ നായകനാവുന്ന ഷാൻ പോൾ ബെൽമോൻഡോയെ നായകനാക്കി 'ഷാർലോട്ട് എറ്റ് സൺ ഷൂൾസ് ' എന്ന ഹ്രസ്വചിത്രവും ചെയ്തു. ഈ നിർമാണപ്രവർത്തനങ്ങൾക്കിടയിലൊക്കെ ഫീച്ചർഫിലിമിനായുള്ള പരിശ്രമങ്ങളും അദ്ദേഹം നടത്തിക്കൊണ്ടിരുന്നു. ഫ്രാൻസ്വ ത്രൂഫോ പറഞ്ഞ ഒരു കഥാവസ്തുവും കൂട്ടത്തിലുണ്ടായിരുന്നു. കാമുകിയാൽ ഒറ്റുകൊടുക്കപ്പെടുന്ന അരാജകവാദിയായ ഒരു ചെറുപ്പക്കാരന്റെ കഥ. 1960 -ൽ ഒരു ഫീച്ചർ ഫിലിം ചെയ്യാൻ തയാറെടുത്തപ്പോൾ ഗൊദാർദ് ത്രൂഫോയുടെ കഥയിലേക്ക് മടങ്ങിവന്നു. അങ്ങനെയാണ് 'ബ്രെത്ത്‌ലെസ്സി'ന്റെ പിറവി.

അപ്പോഴേക്ക് ഫ്രെഞ്ച് നവതരംഗം രൂപപ്പെട്ടുകഴിഞ്ഞിരുന്നു. ക്ലദ് ഷാബ്രോളിന്റെ 'ലെ ബ്യൂ സെർജ്,' ലെ കസിൻസ്', ലൂയി മാളിന്റെ 'ലിഫ്റ്റ് ടു ദി സ്കാഫോൾഡ്' ഫ്രാൻസ്വ ത്രൂഫോയുടെ 'ദി 400 ബ്ലോസ് ', അലൻ റെനെയുടെ 'ഹിരോഷിമ മോൺ അമോർ' എന്നീ ചിത്രങ്ങൾ കാൻ ഫെസ്റ്റിവലിൽ അംഗീകാരങ്ങൾ നേടിയതിന്റെ പിന്നാലെയാണ് ഗൊദാർദ് തന്റെ ആദ്യചിത്രമായ ' ബ്രെത്ത്‌ലെസ്സ് ' നിർമിക്കുന്നത്. ഹോളിവുഡ് - ഗാങ്സ്റ്റർ ചിത്രങ്ങളുടെ ഒരു പാരഡി എന്ന നിലയിലാണ് ഇതിന്റെ ഘടന. കഥാനായകനാകട്ടെ, ഹംഫ്രി ബൊഗാർട്ട് എന്ന ഹോളിവുഡ് താരരാജാവിന്റെ ഒരു ഹാസ്യാനുകരണമത്രേ. 'ബ്രെത്ത് ലെസ്സ്'ഒരേ സമയം ഒരു ഗാങ്സ്റ്റർ ചിത്രവും ഗാങ്സ്റ്റർ ചിത്രത്തെക്കുറിച്ചുള്ള പ്രബന്ധവുമാണ്. അതേസമയം ഇതൊരു ഗാങ്സ്റ്റർ ചിത്രവും ഗാങ്സ്റ്റർ ചിത്രങ്ങളുടെ പാരഡിയുമാണ്. ഈ സങ്കേതം പിന്നീട് തന്റെ പ്രസിദ്ധമായ ചിത്രങ്ങളിൽ ഗൊദാർദ് ആവർത്തിച്ചിട്ടുണ്ട്. കുറ്റവാളി എന്നതിനെക്കാൾ റിബൽ എന്ന നിലയിലാണ് 'ബ്രെത്ത്‌ലെസ്സി'ലെ നായകനായ മിഷേലിനെ അവതരിപ്പിച്ചിട്ടുള്ളത്. പോലീസിന്റെ വെടിയേറ്റുകിടക്കുന്ന ആ അന്ത്യരംഗത്തിൽ ഒരല്പം ദൗർബല്യംകാട്ടിയാൽ ആ പാത്രസൃഷ്ടി പാടെ തകർന്നുപോകുമായിരുന്നു. ഗൊദാർദ് പ്രേക്ഷകനെ തന്മയീഭാവത്തിനും വിസ്താരണത്തിനും വിധേയനാകാനനുവദിക്കുന്നില്ല. നിങ്ങൾ കാണുന്നത് സിനിമയാണെന്നും ഏതെങ്കിലുമൊരു വാസ്തവികതയല്ലെന്നുമുള്ള ബോധം ഗൊദാർദ് അടിക്കടി ഉള

അന്നാ കരീനയുമായുള്ള വിവാഹബന്ധം വേർപെട്ടതിനു ശേഷമാണ് 'പിയർ ദി മാഡ്' എന്ന ചിത്രം അദ്ദേഹം നിർമിക്കുന്നത്. പ്രേമബന്ധത്തിന്റെ നിഷ്ഫലതയെയാണ് ഈ ചിത്രത്തിലൂടെ അദ്ദേഹം തേടുന്നത്. ഒരു കഥയെ കഥാസഹജമായ അതിന്റെ ശീലങ്ങളിൽനിന്ന് മുക്തമാക്കാൻ ഗൊദാർദ് പ്രയോഗിക്കാറുള്ള വിദ്യകളൊക്കെ ഇതിലുമുണ്ട്.

വാക്കുന്നു. രണ്ടു സംസ്കാരങ്ങളുടെയും രണ്ടു സിദ്ധാന്തങ്ങളുടെയും സംഗമം 'ബ്രെത്ത്‌ലെസ്സി'ലുണ്ട്. ആന്ദ്രേ ബസീന്റെ മിസ് എൻ സീൻ സിദ്ധാന്തങ്ങൾക്കനുരൂപമായ ദൈർഘ്യമേറിയ ഷോട്ടുകളുണ്ടെങ്കിലും മൊണ്ടാഷിന്റെ സ്വാധീനം പ്രകടമാക്കുന്ന എഡിറ്റിങ് രീതികളുമുണ്ട്.

ഗൊദാർദ് സിനിമകളുടെ സുവർണകാലമായി വാഴ്ത്തപ്പെടുന്നത് 'ബ്രെത്ത് ലെസ്സ്' മുതൽ 'വീക്കെൻഡ് ' വരെയുള്ള ചിത്രങ്ങൾ നിർമിക്കപ്പെട്ട 1960 മുതൽ 1967 വരെയുള്ള കാലഘട്ടമാണ്.' എ വുമൺ ഈസ് എ വുമൺ' (1961), 'കൺടെംപ്റ്റ് '(1963),' ലെ കരാബിനിയേഴ്സ് '(1963),' മൈ ലൈഫ് ടു ലിവ്'(1963), 'ബാൻഡ് ഓഫ് ഔട്ട്സൈഡേഴ്സ് '(1964),' ആൽഫവിൽ' (1965 ), 'പിയർ ദി മാഡ് '(1965), 'മാസ്കുലിൻ ഫെമിനിൻ' (1966), 'ടു ഓർ ത്രീ തിങ്ങ്സ് ഐ നോ എബൌട്ട് ഹെർ' (1967), 'വീക്കെൻഡ് '(1967)' എന്നിവയാണ് ഈ കാലഘട്ടത്തിലെ ചിത്രങ്ങൾ.

'ലെ കരാബിനിയെഴ്സ് 'എന്ന ഗൊദാർദ് ചിത്രത്തിന്റെ പ്രത്യേകത യുദ്ധത്തോടുള്ള അദ്ദേഹത്തിന്റെ സമീപനമാണ്. യുദ്ധം പലരീതിയിൽ സിനിമയിൽ അവതരിക്കപ്പെടുന്നുണ്ട്. ചിലത് യുദ്ധം സ്വജീവിതത്തിലുണ്ടാക്കിയ അനുഭവങ്ങളെ ആവിഷ്കരിക്കുന്നവയാണ്. വേറെ ചിലത് ജീവിതവും മരണവും തമ്മിൽ ഏറ്റുമുട്ടുന്ന യുദ്ധഭൂമികളെ തത്വചിന്താപരമായി സമീപിക്കുന്നവയാണ്. ഇവയെക്കാളൊക്കെ എത്രയോ ബൃഹത്താണ് യുദ്ധത്തെ ഒരു കച്ചവടസാധ്യതയായിക്കണ്ട് നിർമിക്കപ്പെട്ടിട്ടുള്ള ചലച്ചിത്രങ്ങൾ. ഹോളിവുഡിന്റെ വൻ ബോക്സ്ഓഫീസ് വിജയങ്ങളിലേറിയ പങ്കും യുദ്ധചിത്രങ്ങളാണെന്നോർക്കുക. ഈ മൂന്നുതരം സമീപനങ്ങളിൽ നിന്നും അകന്നു നിൽക്കുന്ന ചിത്രമാണ് 'ലെ കരാബിനിയേഴ്സ്'. ഇതിൽ ഹോളിവുഡ് സമീപനത്തെ കളിയാക്കുന്നുണ്ട്. എന്നാൽ അതിൽ നിന്ന് പ്രചോദനമുൾക്കൊണ്ടിട്ടുമുണ്ട്. ഈ ചിത്രത്തിൽ അദ്ദേഹം പുലർത്തുന്ന നിസ്സംഗത ആപൽക്കാരിയായി തോന്നുന്നവർക്കുപോലും ചത്തും കൊന്നും വെട്ടിപ്പിടിച്ചും മനുഷ്യൻ നടത്തുന്ന യുദ്ധങ്ങളുടെ നിഷ്ഫലത ബോധ്യപ്പെടുത്താൻ അദ്ദേഹത്തിന് കഴിഞ്ഞുവെന്ന് സമ്മതിക്കേണ്ടിവരും.

അന്നാ കരീനയുമായുള്ള വിവാഹബന്ധം വേർപെട്ടതിനുശേഷമാണ് 'പിയർ ദി മാഡ്' എന്ന ചിത്രം അദ്ദേഹം നിർമിക്കുന്നത്. പ്രേമബന്ധത്തിന്റെ നിഷ്ഫലതയെയാണ് ഈ ചിത്രത്തിലൂടെ അദ്ദേഹം തേടുന്നത്. ഒരു കഥയെ കഥാസഹജമായ അതിന്റെ ശീലങ്ങളിൽനിന്ന് മുക്തമാക്കാൻ ഗൊദാർദ് പ്രയോഗിക്കാറുള്ള വിദ്യകളൊക്കെ ഇതിലുമുണ്ട്. 'പിയർ ദി മാഡ്' ഒരു പ്രണയകഥയായിരിക്കുമ്പോൾത്തന്നെ പ്രണയകഥകളുടെ പാരഡിയുമാണ്. ചിലപ്പോഴത് ഹോളിവുഡ് മ്യൂസിക്കലുകളുടെ പാരഡിയുമായി മാറുന്നു. കഥ നൽകുന്ന മുഗ്ധാവസ്ഥയിൽ നിന്ന് പ്രേക്ഷകനെ മോചിപ്പിക്കാൻ ഗൊദാർദ് ഇടയ്ക്കിടെ ശ്രമിക്കുന്നുണ്ട്.



*ഗുഡ്ബൈ ടു ലാംഗ്വേജ്*

ബ്രെക്തിയൻ സങ്കേതങ്ങൾ ഇതിനായി ഉപയോഗപ്പെടുത്തുന്നുണ്ട്. ഇടയ്ക്കിടയ്ക്ക് കഥാപാത്രങ്ങൾ പ്രേക്ഷകരോട് നേരിട്ട് സംസാരിക്കുന്നുമുണ്ട്.സമകാലീനപ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ചകളാണ് കഥയെ കീറിമുറിക്കാനുപയോഗിക്കുന്ന മറ്റൊരുപാധി. ഇങ്ങനെയൊക്കെ കഥയെ നിരാകരിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും ഗൊദാർദിന്റെ കഥയുള്ള ചിത്രങ്ങളുടെ കൂട്ടത്തിലാണ് 'പിയർ ദി മാഡി'ന്റെ സ്ഥാനം.

'ലാ ഷിനോയ്'(1967) എന്ന ചിത്രത്തിലൂടെ ഗൊദാർദിന്റെ ചലച്ചിത്രകാഴ്ചപ്പാടുകളിൽ പ്രകടമായ വ്യതിയാനം സംഭവിക്കുന്നുണ്ട്. രാഷ്ട്രീയം കൂടുതൽ പ്രകടമാകുന്നുവെന്നതും കഥാംശം നേർത്തുവരുന്നു എന്നതുമാണാ വ്യതിയാനങ്ങൾ. ആൻ വിയാസെംസ്കിയാണ് ഇതിൽ നായികയായെത്തുന്നത്. ഈ ചിത്രത്തിന്റെ നിർമാണത്തിനിടയിലാണ് ഗൊദാർദും ആനും വിവാഹിതരാവുന്നത്.അന്നാ കരീനയുമായുള്ള വിവാഹം പോലെ ഇതും തീരെ ഹ്രസ്വായുസ്സുള്ള ബന്ധമായിരുന്നു. ഈ ബന്ധത്തെക്കുറിച്ചാണ് മിഷേൽ ഹസനാവിഷ്യസ് 'റീഡൗട്ടബിൾ' (2017) എന്ന ചിത്രം നിർമിച്ചത്. ഗൊദാർദിനെക്കുറിച്ച ആഴത്തിലുള്ള ഒരു പഠനമാണ് 'റീഡൗട്ടബിൾ'. കഥാനായകൻ ജീവിച്ചിരിക്കുന്ന സമയത്താണ് ഇത് പുറത്തുവന്നതെങ്കിലും ഒരു തരത്തിലും അദ്ദേഹത്തെ

**'ലാ ഷിനോയ്'(1967) എന്ന ചിത്രത്തിലൂടെ ഗൊദാർദിന്റെ ചലച്ചിത്രകാഴ്ചപ്പാടുകളിൽ പ്രകടമായ വ്യതിയാനം സംഭവിക്കുന്നുണ്ട്. രാഷ്ട്രീയം കൂടുതൽ പ്രകടമാകുന്നുവെന്നതും കഥാംശം നേർത്തുവരുന്നു എന്നതുമാണാ വ്യതിയാനങ്ങൾ.**

*കെൻജി മിസോഗുച്ചി*





*ഗൊദാർദ്ദും ആൻ മേരി മിവില്ലും*

വെള്ള പൂശാൻ ഇതിൽ ശ്രമിക്കുന്നില്ല. എന്നല്ല, വ്യക്തിപരമായ അദ്ദേഹത്തിന്റെ ദൗർബല്യങ്ങൾ മറയില്ലാതെ കാട്ടുന്നുമുണ്ട്. നഗരംഗങ്ങളും ലൈംഗികരംഗങ്ങളും തന്റെ ചിത്രങ്ങളിൽ യഥേഷ്ടം ഉപയോഗിച്ചിട്ടുള്ള ഗൊദാർദ് തന്റെ ഭാര്യ ഒരു ചിത്രത്തിൽ നഗ്നയായി അഭിനയിക്കാൻ പോകുന്നുവെന്നറിയുമ്പോൾ എതിർക്കുകയാണ്. ഒരവസരത്തിൽ ഭാര്യയോട് പിണങ്ങി ആത്മഹത്യയ്ക്കുപോലും അദ്ദേഹം ശ്രമിക്കുന്നുണ്ട്. ഈ ഘട്ടത്തിൽ താൻ നിർമിക്കുന്ന ചിത്രങ്ങൾ സംഘടിതനിർമിതികളാണെന്നും ആർക്കും പ്രത്യേകമായ ക്രെഡിറ്റ് പാടില്ലെന്നും പറയുന്നുണ്ടെങ്കിലും അദ്ദേഹത്തിന്റെ ഈഗോ ഇടയ്ക്കിടയ്ക്ക് മുഖംകാട്ടുന്നത് കാണാം. വിദ്യാർഥിസമരങ്ങളുടെ പേരിൽ ഒരു വർഷത്തെ കാൻ ഫെസ്റ്റിവൽ നിർത്തിവയ്ക്കാൻ അദ്ദേഹം ശ്രമിക്കുന്നതും തിരഞ്ഞെടുക്കപ്പെടുന്ന തന്റെ സിനിമയുമായെത്തുന്ന ഒരു സംവിധായകനെ അധിക്ഷേപിക്കുന്നതും നമുക്കിതിൽ കാണാം.

രാഷ്ട്രീയാവേശം ക്രമാതീതമായപ്പോൾ ഗൊദാർദ് തന്റെ സിനിമാസമീപനം തന്നെ മാറ്റിക്കളഞ്ഞു. സാമ്പ്രദായിക കഥാചിത്രങ്ങളെ അദ്ദേഹം ഫാസിസ്റ്റ് എന്ന് വിശേഷിപ്പിച്ചു. റഷ്യൻ നിശ്ശബ്ദസിനിമാകാലത്ത് കഥാചിത്രങ്ങൾക്ക് ബദലായി യാഥാർഥ്യങ്ങളെ അതായി ചിത്രീകരിക്കുന്ന ഒരു ഡോക്യുമെന്ററി സമ്പ്രദായം നടപ്പിലാക്കിയ റഷ്യൻ ചലച്ചിത്രകാരൻ സിഗാ വെർത്തോഫിനെ അദ്ദേഹം മാതൃകയായി സ്വീകരിച്ചു. ഇടതുപക്ഷ സൈദ്ധാന്തികനായ ഷാൻ പിയർ ഗോറിനൊപ്പം ഗൊദാർദ് സിഗാ വെർത്തോഫ് ഗ്രൂപ്പ് എന്നൊരു ഗ്രൂപ്പ് തന്നെയുണ്ടാക്കി. സമകാലിക രാഷ്ട്രീയ സംഭവവികാസങ്ങൾ 16 എംഎമ്മിൽ ചിത്രീകരിക്കുകയാണ് അവർ ചെയ്തത്. ഫ്രാൻസിലെയും മറ്റും ബുദ്ധിജീവികൾ അപ്പോഴും ഗൊദാർദിനെ ശ്രദ്ധാപൂർവം പിന്തുടർന്നിരുന്നെങ്കിലും ലോകമാസകലമുള്ള ചലച്ചിത്രപ്രേമികളിൽനിന്നും അദ്ദേഹം അകന്നുപോയി. അവരപ്പോഴും ഗൊദാർദിന്റെ കഥാചിത്രങ്ങൾ ആവർത്തിച്ചുകണ്ടു നിർവൃതികൊള്ളുകയായിരുന്നു.

1973 -ൽ ഗൊദാർദ് സിഗാ വെർത്തോഫ് ഗ്രൂപ്പ് പിരിച്ചുവിട്ടു. തുടർന്നദ്ദേഹം പുതിയ കണ്ടെത്തലായ വീഡിയോയുടെ പിന്നാലെ കൂടി. നിരവധി വീഡിയോ ചിത്രങ്ങൾ അദ്ദേഹം നിർമിച്ചു. സമകാലീന യാഥാർഥ്യങ്ങളായിരുന്നു അവയിലെ പ്രമേയം. അക്കാലത്തെ അദ്ദേഹത്തിന്റെ സഹധർമിണിയായ ആൻ മേരി മീവില്ലുമൊത്താണ് ഈ ചിത്രങ്ങളധികവും അദ്ദേഹം തയാറാക്കിയത്. യൂറോപ്യൻ ടെലിവിഷനുവേണ്ടിയും വീഡിയോചിത്രങ്ങൾ നിർമിച്ചു.

ആയിരത്തിത്തൊള്ളായിരത്തി എൺപതുകളിൽ അദ്ദേഹം കഥാചിത്രങ്ങളിലേക്ക് മടങ്ങിയെത്തി. പലരും കൈകാര്യംചെയ്തിട്ടുള്ള കാർമെന്റെ കഥ തന്റേതായ രീതിയിൽ പുനരാവിഷ്കരിച്ചുകൊണ്ടായിരുന്നു അദ്ദേഹത്തിന്റെ തിരിച്ചുവരവ്. 'ഫസ്റ്റ് നെയിം കാർമെൻ' എന്ന ഈ ചിത്രത്തിന്റെ തിരക്കഥ രചിച്ചത് ആൻ മേരി മീവില്ലാണ്. ഈ ചിത്രത്തിലും 'എവെരി മാൻ ഫോർ ഹിംസെൽഫ് ', 'ഹെയിൽ മേരി 'എന്നീചിത്രങ്ങളിലും ലൈംഗികതയെയും വേശ്യാവൃത്തിയെയും മറകളില്ലാതെ ചിത്രീകരിക്കുന്നുണ്ട്. സ്ത്രീപക്ഷവാദികളുടെ തന്നെ എതിർപ്പിന് ഇവ വിധേയമായി. 'ഹെയിൽ മേരി'ക്കാവട്ടെ കത്തോലിക്കാസഭ വിലക്കേർപ്പെടുത്തുകയുമുണ്ടായി.

ഗൊദാർദിന്റെ ചരിത്രം പരിശോധിക്കുമ്പോൾ സിനിമയിലുണ്ടായ എല്ലാത്തരം ധാരകളും അദ്ദേഹം പരീക്ഷിച്ചിട്ടുള്ളതായി കാണാം.ഇതിനൊരപവാദമായി പറയാൻ കഴിഞ്ഞിരുന്നത് ത്രീ ഡി യായിരുന്നു. 2014 -ൽ ആ കുറവും അദ്ദേഹം നികത്തി. ത്രീ ഡിയിൽ അദ്ദേഹം നിർമിച്ച ചിത്രമാണ് ' ഗുഡ്ബൈ ടു ലാംഗ്വേജ്'. മറ്റാരും ഉപയോഗിച്ച രീതിയിലല്ല അദ്ദേഹം ത്രീ ഡി ഉപയോഗിക്കുന്നതെന്ന് മാത്രം. പരസ്പരം ആശയവിനിമയം നടത്താൻ ദമ്പതിമാർക്ക് കഴിയാതെവരുമ്പോൾ ഒരു നായ ദ്വിഭാഷിയുടെ കർമം ഏറ്റെടുക്കുന്നതാണ് ആ ചിത്രത്തിൽ കാണുന്നത്. ഏറ്റവുമൊടുവിലായി അദ്ദേഹം സംവിധാനം ചെയ്ത ചിത്രം 'ദി ഇമേജ് ബുക്കാ' (2018)ണ്. സിനിമകളിലൂടെയും പെയിന്റിങ്ങുകളിലൂടെയുമുള്ള സഞ്ചാരമാണിത്. അമൂർത്തസ്വഭാവമുള്ള ചരിത്രമാണിതിൽ പ്രത്യക്ഷപ്പെടുന്നത്.

ഐ.എഫ്.എഫ്.കെ.യുടെ ഇരുപത്തിയഞ്ചാം പതിപ്പിൽ സമഗ്രസംഭാവനയ്ക്കുള്ള അവാർഡ് അദ്ദേഹത്തിന് നൽകപ്പെട്ടു. കോവിഡിന്റെ അധിനിവേശകാലമായതുകൊണ്ട് ഓൺലൈൻ ആയിട്ടാണ് പുരസ്കാരസമർപ്പണം നടന്നത്. അങ്ങനെയൊരു സാഹചര്യം വന്നില്ലായിരുന്നെങ്കിൽ ഗൊദാർദിനു പുരസ്കാരം നൽകി കൃതകൃത്യരാവാൻ നമുക്ക് കഴിയുമായിരുന്നില്ല.

ജംപ് കട്ട് - സംഭവങ്ങൾക്ക് ഗതിവേഗം നൽകാൻ വ്യാകരണ നിയമങ്ങൾ തെറ്റിച്ചുകൊണ്ട് ഒരു ഷോട്ടിൽ നിന്ന് മറ്റൊരു ഷോട്ടിലേക്കുള്ള ചാട്ടം.

*(അനിൽ ദേവ് - 8848221997)*

ഗൊദാർദിന്റെ ചരിത്രം പരിശോധിക്കുമ്പോൾ സിനിമയിലുണ്ടായ എല്ലാത്തരം ധാരകളും അദ്ദേഹം പരീക്ഷിച്ചിട്ടുള്ളതായി കാണാം. ഇതിനൊരപവാദമായി പറയാൻ കഴിഞ്ഞിരുന്നത് ത്രീ ഡി യായിരുന്നു. 2014 -ൽ ആ കുറവും അദ്ദേഹം നികത്തി. ത്രീ ഡിയിൽ അദ്ദേഹം നിർമിച്ച ചിത്രമാണ് 'ഗുഡ്ബൈ ടു ലാംഗ്വേജ്'. മറ്റാരും ഉപയോഗിച്ച രീതിയിലല്ല അദ്ദേഹം ത്രീ ഡി ഉപയോഗിക്കുന്നതെന്ന് മാത്രം.



*ഗൊദാർദ്*

# ഗൊദാർദ്
# ചലച്ചിത്രലോകത്തെ ഇതിഹാസകാരൻ

ഡോ. ഷെറീനാ റാണി ജി.ബി.

സിനിമയെന്ന മാധ്യമത്തെ നൂതനപരീക്ഷണങ്ങൾക്കു വിധേയമാക്കുകയും ചലച്ചിത്രനിർമിതിയിൽ പുതുവഴികൾ കണ്ടെത്തുകയുംചെയ്ത ഗൊദാർദ് എന്ന പ്രതിഭ 2022 സെപ്റ്റംബർ 13ന് ജീവിതത്തോട് വിടപറഞ്ഞു (19302022). പരമ്പരാഗത സിനിമാസങ്കൽപ്പങ്ങളെ തിരുത്തിയെഴുതിക്കൊണ്ട് ആഖ്യാനതലത്തിലും ആസ്വാദനതലത്തിലും വരുത്തിയ മാറ്റങ്ങൾ ചലച്ചിത്രലോകത്തിന് എക്കാലവും വിസ്മയകരമാണ്. ചലച്ചിത്രനിരൂപകനായി കർമരംഗത്തേക്കു പ്രവേശിച്ച അദ്ദേഹം പിൽക്കാലത്ത് തിരക്കഥാകൃത്ത്, നിർമാതാവ്, നടൻ, ഛായാഗ്രാഹകൻ എന്നീ നിലകളിൽ പ്രശസ്തനായി. അൻപതുകളുടെ ഉത്തരാർധത്തിൽ 'കയേദ്ര സിനിമ' എന്ന ഫ്രഞ്ച് ചലച്ചിത്രമാസികയിൽ 'ഹാൻസ് ലൂക്കാസ്' എന്ന പേരിൽ ചലച്ചിത്രനിരൂപണങ്ങൾ എഴുതിക്കൊണ്ടായിരുന്നു ചലച്ചിത്രയാത്രകൾ തുടങ്ങിയത്.

1930-ൽ പാരീസിലെ ഫ്രഞ്ച് സ്വിസ് കുടുംബത്തിൽ ജനിച്ച ഗൊദാർദ് 1950-ൽ പാരീസിലെ സോർബൺ സർവകലാശാലയിൽനിന്ന് നരവംശശാസ്ത്രത്തിൽ ഉന്നതബിരുദം കരസ്ഥമാക്കി. ഫ്രഞ്ചു സിനിമാരംഗത്തെ മാത്രമല്ല; ലോകസിനിമയിലെ തന്നെ അതികായനെന്നാണ് അദ്ദേഹത്തെ സിനിമാലോകം വിശേഷിപ്പിക്കുന്നത്. ഫ്രഞ്ച് ന്യൂവേവ് മൂവ്മെന്റിന്റെ ആചാര്യനെന്നറിയപ്പെടുന്ന ഗൊദാർദ് ദൃശ്യഭാഷയിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തി. കലയിൽ ആഖ്യാനത്തെക്കുറിച്ചുള്ള 'നറേറ്റീവ് തിയറി'യിലേക്കു നയിച്ച കലാചിന്തകൾക്ക് ആക്കം കൂട്ടിയത് ഗൊദാർദിന്റെ സിനിമകളായിരുന്നു.

രണ്ടാം ലോകയുദ്ധകാലത്ത് നിരവധി ഫിലിം ക്ലബ്ബുകളുമായി ചേർന്ന് അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധേയമായി. ഈ ക്ലബ്ബുകളിൽ സിനിമാലോകത്ത് ശക്തമായ ചലനങ്ങളുണ്ടാക്കിയ ആന്ദ്രേ ബസീൻ, ഫ്രാൻസ്വാ ത്രൂഫോ, ക്ലോദ് ഷാബ്രോൾ, ജാക്വസ് റിവെറ്റ്, എറിക് റോമർ തുടങ്ങിയ പ്രതിഭകളുമായുള്ള കൂട്ടുകെട്ടിൽനിന്നാണ് 'ഫ്രഞ്ച് ന്യൂവേവ്' എന്ന ചലച്ചിത്രപ്രസ്ഥാനം പിറവിയെടുത്തത്. സംവിധാനം, ഛായാഗ്രഹണം, ചിത്രസം

1930-ൽ പാരീസിലെ ഫ്രഞ്ച് സ്വിസ് കുടുംബത്തിൽ ജനിച്ച ഗൊദാർദ് 1950-ൽ പാരീസിലെ സോർബൺ സർവകലാശാലയിൽനിന്ന് നരവംശശാസ്ത്രത്തിൽ ഉന്നതബിരുദം കരസ്ഥമാക്കി. ഫ്രഞ്ചു സിനിമാരംഗത്തെ മാത്രമല്ല; ലോകസിനിമയിലെതന്നെ അതികായനെന്നാണ് അദ്ദേഹത്തെ സിനിമാലോകം വിശേഷിപ്പിക്കുന്നത്.

ശബ്ദസന്നിവേശത്തിലും ചലച്ചിത്രത്തിന്റെ നൈരന്തര്യത്തിലും ക്യാമറാചലനങ്ങളിലും വിപ്ലവകരമായ പരീക്ഷണങ്ങളാണുണ്ടായത്. ഈ സംരംഭങ്ങളെ 'ഫിലിംഡ് എസ്സേയ്സ്' എന്നാണദ്ദേഹം നിർവചിച്ചത്. അദ്ദേഹത്തിന്റെ ഏറ്റവും ഒടുവിലത്തെ സിനിമ തന്റെതന്നെ പൂർവകാല ചിത്രങ്ങളുടെ ഒരു കൊളാഷ് ആയിരുന്നു.

യോജനം തുടങ്ങി എല്ലാ മേഖലകളിലും നവഭാവുകത്വം രൂപപ്പെടുത്തിയെടുക്കാൻ ഈ പ്രസ്ഥാനത്തിനു സാധിച്ചിട്ടുണ്ട്. ഗൊദാർദിന്റെ പുതുപരീക്ഷണങ്ങൾ ചലച്ചിത്രലോകത്തിനു വിസ്മ യകരങ്ങളായി മാറുകയായിരുന്നു. ഫ്രഞ്ച് ന്യൂവേവ് ചലച്ചിത്രലോകത്തിന്റെ ഗോഡ്ഫാദറായി അദ്ദേഹം അറിയപ്പെട്ടു. പ്രതീകാത്മകമായ കാഴ്ചാനുഭവങ്ങളിലൂടെ ദൃശ്യഭാഷയിൽ ഒരു കുതിച്ചുചാട്ടമാണ് ഗൊദാർദ് നടത്തിയത്. സ്റ്റുഡിയോയുടെ കൃത്രിമപരിസരങ്ങളിൽനിന്ന് നൈസർഗികമായ ഇടത്തേക്ക് ഷൂട്ടിങ്ങ് മാറ്റപ്പെട്ടു. അതുവരെയുണ്ടായിരുന്ന യാഥാസ്ഥിതിക സിനിമാസങ്കല്പങ്ങളിൽനിന്നും മാറി നവീന ആവിഷ്കാരമാതൃകകളെ സ്വീകരിച്ചത് ലോകശ്രദ്ധയെ ആകർഷിക്കുകയുണ്ടായി.

## ബ്രെത്ത്‌ലസ്സ് : നവതരംഗചലനം

1960- ൽ റിലീസായ 'ബ്രെത്ത്‌ലസ്സ്' എന്ന ആദ്യ ചിത്രത്തിന് ബെർലിൻ ഫിലിം ഫെസ്റ്റിവലിൽ മികച്ച സംവിധായകനുള്ള അവാർഡുലഭിച്ചു. ചിത്രസന്നിവേശത്തിലെ നൈരന്തര്യവും ഔട്ട്ഡോർ ചിത്രീകരണവും ജംപ് കട്ടുകളും ലോങ് ടേക്കുകളും അതുവരെയുണ്ടായിട്ടുള്ള ചലച്ചിത്രങ്ങളിൽനിന്നും ഇതിനെ വ്യതിരിക്തമാക്കി. ബെർറ്റോൾഡ് ബ്രഹ്തിന്റെ 'ഡിസ്റ്റൻസിങ് ഇഫെക്ട്' എന്ന പരികല്പനയെ മുൻനിർത്തിയാണ് ഈ ചലച്ചിത്രം രൂപകല്പന ചെയ്തത്. ഈ ചലച്ചിത്രത്തിൽ സ്വീകരിച്ച 'ജംപ് കട്ട്' രീതി അദ്ദേഹത്തെ ഏറെ ശ്രദ്ധേയനാക്കി. ഒരു സംഭവവുമായി ബന്ധപ്പെട്ടുനിൽക്കുന്ന ഷോട്ടുകളുടെ തുടർച്ചയിൽ തടസ്സമുണ്ടാക്കിക്കൊണ്ട് പുതിയ ഷോട്ട് കൂട്ടിച്ചേർക്കുന്നതിനെയാണ് 'ജംപ് ഷോട്ട്' എന്നുപറയുന്നത്. അതുവരെയുള്ള ഷോട്ടുകളിൽനിന്ന് പെട്ടെന്ന് ഒരു മാറ്റമുണ്ടാകുന്നത് ശ്രദ്ധേയമാകുന്നു. തുടർന്ന് മുമ്പു കാണിച്ചുകൊണ്ടിരുന്ന ഷോട്ടിലേക്ക് എത്തിച്ചേരുകയും ചെയ്യുന്നു. ഇത് ഒരു സീനിനുള്ളിൽത്തന്നെയാണ് നിർവഹിക്കുന്നത്. രണ്ടു വ്യത്യസ്ത സീനുകൾക്കിടയ്ക്കല്ല എന്നതു ശ്രദ്ധേയമാണ്. ഈ ചലച്ചിത്രത്തിൽ ഇടയ്ക്കിടെ സാഹിത്യത്തിൽ നിന്നുള്ള ഉദ്ധരണികൾ ദൃശ്യത്തോടൊപ്പം നൽകുന്നുണ്ട്. ദൃശ്യത്തിനു മിഴിവേകിക്കൊണ്ട് ചലനാത്മകമാക്കാൻ ഇതിനുകഴിയുന്നു.

*ദി ഇമേജ് ബുക്ക് (2018)*



'ഫ്രഞ്ച് ന്യൂവേവ്' പ്രസ്ഥാനത്തിന്റെ പ്രവണതകൾ ഉൾക്കൊണ്ട സിനിമകളോടൊപ്പം പ്രതിഷേധപോരാട്ടങ്ങളിൽ പങ്കാളിയായിക്കൊണ്ട് നിരവധി രാഷ്ട്രീയസിനിമകളും അദ്ദേഹം നിർമിച്ചു. ഇടതുപക്ഷരാഷ്ട്രീയമനോഭാവമുള്ള അദ്ദേഹത്തിന്റെ ചിത്രങ്ങൾ ലോകമാകമാനമുള്ള ശ്രദ്ധ പിടിച്ചുപറ്റി. രണ്ടാം ലോകയുദ്ധാനന്തരമാണ് അദ്ദേഹം രാഷ്ട്രീയസിനിമകളുടെ വക്താവായി മാറിയത്. സിനിമയിലെ രാഷ്ട്രീയത്തിനുപരിയായി സിനിമയുടെ രാഷ്ട്രീയത്തിലേക്കാണ് അദ്ദേഹത്തിന്റെ ശ്രദ്ധപതിഞ്ഞത്. അഞ്ചു മാർക്സിസ്റ്റ് വിദ്യാർഥികൾ മുതലാളിത്തത്തിന്റെ ക്രൂരഭരണത്തിൽനിന്ന് വിപ്ലവത്തിലൂടെ മാത്രമേ ആധുനികലോകത്തെ വിമോചിപ്പിക്കാൻ കഴിയൂവെന്നു തിരിച്ചറിയുന്നതാണ് 'ല ചിനോയ്സ്' (1967).

## ആൽഫവില്ലെ : സ്വേച്ഛാധിപത്യത്തിന്റെ തകർച്ച

അധികാരത്തിന്റെ; സ്വേച്ഛാധിപത്യത്തിന്റെ; ബ്യൂറോക്രസിയുടെ നീരാളിപ്പിടുത്തവും അത് പൗരന് ഒരു മർദനോപകരണമായിത്തീരുന്നതും ഇതിൽ ചിത്രീകരിച്ചിരിക്കുന്നു. ഇതിലെ ആൽഫാം എന്ന കംപ്യൂട്ടറാണ് കേന്ദ്രം. കംപ്യൂട്ടർവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന സമൂഹത്തെ പ്രവചനീയമായ സ്ഥാനങ്ങളിൽ പ്രതിഷ്ഠിച്ചുകൊണ്ടാണ് ഈ ചലച്ചിത്രം മുന്നോട്ടുപോകുന്നത്. വികസിതസമൂഹത്തിൽ ഇത്തരം പ്രമേയങ്ങൾ സ്വീകരിക്കപ്പെടുമ്പോൾ കേരളം പോലുള്ള വികസ്വരസമൂഹങ്ങളിൽ ഇത്തരം പ്രമേയങ്ങളെ വിമർശാത്മകമായി കാണാറാണ് പതിവ്.

## സിനിമയിലെ വിസ്മയങ്ങൾ

ഗൊദാർദ് ചലച്ചിത്രത്തിന്റെ വ്യാകരണം മാറ്റിയെഴുതിയെന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല. നിരന്തരമായ അന്വേഷണങ്ങളും പരീക്ഷണങ്ങളും ചലച്ചിത്രത്തിന്റെ ഗതിയെ മാറ്റിമറിക്കുകയുണ്ടായി. ശബ്ദസന്നിവേശത്തിലും ചലച്ചിത്രത്തിന്റെ നൈരന്തര്യത്തിലും ക്യാമറാചലനങ്ങളിലും വിപ്ലവകരമായ പരീക്ഷണങ്ങളാണുണ്ടായത്. ഈ സംരംഭങ്ങളെ 'ഫിലിംഡ് എസ്സേയ്സ്' എന്നാണദ്ദേഹം നിർവചിച്ചത്. അദ്ദേഹത്തിന്റെ ഏറ്റവും ഒടുവിലത്തെ സിനിമ തന്റെതന്നെ പൂർവകാലചിത്രങ്ങളുടെ ഒരു കൊളാഷ് ആയിരുന്നു.

വിയറ്റ്നാം യുദ്ധവും പാരീസിലെ വിദ്യാർഥികലാപവുമെല്ലാം ഗൊദാർദിന്റെ ചലച്ചിത്രനിർമിതിയെ സ്വാധീനിച്ചു. സിനിമയെക്കുറിച്ചുള്ള സിദ്ധാന്തങ്ങളോ സൗന്ദര്യശാസ്ത്രമോ അല്ല അദ്ദേഹത്തിന്റെ കലാദർശനങ്ങളെ രൂപപ്പെടുത്തിയത്. രാഷ്ട്രീയസിനിമ നിർമിക്കുന്നതിലല്ല; രാഷ്ട്രീയമായി സിനിമ നിർമിക്കുന്നതിലാണ് കാര്യം എന്നദ്ദേഹം വ്യക്തമാക്കി ("Not to make political films, but to make films politically").

എഡിറ്റിങ്ങിലെ നൈരന്തര്യത്തെ പൊളിക്കാനാണദ്ദേഹം ആദ്യം ശ്രമിച്ചത്. ഒരു കഥയ്ക്ക് ആദിമ

ധ്യാന്തം വേണമെങ്കിലും ക്രമത്തിലാകണമെന്ന നിർബന്ധമില്ലെന്ന് ഗൊദാർദ് വാദിച്ചു. . ("A Story Should have a beginning a middle and an end; but not necessarily in that order"). കൃത്രിമമായ ചലച്ചിത്രപശ്ചാത്തലങ്ങളിൽനിന്നും നൈസർഗികമായ പരിസരങ്ങളിലേക്കുള്ള പലായനമായിരുന്നു അദ്ദേഹം നടത്തിയത്. ക്യാമറയുടെ വൈവിധ്യമാർന്ന ചലനങ്ങളിലൂടെ കാഴ്ചയുടെ പുതിയ ലോകംതുറന്ന് പ്രേക്ഷകരെ അനുഭവിപ്പിച്ചു. കഥാതന്തു ലളിതമാണെങ്കിലും ആവിഷ്കരണരീതിയുടെ സവിശേഷതകൊണ്ട് അവിസ്മരണീയമാക്കിയ ചലച്ചിത്രാഖ്യാനശൈലിയായിരുന്നു അദ്ദേഹത്തിന്റേത്.

എ വുമൺ ഈസ് എ വുമൺ, ബ്രെത്ത്‌ലസ്സ്, കണ്ടെംപ്റ്റ്, ബാൻഡ് ഓഫ് ഔട്ട്സൈഡേഴ്സ്, ആൽഫാവില്ലെ, മാസ്കുലിൻ ഫെമിനിൻ, വീക്കെൻഡ് തുടങ്ങി നിരവധി ക്ലാസിക് സിനിമകളാണ് ആ ചലച്ചിത്രപ്രതിഭയിൽനിന്ന പിറവിയെടുത്തത്. ചലച്ചിത്രത്തിന്റെ ഉള്ളടക്കത്തിലും പ്രമേയത്തിലും ആഖ്യാനത്തിലും പരീക്ഷണങ്ങൾനടത്തി നമ്മെ വിസ്മയിപ്പിക്കുകയായിരുന്നു അദ്ദേഹം. ദാർശനികവും രാഷ്ട്രീയവുമായ കാഴ്ചപ്പാടുകളെ സാക്ഷാൽക്കരിക്കാനുള്ള ഒരുപാധിയായിരുന്നു അദ്ദേഹത്തിന് സിനിമ.

കാഴ്ചയുടെ രാഷ്ട്രീയത്തെ കൃത്യമായി അടയാളപ്പെടുത്താനും ഒപ്പിയെടുക്കാനും ഗൊദാർദിനു കഴിഞ്ഞു. കാണേണ്ട കണ്ണുകളിലൂടെയാവണം കാഴ്ചകൾ പകർത്തേണ്ടതെന്നദ്ദേഹം വിശ്വസിച്ചു. ഒരു തൊഴിലാളി കാണുന്ന കാഴ്ചയല്ല മധ്യവർഗത്തിലോ ഉപരിവർഗത്തിലോ പെട്ട ഒരാൾ കാണുക എന്ന വിശ്വാസത്തിൽ തൊഴിലാളികളെക്കൊണ്ട് ക്യാമറാചിത്രീകരണം നടത്തിയതിലൂടെ കാഴ്ചയുടെ രാഷ്ട്രീയം വ്യക്തമാകുന്നു. ചലച്ചിത്രത്തിന്റെ പൊതുവായ കാഴ്ചാനുഭവങ്ങളിൽനിന്നും തികച്ചും വിഭിന്നമായ പുത്തൻ ദൃശ്യഭാഷ പ്രേക്ഷകരിലേക്ക് സംവേദനം ചെയ്യാൻ അദ്ദേഹത്തിനുകഴിഞ്ഞു. സർഗാത്മകതയുള്ള; പ്രതിഭാധനനായ ഈ ചലച്ചിത്രകാരൻ സാങ്കേതികതയുടെ അനന്തസാധ്യതകളെ പ്രയോജനപ്പെടുത്തിക്കൊണ്ടാണ് സിനിമ നിർമിച്ചത്. ബ്രത്ത്‌ലെസ്സിൽ ജംപ് കട്ടുകൾകൊണ്ടാണ് വിസ്മയിപ്പിച്ചതെങ്കിൽ ഹിസ്റ്ററീസ് ടു സിനിമയിൽ സൂപ്പർ ഇംപോസിഷനുകൾ (ഒരു ഇമേജിനുമുകളിൽ മറ്റൊരിമേജ്) ഉപയോഗിച്ചു. ഹൃദയത്തെ സ്പർശിക്കുന്നതാണ് ഭാഷയെന്നും സ്പർശനക്ഷമതയില്ലാതാവുമ്പോൾ ഭാഷ മരിക്കുന്നുവെന്നുമുള്ള ആശയത്തെ സാങ്കേതികമായി ആവിഷ്കരിച്ചിരിക്കുന്ന ചിത്രമാണ് ഗുഡ് ബൈ ടു ലാംഗ്വേജ്. ഇത്തരത്തിൽ നിരവധി സാധ്യതകൾ ചലച്ചിത്രത്തിൽ പ്രയോജനപ്പെടുത്തിയ ചലച്ചിത്രശില്പിയാണദ്ദേഹം. പറയാനുള്ളത് കൃത്യമായി പ്രേക്ഷകരിലേക്ക് എത്തിക്കാൻ സാധിച്ചുവെന്നതാണ് ഈ സംവിധായകന്റെ നേട്ടം. ഒരു ജീവിതംമുഴുവൻ ചലച്ചിത്രത്തിനുവേണ്ടി സമർപ്പിച്ച ഈ പ്രതിഭ 91 വയസ്സുവരെയും ചലച്ചിത്രലോകത്തിലാണ് ജീവിച്ചത്. ഗൊദാർദ് തിരക്കഥയെഴുതുകയോ സംവിധാനം ചെയ്യുകയോ ചെയ്ത ചലച്ചിത്രങ്ങളിൽ ഒന്നുപോലും ഓസ്കാർ നാമനിർദേശത്തിൽപ്പെട്ടില്ലെന്നത് ഖേദകരമാണ്. ഏറ്റവും ഒടുവിൽ 2010-ൽ ഓസ്കാറിനായി പരിഗണിച്ചെങ്കിലും അദ്ദേഹമതു സ്വീകരിച്ചില്ല. ഗോൾഡൻ ലയൺ ഉൾപ്പെടെയുള്ള വിവിധ പുരസ്കാരങ്ങൾ അദ്ദേഹത്തിനു ലഭിച്ചു. 2021-ലെ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ (IFFK) സമഗ്രസംഭാവനയ്ക്കുള്ള പുരസ്കാരം സമർപ്പിച്ച് കേരളം അദ്ദേഹത്തെ ആദരിച്ചു. അടൂർ ഗോപാലകൃഷ്ണൻ ഗൊദാർദിന്റെ അഭാവത്തിൽ അദ്ദേഹത്തിനുവേണ്ടി പുരസ്കാരമേറ്റുവാങ്ങി. ഗൊദാർദ് അതിൽ ഓൺലൈനായി പങ്കെടുത്തു സംസാരിച്ചുവെന്നത് ഏറെ ശ്രദ്ധേയമാണ്.



*ഹെയിൽമേരി (1985)*

ചലച്ചിത്രലോകത്തെ അതികായൻ ഴാങ് ലൂക് ഗൊദാർദ് വൈദ്യസഹായത്തോടെ സ്വന്തം ഇഷ്ടപ്രകാരം ദയാവധം സ്വീകരിച്ച് തന്റെ കർമമണ്ഡലത്തിൽനിന്നും പിൻവാങ്ങി. ഒരു മനുഷ്യായുസ്സിൽ ചെയ്തുതീർക്കാവുന്നതിലുപരി സംഭാവനകൾ ചലച്ചിത്രലോകത്തിന് നൽകിയിട്ടാണ് അദ്ദേഹം അരങ്ങൊഴിഞ്ഞത്. ആ ചലച്ചിത്രപ്രതിഭ നമ്മോടു വിടപറഞ്ഞെങ്കിലും സുവർണലിപികളാൽ ആലേഖനം ചെയ്യപ്പെട്ട ഗൊദാർദ് എന്ന ഇതിഹാസം എക്കാലവും നിലനിൽക്കും.

**ചലച്ചിത്രലോകത്തെ അതികായൻ ഴാങ് ലൂക് ഗൊദാർദ് വൈദ്യസഹായത്തോടെ സ്വന്തം ഇഷ്ടപ്രകാരം ദയാവധം സ്വീകരിച്ച് തന്റെ കർമമണ്ഡലത്തിൽനിന്നും പിൻവാങ്ങി. ഒരു മനുഷ്യായുസ്സിൽ ചെയ്തുതീർക്കാവുന്നതിലുപരി സംഭാവനകൾ ചലച്ചിത്രലോകത്തിന് നൽകിയിട്ടാണ് അദ്ദേഹം അരങ്ങൊഴിഞ്ഞത്.**

## സഹായകഗ്രന്ഥങ്ങൾ

1. രാമചന്ദ്രൻ ജി.പി., ഗൊദാർദ് പല യാത്രകൾ, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2021

2. ഷണ്മുഖദാസ് ഐ., ഗൊദാർദ് : കോളയ്ക്കും മാർക്സിനുമിടയിൽ, സൈൻ ബുക്സ്, തിരുവനന്തപുരം, 2005.

3. Sterrit David, The films of Jean - Luc Godard: seeing the invisibile, Cambridge University Press, 1999.

4. Tom Milne and Jean Narboni (Editors), Godard on Godard, Da Capo press, 1972

*(ഡോ. ഷെറീനാ റാണി ജി.ബി.- 94477 99868)*




# നെറ്റിലായ മലയാളിയും ആപ്പിലായ മലയാളവും

ഡോ. അശോക് ഡിക്രൂസ്

## ഭാഷയും സാങ്കേതികവിദ്യയും

കമ്പ്യൂട്ടറിൽ ഭാഷ ഉപയോഗിക്കുന്നതിനുള്ള സാങ്കേതികവിദ്യയായി ഭാഷാസാങ്കേതികത (Language Technology) പരിമിതപ്പെടുത്തിയത് ഭാഷയും സാങ്കേതികവിദ്യയും പരസ്പരബന്ധമില്ലാത്ത രണ്ടു സംജ്ഞകളാണെന്ന മുൻകാലധാരണയുടെ അടിസ്ഥാനത്തിലാണ്. അതുകൊണ്ടുതന്നെ, കമ്പ്യൂട്ടറിനു വഴങ്ങാത്ത ഭാഷയും സാങ്കേതികവിദ്യയും ഗൗരവമായ പഠനങ്ങൾക്ക് വിഷയീഭവിച്ചതുമില്ല. വാസ്തവത്തിൽ, വാമൊഴിയിൽനിന്ന് വരമൊഴിയിലേക്കുകൂടി ഭാഷ മാറിയതോടെ ഭാഷാസാങ്കേതികതയ്ക്കും തുടക്കം കുറിച്ചതായി കാണാം. വാമൊഴിയുടെ കാലത്ത് ഈണവും താളവും ആയിരുന്നു ഭാഷയുടെ സാങ്കേതികതയെങ്കിൽ, പിന്നീട് അക്ഷരങ്ങളുടെ കടന്നുവരവോടെ അത് ലേഖനവിദ്യയുടെ സാങ്കേതികതയായി മാറി. വ്യത്യസ്തമായ എഴുത്തുപകരണങ്ങളും പ്രതലങ്ങളും മാറിമാറി പരീക്ഷിക്കപ്പെട്ടുകൊണ്ടിരുന്നത് അങ്ങനെയാണ്.

ശിലാതലത്തിൽ കല്ലുളി ഉപയോഗിച്ച് എഴുതിയോ വരഞ്ഞോ ഉണ്ടാക്കിയിരുന്ന അക്ഷരരൂപങ്ങളിൽനിന്ന് താളിയോലയിൽ നാരായം ഉപയോഗിച്ച് എഴുതുന്ന കാലഘട്ടത്തിൽ എത്തുമ്പോഴേക്കും ലേഖനവിദ്യയുടെ സാങ്കേതികവിദ്യ പ്രബലമായി. വൃത്താകൃതിയിലുള്ള മലയാളഅക്ഷരരൂപങ്ങൾ രൂപപ്പെട്ടതും അക്കാലത്താണ്. അതേസമയം, അച്ചടിയുടെ സാങ്കേതികവിദ്യയെ മലയാളം സ്വീകരിച്ചത് രണ്ടു വിധത്തിലായിരുന്നു. അതായത്, കൈയെഴുത്തിന്റെ രൂപം കല്ലിൽ പകർത്തി അച്ചടിക്കുന്ന ലിത്തോഗ്രാഫി എന്ന സാങ്കേതികവിദ്യയാണ് രാജ്യസമാചാരവും പശ്ചിമോദയവും അച്ചടിക്കാൻ ഹെർമൻ ഗുണ്ടർട്ട് ഉപയോഗിച്ചിരുന്നത്. എന്നാൽ, റോമിൽ അച്ചടിച്ച സംക്ഷേപവേദാർഥത്തിലെ മലയാളം അക്ഷരങ്ങൾക്ക് ചതുരാകൃതിയിലുള്ള ലാറ്റിൻ - റോമൻ അക്ഷരരൂപങ്ങളുടെ ഘടനയായിരുന്നു. ഏതായാലും, 1846 ൽ ബെഞ്ചമിൻ ബെയ്‌ലി മലയാളം - ഇംഗ്ലീഷ് നിഘണ്ടു പ്രസിദ്ധീകരിച്ചതോടെ മലയാളം അക്ഷരരൂപങ്ങളുടെ ഘടനകൂടി പുനർനിർണയിക്കപ്പെട്ടു.

1968 ൽ കേരളസർക്കാർ ലിപിപരിഷ്കരണം നടപ്പിലാക്കിയതോടെയാണ് മലയാളഭാഷ മറ്റൊരു നിർണായകഘട്ടത്തിലേക്കു കടന്നത്. 26 അക്ഷരങ്ങൾ മാത്രമുള്ള ഇംഗ്ലീഷ് ടൈപ്പ് ചെയ്യാൻ രൂപകൽപ്പന ചെയ്യപ്പെട്ട ടൈപ്പ് റൈറ്ററുകളിൽ മലയാളത്തിന്റെ വിപുലമായ അക്ഷരക്കൂട്ടത്തെ ഉൾപ്പെടുത്തുന്നതിനെക്കുറിച്ചുള്ള ആലോചനകൾ സജീവമായി. ചുരുക്കത്തിൽ, ടൈപ്പ്റൈറ്ററുകളുടെ പരാധീനതയാണ് മലയാളലിപി പരിഷ്കരിക്കപ്പെടേണ്ടതാണ് എന്ന തോന്നൽ രൂപപ്പെടാനുണ്ടായ കാരണം. സ്വരവ്യഞ്ജനങ്ങൾ ചേർന്ന രൂപങ്ങൾ, കൂട്ടക്ഷരങ്ങൾ, വ്യഞ്ജനങ്ങളുടെ ഇരട്ടിപ്പുകൾ എന്നിവയെല്ലാം പിരിച്ചെഴുതണം എന്നതായിരുന്നു 1967ൽ ശൂരനാട്ട് കുഞ്ഞൻപിള്ളയുടെ അധ്യക്ഷതയിൽ രൂപീകരിക്കപ്പെട്ട ലിപിപരിഷ്കരണ കമ്മിറ്റിയുടെ പ്രധാന ശുപാർശ. ഒരു യന്ത്രത്തിനു (സാങ്കേതിക

ശിലാതലത്തിൽ കല്ലുളി ഉപയോഗിച്ച് എഴുതിയോ വരഞ്ഞോ ഉണ്ടാക്കിയിരുന്ന അക്ഷരരൂപങ്ങളിൽനിന്ന് താളിയോലയിൽ നാരായം ഉപയോഗിച്ച് എഴുതുന്ന കാലഘട്ടത്തിൽ എത്തുമ്പോഴേക്കും ലേഖനവിദ്യയുടെ സാങ്കേതികവിദ്യ പ്രബലമായി. വൃത്താകൃതിയിലുള്ള മലയാള അക്ഷരരൂപങ്ങൾ രൂപപ്പെട്ടതും അക്കാലത്താണ്.

വിദ്യക്കു) വേണ്ടി ഭാഷയെ വികലമാക്കി എന്നതിൽ ക്കവിഞ്ഞ പ്രാധാന്യമൊന്നും ലിപി പരിഷ്കരണത്തി നില്ല.

1980കളുടെ മധ്യത്തോടെ കേരളത്തിൽ കമ്പ്യൂട്ടറുകൾ വരവറിയിച്ചു. അതോടുകൂടി ഭാഷാസാങ്കേതികതയുടെ കാര്യത്തിൽ വമ്പിച്ച മുന്നേറ്റമാണ് ഉണ്ടായത്. (ആദ്യകാലത്ത്, ഐ. ബി. എം. വരുന്നതിനുമുമ്പ്, ആപ്പിൾ മക്കിന്റോഷ് ആയിരുന്നു കേരളത്തിലെത്തിയ കമ്പ്യൂട്ടറുകൾ. ഡി.ടി.പി. ചെയ്യാൻ വേണ്ടി മാത്രമായിരുന്നു അവ ഉപയോഗിച്ചിരുന്നത്.) കമ്പ്യൂട്ടറിൽ ഭാഷ ഉപയോഗിക്കുന്നതിന്റെ ചരിത്രത്തെ അതിൽ ഉപയോഗിക്കുന്ന എൻകോഡിങ് രീതിയെ അടിസ്ഥാനമാക്കി രണ്ടു ഘട്ടങ്ങളായി വിഭജിക്കാം: ആസ്കി (ASCII) കാലഘട്ടമെന്നും യൂണികോഡ് കാലഘട്ടമെന്നും. കമ്പ്യൂട്ടറിനു നൽകപ്പെട്ട വിവരം (data) ഭാഷയുമായി ബന്ധപ്പെട്ടതാണെന്ന് തിരിച്ചറിയാൻ കഴിയുമായിരുന്നെങ്കിലും അത് വായിക്കാനോ മനസ്സിലാക്കാനോ സംസ്കരിക്കാനോ ആസ്കി കാലഘട്ടത്തിലെ കമ്പ്യൂട്ടറുകൾക്ക് കഴിയുമായിരുന്നില്ല. അതുകൊണ്ടുതന്നെ, ഭാരതീയ ഭാഷകൾ പ്രസ്തുത കമ്പ്യൂട്ടറിന്റെ വ്യവസ്ഥയ്ക്കു പുറത്തായിരുന്നു.

2003 ൽ മൈക്രോസോഫ്റ്റ് വിൻഡോസിലും ലിനക്സ് ഡിസ്ട്രിബ്യൂഷനുകളിലും മലയാളം എംബഡ് ചെയ്തതോടെ ഭാഷാസാങ്കേതികതയിൽ യൂണികോഡ് കാലം ആരംഭിച്ചു. മലയാളഭാഷ കമ്പ്യൂട്ടറിന്റെയും ഭാഷയായതോടെ വൈവിധ്യമാർന്ന കമ്പ്യൂട്ടിങ് പ്രവർത്തനങ്ങൾ ഭാഷയിൽ സാധ്യമായി. മലയാളത്തിലെ ആദ്യത്തെ യൂണികോഡ് ഫോണ്ട്, 2004 ൽ MS വിൻഡോസ് XP2 -വിനോടൊപ്പം നൽകപ്പെട്ട 'കാർത്തിക' (Karthika.ttf) യാണ്. എന്നാൽ, 1999 ൽ പുറത്തിറങ്ങിയ രചനയുടെ ലിപിസഞ്ചയത്തെ അടിസ്ഥാനമാക്കി കെവിൻ സി.ജെ. 2004 ൽ രൂപകൽപ്പന ചെയ്ത 'അഞ്ജലി' ഫോണ്ടാണ് മലയാളത്തിലെ യൂണികോഡ് പ്രവർത്തനങ്ങൾക്കും ബ്ലോഗെഴുത്തിനും പ്രചുരപ്രചാരം നൽകിയത്. തുടർന്ന്, 2006 ൽ രചന യൂണികോഡ് ഫോണ്ട് അവതരിപ്പിക്കപ്പെട്ടതോടെ മലയാളത്തിന്റെ സമഗ്രലിപിസഞ്ചയം ഭാഷാസാങ്കേതികതയിൽ ഒഴിച്ചുകൂടാനാവാത്തവിധം ശ്രദ്ധേയ സാന്നിധ്യമായി. മലയാളം യൂണികോഡ് ഭാഷാസാങ്കേതികതയുടെ പര്യായമായി മാറിയ 'സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ് (SMC) രചന, മീര, ഉറൂബ്, മഞ്ജരി എന്നിങ്ങനെ പത്തിലേറെ ഫോണ്ടുകൾ GNU-GPL സ്വതന്ത്ര ലൈസൻസിൽ അവതരിപ്പിക്കുകയും അവയെ പരിപാലിക്കുകയും ചെയ്യുന്നുണ്ട്.

ഒരുകാലത്ത് മലയാളഭാഷാസാങ്കേതികവിദ്യയുമായി ബന്ധപ്പെട്ടുനടന്ന ചർച്ചകൾ മിക്കതും മലയാളം ടൈപ്പിങ്ങുമായി ബന്ധപ്പെട്ടവയായിരുന്നു. വാസ്തവത്തിൽ, മലയാളം ടൈപ്പിങ്ങുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഏതാണ്ടെല്ലാം ഇതിനോടകം തന്നെ പരിഹരിക്കപ്പെട്ടുകഴിഞ്ഞു. യൂണികോഡും മലയാളലിപിസഞ്ചയവും അതിന്റെ സാന്നിധ്യം അറിയിച്ചുകഴിഞ്ഞു. മലയാളത്തിലെ പല പ്രമുഖ പ്രസിദ്ധീകരണങ്ങളും യൂണികോഡിലേക്ക് മാറിക്കഴിഞ്ഞു. അഞ്ജലി ഫോണ്ടുപയോഗിച്ചിരുന്ന ഓൺലൈൻ പ്രസിദ്ധീകരണങ്ങളെല്ലാം ക്രമേണ രചന, മീര ഫോണ്ടുകൾ ഉപയോഗിക്കാൻ തുടങ്ങി. ചിന്ത.കോം ആണ് വെബ് പ്രസാധനത്തിന് ആദ്യമായി രചന യൂണികോഡ് ഫോണ്ട് ഉപയോഗിച്ചത്. 2008 ൽ മംഗളം ഓൺലൈൻ ദിനപത്രമാണ് മീര ആദ്യമായി ഉപയോഗിക്കുന്നത്. പിന്നീട് മാതൃഭൂമി ഉൾപ്പെടെയുള്ള പല പത്രങ്ങളുടെയും ഓൺലൈൻ എഡിഷനുകൾ ഇത് പിന്തുടർന്നു. 2017 മുതൽ വിജ്ഞാനകൈരളി തനതുലിപിയിലേക്ക് മാറി. 2019 സെപ്റ്റംബറിൽ രാജാജി മാത്യു തോമസിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ 'ജനയുഗം സൈബസ് പ്രോജക്ട്" മലയാളഭാഷാസാങ്കേതികതയുടെ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. തനതുലിപിയിൽ പ്രസിദ്ധീകരിക്കുന്നു എന്നതുമാത്രമല്ല, പൂർണമായും സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ടൈപ്പ്സെറ്റുചെയ്യുന്ന ലോകത്തിലെ ആദ്യത്തെ ദിനപത്രമെന്ന ഖ്യാതിയും ജനയുഗം കരസ്ഥമാക്കി.

## ഭാഷാപഠനവും മൊബൈൽ ഫോണുകളും

ലോകമെമ്പാടുമുള്ള മൊബൈൽ കമ്യൂണിക്കേഷൻ വ്യവസായത്തിന്റെ താൽപ്പര്യങ്ങളെ പ്രതിനിധീകരിക്കുന്ന ഗ്ലോബൽ സിസ്റ്റം ഫോർ മൊബൈൽ കമ്യൂണിക്കേഷൻസ് അസോസിയേഷൻ (GSMA) ലോകമെമ്പാടുമുള്ള എണ്ണൂറിലധികം മൊബൈൽ ഓപ്പറേറ്റർമാർ, മൊബൈൽ ഫോൺ നിർമാതാക്കൾ, സോഫ്റ്റ്‌വെയർ കമ്പനികൾ, ഉപകരണദാതാക്കൾ, ഇന്റർനെറ്റ് കമ്പനികൾ, മീഡിയ - വിനോദ സ്ഥാപനങ്ങൾ എന്നിങ്ങനെ അഫ്ഗാനിസ്ഥാൻ മുതൽ സിംബാവേ വരെയുള്ള വിശാലമായ മൊബൈൽ ആവാസവ്യവസ്ഥയിലെ നാനൂറിലധികം കമ്പനികളെ ഒന്നിപ്പിക്കുന്ന കൂട്ടായ്മയാണ്. GSMA ഇന്റലിജൻസ് 2020 ൽ നടത്തിയ സർവേ പ്രകാരം ലോകമെമ്പാടുമുള്ള മനുഷ്യർ 1037 കോടി മൊബൈൽ ഫോണുകൾ ഉപയോഗിക്കുന്നുണ്ട്. അതേസമയം, 788 കോടി മനുഷ്യരിൽ സ്വന്തമായി ഒരു മൊബൈൽ ഫോണെങ്കിലും ഉള്ളത് 527 കോടി മനുഷ്യർക്കു മാത്രമാണെന്നും കണക്കുകൾ പറയുന്നു. അതായത്, ലോകമെമ്പാടുമുള്ള 261 കോടി മനുഷ്യർ ഇപ്പോഴും മൊബൈൽ ഫോണിന്റെ പരിധിക്കു പുറത്താണ്.

സാങ്കേതികവിദ്യ മെച്ചപ്പെടുകയും വികസിക്കുകയും ചെയ്യുന്നതിനനുസരിച്ച് ഭാഷാപഠനരീതികളും മാറുന്നു. ഭാഷാപഠനത്തിന്റെ പുത്തൻ സാധ്യതയായ സാങ്കേതികാധിഷ്ഠിതഭാഷാപഠനം ലോകത്തിലെ വിവിധഭാഷകളിൽ ലഭ്യമായതുപോലെ മലയാളത്തിലും ലഭ്യമാണ്. ഭാഷാപഠനത്തിൽ താൽപ്പര്യമുള്ള ഏതൊരാൾക്കും യൂട്യൂബ് വീഡിയോകളിലൂടെയും ഓൺലൈൻ / ഓഫ് ലൈൻ മൊബൈൽ ആപ്പ

സാങ്കേതികവിദ്യ മെച്ചപ്പെടുകയും വികസിക്കുകയും ചെയ്യുന്നതിനനുസരിച്ച് ഭാഷാപഠനരീതികളും മാറുന്നു. ഭാഷാപഠനത്തിന്റെ പുത്തൻ സാധ്യതയായ സാങ്കേതികാധിഷ്ഠിതഭാഷാപഠനം ലോകത്തിലെ വിവിധഭാഷകളിൽ ലഭ്യമായതുപോലെ മലയാളത്തിലും ലഭ്യമാണ്.

ഭാഷാപഠനത്തിനുള്ള ഉപകരണമെന്ന നിലയിൽ മൊബൈൽ ഫോൺ ഉപയോഗിക്കാൻ തുടങ്ങിയിട്ട് രണ്ടു ദശകങ്ങളായെങ്കിലും കോവിഡ് മഹാമാരിയുടെ കടന്നുവരവോടെ എം – ലേണിങ്ങിന്റെ പ്രസക്തിയും പ്രാധാന്യവും വർധിച്ചു.

കളിലൂടെയും ഭാഷാപഠനം സാധ്യമാണ്.

കമ്പ്യൂട്ടർ അസിസ്റ്റഡ് ലാംഗ്വേജ് ലേണിങ് (CALL) എന്നതിന്റെ ഒരു ഉപവിഭാഗമാണ് MALL (Mobile Assisted Language Learning). ഇത് എം - ലേണിങ് അഥവാ മൊബൈൽ ലേണിങ് എന്നും അറിയപ്പെടുന്നുണ്ട്. കോവിഡ് മഹാമാരിയുടെ കാലത്തിനു മുമ്പുതന്നെ മൊബൈൽ ലേണിങ് സാധ്യതകൾ പ്രചാരത്തിൽ ഉണ്ടായിരുന്നുവെങ്കിലും കോവിഡ് - കോവിഡനന്തര കാലത്താണ് എം - ലേണിങ് സാധ്യതയ്ക്ക് ഏറ്റവും കൂടുതൽ പ്രചാരം ലഭിച്ചത്. MALL ഉപയോഗിക്കുന്നതിലൂടെ വിദ്യാർഥികൾക്ക് ഭാഷാപഠനസാമഗ്രികൾ വേഗം 'ആക്സസ്' ചെയ്യാനും അവരുടെ അധ്യാപകരുമായും സഹപാഠികളുമായും ഏതു സമയത്തും എവിടെയിരുന്നും ആശയവിനിമയം നടത്താനും കഴിയും. മാത്രമല്ല, പരമ്പരാഗത ക്ലാസ് മുറികൾക്ക് നൽകാൻ കഴിയാത്ത ചലനാത്മകതയും പ്രദാനംചെയ്യുന്നു.

മൊബൈൽ ഉപകരണങ്ങൾ ഉപയോഗിച്ച് പഠനം നടത്തുന്നതിനുള്ള ഒരു മാർഗമാണ് എം-ലേണിങ് അഥവാ മൊബൈൽ ലേണിങ്. ഇന്റർനെറ്റുമായി ബന്ധിപ്പിച്ചിരിക്കുന്ന ഒരു മൊബൈൽ ഫോൺ ഉള്ളിടത്തോളം, എപ്പോൾ എവിടെവച്ചു വേണമെങ്കിലും പഠിക്കാൻ സാധിക്കുമെന്നതാണ് ഈ പഠനരീതിയുടെ സൗകര്യം. അതേസമയം, നോട്ടിഫിക്കേഷനുകളുടെ ബാഹുല്യം നിമിത്തം ശ്രദ്ധ പാളിപ്പോകാനും സാധ്യതയുണ്ട് എന്നതാണ് ഈ പഠനരീതിയുടെ ഏറ്റവും വലിയ പോരായ്മ.

ഭാഷാപഠനത്തിനുള്ള ഉപകരണമെന്ന നിലയിൽ മൊബൈൽ ഫോൺ ഉപയോഗിക്കാൻ തുടങ്ങിയിട്ട് രണ്ടു ദശകങ്ങളായെങ്കിലും കോവിഡ് മഹാമാരിയുടെ കടന്നുവരവോടെ എം - ലേണിങ്ങിന്റെ പ്രസക്തിയും പ്രാധാന്യവും വർധിച്ചു.

ശ്രവണം, സംഭാഷണം, വായന, എഴുത്ത് എന്നിവയാണ് ഭാഷാനൈപുണികൾ. ഒരു ഭാഷാപഠിതാവിനെ സംബന്ധിച്ചിടത്തോളം ഭാഷാനൈപുണികൾ ആർജിക്കുക എന്നതാണ് ഭാഷാപഠനത്തിന്റെ പ്രാഥമിക ലക്ഷ്യം. അടിസ്ഥാന ഭാഷാശേഷികൾ കൈവരിക്കുകയും ഭാഷാഘടകങ്ങൾ സ്വായത്തമാക്കുകയും ചെയ്യുമ്പോഴാണ് ഏതൊരാൾക്കും ഭാഷാപരിജ്ഞാനമുണ്ടാകുന്നത്.

മൊബൈൽ ഫോൺ പുറത്തിറങ്ങിയ കാലം മുതൽ നൽകുന്ന ഏറ്റവും പ്രധാനപ്പെട്ട സേവനങ്ങളിൽ ഒന്നാണ് സന്ദേശവിനിമയം. ലഘു സന്ദേശങ്ങൾ (SMS), ശബ്ദ-ചിത്ര സന്ദേശങ്ങൾ (MMS) എന്നിവ ദീർഘസന്ദേശങ്ങൾക്കുമുള്ള മുന്നൊരുക്കങ്ങളായിരുന്നു. ടെക്സ്റ്റ് മെസേജിങ് ടൂളുകൾ വ്യാപകമായതോടെയാണ് ദീർഘസന്ദേശങ്ങൾ സാധ്യമായതും പ്രചാരം ലഭിച്ചതും. ടെക്സ്റ്റ് മെസേജിങ് ടൂളുകൾ ഉപയോഗിച്ചുള്ള സന്ദേശവിനിമയം ഭാഷാപഠനത്തെ സംബന്ധിച്ചെടുത്തോളം വളരെ പ്രധാനപ്പെട്ടതാണ്. അതുപോലെതന്നെ, വായനയും എഴുത്തും ഭാഷാപഠിതാക്കളെ സംബന്ധിച്ചിടത്തോളം അതീവ പ്രാധാന്യമുള്ള നൈപുണികളുമാണ്.

അതുപോലെതന്നെ, പഠനസാമഗ്രികളുടെ സുഗമമായ കൈമാറ്റത്തിനും വിതരണത്തിനും മൊബൈൽ ഫോൺ വ്യാപകമായി ഉപയോഗിക്കപ്പെടുന്നുണ്ട്. വായനസാമഗ്രികൾ ഡൗൺലോഡ് ചെയ്യുന്നതിനും ക്ലാസുമായി ബന്ധപ്പെട്ട ഓഡിയോ-വീഡിയോ ക്ലിപ്പുകൾ വിതരണം ചെയ്യുന്നതിനും മൊബൈൽ ഫോണുകൾ ഉപയോഗിക്കുന്നു. ക്ലാസുകളുടെ റെക്കോർഡിങ്ങും പുനരുപയോഗവും അനന്തസാധ്യതകൾ തുറന്നിട്ടു.

## മലയാളഭാഷയും മൊബൈൽ ഫോൺ ആപ്പുകളും

ഭാഷാപഠനത്തിനായി ഉപയോഗിക്കാവുന്ന നിരവധി സ്മാർട്ട്ഫോൺ ആപ്പുകൾ ലഭ്യമാണ്. ചില ആപ്പുകൾ ഇതിനുവേണ്ടി സവിശേഷമായി വികസിപ്പിച്ചെടുത്തവയാണ്. ഭാഷകൾ ഉൾപ്പെടെ ഏതു വിഷയവും പഠിപ്പിക്കാൻ ഉപയോഗിക്കാവുന്ന വിദ്യാഭ്യാസ ആപ്പുകളാണ് മറ്റുള്ളവ. മലയാളഭാഷാപഠനത്തിന് നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ചു തുടങ്ങി എന്നതിന് ദൃഷ്ടാന്തമാണ് ഗൂഗിൾ പ്ലേ സ്റ്റോറിൽ പട്ടികപ്പെടുത്തിയിട്ടുള്ള മലയാള ഭാഷാപഠനസഹായികൾ.

മലയാളഭാഷ പരിചയപ്പെടാൻ പ്രീ സ്കൂൾ കുട്ടികളെ സഹായിക്കുന്ന ആപ്പുകൾ മുതൽ ഭാഷ നന്നായി കൈകാര്യം ചെയ്യാൻ അറിയുന്നവർക്കു വേണ്ടിയുള്ള ആപ്പുകളും പ്ലേ സ്റ്റോറിൽ ലഭ്യമാണ്. വാസ്തവത്തിൽ, ഭാഷാപഠിതാക്കളായ കുട്ടികളേക്കാൾ മുതിർന്നവരെ ആകർഷിക്കുന്ന മട്ടിലാണ് ഏതാണ്ടെല്ലാ ആപ്പുകളും രൂപകൽപ്പന ചെയ്തിരിക്കുന്നത്. അക്ഷരമാല പരിചയപ്പെടുത്തുന്നവ, പദപഠനസഹായികൾ, വ്യാകരണപഠനസഹായി, രണ്ടാം ഭാഷയായി മലയാളപഠനത്തിനു സഹായിക്കുന്നവ, നിഘണ്ടുക്കൾ എന്നിങ്ങനെ അഞ്ചു വിധം മൊബൈൽ ആപ്ലിക്കേഷനുകളാണ് പ്ലേ സ്റ്റോറിൽ നിന്ന് സൗജന്യമായും അല്ലാതെയും ലഭിക്കുന്നത്.

## അക്ഷരമാല പരിചയപ്പെടുത്തുന്നവ

എഴുതിയും ഉച്ചരിച്ചും മലയാളം അക്ഷരമാലയെ പരിചയപ്പെടുത്തുന്ന ആപ്പുകളാണ് അധികവും. അക്ഷരമാല, റൈറ്റ് മലയാളം ആൽഫബെറ്റ്സ്, ലേൺ ആൽഫബെറ്റ്സ് തുടങ്ങിയ ആപ്പുകൾ അക്ഷരമാല മാത്രം പരിചയപ്പെടുത്തുന്നവയാണ്. സ്വയം എഴുതി പരിശീലിക്കാനുള്ള സൗകര്യവും ചില ആപ്പുകളിൽ ഒരുക്കിയിട്ടുണ്ട്. അക്ഷരമാല പഠിപ്പിക്കുന്ന ആപ്പുകളിൽ അക്ഷരത്തെറ്റ് കടന്നുകൂടുന്നത് അക്ഷന്തവ്യമായ തെറ്റാണ്. thumpzapp വികസിപ്പിച്ചെടുത്ത 'അക്ഷരമാല' എന്ന പേരിലുള്ള ആപ്പിൽ 'ക' വർഗത്തിലെ അവസാന അക്ഷരമായി രേഖപ്പെടുത്തിയിരിക്കുന്നത് 'ങ' അല്ല 'ങ്ങ' ആണ്. സ്വയം പരിശീലിച്ചുനോക്കി അക്ഷരങ്ങളുടെ ഉച്ചാരണം




ഉറപ്പുവരുത്താനുള്ള സാങ്കേതികവിദ്യ ആപ്പുകളിൽ അന്യമാണ്. അതേസമയം, അക്ഷരങ്ങളുടെ ഉച്ചാരണം നൽകിയിരിക്കുന്ന ആപ്പുകളിൽ ഗുരുതരമായ ഉച്ചാരണപ്രശ്നങ്ങളുമുണ്ട്. പത്തു മിനിട്ടിനുള്ളിൽ മലയാളം പഠിക്കാമെന്ന് ഉറപ്പുതരുന്ന 'മലയാളം ആൽഫബെറ്റ്സ് ഓഡിയോ' എന്ന ആപ്പിലാകട്ടെ മോശം നിലവാരത്തിൽ റെക്കോർഡ് ചെയ്ത ശബ്ദമാണ് ലഭിക്കുന്നത്.

'മലയാള പാഠാവലി' പോലെയുള്ള ചില ആപ്പുകളിൽ മലയാളം അക്ഷരമാലയോടൊപ്പം പഴങ്ങൾ, പച്ചക്കറികൾ, നിറങ്ങൾ, മൃഗങ്ങൾ, അവയവങ്ങൾ എന്നിവയെ പരിചയപ്പെടുത്തുന്ന ലഘുപദങ്ങൾ കൂടി നൽകിയിരിക്കുന്നു. സതീഷ് ഷണ്മുഖം വികസിപ്പിച്ചെടുത്ത 'റൈറ്റ് മലയാളം ആൽഫബെറ്റ്സ്' എന്ന ആപ്പിലും മലയാളം എഴുതിപ്പഠിക്കാൻ അവസരമുണ്ട്. അബിൻ ഷിബു തോമസ് വികസിപ്പിച്ച 'കിഡ്സ് മലയാളം ലേണർ ആൻഡ് വോയിസ് ലേണിങ്' എന്ന ആപ്പിലും എഴുത്തും ഉച്ചാരണവും ലഭ്യമാണ്.

## പദപഠനസഹായികൾ

സാമാന്യമായ ഭാഷാപരിചയമുള്ളവർക്ക് പദസമ്പത്ത് വർധിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള ആപ്പുകളും പ്ലേ സ്റ്റോറിൽ ലഭ്യമാണ്. കുട്ടികളെയും മുതിർന്നവരെയും ഒരുപോലെ ആകർഷിക്കുന്ന വിധത്തിലാണ് ഇവ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ലളിതപദങ്ങളിൽനിന്ന് ഓരോ ഘട്ടം കഴിയുന്തോറും കഠിനപദങ്ങളിലേക്ക് കളി മാറിക്കൊണ്ടിരിക്കും. പദപഠനത്തിനു പ്രാധാന്യം നൽകുന്ന ആപ്പുകളാണ് പദമഞ്ജരി, വേർഡ് പസിൽ, മലയാളം വേർഡ് പസിൽ എന്നിവ. മലയാളപദങ്ങളുമായി പഠിതാക്കൾക്ക് / കളിക്കാർക്ക് എത്രത്തോളം ബന്ധമുണ്ട് എന്ന തിരിച്ചറിയാനുള്ള ഒരു ഗെയിം ആണ് 'പദപ്രശ്നം'. വ്യത്യസ്തവിഷയങ്ങളിലായി പത്തിൽക്കൂടുതൽ ലെവലുകളുള്ള രസകരവും വിജ്ഞാനപ്രദവുമായ ഒരു കളിയാണിത്. ഓരോ ലെവലിലും, പരിചിതമായ ചില വാക്കുകൾ അവയുടെ അക്ഷരക്രമം തെറ്റിച്ച് ഒരു ഗ്രിഡ് ആയി നൽകിയിട്ടുണ്ടാകും. ആ ഗ്രിഡിലെ അക്ഷരങ്ങൾ യോജിപ്പിച്ച് (ടച്ച് & ഡ്രാഗ്) ആ വാക്കുകൾ ഏതൊക്കെയാണെന്ന് കണ്ടുപിടിക്കുകയെന്നതാണ് ഈ ഗെയിം.

## വ്യാകരണപഠനസഹായി

മലയാളവ്യാകരണം ഗൗരവമായി പഠിക്കുന്നതിന് സഹായകമായ ആപ്പുകൾ ഒന്നുംതന്നെ പ്ലേ സ്റ്റോറിൽ ലഭ്യമല്ല. അതേസമയം, വ്യാകരണകാര്യങ്ങൾ സാമാന്യമായി ചർച്ചചെയ്യുന്ന ആപ്പുകൾ ലഭ്യമാണുതാനും. അക്കൂട്ടത്തിൽ പ്രമുഖസ്ഥാനം വഹിക്കുന്ന ആപ്പാണ് 'എഴുത്താശാൻ'. ഭാഷയുടെ തനിമയും പ്രൗഢിയും മലയാളികൾക്ക് പരിചയപ്പെടുത്തുന്ന മൊബൈൽ ആപ്ലിക്കേഷനാണിത്. വിദ്യാർഥികൾ, അധ്യാപകർ, എഴുത്തുകാർ, മാധ്യമപ്രവർത്തകർ, ഡി.ടി.പി. ഓപ്പറേറ്റർമാർ എന്നിങ്ങനെ ഭാഷ കൈകാര്യം ചെയ്യുന്ന സകലർക്കും പ്രയോജനപ്പെടുന്ന മട്ടിലാണ് ഇതിന്റെ ക്രമീകരണം. തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിലെ സാഹിത്യരചനാവിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. അശോക് ഡിക്രൂസ് ആണ് ഈ ആപ്പ് വികസിപ്പിച്ചെടുത്തത്. സാങ്കേതിക സഹായം നൽകിയത് അധ്യാപകനായ പ്രവീൺ വർമയാണ്. അക്ഷരം, എഴുത്ത്, ചിഹ്നനം, അകലമിടൽ, പദവിഭജനം, ശബ്ദകോശം എന്നിവയാണ് എഴുത്താശാനിലെ മുഖ്യവിഭവങ്ങൾ. അക്ഷരം തുറന്നാൽ മലയാളത്തിലെ സ്വരങ്ങളും വ്യഞ്ജനങ്ങളും ചില്ലുകളും കൂട്ടക്ഷരങ്ങളും, സ്വരങ്ങളുടെയും വ്യഞ്ജനങ്ങളുടെയും ഉപലിപികളും, അതോടൊപ്പം അക്ഷരസ്ഥാനവും പരിചയപ്പെടാം. മലയാളത്തിലെ എഴുത്തുരീതികളെയും എഴുത്തുനയങ്ങളെയും മലയാളം അക്കങ്ങളെയും പരിചയപ്പെടുത്തുന്ന ഇടമാണ് എഴുത്ത്. സാഹിത്യരചനയിൽ താൽപ്പര്യമുള്ളവർക്ക് പ്രയോജനപ്പെടുന്നതാണ് എഴുത്തുനയങ്ങൾ എന്ന വിഭാഗം. രചനയിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നവർക്കും രചനയിൽ ഏർപ്പെടാൻ തയാറെടുപ്പുകൾ നടത്തുന്നവർക്കുമുള്ള മാർഗനിർദേശങ്ങളാണ് ഈ ഭാഗത്ത് ഉൾപ്പെടുത്തിയിരിക്കുന്നത്.

**മലയാളഭാഷ പരിചയപ്പെടാൻ പ്രീ സ്കൂൾ കുട്ടികളെ സഹായിക്കുന്ന ആപ്പുകൾ മുതൽ ഭാഷ നന്നായി കൈകാര്യം ചെയ്യാൻ അറിയുന്ന വർക്കുവേണ്ടിയുള്ള ആപ്പുകളും പ്ലേ സ്റ്റോറിൽ ലഭ്യമാണ്. വാസ്തവത്തിൽ, ഭാഷാപഠിതാക്കളായ കുട്ടികളേ ക്കാൾ മുതിർന്നവരെ ആകർഷിക്കുന്ന മട്ടിലാണ് ഏതാണ്ടെല്ലാ ആപ്പുകളും രൂപകൽപ്പന ചെയ്തിരിക്കുന്നത്.**




ആദ്യകാലത്ത് മലയാളത്തിൽ ചിഹ്ന സമ്പ്രദായം തന്നെ ഉണ്ടായിരുന്നില്ല. മലയാളത്തിലെ സാഹിത്യകൃതികളുടെ അച്ചടിപ്പതിപ്പുകൾ നോക്കിയാൽ ഇക്കാര്യം വ്യക്തമാകും. ഭാഷയിലെ പ്രധാന ചിഹ്നങ്ങളും അവയെ സംബന്ധിക്കുന്ന വിവരങ്ങളും, പ്രയോഗങ്ങളും ഉദാഹരണസഹിതം വ്യക്തമാക്കിയിരിക്കുന്ന വിഭാഗമാണ് ചിഹ്നം.

അർഥസന്ദേഹം കൂടാതെ എഴുതാനും വായിക്കാനും വേണ്ടിയാണ് എഴുതുമ്പോൾ അകലം ഇട്ടന്നത്. എന്നാൽ മിക്കവരും എഴുതുമ്പോൾ ഏറ്റവും അലക്ഷ്യമായി ചെയ്യുന്ന പ്രവൃത്തിയും അതുതന്നെയായിരിക്കും. പദങ്ങൾ ചേർത്ത് എഴുതുമ്പോഴും മുറിക്കുമ്പോഴും ശ്രദ്ധിക്കേണ്ട കാര്യങ്ങളും, സന്ധി-സമാസ സംബന്ധിയായ വിഷയങ്ങളും സാമാന്യമായും ലളിതമായും പ്രതിപാദിക്കുന്ന വിഭാഗമാണ് അകലമിടൽ. ഒരു വരിയുടെ അവസാന പദം വിഭജിച്ച് അടുത്തവരിയിൽ തുടർന്ന് എഴുതേണ്ടിവരുമ്പോൾ പാലിക്കേണ്ട കാര്യങ്ങളാണ് പദവിഭജനം എന്ന ഭാഗത്തുള്ളത്. എഴുത്താശാനിലെ ഏറ്റവും ശ്രദ്ധേയമായ ഭാഗമാണ് ശബ്ദകോശം. മലയാളികൾ നിത്യജീവിതത്തിൽ പെരുമാറുന്നതും, പ്രയോഗിക്കുമ്പോൾ അക്ഷരത്തെറ്റോ വ്യാകരണപ്പിശകോ അർഥവ്യത്യാസമോ നിമിത്തം ഉദ്ദേശിക്കുന്ന ആശയം തന്നെ മാറിപ്പോകുന്നതുമായ അപപദങ്ങളെയും അതിന്റെ തെളിമലയാളരൂപങ്ങളെയും പരിചയപ്പെടുത്തുകയാണ് ഇവിടെ. ഒരു വാക്കിനെയും തെറ്റാണെന്നോ ശരിയാണെന്നോ സ്ഥാപിച്ചെടുക്കാൻ ശ്രമം നടത്തുന്നില്ല എന്ന സാമാന്യനീതിയും ഇവിടെ പ്രകടമാണ്. ഇത്തരത്തിലുള്ള ഏതാണ്ട് ആയിരത്തിയഞ്ഞൂറോളം വാക്കുകൾ അക്ഷരാദിക്രമത്തിൽ ഈ ഭാഗത്ത് ചിട്ടപ്പെടുത്തിയിട്ടുണ്ട്.

വിദ്യാർഥികൾ, അധ്യാപകർ, മാധ്യമപ്രവർത്തകർ, എഴുത്തുകാർ തുടങ്ങി ഭാഷ കൈകാര്യം ചെയ്യുന്ന സകലർക്കും ഗുണകരമായ ഒരു ഭാഗമാണിത്. അതോടൊപ്പംതന്നെ ഉച്ചാരണത്തിൽ സമാനതയുള്ള പദജോഡികളെയും ഈ ഭാഗത്ത് പരിചയപ്പെടുത്തുന്നുണ്ട്. പ്രമോദ് നാരായണൻ വികസിപ്പിച്ചെടുത്ത പര്യായമാല (പദം) എന്ന ആപ്പാണ് മറ്റൊരു ശ്രദ്ധേയമായ വ്യാകരണപഠനസഹായി. അക്ഷരമാല, പദപരിചയം, വിപരീതപദങ്ങൾ എന്നിവയോടൊപ്പം സന്ധി, സമാസം, വിഭക്തി, അനുപ്രയോഗം, കാലം, വചനം എന്നിങ്ങനെയുള്ള വ്യാകരണകാര്യങ്ങളും ഈ ആപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## രണ്ടാം ഭാഷയായി മലയാളപഠനത്തിനു സഹായിക്കുന്നവ

മലയാളം രണ്ടാം ഭാഷയായി പഠിക്കാൻ ആഗ്രഹിക്കുന്നവരെയും താൽക്കാലിക ആവശ്യങ്ങൾക്കോ വിനോദസഞ്ചാരത്തിനോ കേരളത്തിൽ എത്തുന്നവരെയും ലക്ഷ്യമാക്കി തയാറാക്കിയ ഭാഷാപഠന ആപ്പുകളും പ്ലേ സ്റ്റോറിൽ ലഭ്യമാണ്. ലേൺ മലയാളം ക്വിക്ക്ലി, സ്പീക്ക് മലയാളം 360, ഫ്ലാഷ് കാർഡ് മലയാളം ലെസ്സൻ എന്നിവ അത്തരത്തിലുള്ള ആപ്പുകളാണ്. പെട്ടെന്നു സംസാരിക്കാൻ ആവശ്യമായ വാക്കുകളും വാക്യങ്ങളും മാത്രം അവതരിപ്പിക്കുന്ന ആപ്പുകളും ലഭ്യമാണ്. എന്നാൽ, ഉച്ചാരണത്തിന്റെ കാര്യം വരുമ്പോൾ ശരാശരിക്കു താഴെമാത്രം നിലവാരം പുലർത്തുന്നവയാണ് ഈ ആപ്പുകൾ. ഭാഷാപരിചയം ഇല്ലാത്തവർക്ക് ഇതൊരു തിരിച്ചടിയായിരിക്കും. ലേൺ മലയാളം ക്വിക്ക്ലി എന്ന ശീർഷകത്തിലോ ഉപശീർഷകത്തിലോ നിർമിക്കപ്പെട്ട ഒന്നിലേറെ ആപ്പുകൾ പ്ലേ സ്റ്റോറിലുണ്ട്. 10 മിനിട്ടുമുതൽ 10 ദിവസത്തിനുള്ളിൽ മലയാളപഠനം സാധ്യമാണെന്ന അവകാശവാദം ഉന്നയിക്കുന്ന ആപ്പുകളാണ് ഇവയെല്ലാം എന്നതാണ് ഏറ്റവും കൗതുകകരമായ വസ്തുത.

## നിഘണ്ടുക്കൾ

ഓൺലൈനിലും ഓഫ്‌ലൈനിലും ഉപയോഗിക്കാൻ കഴിയുന്ന നിരവധി നിഘണ്ടു ആപ്പുകൾ മലയാളത്തിൽ ലഭ്യമാണ്. ഓളം ഓൺലൈൻ

ഉച്ചാരണത്തിന്റെ കാര്യം വരുമ്പോൾ ശരാശരിക്കു താഴെ മാത്രം നിലവാരം പുലർത്തുന്നവയാണ് ഈ ആപ്പുകൾ. ഭാഷാപരിചയം ഇല്ലാത്തവർക്ക് ഇതൊരു തിരിച്ചടിയായിരിക്കും. ലേൺ മലയാളം ക്വിക്ക്ലി എന്ന ശീർഷകത്തിലോ ഉപശീർഷകത്തിലോ നിർമിക്കപ്പെട്ട ഒന്നിലേറെ ആപ്പുകൾ പ്ലേ സ്റ്റോറിലുണ്ട്.

നിഘണ്ടുവിന്റെ ആൻഡ്രോയ്ഡ് പതിപ്പ്, ഓളം ഓൺലൈൻ നിഘണ്ടുവിന്റെ ഓഫ് ലൈൻ കീശ പ്പതിപ്പ് എന്നു വിശേഷിപ്പിക്കാവുന്ന 'അർഥം' എന്ന പേരിലുള്ള നിഘണ്ടു, ഇംഗ്ലീഷിൽനിന്ന് മലയാള ത്തിലേക്കും മലയാളത്തിൽനിന്ന് ഇംഗ്ലീഷിലേക്കും ഓഫ് ലൈനായി അർഥം തിരയാവുന്ന മലയാളം ഡിക്ഷ്ണറി അൾട്ടിമേറ്റ്, 'നിഘണ്ടു' എന്ന പേരിലുള്ള നിഘണ്ടു, സി-ഡിറ്റ് വികസിപ്പിച്ചെടുത്ത 1,40,000 വാക്കുകളുടെ അർഥം തിരയാവുന്ന ഭാഷാമിത്രം നിഘണ്ടു എന്നിവയാണ് പ്രധാനപ്പെട്ട നിഘണ്ടു ആപ്പുകൾ.

ഓർക്കിഡ് ടെക്നോളജി അവതരിപ്പിക്കുന്ന മലയാളം ഡിക്ഷ്ണറി, ഐസ്ഡ്രോയിസിന്റെ മലയാളം ഡിക്ഷ്ണറി, ശ്യാമു വെള്ളനാട് അവതരിപ്പിച്ച 'മലയാളം ഡിക്ഷ്ണറി പ്രോ' എന്നിവയും ശ്രദ്ധേയമായ സംരംഭ ങ്ങളാണ്. അതേസമയം, ആപ്പുകളുടെ രൂപത്തിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ള ഓഫ് ലൈൻ നിഘണ്ടു ക്കളൊന്നും ശരാശരിക്കുമേൽ പ്രകടനം നടത്തുന്ന വയല്ല എന്നത് ഖേദകരമാണ്.

സാങ്കേതികവിദ്യയിൽ അധിഷ്ഠിതവും സമഗ്രവു മായ ഭാഷാബോധനസാമഗ്രികൾ മലയാളഭാഷാ പഠനത്തിനും ഉണ്ടാവേണ്ടത് അനിവാര്യമാണ്. നിലവിലുള്ള സാങ്കേതികവിദ്യയെ കൂടുതൽ മികവു റ്റതാക്കുന്നതോടൊപ്പം, സാങ്കേതികവിദ്യ അപ്രാ പ്യമായ പഠിതാക്കളിലേക്കുകൂടി അവ എത്തിച്ചേ രാൻ വഴിയൊരുക്കുകയും വേണം. അതിനുവേണ്ടി കൃത്യമായ നയരൂപീകരണം നടത്തുക എന്നതാണ് പരമപ്രധാനമായ കാര്യം.

**സാങ്കേതികവിദ്യയിൽ അധിഷ്ഠിതവും സമഗ്രവുമായ ഭാഷാബോധനസാമഗ്രികൾ മലയാളഭാഷാ പഠനത്തിനും ഉണ്ടാവേണ്ടത് അനിവാര്യമാണ്. നിലവിലുള്ള സാങ്കേതികവിദ്യയെ കൂടുതൽ മികവുറ്റതാക്കുന്നതോടൊപ്പം, സാങ്കേതികവിദ്യ അപ്രാപ്യമായ പഠിതാക്കളിലേക്കുകൂടി അവ എത്തിച്ചേരാൻ വഴിയൊരുക്കുകയും വേണം.**

## ഗൂഗിൾ പ്ലേസ്റ്റോർ ലിങ്കുകൾ

1. Malayalam Alphabet Learning (Aksharamala): https://play.google.com/store/apps/details?id=com.thumpzapp.malayalam_alphabate
2. Write Malayalam Alphabets: https://play.google.com/store/apps/details?id=com.sathishshanmugam.writemalayalamalphabets
3. Learn Alphabets - Malayalam: https://play.google.com/store/apps/details?id=com.credentek.learnsimplealphabetsmalayalam
4. Malayalam Alphabets: https://play.google.com/store/apps/details?id=timeshunt.malayalam.alphabets
5. Malayalam Aksharamala Pro: https://play.google.com/store/apps/details?id=com.inapp.aksharamala.malayalam.pro
6. Kids Malayalam Learner and Voice Learning: https://play.google.com/store/apps/details?id=mal.malayalamapp
7. Learn Malayalam Quickly: https://play.google.com/store/apps/details?id=com.altergyan.learnmalayalamquickly
8. പദപ്രശ്നം - Malayalam Word Game: https://play.google.com/store/apps/details?id=com.piebytwo.mlwordgame
9. Olam Malayalam Dictionary: https://play.google.com/store/apps/details?id=com.olam
10. Artham - Malayalam Dictionary: https://play.google.com/store/apps/details?id=com.innoventionist.artham
11. Malayalam Paryayamala: https://play.google.com/store/apps/details?id=com.mal.malparyaya
12. Ezhuthasan: https://play.google.com/store/apps/details?id=ezhuthasan.apliahy
13. Speak Malayalam 360: https://play.google.com/store/apps/details?id=com.bigknol.malayalam360
14. Malayalam Word Game: https://play.google.com/store/apps/details?id=com.bmesolutions.malayalamwordgame
15. Malayalam Smart Slate: https://play.google.com/store/apps/details?id=com.bigknol.malayalamsmartslate

## സഹായകഗ്രന്ഥങ്ങൾ


1. Brown, A., & Green, T. D. The essentials of instructional design: Connecting fundamental principles with process and practice. New York: Routledge, 2016.
2. Inoue, Y. Online education for lifelong learning. Hershey, PA: Information Science Publications, 2007.
3. McQuiggan, Scott et al. Mobile Learning: A Handbook for Developers, Educators and Learners. New York: Wiley, 2015.
4. Mentor, Dominic. Handbook of Research on Mobile Learning in Contemporary Classrooms. New York: Teachers College, Columbia University, 2016.
5. Vygotsky, L. S. et al. Thought and language. Cambridge: MIT Press, 2012.


*(ഡോ. അശോക് ഡിക്രൂസ് - 9447060757)*




# ആർട്ടിഫിഷ്യൽ ഇന്റലിജൻസും മാനവികതയുടെ ഭാവിയും

**ബിജു ധർമപാലൻ**

> മനുഷ്യന്റെ സ്വയാർജിത കഴിവുകളേയും സ്വയം തീരുമാനമെടുക്കാനുള്ള കഴിവിനേയും പോലും ഇത്തരം പരസ്പരം ബന്ധിപ്പിക്കപ്പെട്ട ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധനങ്ങൾ മറികടന്നേക്കാം.

ഡിജിറ്റൽ ജീവിതം മനുഷ്യന്റെ കഴിവുകൾ വർധിപ്പിക്കുകയും യുഗങ്ങൾ പഴക്കമുള്ള മാനുഷിക പ്രവർത്തനങ്ങളെ മാറ്റിയെഴുതുകയും ചെയ്തു കൊണ്ടിരിക്കുന്നു. മാനുഷിക ചുറ്റുപാടുകളുടെ വിവരശേഖരണത്തിലും, അവ പരസ്പരം ബന്ധിപ്പിക്കുകയും കൈമാറുകയും ചെയ്യുന്നതിനും വൈദഗ്ധ്യമുള്ള കോഡ് ഡ്രൈവ് സംവിധാനങ്ങൾ ലോകത്തിലെ പകുതിയിലധികം നിവാസികളിലേക്കും വ്യാപിച്ചു കഴിഞ്ഞിരിക്കുന്നു. ഇവ മനുഷ്യരാശിക്ക് മുമ്പ് സങ്കൽപ്പിക്കാനാവാത്ത അത്ഭുതപൂർവമായ അവസരങ്ങൾ വാഗ്ദാനം ചെയ്യുന്നതോടൊപ്പം ഭീഷണികളും ഉയർത്തുന്നു. അനുദിനം വികസിച്ചു കൊണ്ടിരിക്കുന്ന അൽഗോരിതം- ഡ്രൈവ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) പ്രചരിക്കുന്നത് തുടരുകയാണെങ്കിൽ ഭാവിയിലെ മനുഷ്യരാശി ഇന്നത്തേതിനേക്കാൾ മെച്ചമായിരിക്കുമോ? ഒരു നെറ്റ്‌വർക്ക് സംവിധാനത്തിലൂടെ പരസ്പരം ബന്ധിപ്പിക്കപ്പെട്ട ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മനുഷ്യന്റെ കഴിവുകളുടെ വ്യാപ്തി വർധിപ്പിക്കുമെന്ന് വിദഗ്ധർ പ്രവചിക്കുന്നു. മനുഷ്യന്റെ സ്വയാർജിത കഴിവുകളേയും സ്വയം തീരുമാനമെടുക്കാനുള്ള കഴിവിനേയും പോലും ഇത്തരം പരസ്പരം ബന്ധിപ്പിക്കപ്പെട്ട ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധനങ്ങൾ മറികടന്നേക്കാം. ഒരുപക്ഷേ ഇത് മനുഷ്യരാശിക്ക് തന്നെ ഒരു ഭീഷണിയായിക്കൂടെന്നുമില്ല. അതിന്റെ വിശാലമായ സാധ്യതകളെക്കുറിച്ച് ഇനിയും ഗവേഷണങ്ങളും പഠനങ്ങളും നടക്കേണ്ടിയിരിക്കുന്നു. സങ്കീർണമായ തീരുമാനങ്ങൾ എടുക്കൽ, ന്യായവാദവും പഠനവും, സങ്കീർണമായ അനലിറ്റിക്സും പാറ്റേൺ തിരിച്ചറിയലും, ദൃശ്യസംയോജനം, സംസാരം തിരിച്ചറിയൽ, ഭാഷാവിവർത്തനം തുടങ്ങിയ ജോലികളിൽ കമ്പ്യൂട്ടറുകൾ മനുഷ്യന്റെ ബുദ്ധിയും കഴിവുകളുമായി സമരസപ്പെടുകയോ അതിലധികമായ കൃത്യതയോടെ പ്ര

വർത്തിക്കുകയോ ചെയ്തേക്കാം. സാമൂഹിക സംവിധാനങ്ങളിലും, വാഹനങ്ങളിലും, കെട്ടിടങ്ങളിലും, യൂട്ടിലിറ്റികളിലും, ഫാമുകളിലും, ബിസിനസ്സ് പ്രക്രിയകളിലും സ്മാർട്ട് സംവിധാനങ്ങൾ സമയവും പണവും ജീവിതവും ലാഭിക്കുകയും വ്യക്തികൾക്ക് കൂടുതൽ ഇഷ്ടാനുസൃതമായ ഭാവി ആസ്വദിക്കാനുള്ള അവസരങ്ങൾ നൽകുകയും ചെയ്യും.

ആരോഗ്യപരിപാലനത്തിലും, രോഗം നിർണയിക്കുന്നതിലും ചികിത്സിക്കുന്നതിലും, മുതിർന്ന പൗരന്മാരെ പൂർണവും ആരോഗ്യകരവുമായ ജീവിതം നയിക്കാൻ സഹായിക്കുന്നതിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യമായ നിരവധി ഉപയോഗങ്ങളും ഉദാഹരണങ്ങളും ഉണ്ട്. വ്യക്തിഗത ജീനോമുകൾ മുതൽ പോഷകാഹാരം വരെയുള്ള എല്ലാ മേഖലകളിലും നിന്ന് ശേഖരിക്കപ്പെടുന്ന വൻതോതിലുള്ള ഡേറ്റയെ അടിസ്ഥാനമാക്കി വിശാലമായ പൊതുജനാരോഗ്യ പദ്ധതികൾ വിഭാവനം ചെയ്യുന്നതിൽ AI ന്റെ പങ്ക് വളരെ വലുതാണ്. കൂടാതെ, ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസ സമ്പ്രദായങ്ങളിൽ ദീർഘകാലമായി പ്രതീക്ഷിക്കുന്ന മാറ്റങ്ങൾക്കും AI സഹായകമാകും.

ഡ്രൈവറില്ലാ കാറുകൾ മുതൽ വീടുകളിലെ ശബ്ദനിയന്ത്രണ സംവിധാനങ്ങൾ വരെ, ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യത ഉപയോഗപ്പെടുത്തുന്നു. ഇപ്പോൾ അവ സയൻസ് ഫിക്ഷൻ സിനിമകളിൽ നിന്നും പുസ്തകങ്ങളിൽ നിന്നുമുള്ള ഒരു ആശയം മാത്രമല്ല, എന്നാൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഫ്യൂച്ചർ 2054 ൽ സെറ്റ് ചെയ്ത മൈനോറിറ്റി റിപ്പോർട്ട് എന്ന ചിത്രത്തിലെ പ്രവചനങ്ങളേക്കാൾ വേഗത്തിലാണ് അവ യാഥാർഥ്യമാകുന്നത്. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിലെ ശാസ്ത്രജ്ഞർ നടത്തിയ പഠനമനുസരിച്ച്,2024-ഓടെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഭാഷകൾ വിവർത്തനം ചെയ്യുന്നതിൽ മനുഷ്യനേക്കാൾ മികച്ചതായിരിക്കും. 2026-ഓടെ ഉപന്യാസങ്ങൾ, 2031 ഓടെ സാധനങ്ങൾ വിൽക്കുക 2049-ഓടെ ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്ന ഒരു പുസ്തകം എഴുതുക, 2053-ഓടെ ശസ്ത്രക്രിയകൾ നടത്തുക, എന്നിങ്ങനെ ചുരുക്കത്തിൽ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ, AI മനുഷ്യജീവിതത്തിന്റെ ഒരു അവിഭാജ്യ ഘടകമായി മാറും. നിങ്ങളുടെ മുഖം തിരിച്ചറിഞ്ഞ് താക്കോലില്ലാതെ നിങ്ങളുടെ വീടിന്റെയോ മുറിയുടെയോ വാതിൽ തുറക്കുന്നത് സങ്കല്പിച്ച് നോക്കൂ.

ദൈനംദിന ഇടപാടുകൾ എളുപ്പവും കാര്യക്ഷമവുമാക്കി കൊണ്ട് നിങ്ങളുടെ മുഖം നിങ്ങളുടെ തിരിച്ചറിയൽ രേഖയായി മാറും. ഓർഡർ നൽകി മിനിറ്റുകൾക്കുള്ളിൽ നിങ്ങളുടെ ഉല്പന്നങ്ങൾ ചെറിയ ഡ്രോണുകൾ വഴി നിങ്ങളുടെ വീട്ടു വാതിൽക്കൽ എത്താൻ തയാറാകും. AI അടിസ്ഥാനമാക്കിയുള്ള വെർച്വൽ അസിസ്റ്റന്റുകൾ നിങ്ങളുടെ അപ്പോയിന്റ്മെന്റ് ബുക്ക് ചെയ്യാൻ മനുഷ്യനെപ്പോലെ കോളുകൾ വിളിക്കുകയും സന്ദർഭവും പ്രാധാന്യവും മനസ്സിലാക്കി ഫോൺ സംഭാഷണത്തിന് മറുപടി പറയുകയും ചെയ്യും. അടുത്ത കുറച്ച് വർഷങ്ങൾക്കുള്ളിൽ ഒരു റോബോട്ട് സർജൻ ഓപ്പറേഷൻ ചെയ്യാൻ സ്വയം തയാറെടുക്കുകയും ശസ്ത്രക്രിയ നടത്തുകയും രോഗികളെ അവരുടെ പരിചരണ രീതികൾ നന്നായി മനസ്സിലാക്കാൻ സഹായിക്കുകയും ചെയ്യുന്നതിനാൽ ഒരു മനുഷ്യ ഫിസിക്കൽ സർജൻ കാഴ്ചക്കാരൻ മാത്രമായേക്കാം.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മനുഷ്യഭാവിയെ എങ്ങനെ പരിവർത്തനം ചെയ്യും എന്നതിന്റെ ഏതാനും ചില ഉദാഹരണങ്ങൾ മാത്രമാണിത്. ഭാവിയിലെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മുന്നേറ്റങ്ങൾ വളരെ അകലെയാണെന്ന് നമുക്ക് തോന്നിയേക്കാം. എന്നാൽ നമുക്ക് ചിന്തിക്കാൻ പോലും കഴിയുന്നതിനേക്കാൾ വേഗത്തിൽ അവ ഇവിടെ യാഥാർഥ്യമാകും. നമ്മുടെ ദൈനംദിന ജീവിതത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നടപ്പിലാക്കാനുള്ള ഓട്ടത്തിലാണ് മുൻനിര ഗവേഷകരും ശാസ്ത്രസാങ്കേതിക കമ്പനികളും. ഇത് ശരിക്കും അതിശയകരവും ആവേശകരവുമായ ഒരു ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഭാവിയിലേക്ക് നമ്മെ നയിക്കും. AI യിലെ സമീപകാല സാങ്കേതിക മുന്നേറ്റങ്ങൾ മനുഷ്യഭാവിയുടെ വിവിധ മേഖലകളെ എങ്ങനെ സ്വാധീനിക്കുമെന്ന് നോക്കാം.

## ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആരോഗ്യസംരക്ഷണത്തിൽ

ആരോഗ്യ സംരക്ഷണ മേഖലയിലെ 90% തെറ്റുകളും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ച് തടയാൻ കഴിയും. ആരോഗ്യ പരിപാലനത്തിലെ AI യുടെ ഭാവി, രോഗികൾക്കും ആരോഗ്യ പരിപാലന പ്രൊഫഷണലുകൾക്കും ഒരുപോലെ പ്രയോജനപ്രദമായ, ആരോഗ്യ പരിപാലനത്തെ ജനാധിപത്യവൽക്കരിക്കുന്നതിലേക്കുള്ള ഒരു ചുവടുവയ്പാണ്. അതേസമയം AI അടിസ്ഥാനമാക്കിയ പ്രെഡിക്റ്റീവ് കെയറിലൂടെ ആരോഗ്യ പരിപാലനം ചെലവ് കുറഞ്ഞതും കൂടുതൽ കൃത്യവുമാകുന്നു. ഒരു വ്യക്തിയുടെ ആരോഗ്യത്തെ സ്വാധീനിക്കുന്ന വിവിധ ഘടകങ്ങൾ-ജനനസ്ഥലം, ഭക്ഷണശീലങ്ങൾ, പ്രാദേശിക വായുമലിനീകരണ തോത് മുതലായവ മനസ്സിലാക്കാൻ നിർമിതബുദ്ധിയുമായി ചേർന്നുള്ള പ്രവചന വിശകലനം സഹായിക്കും. ഭാവിയിൽ, ഒരു വ്യക്തിക്ക് ഒരു വിട്ടുമാറാത്ത രോഗം ഉണ്ടാകാൻ സാധ്യതയുണ്ടെങ്കിൽ, ആരോഗ്യസ്ഥിതി വഷളാകുന്നതിന് മുമ്പ് അത് ഭേദമാക്കാൻ പ്രതിരോധ മരുന്നുകൾ നിർദേശിക്കുന്ന AI അടിസ്ഥാന ആരോഗ്യ സംരക്ഷണ സംവിധാനങ്ങൾ നമുക്ക് തീർച്ചയായും പ്രതീക്ഷിക്കാം.

രോഗനിർണയത്തിനും ചികിത്സയ്ക്കും ഡോക്ടർമാരെ സഹായിക്കുന്നതിന് AI അടിസ്ഥാനമാക്കിയ സംവിധാനങ്ങൾ വികസിപ്പിക്കുന്നതിൽ നിരവധി ഗവേഷണങ്ങൾ നടക്കുന്നതിനാൽ രോഗികൾക്ക് മികച്ച വൈദ്യസഹായം നൽകുന്നതിൽ AI തീർച്ചയായും ഒരു പ്രധാനപങ്കുവഹിക്കും. റോബോട്ടുകൾ


**ആരോഗ്യപരിപാലനത്തിലും, രോഗം നിർണയിക്കുന്നതിലും ചികിത്സിക്കുന്നതിലും, മുതിർന്ന പൗരന്മാരെ പൂർണവും ആരോഗ്യകരവുമായ ജീവിതം നയിക്കാൻ സഹായിക്കുന്നതിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യമായ നിരവധി ഉപയോഗങ്ങളും ഉദാഹരണങ്ങളും ഉണ്ട്.**

രോഗികളുമായി ഇടപഴകുകയും അവരുടെ ആരോഗ്യസ്ഥിതി പരിശോധിക്കുകയും ഒരു ഡോക്ടറുമായി കൂടിക്കാഴ്ച നടത്തേണ്ടതിന്റെ ആവശ്യകത വിലയിരുത്തുകയും ചെയ്യുന്നതിനാൽ നാം മനുഷ്യരുടെ ആരോഗ്യ സംരക്ഷണത്തിന് തികച്ചും വ്യത്യസ്തമായ ഒരു ഭാവി പ്രതീക്ഷിക്കാം. നാം മനുഷ്യർക്ക് തീർച്ചയായും ഡോക്ടർമാരെയും നഴ്സുമാരെയും ശാസ്ത്രജ്ഞരെയും ആവശ്യമുണ്ട്. എന്നിരുന്നാലും, ക്ലിനിക്കൽ ആരോഗ്യസംരക്ഷണ വിവരശേഖരണവും ആ ഡേറ്റയും കൂടുതൽ പ്രവർത്തനക്ഷമമാക്കുന്നതിലൂടെ നമ്മുടെ ആരോഗ്യജീവിതത്തെ കൂടുതൽ കാര്യക്ഷമവും ലളിതവുമാക്കും.

## ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വാണിജ്യമേഖലയിൽ

വ്യാപാരരംഗത്തെ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ആഗോളവിപണി 2022-ഓടെ മില്യൺ ഡോളറിലധികം വളരുമെന്ന് പ്രതീക്ഷിക്കുന്നു. ചില്ലറ വ്യാപാരത്തിൽ AI യുടെ സ്വാധീനത്തെക്കുറിച്ച് കേപ്ഗമിനി (capgemini) നടത്തിയ ഒരു പഠനം അനുസരിച്ച് ചില്ലറവ്യാപാരികൾ അവരുടെ ബിസിനസ്സ് പ്രവർത്തനങ്ങളിൽ AI വിന്യസിച്ചാൽ 2022 ഓടെ അവർക്ക് 340 ബില്യൺ ഡോളർ ലാഭിക്കാൻ കഴിയും. 2022 അവസാനത്തോടെ റീട്ടെയിലിലെ AI നിക്ഷേപം വരുമാനം 38% വർധിപ്പിക്കുമെന്ന് Accenture റിപ്പോർട്ട് ചെയ്യുന്നു. മികച്ച ബിസിനസ്സ് തീരുമാനമെടുക്കുന്നതിനുള്ള വൈവിധ്യമാർന്ന ഉപയോഗസാധ്യതകളുള്ള ചില്ലറ വ്യാപാരികൾക്ക് മികച്ച ഭാവി വാഗ്ദാനം ചെയ്യുന്നു എന്നതിന് വ്യക്തമായ തെളിവാണ് ഈ സ്ഥിതി വിവരക്കണക്കുകൾ.

ഭാവിയിൽ 30 മിനിറ്റിനുള്ളിൽ AI, ഡ്രോണുകൾ ഉപയോഗിച്ച് 5 പൗണ്ട് പാക്കേജുകൾ വരെ ചരക്ക് വിതരണം പ്രതീക്ഷിക്കാം. പാക്കേജുകൾ വിതരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളുടെ ശരിയായ സുരക്ഷയും വിശ്വാസ്യതയും നിർണയിക്കാൻ ആമസോൺ ഇതിനകം തന്നെ പ്രവർത്തിക്കുന്നുണ്ട്. ഡ്രോണുകളുടെ വാണിജ്യ ഉപയോഗം എന്ന് നിലവിൽ വരുമെന്നതിനെക്കുറിച്ച് ഇതുവരെയും തീരുമാനിക്കപ്പെട്ടിട്ടില്ല. എന്നിരുന്നാലും അടുത്തദശകത്തിൽ ഡ്രോണുകൾ ഉപയോഗിച്ച് ഉടനടി സാധനങ്ങളുടെയും ഭക്ഷണത്തിന്റെയും സ്വയം നിയന്ത്രിത വിതരണം നമുക്ക് പ്രതീക്ഷിക്കാവുന്നതാണ്. സ്വയമേവയുള്ള വിതരണം മാത്രമല്ല, ചില്ലറ വ്യാപാരത്തിൽ AI യുടെ ഭാവി കൂടുതൽ സ്വയം ഭരണപരവും വ്യക്തിപരവുമാണ്. അതിൽ ശേഖരിക്കപ്പെട്ടിട്ടുള്ള ഡാറ്റ നിർവചിക്കുന്ന വ്യക്തിക്കനുസരിച്ച് ഇഷ്ടാനുസൃതമാക്കിയ വെർച്വൽ റാക്കുകൾ, സ്ക്രീനുകളുള്ള കണക്റ്റ് ചെയ്ത ഡ്രസ്സിങ് റൂമുകൾ, മുൻവാണിജ്യ ചരിത്രത്തെയും ഉപഭോക്താവിനെ ഉണ്ടാക്കുന്ന പ്രവണതകളെയും അടിസ്ഥാനമാക്കിയുള്ള കൂടുതൽ വ്യക്തിഗതമാക്കൽ എന്നിവ ഉൾപ്പെടുന്നു.

വാസ്തവത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 2019 ൽ AI വ്യവസായം ഇരട്ടിയാക്കി. ഒരു വർഷത്തിനുള്ളിൽ 3 മടങ്ങ് കൂടുതൽ കമ്പനികൾ AI അടിസ്ഥാനമാക്കിയുള്ള പ്രോജക്ടുകളിൽ പ്രവർത്തിക്കും. ഈ വേഗത തുടരാൻ സാധ്യതയുണ്ട്. ഇന്ത്യ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എഞ്ചിനീയർമാരുടെ എണ്ണം ഇരട്ടിയാക്കി 2018-ൽ 40 K ൽ നിന്ന് 2019-ൽ 72 K ലേക്ക്. പക്ഷേ, ഇപ്പോഴും വിവിധ മേഖലകളിൽ നൈപുണ്യത്തിന്റെ കുറവ് നേരിടുന്നു. വിവിധ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കോഴ്സുകളിലൂടെ സ്വയം നൈപുണ്യമുണ്ടാക്കി കൊണ്ട് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എഞ്ചിനീയർ ജോലികളിലേക്ക് പ്രൊഫഷണലുകൾ മാറുന്നതാണ് AI വ്യവസായത്തിലെ വളർച്ചയ്ക്ക് കരുത്ത് പകരുന്നത്.

## ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ബാങ്കിങ് മേഖലയിൽ

IHS Markit's AI in Banking റിപ്പോർട്ട് അനുസരിച്ച് 2030-അവസാനത്തോടെ ബാങ്കിങ്ങിലെ AI യുടെ ആഗോള ബിസിനസ്സ് മൂല്യം 300 ബില്യൺ ഡോളറിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു. അടുത്ത ദശകത്തിൽ ബിസിനസ് ഇന്റലിജൻസ് സെക്യൂരിറ്റി തുടങ്ങിയ തലങ്ങളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ശ്രദ്ധകേന്ദ്രീകരിക്കും. ഉൽപ്പാദനക്ഷമതയും മെച്ചപ്പെട്ട ഉപഭോക്തൃ സേവനവും കാഴ്ചവയ്ക്കാൻ ബാങ്കിങ് മേഖലയിലെ AI വികസനങ്ങൾക്കു കഴിയും. വെൽത്ത്മാനേജ്മെന്റിലെ റോബോ അഡ്വൈസർമാർ ബാങ്കിങ് രംഗത്തെ ഒരു സാധാരണകാഴ്ചയായി മാറും. വെൽത്ത് മാനേജർമാർക്കും ഉപഭോക്താക്കൾക്കും ഗണ്യമായ സമയം ലാഭിക്കും. ഭാവിയിലെ ബാങ്കുകൾ അവരുടെ സേവനങ്ങളും ഉൽപ്പന്നങ്ങളും വ്യക്തിഗതമാക്കാൻ മാത്രമല്ല, ഉപഭോക്തൃസേവനങ്ങളും വ്യക്തിഗതമാക്കാൻ AI ഉപയോഗിക്കും. ഉദാഹരണത്തിന് നിങ്ങൾ ബാങ്ക് ശാഖയിൽ പ്രവേശിക്കുമ്പോൾ ഒരു ഐഡികാർഡോ പാസ്ബുക്കോ ഹാജരാക്കേണ്ടതിന്റെ ആവശ്യകത ഉണ്ടാവുകയില്ല. എന്നാൽ നിങ്ങളുടെ പേരും നിങ്ങളുടെ മുഴുവൻ ബാങ്ക് അക്കൗണ്ട് വിവരങ്ങളെയും കുറിച്ചുള്ള പൂർണമായ അറിവും നൽകി നിങ്ങൾ ബാങ്കിൽ സ്വാഗതം ചെയ്യപ്പെടും.

## ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തൊഴിൽ മേഖലയിൽ

'ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നമ്മുടെ ജോലി ഏറ്റെടുക്കും!'' ഭാവിയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെ ചുറ്റിപറ്റിയുള്ള ഏറ്റവും സാധാരണമായ ഭയം ഇതാണ്. എന്നാൽ ദശലക്ഷക്കണക്കിന് പുതിയ തൊഴിൽ അവസരങ്ങൾ തുറക്കാൻ സഹായിക്കും. എല്ലാത്തരം ജോലികളും ഓട്ടോമേറ്റ് ചെയ്യുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ച് നമുക്ക് കൂടുതൽ സുഖപ്രദമായ ഭാവിയെ കുറിച്ച് ചിന്തിക്കാൻ കഴിയും. അത് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും മനുഷ്യന്റെ തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്താതിരിക്കുകയും ചെയ്യും. വേൾഡ്

**രോഗനിർണയത്തിനും ചികിത്സയ്ക്കും ഡോക്ടർമാരെ സഹായിക്കുന്നതിന് AI അടിസ്ഥാനമാക്കിയ സംവിധാനങ്ങൾ വികസിപ്പിക്കുന്നതിൽ നിരവധി ഗവേഷണങ്ങൾ നടക്കുന്നതിനാൽ രോഗികൾക്ക് മികച്ച വൈദ്യസഹായം നൽകുന്നതിൽ AI തീർച്ചയായും ഒരു പ്രധാനപങ്കുവഹിക്കും.**



'ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നമ്മുടെ ജോലി ഏറ്റെടുക്കും!" ഭാവിയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെ ചുറ്റിപ്പറ്റിയുള്ള ഏറ്റവും സാധാരണമായ ഭയം ഇതാണ്. എന്നാൽ ദശലക്ഷക്കണക്കിന് പുതിയ തൊഴിൽ അവസരങ്ങൾ തുറക്കാൻ സഹായിക്കും. എല്ലാത്തരം ജോലികളും ഓട്ടോമേറ്റ് ചെയ്യുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ച് നമുക്ക് കൂടുതൽ സുഖപ്രദമായ ഭാവിയെ കുറിച്ച് ചിന്തിക്കാൻ കഴിയും.

ഇക്കണോമിക്ഫോറത്തിന്റെ തൊഴിലിന്റെ ഭാവിയെക്കുറിച്ചുള്ള ഒരു റിപ്പോർട്ട് അനുസരിച്ച് 2022 ഓടെ ദശലക്ഷം പുതിയ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ജോലികൾ സൃഷ്ടിക്കപ്പെടും. 2030 ഓടെ മനുഷ്യശ്രദ്ധ ആവശ്യമായ മിക്ക ജോലികളിലും AI മനുഷ്യരെക്കാൾ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ സാധ്യതയുണ്ട്. എന്നാൽ അതിന് മനുഷ്യരുടെ തൊഴിലവസരം നഷ്ടപ്പെടും എന്ന് അർഥമില്ല. മനുഷ്യന്റെ സർഗാത്മകതയാൽ മാത്രം പരിമിതപ്പെടുത്തിയ അനന്തമായ സാധ്യതകളുള്ള പരിണാമഘട്ടത്തിന്റെ കാലയളവിലാണ് നാം. ഈ ഘട്ടത്തിലെ ഒരു വ്യക്തമായ ചോദ്യം 'അപ്പോൾ ഭാവിയിലെ ഒരു സംരംഭം യഥാർഥത്തിൽ എങ്ങനെയായിരിക്കും? എന്നതാണ്. ഡിജിറ്റൽ തൊഴിലാളികൾ മനുഷ്യരോടൊപ്പം ചേർന്ന് പ്രവർത്തനങ്ങൾ കൂടുതൽ ചടുലമാക്കുകയും മികച്ച ഉൽപ്പന്നങ്ങളും സേവനങ്ങളും നൽകുകയും കൂടുതൽ പണവും ലാഭവും ഉണ്ടാക്കുന്നതുമായ ഒന്നായിരിക്കും ഭാവിയിലെ സംരംഭങ്ങൾ.

## ആർട്ടിഫിഷ്യൽ ഇന്റലിജൻസ്: ഭാവിയുടെ തിളക്കമാർന്നവശം

കൃത്യമായ മരുന്ന് നിർണയം: ഒരു പ്രത്യേക രോഗത്തെ തടയുന്നതിനോ ചികിത്സിക്കുന്നതിനോ ഉള്ള ഏറ്റവും നല്ല സമീപനം നിർണയിക്കാൻ ഒരു വ്യക്തിയുടെ ജനിതകശാസ്ത്രം, പരിസ്ഥിതി, ജീവിതശൈലി എന്നിവ എങ്ങനെ സഹായിക്കുമെന്ന് മനസ്സിലാക്കാൻ AI നിലവിൽ ഉപയോഗിക്കുന്നുണ്ട്. ഡിജിറ്റൽ തെറാപ്പിക്സ്, ഇഷ്ടാനുസൃതമായി രൂപകല്പന ചെയ്ത മരുന്നുകളും മെച്ചപ്പെട്ട രോഗനിർണയവും ഇതിനകം തന്നെ ചികിത്സകൾ കൂടുതൽ താങ്ങാവുന്നതും, കൂടുതൽ ലഭ്യതയുള്ളതും കൃത്യവുമാക്കുകയും മനുഷ്യരെ ദീർഘവും ആരോഗ്യകരവുമായ ജീവിതം നയിക്കാൻ സഹായിക്കുകയും ചെയ്യുന്നു.

ഡ്രൈവറില്ലാത്ത കാറുകൾ: പ്രവൃത്തികളുടെ ഏകോപനം, കൃത്യമായ പാറ്റേൺ തിരിച്ചറിയൽ, വേഗതയെക്കുറിച്ചും പാതകളെക്കുറിച്ചുമുള്ള ധാരണ, പ്രവചനം, ആസൂത്രണം എന്നിവയിൽ ആധുനിക കാറുകൾ മനുഷ്യരെക്കാൾ മികച്ചതായിരിക്കും. 2035-ഓടെ നിരത്തിലിറങ്ങുന്നവയിൽ മിക്കവാറും സ്വയം നിയന്ത്രിത കാറുകൾ ആയിരിക്കുമെന്നാണ് AI വിദഗ്ധരുടെ പ്രവചനം. സ്വയം നിയന്ത്രിത വാഹനങ്ങൾ മുഖ്യധാരയാകുകയും ഡ്രൈവറുടെ പിഴവ് മൂലമുള്ള മരണങ്ങൾ പഴയ കാര്യമാവുകയും മാരകമായ ഡ്രൈവിങ് അപകടങ്ങൾ ഗണ്യമായി കുറയുകയും ചെയ്യും.

## ഡ്രൈവറില്ലാത്ത കാറുകൾ

**വെർച്വൽ അസിസ്റ്റന്റുകൾ:** സിരി, അലെക്സ പോലുള്ള വെർച്വൽ അസിസ്റ്റന്റുമാർ മനുഷ്യർ നൽകുന്ന ജോലികൾ മനസ്സിലാക്കുകയും നിർവഹിക്കുകയും ചെയ്യുന്നു. ശബ്ദനിയന്ത്രിത സാങ്കേതികവിദ്യ ഇതിനകം തന്നെ മനുഷ്യജീവിതം സുഗമമാക്കുകയും വ്യാപകമായി ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ഭാവിയിൽ വെർച്വൽ അസിസ്റ്റന്റുകൾ റോബോട്ടുകളുമായി ബന്ധിപ്പിച്ച് ഏകത്വത്തിന്റെ ഭാഗമാവുകയും നമ്മുടെ ജീവിതത്തിൽ വളരെ നിർ

**എലോൺമസ്ക് വിഭാവനം ചെയ്ത ന്യൂറലിങ്ക്, ബ്രെയിൻ ചിപ്പുകൾ വികസിപ്പിക്കാൻ ശ്രമിക്കുന്നു. അത് യാഥാർഥ്യമായാൽ, നമ്മുടെ ചിന്തകൾ ഉപയോഗിച്ച് സാങ്കേതികവിദ്യയെ നിയന്ത്രിക്കാൻ നമ്മെ പ്രാപ്തരാക്കും**

ണായക പങ്ക് വഹിക്കുകയും ചെയ്യും.

ഇംപ്ലാന്റുകൾ: ബ്രെയിൻ മെഷീൻ ഇന്റർഫേസുകളുടെ ഉപയോഗം മനുഷ്യബുദ്ധിയുടെ വൻതോതിലുള്ള വികാസത്തിലേക്ക് നയിക്കുകയും പക്ഷാഘാതം, അന്ധത, ഉത്കണ്ഠ, ആസക്തി എന്നിവയുൾപ്പെടെയുള്ള നിരവധി മെഡിക്കൽ അവസ്ഥകൾ പരിഹരിക്കാൻ മനുഷ്യരെ സഹായിക്കുകയും ചെയ്യും. ഇംപ്ലാന്റുകൾ ഉപയോഗിച്ച് അടിസ്ഥാന മനുഷ്യ ജീവശാസ്ത്രം പുനഃക്രമീകരിക്കുന്നത് കുറച്ച് വർഷങ്ങൾക്കുള്ളിൽ സ്വയം മെച്ചപ്പെടാനും, കഴിവുകൾ വർധിപ്പിക്കാനും, നവീകരിക്കാനും നമ്മെ സഹായിച്ചേക്കാം. ഉദാഹരണത്തിന്, എലോൺമസ്കിന്റെ കമ്പനിയായ ന്യൂറലിങ്ക് നിർമിച്ച ഇംപ്ലാന്റുകളുള്ള ഒരു കുരങ്ങന് ഇപ്പോൾ തന്നെ ചിന്തകൾ ഉപയോഗിച്ച് പോങ് കളിക്കാൻ കഴിയും. ഒരു കുരങ്ങന് ഇത് സാധ്യമാണെങ്കിൽ ഭാവിയിൽ ഇത് വാണിജ്യവൽക്കരിക്കപ്പെട്ടാൽ മനുഷ്യർക്ക് എന്ത് ചെയ്യാൻ കഴിയുമെന്ന് സങ്കല്പിച്ചുനോക്കൂ.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഭാവിയുടെ ഇരുണ്ട വശം: പൊതുജന നിരീക്ഷണം: വൻകിട ടെക്നോളജി കമ്പനികളുടെ AI യുടെ വിപുലമായ ഉപയോഗം ഡിജിറ്റൽ സ്വകാര്യതയെ നശിപ്പിക്കാൻ ഇടയാക്കി. ചൈനയുടെ സോഷ്യൽ ക്രെഡിറ്റ്സിസ്റ്റം ആ നിരീക്ഷണം ഡിജിറ്റൽ ലോകത്തേക്ക് മാത്രമല്ല ജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും വ്യാപിപ്പിക്കുകയും പൗരന്മാരുടെ പെരുമാറ്റവും വിശ്വാസ്യതയും വിലയിരുത്തുകയും അവരുടെ ജനസംഖ്യയിൽ കടുത്ത നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യുന്നു. കോവിഡ്-19 പാസ്പോർട്ടുകളുടെ വരവോടെ പാശ്ചാത്യലോകത്തുടനീളം ഇത്തരത്തിലുള്ള നിയന്ത്രണം കൊണ്ടുവരുന്നതിനുള്ള ആദ്യ ചുവടുവെപ്പാണ് ഇതെന്ന് പലരും ഭയപ്പെടുന്നു.

ആധുനിക യുദ്ധമുറ: ലോകരാജ്യങ്ങൾ തമ്മിലെ അടുത്ത വലിയ യുദ്ധത്തിൽ ജയവും തോൽവിയും തമ്മിലുള്ള നിർണായക ഘടകം AI ആയിരിക്കാം. ആളില്ലാ അണ്ടർ വാട്ടർ വാഹനങ്ങൾ, സ്മാർട്ട് റോബോട്ടിക് ഉപകരണങ്ങളുടെ സമൂഹങ്ങൾ, ഡ്രോണുകൾ, റോബോട്ടുകൾ, കൃത്യമായ മാർഗനിർദേശമുള്ള മിസൈലുകൾ എന്നിവ ഉപയോഗിച്ച് ആധുനിക യുദ്ധത്തിന്റെ ആധിപത്യം സാങ്കേതികവിദ്യ നിർണയിക്കും.

റോബോട്ടുകൾ വേഗമേറിയതും ശക്തവും കൂടുതൽ കൃത്യതയുള്ളതും മനുഷ്യരേക്കാൾ മികച്ച രീതിയിൽ നിർദേശങ്ങൾ പിന്തുടരുന്നതുമാണ്. അത് മനുഷ്യരെ കാലഹരണപ്പെടുത്തിയേക്കാം.

വൻതോതിലുള്ള തൊഴിൽ നഷ്ടം: 2030 ഓടെ AI കാരണം ഒരു ബില്യൺ ആളുകൾക്ക് ജോലി നഷ്ടപ്പെടുമെന്നും കോവിഡ്-19 പാൻഡെമിക് ഈ പ്രവണതയെ ത്വരിതപ്പെടുത്തുക മാത്രമാണ് ചെയ്തതെന്നും ചില പഠനങ്ങൾ പറയുന്നു. നിർഭാഗ്യവശാൽ, തൊഴിൽരംഗത്തെ സാങ്കേതിക പരിണാമ പ്രവണത അനിവാര്യമാണ്. ഇത് തൊഴിൽ നഷ്ടവും അസമത്വവും വർധിപ്പിക്കുകയും, അധികാരം കുറച്ച് പേരുടെ കൈകളിൽ മാത്രമായി സ്ഥാപിക്കപ്പെടുകയും ചെയ്യും.

സാമൂഹിക സാമ്പത്തിക അസമത്വം: താഴ്ന്ന വൈദഗ്ധ്യം വേണ്ടത് മുതൽ ഇടത്തരം വൈദഗ്ധ്യം വേണ്ടത് വരെയുള്ള ദശലക്ഷക്കണക്കിന് ജോലികൾ ഇല്ലാതാവുന്നതോടെ, ഇടത്തരം നൈപുണ്യവും ഉയർന്ന നൈപുണ്യവും ഉള്ളവർ തമ്മിലുള്ള വരുമാന അന്തരം വളരെ വലുതായിരിക്കും. യു.എൻ.യുടെ അഭിപ്രായത്തിൽ ലോകജനസംഖ്യയുടെ 71% വും വർധിച്ച അസമത്വമുള്ള രാജ്യങ്ങളിലാണ് ജീവിക്കുന്നത് അൽഗോരിതങ്ങൾക്കായി പ്രവർത്തിക്കുന്ന മനുഷ്യർ, അൽഗോരിത സംവിധാനങ്ങൾ രൂപകല്പന ചെയ്യുകയും പരിശീലിപ്പിക്കുകയും ചെയ്യുന്ന ടെക്നോളജി ക്ലാസ്, അൽഗോരിതങ്ങൾ സ്വന്തമാക്കിയ അതിസമ്പന്നരായ പ്രഭുവർഗം എന്നിവയ്ക്കിടയിലുള്ള വർഗാധിഷ്ഠിത വിഭജനത്തിന്റെ ഒരു സാഹചര്യം വളരെ വിദൂരമല്ല.

അന്തിമതീരുമാനം: ഇതിനെല്ലാം ഒരു ഇരുണ്ട വശമുണ്ട് എന്നതാണ് ഒരു പ്രധാന വെല്ലുവിളി. എല്ലാം അറിയാമെന്നും ഈ സാങ്കേതിക കണ്ടുപിടുത്തങ്ങളെ തടസ്സമില്ലാതെ വളരാൻ അനുവദിക്കാനുമുള്ള മനുഷ്യരുടെ അമിത ആത്മവിശ്വാസം വളരെ അപകടകരമാണ്. സാങ്കേതിക വിദ്യാനവീകരണത്തിന്റെ വേഗത വർധിച്ചു കൊണ്ടിരിക്കുമ്പോൾ, AI നൽകുന്ന നേട്ടങ്ങൾ അന്ധമായി ആസ്വദിക്കുക മാത്രമല്ല, വരാനിരിക്കുന്ന തടസ്സങ്ങളെക്കുറിച്ച് അറിഞ്ഞിരിക്കേണ്ടതും പ്രധാനമാണ്. കമ്പ്യൂട്ടർ സൂപ്പർ ഇന്റലിജൻസ് നമ്മുടെ നിലനിൽപ്പിന് തന്നെ ഭീഷണിയായേക്കാം. ഇല്ലെങ്കിലും, നാലാം വ്യാവസായിക വിപ്ലവം കൊണ്ടു വരാൻ കഴിയുമെങ്കിൽ ഉത്തരവാദിത്വത്തോടെ പരിഹരിക്കപ്പെടേണ്ട വലിയ പ്രശ്നങ്ങൾ ഇനിയും ഉണ്ട്. അതിനാൽ തന്നെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എവിടെ വരെ ചെന്നെത്താം എന്നു കൂടി ചിന്തിക്കേണ്ടിയിരിക്കുന്നു.

## മനുഷ്യ പരിണാമവും ആർട്ടിഫിഷ്യൽ ഇന്റലിജൻസും

മനുഷ്യന്റെ പരിണാമത്തിലെ ആദ്യത്തെ സുപ്രധാന കുതിച്ചുചാട്ടം തീയുടെയും കാർഷിക രീതികളുടെയും കണ്ടെത്തലായിരുന്നു. പിന്നീട്, ആയിരത്തിലധികം വർഷങ്ങൾക്ക് ശേഷം, നമുക്ക് ഇന്റർനെറ്റ് ലഭിച്ചു. അത് വീണ്ടും, നമ്മൾ ചിന്തിക്കുകയും കാര്യങ്ങൾ ചെയ്യുകയും ചെയ്യുന്ന രീതിയെ മാറ്റി മറിച്ചു. പ്രാഥമികമായി, സാധാരണ മനുഷ്യ സാധ്യമല്ലാതിരുന്ന പ്രവർത്തനങ്ങൾ നടത്താൻ മനുഷ്യരെ പ്രാപ്തരാക്കുന്ന ഒരു കൂട്ടം ഉപകരണങ്ങൾ ഇത് വാഗ്ദാനം ചെയ്തു. ഇപ്പോൾ, AI യുടെ ആവിർഭാവവും വികസനവും മനുഷ്യ പരിണാമത്തിന്റെ പാതയിൽ സമാനമായ, പരിവർത്തനാത്മകമായ ഒരു ഘട്ടം മനുഷ്യരാശി അനുഭവിക്കുകയാണ്. AI അതിന്റെ ഇന്നത്തെ പ്രാരംഭഘട്ടത്തിൽ പോലും, വാഗ്ദത്തമായ വഴികൾ എല്ലാ മേഖലയിലും തുറക്കുകയും ആരോഗ്യം, ധനകാര്യം, ഗതാഗതം, ലോജിസ്റ്റിക്സ്

മുതലായവ ഉൾപ്പെടെ എല്ലാ വ്യവസായങ്ങളെയും മാറ്റി മറിക്കുകയും ചെയ്യുന്നു. കൂടുതൽ വികസനത്തോടെ, AI സ്വയം കൂടുതൽ വികസനത്തോടെ, കാര്യക്ഷമമായി മാറും. മാത്രമല്ല വികസിത മനുഷ്യരുടെ പരിണാമം പ്രാപ്തമാക്കുകയും ചെയ്യും.

എലോൺമസ്ക് വിഭാവനം ചെയ്ത ന്യൂറലിങ്ക്, ബ്രെയിൻ ചിപ്പുകൾ വികസിപ്പിക്കാൻ ശ്രമിക്കുന്നു. അത് യാഥാർഥ്യമായാൽ, നമ്മുടെ ചിന്തകൾ ഉപയോഗിച്ച് സാങ്കേതികവിദ്യയെ നിയന്ത്രിക്കാൻ നമ്മെ പ്രാപ്തരാക്കും. ഉപകരണങ്ങളും സാങ്കേതികവിദ്യയും മനുഷ്യർക്ക് ബാഹ്യമായ അസ്തിത്വങ്ങൾ ആകുന്നത് അവസാനിക്കും എന്നാണ് ഇതിനർഥം. പകരം, അവ നമ്മുടെ അവിഭാജ്യഘടകമായി മാറും. ചിന്തിക്കുന്നതിലൂടെ മാത്രം പരസ്പരം ആശയവിനിമയം നടത്താൻ പോലും ഇത്തരം ബ്രെയിൻ ചിപ്പുകൾ നമ്മെ സഹായിക്കും. അതായത്, സംസാരം കൂടാതെ, അല്ലെങ്കിൽ മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ഇന്ന് നാം ഇമെയിലുകൾ അല്ലെങ്കിൽ മൊബൈൽ സന്ദേശങ്ങൾ അയച്ച് സംവദിക്കുന്നത് പോലെ നമ്മുടെ ചിന്തകൾ നേരിട്ട് കൈമാറാൻ കഴിയും. നിലവിലെ ഘട്ടത്തിൽ, ബ്ലൂടൂത്ത് വഴി പ്രവർത്തനക്ഷമമാക്കിയ ന്യൂറലിങ്ക് ഉപകരണത്തിന് ഐഫോണുകൾ പോലുള്ള മൊബൈൽ ഉപകരണങ്ങളുമായി സംവദിക്കാൻ കഴിയും.




## ന്യൂറലിങ്ക് ബ്രെയിൻ ചിപ്പ് (ഭാവനാചിത്രം)

അതേസമയം CRISPR-Cas 9 പോലുള്ള സാങ്കേതികവിദ്യ ഉപയോഗിച്ച് ബയോടെക്നോളജി വളരെക്കാലമായി ജീനോംഎഡിറ്റിങ്ങിൽ ഗവേഷണം നടത്തുന്നു. AI ഉപയോഗിച്ച്, അത്തരം സാങ്കേതികവിദ്യകളുടെ സാധ്യതകൾ തികച്ചും വ്യത്യസ്തമായ തലത്തിലേക്ക് കൊണ്ടു പോകാൻ കഴിയും. AI സംയോജിതമായ ജീനോംതിരുത്തലുകൾ മനുഷ്യന്റെ വൈജ്ഞാനിക കഴിവുകൾ വർധിപ്പിക്കാൻ സഹായിക്കും. അറിവ് വർധിപ്പിക്കുന്ന ജനിതക ഘടനകളുടെ അനുകരണങ്ങൾ വർധിപ്പിക്കാനും പ്രവർത്തിപ്പിക്കാനും AI ഉപയോഗിച്ച് സാധ്യമാണ്. മനുഷ്യ മസ്തിഷ്കത്തിന്റെ വികാസത്തിനായുള്ള ജീൻ വ്യതിയാനങ്ങൾ കണ്ടെത്തുന്നതിനും ഇത് സഹായകമാണ്.

## ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മുന്നോട്ടുള്ള പാതയിൽ

ആർട്ടിഫിഷ്യൽ ഇന്റലിജെൻസ് നൽകുന്ന വാഗ്ദാനങ്ങൾ പ്രത്യക്ഷത്തിൽ കേവലം സൈദ്ധാന്തിക സാധ്യതകളായി തോന്നാം. എങ്കിലും അവയുടെ സാധ്യതകൾ നിഷേധിക്കാനാവാത്തതാണ്. മാത്രമല്ല, ഈ സാങ്കേതികവിദ്യകൾ വികസിപ്പിച്ചു കൊണ്ടിരിക്കുന്ന വേഗത കണക്കിലെടുത്താൽ, സമീപഭാവിയിൽ തന്നെ AI യുടെ കൂടുതൽ പക്വമായ രൂപങ്ങൾ സൃഷ്ടിക്കപ്പെടാൻ സാധ്യതയുണ്ട്. എന്നാൽ അത് സംഭവിക്കുമ്പോൾ, AI-യുടെ ഉപയോഗം സുഗമമാക്കുന്ന സങ്കീർണമായ സാങ്കേതികമാറ്റങ്ങളുമായി പൊരുത്തപ്പെടാനുള്ള മനുഷ്യന്റെ സന്നദ്ധതയും അനിവാര്യമാണ്. നമ്മുടെ തന്നെ സൃഷ്ടിയായ AI-യുടെ പരിണാമത്തിനൊപ്പം നിൽക്കണമെങ്കിൽ സ്രഷ്ടാക്കളായ നമ്മളും പരിണമിക്കേണ്ടതുണ്ട്. അപ്പോൾ മാത്രമേ ഈ സാങ്കേതികവിദ്യയുടെ വാഗ്ദത്തവും അനന്യവുമായ നേട്ടങ്ങൾ കൊയ്യാനും നമുക്ക് മെച്ചപ്പെട്ട ജീവിതം ഉറപ്പാക്കാനും കഴിയൂ. എങ്കിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസും മനുഷ്യരുമായുള്ള അതിന്റെ ബന്ധവും മൂല്യങ്ങളുടെയും ധാർമികതയുടെയും ധർമസങ്കടം ഉയർത്തുന്ന പ്രശ്നങ്ങളാൽ നിറഞ്ഞതാണ്. പ്രാപ്തമായേക്കാവുന്ന സാങ്കേതിക വിദ്യകളും അവയുടെ പ്രത്യാഘാതങ്ങളും നമ്മൾ ശരിക്കും മനസ്സിലാക്കിയാൽ മാനുഷികമായ അത്തരം ചിന്തകൾ ഒരു പരിധിവരെ ന്യായവുമാണ്.

*(ബിജു ധർമപാലൻ - 9447121778)*

**മനുഷ്യന്റെ പരിണാമത്തിലെ ആദ്യത്തെ സുപ്രധാന കുതിച്ചുചാട്ടം തീയുടെയും കാർഷിക രീതികളുടെയും കണ്ടെത്തലായിരുന്നു. പിന്നീട്, ആയിരത്തിലധികം വർഷങ്ങൾക്ക് ശേഷം, നമുക്ക് ഇന്റർനെറ്റ് ലഭിച്ചു. അത് വീണ്ടും, നമ്മൾ ചിന്തിക്കുകയും കാര്യങ്ങൾ ചെയ്യുകയും ചെയ്യുന്ന രീതിയെ മാറ്റി മറിച്ചു.**




# സൈബർ മനശ്ശാസ്ത്രം

**ഡോ. സജി സാമുവൽ**

> നിരവധി ഗവേഷണപഠനങ്ങളും രചനകളും ഈ മേഖലയിൽ നടന്നു കൊണ്ടിരിക്കുന്നു. നൂതനസാങ്കേതിക വിദ്യാതലമായ ഇന്റർനെറ്റും വിവരവിനിമയ സാങ്കേതികവിദ്യയും പ്രയുക്തമനശ്ശാസ്ത്രവും കോർത്തിണക്കിയ വിജ്ഞാനശാഖയാണ് സൈബർ മനശ്ശാസ്ത്രം.

ഇന്റർനെറ്റും സാങ്കേതികവിദ്യകളും ഇന്ന് മനുഷ്യജീവിതത്തിന്റെ അവിഭാജ്യഘടകങ്ങളാണ്. കാലാനുസൃതമായ ഇത്തരം മാറ്റങ്ങൾ മനുഷ്യജീവിതത്തെ എങ്ങനെയെല്ലാം സ്വാധീനിക്കുന്നുവെന്നും മനുഷ്യന്റെ നിത്യജീവിതത്തിൽ അവ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിരിക്കുന്നുവെന്നുമുള്ള വിഷയങ്ങൾ പഠനവിധേയമായിക്കൊണ്ടിരിക്കുന്നു. നൂതനസാങ്കേതികവിദ്യകളുടെ ആഗമനം, സാമൂഹിക മാധ്യമങ്ങളുടെ ആവിർഭാവം, അവയുടെ പരിണതഫലങ്ങൾ എന്നിവ പുതിയൊരു വിജ്ഞാനശാഖയ്ക്ക് രൂപം നൽകി. അപ്രകാരം പ്രയുക്ത മനശ്ശാസ്ത്രത്തിൽ രൂപംകൊണ്ട അതിനൂതനമായ വിജ്ഞാനശാഖയാണ് സൈബർ മനശ്ശാസ്ത്രം (Cyberpsychology).

നിരവധി ഗവേഷണപഠനങ്ങളും രചനകളും ഈ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്നു. നൂതന സാങ്കേതിക വിദ്യാതലമായ ഇന്റർനെറ്റും വിവരവിനിമയസാങ്കേതികവിദ്യയും പ്രയുക്തമനശ്ശാസ്ത്രവും കോർത്തിണക്കിയ വിജ്ഞാനശാഖയാണ് സൈബർ മനശ്ശാസ്ത്രം. ഇന്ന് ഏകദേശം അഞ്ചു ബില്യൺ ജനങ്ങളാണ് ഇന്റർനെറ്റിന്റേയും സാങ്കേതികവിദ്യകളുടേയും ഉപഭോക്താക്കളായി മാറിയിരിക്കുന്നത്. അതായത് ലോകജനസംഖ്യയുടെ അൻപതു ശതമാനത്തിൽപ്പരം ജനങ്ങളും ഇന്ന് ഇന്റർനെറ്റ് സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നവരാണ്.

## സൈബർ മനശ്ശാസ്ത്രം - നിർവചനം

മനുഷ്യനും കമ്പ്യൂട്ടറും പരസ്പരവ്യവഹാരത്തിന്റെ ഇരുവശങ്ങളായി മാറിയ സാഹചര്യത്തിൽ മനസ്സിനെക്കുറിച്ചുള്ള പഠനമാണ് സൈബർ മനശ്ശാസ്ത്രം. സാമൂഹികവ്യാപാരം, ഉപഭോക്തൃസംസ്കാരം, ധനവ്യാപാരം, വിദ്യാഭ്യാസസംവിധാനം, ദൃശ്യശ്രവ്യോപാധികൾ, തൊഴിൽമേഖല തുടങ്ങിയവയെല്ലാം തന്നെ ഇന്ന് ഓൺലൈൻ സംവിധാനമായി പരിണമിച്ചിരിക്കുന്നു. മനുഷ്യന്റെ ഒരു വിരൽ ത്തുമ്പിൽ ലോകം മുഴുവൻ ചാഞ്ചാടികളിക്കുന്ന ഈ മാറ്റം ശരാശരി നിലവാരവും കടന്ന് ഉന്നതാനുപാതസൂചികയിൽ എത്തിനിൽക്കുന്നു.

സാങ്കേതികവിദ്യകൾ, അവ മൂലമുണ്ടായ പരിവർത്തനങ്ങൾ എന്നിവ മനുഷ്യനേയും അവന്റെ ചിന്തകളെയും വികാരങ്ങളെയും വ്യവഹാരങ്ങളെയും എത്രമാത്രം സ്വാധീനിച്ചിരിക്കുന്നു എന്നത് ഇന്നൊരത്ഭുതമല്ല. ഇത്തരം രൂപഭേദങ്ങൾ വ്യക്തിയെയും സമഷ്ടിയെയും പുതിയൊരലച്ചിൽ രൂപഭാവത്തിൽ വീണ്ടും വാർത്തെടുത്തിരിക്കുന്നു.



ആശയവിനിമയോപാധികളുടെയും അവയുടെ നിയന്ത്രണശക്തികളുടെയും ഭാഗമായി രൂപം കൊണ്ട അന്വേഷണാത്മകതലമായ സൈബർനെറ്റിക്സ് (cybernetics) എന്ന പദത്തിൽ നിന്നാണ് 'സൈബർ' (Cyber) എന്ന വാക്കിന്റെ ഉത്ഭവം. മനുഷ്യമനസ്സിനേയും വ്യവഹാരത്തേയും കുറിച്ചുള്ള പഠനം മനശ്ശാസ്ത്രം (Psychology). John Suler -ന്റെ അഭിപ്രായത്തിൽ 1990- കളുടെ മധ്യത്തിൽ ഓൺലൈൻ വ്യവഹാര (Online Behaviour)ത്തെക്കുറിച്ച് പഠനം നടത്തിയ ഗവേഷകരാണ് സൈബർ മനശ്ശാസ്ത്രം (Cyberpsychology) എന്ന സംജ്ഞ ആദ്യമായി ഉപയോഗിച്ചിരിക്കുന്നത്. ഇന്റർനെറ്റ് സാങ്കേതികവിദ്യകളുടെയും വിവരവിനിമയസമ്പ്രദായങ്ങളുടേയും അടിസ്ഥാനത്തിൽ മനുഷ്യമനസ്സുകളും അവയുടെ വ്യവഹാരത്തെയും കുറിച്ച് പഠിക്കുന്ന പ്രയുക്ത മനശ്ശാസ്ത്ര ശാഖയാണ് സൈബർമനശ്ശാസ്ത്രം. ചുരുക്കിപ്പറഞ്ഞാൽ, "ഓൺലൈൻ മാധ്യമങ്ങളുടെ സംസർഗ ഫലമായി ഉണ്ടാകുന്ന വ്യക്തിത്വവികാസം, ഇന്റർനെറ്റിലൂടെ വളരുന്ന സംസർഗം, സാങ്കേതികവിദ്യയോടുള്ള അമിതാസക്തി, സാമൂഹികമാധ്യമഭീഷണികൾ, സാമൂഹികസുരക്ഷ എന്നിവയെ മനശ്ശാസ്ത്രപരമായ തലങ്ങളിലൂടെ പഠിക്കുക'' എന്നതാണ് 'സൈബർമനശ്ശാസ്ത്രം' വിവക്ഷിക്കുന്നത്.

"മനുഷ്യമനസ്സിനേയും മനുഷ്യവ്യവഹാരത്തെയും നൂതനസാങ്കേതികവിദ്യകൾ, പ്രത്യേകിച്ച് സാമൂഹികമാധ്യമങ്ങളും അവയിലെ ഭാവനാലോകവും എങ്ങനെ സ്വാധീനിക്കുന്നുവെന്ന പഠനമാണ് സൈബർ മനശ്ശാസ്ത്രം." Cybrog (മനുഷ്യരേക്കാൾ ശാരീരികശക്തിയുള്ള സാങ്കല്പിക യന്ത്രങ്ങൾ), Artificial Intelligence, Virtual Learning തുടങ്ങിയ മനശ്ശാസ്ത്രത്തിന്റെ ഉപശാഖകൾ ഒത്തുചേർന്ന വൃക്ഷശാഖാസംവിധാനമാണ് സൈബർ മനശ്ശാസ്ത്രം. ഇന്റർനെറ്റ് മനശ്ശാസ്ത്രം, വെബ് മനശ്ശാസ്ത്രം, ഡിജിറ്റൽ മനശ്ശാസ്ത്രം എന്നീ പേരുകളിലും സൈബർ മനശ്ശാസ്ത്രം അറിയപ്പെടുന്നു.

## സൈബർ മനശ്ശാസ്ത്രത്തിന്റെ പ്രാധാന്യം

സാങ്കേതികവിദ്യാനുബന്ധമായി മനുഷ്യവ്യവഹാരത്തെയും അവയുടെ ധാരണകളേയും കുറിച്ചുള്ള പഠനങ്ങൾ ഇന്ന് അനിവാര്യ ഘടകങ്ങളായി മാറിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഇന്റർനെറ്റ് സാങ്കേതികവിദ്യകളുടെ അർഥരഹിതവും അനാവശ്യവുമായ ഉപയോഗം യാഥാർഥ്യലോകത്തെ മലിനമാക്കുന്നു.

സാമൂഹിക മാധ്യമങ്ങളുടെ വിനിയോഗം സസൂക്ഷ്മം ശ്രദ്ധിച്ചാൽ വ്യക്തമാകുന്ന ചില വസ്തുതകൾ;

- ഒരു വ്യക്തി ഓൺലൈനിൽ അല്ലെങ്കിൽ ഒരു സാമൂഹികമാധ്യമത്തിൽ ചിലവഴിക്കുമ്പോൾ അയാൾ തന്റെ യഥാർഥവ്യക്തിത്വത്തിൽ നിന്നും തികച്ചും വ്യത്യസ്തമായൊരു വ്യക്തിത്വം പ്രകടമാക്കുന്നു.
- ഒരു ഓൺലൈൻ ബന്ധം അഥവാ സാമൂഹിക മാധ്യമസംസർഗം ഉടലെടുക്കുന്നു.
- സാമൂഹികമാധ്യമത്തിൽ ഒരു വ്യക്തി വ്യത്യസ്തത പ്രകടിപ്പിക്കുന്നു.

ഈ വസ്തുതകൾ വിശകലനം ചെയ്യുമ്പോഴാണ് സൈബർമനശ്ശാസ്ത്രം അനിവാര്യമായ ഒരു ശാസ്ത്രമായി മാറുന്നത്. ഓൺലൈൻ സംവിധാനങ്ങളുടെ ഉപയോഗത്തിലൂടെ സൃഷ്ടിക്കപ്പെടുന്ന ഭാവനാലോകം, കൃത്രിമബുദ്ധി എന്നിവയുടെ അടിസ്ഥാനത്തിൽ മാനുഷികവ്യവഹാരത്തെക്കുറിച്ച് പഠിക്കുകയാണ് സൈബർ മനശ്ശാസ്ത്രം എന്ന വിജ്ഞാനശാഖ. യാന്ത്രികോപകരണങ്ങളുടെ അമിത വർധനവ് വ്യക്തിജീവിതങ്ങളിലേക്ക് അതിക്രമിച്ച് കയറുന്ന ഈ കാലഘട്ടത്തിൽ സൈബർ മനശ്ശാസ്ത്രപഠനം അത്യന്താപേക്ഷിതമായ ഒന്നാണ്.

സൈബർ മനശ്ശാസ്ത്രവുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള പഠനങ്ങൾ വ്യക്തമാക്കുന്നത് ഇന്റർനെറ്റ് സാങ്കേതികവിദ്യകളുടെ ഉപയോഗം വ്യക്തികളുടെ മാനസികാരോഗ്യത്തെ ഗണ്യമായ തോതിൽ ബാധിക്കുന്നുവെന്നതാണ്. ഏകാഗ്രത നഷ്ടപ്പെടൽ, നിഷ്കർഷതാ മനോഭാവത്തിന്റെ അഭാവം, സാങ്കേതികവിദ്യകളോടുള്ള അമിതാസക്തി, വ്യാജവാർത്തകളിൽപ്പെട്ട് വഴിതെറ്റുക തുടങ്ങി നിരവധി മാനസികപ്രശ്നങ്ങൾ വ്യക്തികളിൽ ഉടലെടുക്കുന്നു.

ഇന്റർനെറ്റ് എന്ന മാധ്യമത്തെ സുരക്ഷിതവും ഉപയോഗപ്രദവുമായി എങ്ങനെ വിനിയോഗിക്കാം എന്ന ആശയതലത്തിലേക്ക് ജനങ്ങളെ എത്തിക്കുകയാണ് സൈബർമനശ്ശാസ്ത്രത്തിന്റെ ലക്ഷ്യം.

സൈബർ മനശ്ശാസ്ത്രവുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള പഠനങ്ങൾ വ്യക്തമാക്കുന്നത് ഇന്റർനെറ്റ് സാങ്കേതികവിദ്യകളുടെ ഉപയോഗം വ്യക്തികളുടെ മാനസികാരോഗ്യത്തെ ഗണ്യമായ തോതിൽ ബാധിക്കുന്നു വെന്നതാണ്.



## സൈബർ മനശ്ശാസ്ത്രവും സൈബർ സുരക്ഷയും

ഏവരുടെയും മനസ്സിൽ ആശയക്കുഴപ്പം സൃഷ്ടിക്കാവുന്ന ഒരു ചോദ്യമാണ് സൈബർ സുരക്ഷയിൽ മനശ്ശാസ്ത്രത്തിനെന്ത് കാര്യം എന്നത്. സൈബർ സുരക്ഷ എന്ന് കേൾക്കുമ്പോൾ ആദ്യം മനസ്സിൽ തെളിയുന്നത് വിവരവിനിമയസാങ്കേതിക വിദ്യയാണ്. എന്നാൽ യാഥാർഥ്യജീവിതത്തിലേക്ക് പ്രവേശിക്കുമ്പോൾ സൈബർസുരക്ഷയും മനശ്ശാസ്ത്രവും തമ്മിൽ ഒരഭേദ്യബന്ധം ദൃശ്യമാകുന്നു. എന്തുകൊണ്ടാണ് ഇവയ്ക്കിടയിൽ ഇത്തരമൊരു ബന്ധം ജനിക്കുന്നതെന്ന് ചോദിച്ചാൽ ഉത്തരം വളരെ ലളിതമാണ്. അതിന് പ്രധാനകാരണം 'മനുഷ്യചിത്തം' ഒന്നുമാത്രം. ഏതൊരു വാസനയെയും പാകപ്പെടുത്താൻ കഴിയുന്ന നല്ലൊരു തോതാണ് മനുഷ്യചിത്തം. മനുഷ്യന്റെ മാനസിക തലങ്ങളിൽ ഉണ്ടാകുന്ന സമ്മർദം മനുഷ്യചിത്തത്തെ വിവിധ വാസനകളിലേക്ക് നയിക്കുന്നു.

സൈബർ മനശ്ശാസ്ത്രം പഠനവിധേയമാക്കിയ മൂന്ന് സുപ്രധാനതലങ്ങൾ

- സോഷ്യൽ എഞ്ചിനീയറിങ്
- ഓൺലൈൻ സ്വകാര്യത
- സൈബർ പീഡകൾ

അതിവേഗത്തിലാണ് മനുഷ്യൻ സൈബർ കുറ്റകൃത്യങ്ങളിലേക്ക് എത്തപ്പെടുന്നത്. അതിനൊരു ഉദാഹരണമാണ് Spear Phishing (വ്യക്തികളുടെ സ്വകാര്യത തട്ടിയെടുക്കൽ). ലക്ഷ്യാധിഷ്ഠിതമായ ഒരു ആക്രമണരീതിയാണിത്. ഒരു നിശ്ചിതവ്യക്തിയെ അല്ലെങ്കിൽ വ്യക്തികളെ ലക്ഷ്യമാക്കി അവരുടെ സ്വകാര്യവിവരങ്ങൾ, വിദ്വേഷപരമായ സാഹചര്യങ്ങൾ, തൊഴിൽപരമായ സ്വകാര്യതകൾ എന്നിവ ചോർത്തി വ്യക്തിപരമായി ആക്രമിക്കുന്ന രീതി. വ്യക്തികളുടെ സ്വകാര്യവിവരങ്ങൾ ചോർത്തുന്ന കൗശലകരമായ വിദ്യയാണ് Social Engineering എന്നറിയപ്പെടുന്നത്.

സൈബർ മനശ്ശാസ്ത്രം നിരവധി പഠനങ്ങൾക്ക് വിധേയമാക്കിയ വിഷയമാണ് ഓൺലൈൻ സ്വകാര്യത. ഈ പഠനങ്ങളുടെ ഫലമായി സൈബർമനശ്ശാസ്ത്രജ്ഞർ ചൂണ്ടിക്കാട്ടുന്ന ചില ചോദ്യങ്ങൾ,

- സാമൂഹികമാധ്യമങ്ങളിൽ 'സ്വകാര്യസംരക്ഷണം' എന്ന വ്യവഹാരത്തെ 'പ്രായം' എന്ന ഘടകം സ്വാധീനിക്കുന്നുണ്ടോ?
- ഉപഭോക്താക്കൾ തങ്ങളുടെ വ്യക്തിഗതസ്വകാര്യതയിൽ എത്രത്തോളം ശ്രദ്ധാലുക്കളാണ്?
- സ്വകാര്യതയുടെ സംരക്ഷണത്തിനായി ഓൺലൈൻ ഉപഭോക്താക്കൾ എന്തെല്ലാം മാർഗങ്ങൾ സ്വീകരിക്കുന്നു?

സൈബർ മനശ്ശാസ്ത്രം പ്രാധാന്യം നൽകിയിരിക്കുന്ന അടുത്തവിഷയമാണ് സൈബർ പീഡകൾ (Cyber bullying or Cyber harassment). യുവാക്കളിലെ സാങ്കേതികവിദ്യയുടെ ഉപയോഗം, സാങ്കേതികവിദ്യാസക്തിയാൽ ഇരയാക്കപ്പെട്ട യുവാക്കൾ എന്നീ വിഷയങ്ങൾ കേന്ദ്രീകരിച്ച് നടന്ന പഠനങ്ങളാണ് സൈബർ പീഡകൾ എന്ന സങ്കല്പത്തിന് തുടക്കം കുറിച്ചത്. ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള പീഡനരീതിയാണ് 'സൈബർപീഡ' എന്നറിയപ്പെടുന്നത് ഓൺലൈൻപീഡ (online bullying) എന്നും ഇതറിയപ്പെടുന്നു. യുവാക്കൾക്കിടയിലാണ് ഇത് കൂടുതലായി കാണപ്പെടുന്നത്.

സൈബർ പീഡകൾ സുദീർഘമായ മാനസിക സമ്മർദത്തിന് കാരണമാവുന്നു. ഇവ വ്യക്തികളെ സാമൂഹികവും വൈകാരികവും മനശ്ശാസ്ത്രപരവുമായ സംഘർഷങ്ങളിലേക്ക് നയിക്കുന്നു. ഇത്തരം പീഡകൾ ഇന്ന് ലോകമെമ്പാടും പ്രായഭേദമന്യേ, നിമിഷംപ്രതി വർധിക്കുന്നുവെന്നത് വേദനാജനകമായ ഒരു വസ്തുതയാണ്.

## സൈബർലോകവും മനശ്ശാസ്ത്രവും തമ്മിലുള്ള അഭേദ്യബന്ധം

വളരെ പരിമിതമായ അറിവുകളിൽ നിന്നാണ് ജനങ്ങൾ സൈബർ ലോകത്തിലേക്ക് പ്രവേശിക്കുന്നത്. സൈബറിടങ്ങളെക്കുറിച്ചുള്ള അറിവിന്റെ ഈ അപര്യാപ്തത സൈബർ ആക്രമണത്തിന് ഇരയാകാൻ കാരണമാകുന്നു. ഈ അപര്യാപ്തതയിൽനിന്നാണ് സൈബർ മനശ്ശാസ്ത്രം ഉടലെടുക്കേണ്ടത്. എന്താണ് സൈബർലോകം, എന്താണ് സൈബർ സുരക്ഷ, എന്താണ് സൈബർ ആക്രമണം, ഇവയും യാഥാർഥ്യജീവിതത്തിനും തമ്മിലുള്ള ബന്ധമെന്ത് തുടങ്ങിയ ബോധവൽക്കരണ മാർഗങ്ങളിലേക്ക് ജനങ്ങളെ കൂട്ടിക്കൊണ്ടുപോകുന്ന വിജ്ഞാനശാഖയാണ് സൈബർ മനശ്ശാസ്ത്രം. സൈബർ കുഴികളിലെ അന്ധകാരത്തിലേക്ക് വീണുപോകാതെ സ്വയം സുരക്ഷിതരാവാനും അഥവാ വീണുപോയാൽ ഇതിൽനിന്നും മോചിതനാവാനുമുള്ള മാർഗങ്ങളാണ് സൈബർ മനശ്ശാസ്ത്രം വിശദീകരിക്കുന്നത്.

മനശ്ശാസ്ത്രപരമായ ഇടപെടലുകളിൽക്കൂടി സൈബർസുരക്ഷ ഉറപ്പാക്കാനും ശക്തിപ്പെടുത്താനും കഴിയുമെന്ന് ഗവേഷണപഠനങ്ങൾ വ്യക്തമാക്കുന്നു.

ഏവരുടെയും മനസ്സിൽ ആശയക്കുഴപ്പം സൃഷ്ടിക്കാവുന്ന ഒരു ചോദ്യമാണ് സൈബർ സുരക്ഷയിൽ മനശ്ശാസ്ത്രത്തിനെന്ത് കാര്യം എന്നത്. സൈബർ സുരക്ഷ എന്ന് കേൾക്കുമ്പോൾ ആദ്യം മനസ്സിൽ തെളിയുന്നത് വിവരവിനിമയസാങ്കേതിക വിദ്യയാണ്.

അതിന് ഉപഭോക്താക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

- വ്യക്തികൾ തങ്ങളുടെ സ്വകാര്യവിവരങ്ങൾ ഏറ്റവും കൂടുതൽ പങ്കുവയ്ക്കുന്ന സാമൂഹിക പരിതസ്ഥിതികൾ ഏതെല്ലാമെന്ന് ആദ്യം തിരിച്ചറിയുക.
- വിദ്വേഷഭരിതമായ മാനസികാവസ്ഥയിൽ ഒരു വ്യക്തി പൊതുവേ കാണിക്കുന്ന പ്രവൃത്തികൾ കണ്ടെത്തി മനസ്സിലാക്കുക.
- നിയമനിർമാതാക്കളുമായി ആരോഗ്യകരമായ ഒരു ബന്ധം പുലർത്തുക, ആവശ്യമായ നിർദേശങ്ങൾ സ്വീകരിക്കുക.
- സൈബർ കുറ്റകൃത്യങ്ങളെയും അവയുടെ പരിണിതഫലങ്ങളെയും കുറിച്ച് വ്യക്തമായ ഒരു ധാരണയുണ്ടാക്കുക.

സാമൂഹികമാധ്യമങ്ങളിൽ വ്യക്തിപരവും സ്വകാര്യജീവിതവുമായും ബന്ധപ്പെട്ട ഒരു വസ്തുതകളും പങ്കുവയ്ക്കാതിരിക്കുകയെന്നതാണ് ഉത്തമമായ മാർഗം. ഒരു വ്യക്തിയുടെ സ്വാഭാവികരീതികളിൽ നിന്നും വ്യത്യസ്തമായ വ്യവഹാരരീതികൾ ഉണ്ടാകുമ്പോൾ അവയെ വേർതിരിച്ചറിയാൻ ശ്രമിക്കുക. കാരണം സൈബർ കുറ്റകൃത്യങ്ങളുടെ പട്ടിക നോക്കിയാൽ കുറ്റവാളികൾ പലരും തങ്ങളുടെ മനോനില നഷ്ടപ്പെട്ടവരാണ്. അത്തരം സാഹചര്യങ്ങളിൽ ആണ് മനശ്ശാസ്ത്രത്തിന്റെയും മനശ്ശാസ്ത്രജ്ഞരുടെയും ആവശ്യകത ഉണ്ടാകുന്നത്. മനശ്ശാസ്ത്ര ചികിത്സകളിലൂടെ ഒരു പരിധിവരെ കുറ്റകൃത്യങ്ങളിലേക്കുള്ള വാസനയിൽനിന്ന് വ്യക്തികളെ മോചിതരാക്കാം.

## സൈബർ മനശ്ശാസ്ത്രവ്യവഹാരങ്ങളും സാമൂഹികമാധ്യമങ്ങളും

ഇന്ന് നമുക്ക് ചുറ്റും നിരവധി സാമൂഹികമാധ്യമങ്ങൾ ഉണ്ട്. അവയിൽ സുപ്രധാനവും അവിഭാജ്യവുമായി വർത്തിക്കുന്ന ഒരു സാമൂഹിക മാധ്യമമാണ് സുക്കർബർഗിന്റെ ഫെയ്സ്ബുക്ക് (Face book-2004). ഇന്ത്യയിൽ ഇത് പ്രാബല്യത്തിൽ വരുന്നത് 2006 സെപ്റ്റംബർ 26 നാണ്. വ്യക്തിയിൽ നിന്നും വ്യക്തികളിലേക്കുള്ള ആശയവിനിമയസംവിധാനമാണ് ഫെയ്സ്ബുക്ക് പ്രദാനം ചെയ്യുന്നത്. ഈ മാധ്യമം വ്യക്തികളുടെ സ്വകാര്യതലം മുതൽ സാമൂഹികഇടപെടലുകൾ വരെ ആഗോളതലത്തിലെത്തിക്കുന്നു. ഫെയ്സ്ബുക്കിന് പുറമേ മറ്റ് സാമൂഹികമാധ്യമങ്ങളുടെ ആവിർഭാവം ഫെയ്സ്ബുക്കിന്റെ പരിഷ്കരണത്തിലേക്കും അതിനൂതനരൂപഭാവതലങ്ങളിലേക്കും എത്തിച്ചു. ഈ നവീകരിച്ച രൂപഭാവങ്ങൾ ഇന്ന് ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ഒരു ഭീഷണിയായി മാറിത്തുടങ്ങിയിരിക്കുന്നു. ഫെയ്സ്ബുക്ക് എന്ന ഈ ആഗോള സാമൂഹികമാധ്യമം ഉപഭോക്താക്കളിൽ മാനസികസമ്മർദങ്ങൾ വളർത്തി ബഹുവിധരീതികളിൽ മാനസിക അസന്തുലിതാവസ്ഥ സൃഷ്ടിക്കുന്നു.



ഉപഭോക്താക്കളിൽ ഉടലെടുക്കുന്ന താരതമ്യമനോഭാവം മാനസിക സമ്മർദത്തിലേക്ക് നയിക്കുന്നു. അതിന്റെ ഫലമായി ഉപഭോക്തൃവ്യവഹാരത്തിൽ ആത്മാഭിമാനക്ഷതം, വിഷാദരോഗം, മാനസികതളർച്ച, മാന്ദ്യം, ഉന്മേഷരാഹിത്യം, ഏകാന്തത, നിഷേധാർഥകബന്ധങ്ങൾ എന്നിവ രൂപപ്പെടുത്തുന്നു.

## 1. ആത്മാഭിമാനക്ഷതം (Low Self-Esteem)

പരസ്പര താരതമ്യത്തിന് വഴിയൊരുക്കുന്ന സാമൂഹികമാധ്യമങ്ങൾ ആണ് ഫെയ്സ്ബുക്ക്, ട്വിറ്റർ, ഇൻസ്റ്റഗ്രാം തുടങ്ങിയവ. സാമൂഹിക മാധ്യമങ്ങളിലെ ഉപഭോക്താക്കൾ സ്വന്തം വ്യക്തിജീവിതത്തെ മറ്റൊരു ഉപഭോക്താവിന്റെ വ്യക്തിജീവിതവുമായി തുലനം ചെയ്യുന്നു. ആനന്ദദായകവും വിനോദപ്രദവുമായ നിമിഷങ്ങൾ പലർക്കും മോഹജനകങ്ങളായി ഭവിക്കുന്നു. അത്തരം ജീവിതാനുഭവങ്ങളോട് പലരും സ്വന്തം വ്യക്തിജീവിതത്തെ തുലനം ചെയ്ത് നിരാശരായിത്തീരുന്നു. 'Personality and Social Psychology' എന്ന ബുള്ളെറ്റിനിൽ Alexander H. Jordan (2011) പ്രസിദ്ധീകരിച്ച ലേഖനത്തിൽ സാമൂഹികമാധ്യമങ്ങളും അവയിൽനിന്നും ജനിക്കുന്ന ശുഭാശുഭങ്ങളായ അനുഭവങ്ങളും ചർച്ച ചെയ്യുന്നു. ഫെയ്സ്ബുക്കിലെ ഭൂരിഭാഗം ഉപഭോക്താക്കളും 'ഏകാന്തത' അനുഭവിക്കുന്നവരും സ്വന്തം ജീവിതാനുഭവങ്ങളിൽ അതൃപ്തരുമായിക്കാണുമെന്ന് അദ്ദേഹം കണ്ടെത്തി. ജീവിതത്തിലുണ്ടാകുന്ന ഈ അതൃപ്തി പലരിലും അഭിമാനക്ഷതങ്ങൾക്ക് കാരണമായി. വിഷാദരോഗം ബാധിച്ചവർ അസംഖ്യമാണെന്നും ചൂണ്ടിക്കാട്ടുന്നു.

**സൈബർ പീഡകൾ സുദീർഘമായ മാനസികസമ്മർദത്തിന് കാരണമാവുന്നു. ഇവ വ്യക്തികളെ സാമൂഹികവും വൈകാരികവും മനശ്ശാസ്ത്രപരവുമായ സംഘർഷങ്ങളിലേക്ക് നയിക്കുന്നു. ഇത്തരം പീഡകൾ ഇന്ന് ലോകമെമ്പാടും പ്രായഭേദമന്യേ, നിമിഷംപ്രതി വർധിക്കുന്നുവെന്നത് വേദനാജനകമായ ഒരു വസ്തുതയാണ്.**




## വിഷാദം (Depression)

ആത്മാഭിമാനക്ഷതമാണ് വിഷാദത്തിലേക്ക് നയിക്കുന്നത്. ഇന്ന് നിരവധി സാമൂഹികമാധ്യമങ്ങൾ ഉണ്ടെങ്കിലും യുവാക്കൾക്കിടയിൽ വിഷാദരോഗത്തിന് നിദാനമായി ഭവിച്ച സാമൂഹിക മാധ്യമം ഫെയ്സ്ബുക്ക് ആണെന്ന് ഗവേഷകർ അഭിപ്രായപ്പെടുന്നു. മിഷിഗൺ സർവകലാശാല (Michigan University) നടത്തിയ ഒരു പഠനത്തിൽ തുടർച്ചയായ ഫെയ്സ്ബുക്ക് ഉപയോഗം വിഷാദത്തിലേക്കും അപര്യാപ്തതയിലേയ്ക്കും ഉപഭോക്താക്കളെ നയിക്കുന്നുവെന്ന് കണ്ടെത്തി. സാമൂഹിക മനശ്ശാസ്ത്രജ്ഞനായ Ethan Kross ഫെയ്സ്ബുക്ക് പേജിൽ ഒരു വ്യക്തി ചിലവഴിക്കുന്ന സമയദൈർഘ്യം, ആ വ്യക്തിയുടെ മാനസികനിലയെ എങ്ങനെ ചഞ്ചലമാകുന്നുവെന്നും അതിന് അനുസരിച്ച് അവർ തങ്ങളുടെ ഫെയ്സ്ബുക്ക് പേജിൽ പരിഷ്കരണങ്ങൾ വരുത്തുന്നുണ്ടോയെന്നും പഠിച്ചു. വ്യക്തികളുടെ സുഖത്തിന് അല്ലെങ്കിൽ ക്ഷേമത്തിന് മാന്ദ്യം ഭവിക്കുന്നുവെന്നും ആ മന്ദത വിഷാദത്തിലേക്ക് കൊണ്ടുപോകുന്നുവെന്നും Ethan കണ്ടെത്തി.

## സാമൂഹികഒറ്റപ്പെടലും തിരസ്കരണവും (Social Isolation and Obstracism)

എബ്രഹാം മാസ്‌ലോയുടെ അവശ്യശ്രേണി (Maslow's Heirarchy of Needs) സിദ്ധാന്തമനുസരിച്ച് മാനസികവൈകാരികക്ഷേമങ്ങളുടെ രണ്ട് സുപ്രധാന തലങ്ങളാണ് സാമൂഹിക വ്യവഹാരവും അനുബന്ധവും. ഈ അനുബന്ധശ്രേണിയാണ് ഫെയ്സ്ബുക്ക് പ്രദാനം ചെയ്യുന്നത്. ഒരാൾക്ക് അസംഖ്യം കൂട്ടായ്മകൾ സൃഷ്ടിക്കാവുന്ന പൊതുസ്ഥലം. പരിചിതരും അപരിചിതരുമായ സൗഹൃദങ്ങൾ, ചാറ്റിങ്, നിരർഥതകമായ ഇടപെടലുകൾ ഇവയെല്ലാം ഒരു സാമൂഹികവിഘടനത്തിന് കാരണമാകുന്നു. ആത്മാർഥതയില്ലാത്ത ഇടപെടലുകൾ ബന്ധങ്ങളെ അർഥശൂന്യമാക്കുന്നു.

ഫെയ്സ്ബുക്ക് പേജിലെ Like, Comment ബട്ടണുകൾ പരസ്പര വ്യവഹാരത്തെ തീർത്തും ഹ്രസ്വമാക്കുന്നു. അവിടെ ആത്മാർഥമായ ഒരു പരിഗണന നഷ്ടമാകുന്നു. Molloy, Mark 2017 ൽ നടത്തിയ "Too Much Social Media Increases Loneliness and Envy - Study" എന്ന പഠനം വെളിപ്പെടുത്തുന്നത് സാമൂഹിക മാധ്യമങ്ങളുടെ അനുസ്യൂതവും അമിതവുമായ ഉപയോഗം 'സാമൂഹിക ഒറ്റപ്പെടൽ' ഉണ്ടാക്കുകയും സാമൂഹികവ്യവഹാരത്തെ ഭാവനാലോകവും ഭാവനാബന്ധവും ആക്കി മാറ്റുന്നു എന്നാണ്. അതിനാൽ സാമൂഹിക ഒറ്റപ്പെടലും തിരസ്കരണവും അടിസ്ഥാനാവശ്യങ്ങൾക്ക് ഒരു വെല്ലുവിളിയായി മാറുന്നുവെന്നും പഠനങ്ങൾ സൂചിപ്പിക്കുന്നു.

## ഋണാത്മക ബന്ധങ്ങൾ (Negative Relationships)

സാമൂഹിക മാധ്യമങ്ങളുടെ ഉപയോഗത്തിന്റെ ഫലമായി അവിശ്വാസ്യത ഉടലെടുക്കുന്നു. ഇത് ദാമ്പത്യബന്ധങ്ങളുടെ തകർച്ചയ്ക്ക് കാരണമാകുന്നു. 18 മുതൽ 32 വയസ്സുവരെ പ്രായമുള്ളവരിലാണ് ഈ അവിശ്വാസ്യത കൂടുതൽ കണ്ടുവരുന്നതെന്നും ഈ പ്രായങ്ങൾക്കിടയിലുള്ള ബന്ധങ്ങൾ വിള്ളലുകൾ ഉണ്ടാകുന്നെന്നും പഠനങ്ങൾ തെളിയിക്കുന്നു.

## സാമൂഹിക ഉൽക്കണ്ഠ (Social Anxiety)

സാമൂഹികമാധ്യമങ്ങളുടെ അമിതോപയോഗം സൃഷ്ടിക്കുന്ന മറ്റൊരു മാനസികസമ്മർദമാണ് സാമൂഹിക ഉൽക്കണ്ഠ. ഇതിനെ FOMO (Fear of Missing Out) എന്നും വിളിക്കുന്നു. ഒരാൾക്ക് ലഭ്യമാകുന്ന ആനന്ദദായക നിമിഷങ്ങൾ അഥവാ അനുഭവങ്ങൾ തനിക്ക് നഷ്ടമാകുന്നു എന്ന ചിന്തയിൽ നിന്നാണ് FOMO രൂപപ്പെടുന്നത് ഇത് നിരാശാമനോഭാവം വളർത്തുന്നു.

## ഉറക്കമില്ലായ്മ / ഉറക്കം നഷ്ടപ്പെടൽ (Sleep Deprivation)

സമയബന്ധിതമല്ലാത്ത അതിദൈർഘ്യമേറിയ സാമൂഹികമാധ്യമഉപയോഗങ്ങൾ ഉറക്കമില്ലായ്മയ്ക്ക് കാരണമാകുന്നു. സാങ്കേതികവിദ്യയിലൂടെയും ഇന്റർനെറ്റിലൂടെയും ഉള്ള വിനോദകേളികളിൽ ആസക്തി വർധിക്കുമ്പോൾ സ്ഥലകാലമന്യേ ഉപഭോക്താക്കൾ വ്യവഹരിക്കുന്നു. ഉറക്കമില്ലായ്മ തലച്ചോറിനെയും നാഡീവ്യവസ്ഥകളെയും ബാധിക്കുകയും ആരോഗ്യപ്രശ്നങ്ങൾക്ക് ഇടയാക്കുകയും ചെയ്യുന്നു.

സാമൂഹിക മാധ്യമങ്ങളുടെ അമിതോപയോഗം സൃഷ്ടിക്കുന്ന മറ്റൊരു മാനസികസമ്മർദമാണ് സാമൂഹിക ഉൽക്കണ്ഠ. ഇതിനെ FOMO (Fear of Missing out) എന്നും വിളിക്കുന്നു. ഒരാൾക്ക് ലഭ്യമാകുന്ന ആനന്ദദായക നിമിഷങ്ങൾ അഥവാ അനുഭവങ്ങൾ തനിക്ക് നഷ്ടമാകുന്നു എന്ന ചിന്തയിൽ നിന്നാണ് FOMO രൂപപ്പെടുന്നത് ഇത് നിരാശാ മനോഭാവം വളർത്തുന്നു.

## ADHD (Attention Deficit - Hyperactivity Disorder)

സാമൂഹികമാധ്യമങ്ങളുടെ തുടർച്ചയായ ഉപയോഗം തലച്ചോറിനെ സാരമായി ബാധിക്കുന്നു. ടെലിവിഷൻ, ഇലക്ട്രോണിക് ഉപകരണങ്ങൾ, മൊബൈൽ ഫോണുകൾ എന്നിവ ദീർഘനേരം ഉപയോഗിക്കുന്നത് വഴി കണ്ണുകൾക്ക് അസ്വസ്ഥത ഉളവാകുകയും അത് നാഡീവ്യവസ്ഥയെ സാരമായി ബാധിക്കുകയും ചെയ്യുന്നു. ഓർമശക്തി ദീർഘകാലം എന്നതിൽനിന്നും ചുരുങ്ങി ഹ്രസ്വമായ ഓർമയിലേക്ക് പിന്തള്ളപ്പെടുന്നു. മൈതാനത്ത് ഓടിക്കളിക്കുന്ന കുട്ടിയുടെ ബുദ്ധിഘടനയും കമ്പ്യൂട്ടർ ഗെയിമിൽ ഏർപ്പെടുന്ന കുട്ടിയുടെ ബുദ്ധിഘടനയും തമ്മിൽ അജഗജാന്തര വ്യത്യാസം ഉണ്ട്. ഹ്രസ്വകാലസ്മിതി ADHD യുടെ പരിണതഫലമാണ്.

മനുഷ്യവ്യവഹാര ശാസ്ത്രത്തിൽ അതിവിദൂരമല്ലാതെ ആവിർഭവിച്ച് മറ്റൊന്നിനേയും ആശ്രയിക്കാതെ ഏകമായി നിലകൊള്ളുന്ന വിജ്ഞാനശാഖയാണ് സൈബർ മനശ്ശാസ്ത്രം. സാമൂഹികമാധ്യമങ്ങളുടെ പിടിയിൽ നിന്നും ഒരു പരിധിവരെ ഭാവിതലമുറയെ സുരക്ഷിതരാക്കാൻ സൈബർ മനശ്ശാസ്ത്രതത്വങ്ങൾക്ക് സാധിക്കും. സാമൂഹികമാധ്യമങ്ങൾ ഉയർത്തുന്ന മാനസിക സമ്മർദങ്ങളാകുന്ന വെല്ലുവിളികളെ ഒരു പരിധിവരെ തരണം ചെയ്യാൻ സൈബർ മനശ്ശാസ്ത്രം സഹായിക്കുന്നു. സാമൂഹികമാധ്യമങ്ങളുടെ അമിതോപയോഗത്താൽ മനുഷ്യവ്യവഹാരത്തിലുണ്ടാകുന്ന നിഷേധാത്മകമായ മാറ്റങ്ങൾ മനസ്സിലാക്കാനും അവയെ ശുഭാത്മകമായ വഴികളിലേക്ക് തിരിച്ചുവിടാനും സൈബർ മനശ്ശാസ്ത്രതത്വങ്ങൾ ഏറെ പ്രയോജനകരമായി ഭവിക്കും.

## ഗ്രന്ഥസൂചി


ജോസ് കെ. മാനുവൽ, എഡിറ്റർ, 2014, നവമാധ്യമങ്ങൾ ഭാഷ സാഹിത്യം സംസ്കാരം, കോട്ടയം, കറന്റ് ബുക്സ്.

മനശ്ശാസ്ത്രം, 2019, സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം, വിദ്യാഭ്യാസ വകുപ്പ്, കേരള സർക്കാർ.

ശിവരാജൻ. കെ, 2014, വിദ്യാഭ്യാസം വികസ്വര ഭാരതത്തിൽ, കാലിക്കറ്റ് സർവകലാശാല, കാലിക്കറ്റ് പ്രീമിയർ പ്രിന്റേഴ്സ്.

സുനീത ടി.വി, 2009, മലയാളവും ഇന്റർനെറ്റും, കോഴിക്കോട്, ലിബി പബ്ലിക്കേഷൻസ്.

Alexander, H.J. & etal (2011). "Misery Had More Company than People Think : Under Estimating the Prevalence of others Negative Emotion? Personality and Social Psychology Bulletin 37(1) :120-135. Archieved from www.wikipedia org or 30th Sept. 2021.

Copeland, Libby (2011). "The Anti Social Network: Retrieved from www. wikipedia.org on 30th September 2021.

Molly, Mark (2017). "Too mucch Social Media Increases Wonderness and Envy' - Study, Retrieved from www.wikipedia.org.

Kanai, Bahrain et al (2011). "Online Social Netwofk Size is Reflected in Human Brain Structure." Retrieved from www. wikipedia.org on 30th Septermber 2021.

htpp:// learn.g2.com/cyberpsychology. Retreived or 30th September 2021.



*(സജി സാമുവൽ - 9995385058)*



മനുഷ്യവ്യവഹാര ശാസ്ത്രത്തിൽ അതിവിദൂരമല്ലാതെ ആവിർഭവിച്ച് മറ്റൊന്നിനേയും ആശ്രയിക്കാതെ ഏകമായി നിലകൊള്ളുന്ന വിജ്ഞാനശാഖയാണ് സൈബർ മനശ്ശാസ്ത്രം. സാമൂഹികമാധ്യമങ്ങളുടെ പിടിയിൽ നിന്നും ഒരു പരിധിവരെ ഭാവിതലമുറയെ സുരക്ഷിതരാക്കാൻ സൈബർ മനശ്ശാസ്ത്രതത്വങ്ങൾക്ക് സാധിക്കും.



**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**




**ഗണിതത്തിലെ വിനോദങ്ങൾ**

**പ്രൊഫ.ഇ.ജെ. തോമസ്**

സാധാരണക്കാരന് മനസ്സിലാകുന്ന രീതിയിൽ സംവിധാനം ചെയ്ത് പ്രസിദ്ധീകരിക്കുന്ന ഗണിത പുസ്തകമാണ് ഗണിതത്തിലെ വിനോദങ്ങൾ. ഗണിതത്തിലെ സമസ്യകൾ ഇഷ്ടപ്പെടുന്ന വിജ്ഞാനദാഹികൾക്ക് പ്രയോജനകരമായ ഒരു ഗ്രന്ഥം.

₹ 70




# ദ്രാവിഡമൂല്യങ്ങൾ തമിഴ് മലയാള ഭാഷകളിൽ

**പ്രഭാഹരൻ കെ.**

ഒരു ഭാഷയെ നശിപ്പിച്ചാൽ ഒരു സംസ്കാരത്തെ എളുപ്പത്തിൽ നശിപ്പിക്കാം എന്നാണ് ഭാഷാ പണ്ഡിതൻ കൂടിയായ ഗൂഗി വാ തിയാംഗോ അഭിപ്രായപ്പെട്ടത്. ഭാഷ ഒരു സംസ്കാരത്തിന്റെ അടയാളമാണ്. അതായത് ഭക്ഷണം, വസ്ത്രം എന്നിവ പോലെയാണ് മനുഷ്യന് ഭാഷയും. ഉത്തരാധുനിക ചിന്തകനായ ദെറിദ പറഞ്ഞതുപോലെ ഭാഷയെന്നത് വാക്കുകളുടെ വിളയാട്ടമാണ്. അദ്ദേഹത്തിന്റെ 'Writting and Difference' എന്ന കൃതി തന്നെ രൂപപ്പെട്ടത് ഭാഷയിലെ ശുദ്ധി എന്ന സങ്കൽപ്പത്തെ പൊളിക്കാൻ വേണ്ടിയാണ്. നാട്ടുഭാഷകളിലാണ് ഒരു ഭാഷയുടെ ജീവൻ നിലനിൽക്കുന്നത്. ദ്രാവിഡഗോത്രത്തിലെ ഭാഷകൾ തമ്മിൽ വൈരുധ്യം ഉണ്ടാകുന്നത് ഭൂപ്രകൃതിയിലെ മാറ്റങ്ങൾക്കനുസരിച്ചാണ്. ഈ മാറ്റം ഒരു കൂട്ടം ജനതയുടെ ഭാഷയായി പിന്നീട് മാറി. 1856ൽ കാഡ്വൽ എന്ന ഭാഷാപണ്ഡിതൻ ദ്രാവിഡഭാഷകളിൽ തമിഴ്ഭാഷയ്ക്കു ശേഷം മലയാള ഭാഷയിലാണ് വ്യാകരണനിർമിതിയിലും സാഹിത്യസൃഷ്ടികളിലും വലിയ വളർച്ച ഉണ്ടായതെന്നു പറയുന്നു. ചെന്തമിഴ് ഭാഷയുടെ വ്യാകരണം രൂപപ്പെട്ടത് അഗസ്ത്യമലയിൽ നിന്നാണ്. ചെന്തമിഴ് വളർന്നത് പൊതികൈ മലയിലാണ്. അഗസ്ത്യാർകൂടം എന്ന സ്ഥലം സ്ഥിതി ചെയ്യുന്നത് തിരുവനന്തപുരം ജില്ലയിലാണ്. ചേര, ചോള, പാണ്ഡ്യരുടെ നാട് തെന്നാട് എന്നാണ് അറിയപ്പെട്ടിരുന്നത്. ചെന്തമിഴിന്റെ വാക്കുകളെ ദിവസേന ജീവിതത്തിൽ ഉപയോഗിച്ചുവരുന്നത് മലയാളികളാണ്. അകം / പുറം എന്ന വാക്ക് തമിഴ് സാഹിത്യകാരന്മാർ മാത്രം കൈകാര്യം ചെയ്യുന്ന വാക്കായി മാറിക്കഴിഞ്ഞു. പക്ഷേ, മലയാളിയുടെ

ജീവിതത്തിൽ ഇന്നും അവ പ്രവർത്തിക്കുന്നുണ്ട്. തമിഴ് ഭാഷയിൽ ഉള്ളേ/വെളിയേ എന്ന വാക്കുകളാണ് സംസാര ഭാഷയിൽ നിലനിൽക്കുന്നത്. ആദ്യത്തെ ചെന്തമിഴ് വ്യാകരണകൃതിയായ തൊൽക്കാപ്പിയത്തിൽ ഈ വാക്കുകൾ കാണാൻ കഴിയും. വെള്ളം, നീർ, കിനാവ്, പശു, വിത്ത്, കാട്, നാട്, പാട്ട്, പോത്ത്, കിടാവ്, പെണ്ണ്, ആൺ, അഖിൽ (മരം), മകൻ, മകൾ, മക്കൾ, കള്ള്, ഇറച്ചി എന്നീ വാക്കുകൾ ഇരുഭാഷകളിലും ഉണ്ട്. പിറൈ എന്ന വാക്ക് പിറ എന്നും അറൈ എന്ന വാക്ക് അറ എന്നും തുറൈ എന്ന വാക്ക് തുറ എന്നും മരിത്താൻ എന്ന വാക്ക് മരിച്ചു എന്നും ആകിവിട്ടത് എന്ന വാക്ക് ആയി എന്നുമായി മലയാള ഭാഷയിൽ ഉരുത്തിരിഞ്ഞു.



നാറ്റ എന്ന വാക്ക് ഞാറ്റ് എന്നും മഞ്ചൾ എന്ന വാക്ക് മഞ്ഞൾ എന്നും ഇലൈ എന്ന വാക്ക് ഇല എന്നും ചുറ്റിലും എന്ന വാക്ക് ചുറ്റം എന്നും മലർ എന്ന വാക്ക് പൂ/പൂവ് എന്നും നിലാ എന്ന വാക്ക് നിലാവ് എന്നും കനവ് എന്ന വാക്ക് കിനാവ് എന്നും, മലൈ, മല എന്നും തമിഴ് - മലയാള പരിവർത്തന പ്രക്രിയയ്ക്ക് വിധേയമായവയാണ്. ഇങ്ങനെ ആയിരക്കണക്കിന് വാക്കുകൾ തമിഴ്-മലയാള ഭാഷാബന്ധത്തെയും സംസ്കാരബന്ധത്തെയും സൂചിപ്പിക്കുന്നു. മാത്രമല്ല തമിഴ് സംഘസാഹിത്യത്തിൽ ഔവ്വയാർ ഉപയോഗിച്ചിരുന്ന വാക്കാണ് വഴുതനങ്ങ. അദ്ദേഹത്തിന്റെ ഒരു പാട്ടിൽ 'വഴുതനങ്ങ കൂട്ടും'എന്ന കുറിപ്പുണ്ട്.

ചെന്തമിഴ് നാട്ടിലെ ചേര ചോള പാണ്ഡ്യരെ തോൽപ്പിച്ച ഭരണം പിടിച്ചെടുത്ത കളപ്പിരർ, പല്ലവർ തുടങ്ങിയ വടക്കേ ഇന്ത്യയിലെ രാജാക്കൻമാർക്ക് തമിഴ് ഭാഷയെയും സംസ്കാരത്തെയും നശിപ്പിക്കാൻ കഴിയാതെ പോയതിന് പല കാരണങ്ങളും ഉണ്ട്.

ദ്രാവിഡഭാഷയുടെ ശാഖ ബലൂചിസ്താൻ വരെ വ്യാപിച്ചിരുന്നു. ചോള രാജാക്കൻമാർ വടക്കേ ഇന്ത്യയിൽ ഗംഗാതടം വരെ പടയോട്ടം നടത്തിയിരുന്നു. പിന്നീട് അവർ ശ്രീലങ്ക, തായ്‌ലന്റ്, മലേഷ്യ, ഇന്തോനേഷ്യവരെ ഭരണം പിടിച്ചടക്കി. ആ സംസ്കാരത്തിന്റെ അവശേഷിപ്പ് നമുക്ക് മലേഷ്യയിലും സിങ്കപ്പൂരിലും ശ്രീലങ്കയിലും കാണാവുന്നതാണ്. അധിനിവേശശക്തികൾ തെന്നിന്ത്യാസംസ്കാരത്തെ നശിപ്പിക്കാൻ കഴിയാവുന്നത്ര ശ്രമിച്ചു. എത്ര ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുന്നുവോ അത്രയും പൂർവാധികം ശക്തിയോടെ ചെന്തമിഴ് ഭാഷയും ആ ഭാഷയിലൂടെ പ്രകടമാവുന്ന തെന്നിന്ത്യൻ സംസ്കാരവും വളർന്നു കൊണ്ടേയിരുന്നു. ചരിത്രം പരിശോധിക്കുമ്പോൾ പാണ്ഡ്യരുടെ തലസ്ഥാന നഗരമായ മധുരയെ പിടിച്ചെടുക്കാൻ ഗജിനി മുഹമ്മദ്, വിജയനഗര സാമ്രാജ്യ രാജാക്കന്മാർ, നായക്കന്മാർ തുടങ്ങിയ നിരവധിപേർ ശ്രമിച്ചു. പക്ഷേ, തമിഴരുടെ ഭാഷയെയും സംസ്കാരത്തെയും ആർക്കും ഇല്ലാതാക്കാൻ കഴിഞ്ഞില്ല. മാത്രമല്ല ശൈവ സിദ്ധാന്തവും വൈഷ്ണവ സിദ്ധാന്തവും തമ്മിൽ ആശയപരമായ തർക്കങ്ങൾ ഉണ്ടാവുകയും ചെയ്തു.

ബൗദ്ധർ, ജൈനർ, വൈഷ്ണവർ തുടങ്ങിയവർ മതപരമായ ആശയങ്ങൾ തമിഴ്നാട്ടിലും വ്യാപിപ്പിച്ചു. പോർച്ചുഗീസ്, ബ്രിട്ടീഷ്, ഫ്രാൻസ്, ഡച്ച് തുടങ്ങിയ സാമ്രാജ്യത്വ അധിനിവേശ ശക്തികൾ തെന്നിന്ത്യയെ അടക്കി ഭരിച്ചു. എങ്കിലും അവർക്ക് ഇവിടത്തെ ദ്രാവിഡഗോത്ര ഭാഷകളെയും സംസ്കാരത്തെയും ഇല്ലാതാക്കാൻ സാധിച്ചില്ല. മറിച്ച് അവർ ആശയവിനിമയത്തിനായി ഈ ഭാഷകളെ പഠിക്കുകയും ചെയ്തു. യൂറോപ്പിൽ നിന്നും ക്രിസ്ത്യൻ മതം വളർത്താൻ എത്തിയ മത ഗുരുക്കൻമാരായ consentin nobeli, Caldwell, GU POP തുടങ്ങിയവർ തമിഴ് ഭാഷയ്ക്ക് നിരവധി സംഭാവനകൾ നൽകിയിട്ടുണ്ട്.

കേരളീയർ എന്തുകൊണ്ട് തമിഴ് പഠിക്കണം എന്ന ചോദ്യത്തിന് ഒരു ഉത്തരമേ ഉള്ളൂ. കേരളീയരുടെ തനതായ ചരിത്രം അറിയണമെങ്കിൽ അവർ തമിഴ് സാഹിത്യത്തിലെ പതിറ്റുപ്പത്ത്, ചിറുപാണാറ്റുപ്പടൈ, മധുരൈക്കാഞ്ചി, ചിലപ്പതികാരം തുടങ്ങിയ കൃതികളെ വായിക്കണം. മലൈനാടൻ,തെൻനാടൻ, തെന്നവൻ എന്നീ പദങ്ങളെ ആ കൃതികളിൽ കാണാൻ കഴിയും.

ദ്രാവിഡരുടെ ജീവിത സംസ്കാരത്തിനും സാഹിത്യത്തിനും ഒരു ചരിത്രമുണ്ട് എന്ന് ഈ ലോകത്തെ ബോധ്യപ്പെടുത്തിയത് അയ്യപ്പപ്പണിക്കരാണ്. ഉള്ളുറൈ ഉപമ, ഇറച്ചി, അകംതിണ,പുറംതിണ എന്നീ സാഹിത്യ സിദ്ധാന്തങ്ങളാണ് ദ്രാവിഡ സൗന്ദര്യശാസ്ത്രം എന്നും പ്രതിപാദിച്ചു. അദ്ദേഹം ജർമനിയിൽ നടന്ന ഒരു ലോക സാഹിത്യ

അധിനിവേശശക്തികൾ തെന്നിന്ത്യാസംസ്കാരത്തെ നശിപ്പിക്കാൻ കഴിയാവുന്നത്ര ശ്രമിച്ചു. എത്ര ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുന്നുവോ അത്രയും പൂർവാധികം ശക്തിയോടെ ചെന്തമിഴ് ഭാഷയും ആ ഭാഷയിലൂടെ പ്രകടമാവുന്ന തെന്നിന്ത്യൻ സംസ്കാരവും വളർന്നു കൊണ്ടേയിരുന്നു.





സദസ്സിലാണിത് അവതരിപ്പിച്ചത്. അദ്ദേഹത്തിന്റെ ഈ ചിന്തകളാണ് പിന്നീട് ദ്രാവിഡസൗന്ദര്യ ശാസ്ത്രത്തിൽ ഗവേഷകർക്ക് പ്രചോദനം നൽകിയത്. ഈ ചിന്ത തമിഴകം, കേരളം, കർണാടക തുടങ്ങിയ തെന്നിന്ത്യൻ സംസ്ഥാനങ്ങളിൽ ദ്രാവിഡ മൂല്യത്തെ ഉയർത്തിക്കാട്ടുന്ന ഗവേഷകർക്ക് പുതിയ ദിശാബോധം നൽകി. മാത്രമല്ല, തെന്നിന്ത്യരുടെ സംസ്കാരപഠനത്തിന് ഒരു വഴിത്തിരിവ് ഉണ്ടാക്കുകയും ചെയ്തു.

കേരളീയർ എന്തുകൊണ്ട് തമിഴ് പഠിക്കണം എന്ന ചോദ്യത്തിന് ഒരു ഉത്തരമേ ഉള്ളൂ. കേരളീയരുടെ തനതായ ചരിത്രം അറിയണമെങ്കിൽ അവർ തമിഴ് സാഹിത്യത്തിലെ പതിറ്റുപ്പത്ത്, ചിറുപാണാറ്റുപ്പടൈ, മധുരൈക്കാഞ്ചി, ചിലപ്പതികാരം തുടങ്ങിയ കൃതികളെ വായിക്കണം.

തമിഴ് കേവലം ഒരു ഭാഷയല്ല. അത് ഒരു സാംസ്കാരിക പ്രതിരോധത്തിന്റെ ചിഹ്നം കൂടിയാണ്. മധുരൈക്കു സമീപം കീഴടി എന്ന സ്ഥലത്തിൽ 2019ൽ കണ്ടെത്തിയ പുരാതന വസ്തുക്കളെ പരിശോധിച്ചപ്പോൾ അവയ്ക്ക് 2300 വർഷം പഴക്കമുണ്ട് എന്നാണ് കണ്ടെത്തിയത്. അതായത് സിന്ധു നദീതട സംസ്കാരത്തിന് മുമ്പുതന്നെ ഇവിടെ മനുഷ്യൻ ജീവിച്ചിരുന്നതിന് തെളിവാണ് ആ ഗവേഷണത്തിലൂടെ പുറത്തുവന്നത്. ഇതിന്റെ അടിസ്ഥാന വാദം ലിപിയെ മുൻനിർത്തിയായിരുന്നു. ആതൻ എന്ന വാക്കാണ് ഒരു മൺപാത്രത്തിൽനിന്ന് വായിച്ചെടുക്കാൻ കഴിഞ്ഞത് .

തമിഴിൽ ആദ്യത്തെ വ്യാകരണ കൃതിയായ തൊൽക്കാപ്പിയം ആതൻ/ചാത്തൻ എന്ന ചൊല്ലുകൾ നാമങ്ങൾ (പെയർച്ചൊൽ) ആണെന്ന് പരാമർശിക്കുന്നു. ഇങ്ങനെ ചരിത്രപരമായ ഒരുപാട് തെളിവുകൾ നമ്മുടെ ഇടയിൽത്തന്നെ ഉണ്ട്. അതിനെ നമ്മൾ അടയാളപ്പെടുത്താൻ ശ്രമിച്ചാൽ നമ്മുടെ തനതായ ജീവിത ശൈലിയെ നമുക്ക് തിരിച്ചറിയാൻ കഴിയും. പിന്നെ നമുക്ക് ഭാഷാദേശീയ വാദികളുടെ മുമ്പിൽ ബോധിപ്പിച്ചു നടക്കേണ്ട അവസ്ഥ വരില്ല. അതുകൊണ്ട് കേരളീയർ തങ്ങളുടെ ഗോത്രഭാഷയായ തമിഴ് ഭാഷയെ പഠിക്കേണ്ടത് ഈ കാലഘട്ടത്തിന്റെകൂടി അനിവാര്യതയാണ്. തമിഴ്ഭാഷ പ്രതിനിധാനം ചെയ്യുന്നത് ഭാഷാദേശീയവാദമല്ല മറിച്ച് തെന്നിന്ത്യയുടെ സംസ്കാരത്തെയാണ്.




ലോകത്തിൽ ഒരുപാട് സംസ്കാരങ്ങൾ രൂപപ്പെട്ടിട്ടുണ്ട് ചില അധിനിവേശങ്ങൾകൊണ്ട് ആ സംസ്കാരങ്ങൾക്ക് നാശവും സംഭവിച്ചിട്ടുണ്ട്. ഭാഷാചിന്തകനായ തിയാംഗോ പറയുന്നതുപോലെ ഭാഷയും സംസ്കാരവും തമ്മിൽ എപ്പോഴും ഒരു ആഴമേറിയ ബന്ധമുണ്ട്. അതുകൊണ്ട് ഒരു ഭാഷയെ നശിപ്പിച്ചാൽ ഒരു സംസ്കാരത്തെ നശിപ്പിക്കാം. ഭാഷ പ്രതിനിധാനം ചെയ്യുന്നത് സ്വത്വ വാദത്തെയോ ദേശീയ വാദത്തെയോ മാത്രമല്ല ഒരു സംസ്കാരത്തെക്കൂടിയാണ്. അങ്ങനെ ഗ്രീക്കും ലാറ്റിനും സംസ്കൃതവും തമിഴും സംസ്കാരത്തെ പ്രതിനിധാനം ചെയ്യുന്ന ഭാഷകളാണ്. സംഘസാഹിത്യവും ചിലപ്പതികാരവും കേരളീയരുടെയും ദ്രാവിഡ സംസ്കാരത്തിന്റെയും തിരിച്ചറിയൽ കാർഡാണ്. അതുകൊണ്ട് തെന്നിന്ത്യൻ ജനങ്ങൾ ആ സംസ്കാരമൂല്യത്തെ അതിജീവനത്തിനു വേണ്ടി അടയാളപ്പെടുത്തി വയ്ക്കുക എന്നത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ദ്രാവിഡ/തെന്നിന്ത്യൻ സംസ്കാരം തമിഴ്കൃതികളിൽ നിലയുറപ്പിക്കുകയും മലയാളിയുടെ പറച്ചിലുകളിൽ ജീവിക്കുകയുമാണ് ചെയ്യുന്നത്. അതുകൊണ്ട് കേരളീയർ തമിഴ് പഠിക്കണം എന്നത് അനിവാര്യമാണ്. സംസ്കാരം ഭാഷയിലൂടെ ചേർന്നു പടരുന്നു. കേരളീയർ തമിഴ് ഭാഷയെ അന്യഭാഷയായി കാണരുത്. തങ്ങൾക്കും കൂടി അവകാശപ്പെട്ട ഭാഷയായി കാണണം. കാരണം മലയാളികളുടെ സാംസ്കാരിക ചരിത്രം അവശേഷിക്കുന്നത് സംഘ സാഹിത്യ കൃതികളിലാണ്.

## ഗ്രന്ഥസൂചി


1. തമിഴണ്ണൽ, തൊൽക്കാപ്പിയം മൂലപാഠം, ഉറയും മീനാക്ഷി പ്രസിദ്ധീകരണം, മധുര, 2008
2. സോമസുന്ദരനാർ, അകനാനൂറ് -പുറനാനൂറ് -പതിറ്റുപ്പത്തു, ശൈവ സിദ്ധാന്ത പ്രസിദ്ധീകരണം, ചെന്നൈ, 2008
3. കെ.കെ. പിള്ള, തമിഴർ ചരിത്രവും സംസ്കാരവും, ലോക തമിഴ് ഗവേഷണ കേന്ദ്രം, ചെന്നൈ, 2020
4. അച്യുതവാര്യർ, കേരള സംസ്കാരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2014
5. എ.ശ്രീധരമേനോൻ, കേരളചരിത്രം, ഡി സി ബുക്സ്, കോട്ടയം, 2014
6. കെ. അയ്യപ്പപ്പണിക്കർ, ഇന്ത്യൻ സാഹിത്യ സിദ്ധാന്തം: പ്രസക്തിയും സാധ്യതയും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം, 1999
7. ഉള്ളൂർ എസ് പരമേശ്വരയ്യർ, കേരള സാഹിത്യ ചരിത്രം, സായാഹ്ന ഫൗണ്ടേഷൻ തിരുവനന്തപുരം.
8. ഡോ. സാം, ഇളംകുളം കുഞ്ഞൻ പിള്ളയുടെ തിരഞ്ഞെടുത്ത കൃതികൾ, ICKS കേരള സർവകലാശാല, 2005
9. Rev. Robert Caldwell,A comparitive Grammer of the Dravidian or South Indian family of languages, 3Rd edition, Asian Educational services, 1998



*(പ്രഭാഹരൻ.കെ - 8078593578 )*






# ശിലകളിൽ പൂക്കുന്ന സർഗാത്മകലോകം

## ഡോ. ഉണ്ണി ആമപ്പാറയ്ക്കൽ

അജയ് പി. മങ്ങാട്ടിന്റെ മൂന്ന് കല്ലുകൾ എന്ന നോവലിനെക്കുറിച്ചുള്ള പഠനം

ശിഥിലവും വികലവുമായ ജീവിതത്തിന്റെ ഭിന്നാത്മകലോകത്തെയാണ് ആധുനികോത്തര നോവലുകൾ പൊതുവേ ആവിഷ്കരിക്കാൻ ശ്രമിക്കുന്നത്. അവിടെ വിട്ടുപോന്ന കാടകം പേറുന്നവരുണ്ട്. സർഗപ്രക്രിയയുടെ ഉള്ളുരുക്കങ്ങളിൽ ഇരിപ്പുറയ്ക്കാത്തവരുണ്ട്. ലോകം ഇങ്ങനെയായിപ്പോയതിൽ വേവുന്നവരുണ്ട്. പരമ്പരാഗതമായ എഴുത്തിന്റെ ഘടനയോ ആദിമധ്യാന്ത പൊരുത്തമോ അനുസ്യൂതിയോ പുതിയ നോവലുകളിൽ കാണാനാവില്ല. ചിതറിയ ലോകത്തിന്റെയും അശാന്തമായ ചിന്തയുടെയും തീപിടിച്ച മസ്തിഷ്കത്തിന്റെയും കതറലാണ് പലപ്പോഴും ആവിഷ്കൃതമാവുന്നത്. ദേശഭേദമോ കാലബോധമോ എഴുത്തിനെയോ എഴുത്തുകാരെയോ തീണ്ടുന്നില്ല. ലോകത്തെ ഒറ്റ ദേശമായി (space) കാണുന്നതാണ് ഇവരുടെ രീതി. എഴുത്തുകാരോ വായനക്കാരോ ഇവിടെ പ്രസക്തമല്ല. എഴുതപ്പെടുന്ന ജീവിതമാണ് പ്രധാനം.

സർഗാത്മകതയുടെ ദുരിതംപേറി ഊരുതെണ്ടിയെത്തുന്നവരുടെ അഭയകേന്ദ്രമായാണ് സൂസന്നയുടെ ഗ്രന്ഥപ്പുര അനുഭവപ്പെട്ടതെങ്കിൽ അജയ് പി മങ്ങാട്ടിന്റെ പുതിയ നോവൽ 'മൂന്ന് കല്ലുകൾ' ഏറെ ഭിന്നമായ ജീവിതാവസ്ഥയെയാണ് തുറന്നിടുന്നത്. സർഗാത്മകപ്രക്രിയയുടെ വേവുകൾ ഈ നോവലിലും നേരിയ തോതിലെങ്കിലും ഓളംവെട്ടുന്നുണ്ട്. എഴുത്തുകാരനായ 'ഞാനും' കഥ പറഞ്ഞുകൊടുക്കുന്നവനും കഥാപാത്രങ്ങൾതന്നെ. വിചിത്രമനുഷ്യരുടെ കഥയോതുന്ന നോവലിലെ രാഷ്ട്രീയ പശ്ചാത്തലവും ഭ്രമാത്മകതയുടെ ചേരുവകളും ആധുനികാനന്തരതയുടെ അടിപ്പടവുകളെ സ്പർശിക്കുന്നതായി കാണാം.

'ഈ കഥ കബീർ എന്നോടു പറഞ്ഞതാണ്' എന്ന വാക്യത്തിൽ തുടങ്ങുന്ന നോവൽ അവസാനിക്കുന്നതും ഏതാണ്ട് ഇതേ സ്വരത്തിലാണ്. കറപ്പൻ എന്ന പ്രൂഫ് റീഡറായ എഴുത്തുകാരൻ ഒരു പഴയകാല നടന്റെ ആത്മകഥ എഴുതിക്കൊടുക്കാൻ കോഴിക്കോട്ട് വരുന്നതാണ് നോവലിന്റെ തുടക്കം. അവിടെവെച്ച് കണ്ടുമുട്ടുന്ന, ചിത്രംവരക്കാരനും പാചകക്കാരനുമായ കബീറും, ആദ്യകാല നായകനടനും ജീവിതസായന്തനത്തിൽ സീരിയലിൽ വല്ലപ്പോഴും മുഖം കാണിക്കാൻമാത്രം അവസരം ലഭിക്കുന്നയാളുമാണ് ആദ്യ ഭാഗത്ത് പ്രത്യക്ഷപ്പെടുന്നത്. പിന്നീട് മാധവൻ, ഊറായി, മാധവന്റെ കാമുകി ഏക, ഊറായിയുടെ മകളും മാധവന്റെ ഭാര്യയുമായ റഷീദ തുടങ്ങിയവരിലൂടെയാണ് നോവൽ മുന്നോട്ടു നീങ്ങുന്നത്.

ഇരുട്ടുകാനം എന്ന തനി ഗ്രാമീണമായ ദേശം. അവിടെനിന്നും ബാംഗ്ലൂരിലെത്തി മ്യൂസിക് ബാൻഡിൽ ഗിറ്റാറിസ്റ്റായി മാറിയ മാധവൻ ഒരു

സുപ്രഭാതത്തിൽ അവിടം വിടുകയും പിന്നീട് ജേർണലിസ്റ്റായി ജോലിനോക്കുകയും ചെയ്യുന്നു. അയാളുടെ പെൺസുഹൃത്താണ് ഏക. ബാംഗ്ലൂരിൽ വച്ച് പരിചയപ്പെട്ട അവളെ മാധവൻ വിവാഹം ചെയ്യുമെന്നാണ് അയാളുടെ അമ്മപോലും കരുതിയത്. എന്നാൽ റഷീദയെയാണ് മാധവൻ ജീവിതപങ്കാളിയാക്കിയത്. ഏകയെ പിരിയാൻ കഴിയാതിരിക്കുകയും ചെയ്യുന്നു. ഇത്തരം വിചിത്രങ്ങളായ ജീവിതബന്ധങ്ങളാണ് നോവലിനെ അന്യാദൃശമാക്കുന്നത്.

ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയിലെ ഗവേഷകനായിരുന്ന ഊറായിയാണ് മറ്റൊരു അസാധാരണ കഥാപാത്രം. അയാൾ എപ്പോൾ എവിടെ പ്രത്യക്ഷപ്പെടുമെന്ന് പറയാനാവില്ല. കൊച്ചാപ്പയുടെ വരവും പോക്കും അപ്രതീക്ഷിതമാണെന്ന് മാധവൻ ഓർക്കുന്നുണ്ട്. എല്ലാവരും സ്നേഹത്തോടെ കൊച്ചാപ്പ എന്നു വിളിക്കുന്ന ഊറായി ഒരിക്കലും മൊബൈൽഫോൺ ഉപയോഗിക്കാറില്ല. സുനാമിയിലും വർഗീയ കലാപങ്ങളിലും കൊല്ലപ്പെടുന്നവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസവും മറ്റു ചെലവുകളും വഹിക്കുന്ന ചാരിറ്റി പ്രവർത്തനങ്ങളിലും അയാൾ വ്യാപൃതനാണ്.

## ശിഥിലമായ പ്രമേയഘടന

ശ്ലഥമായ കഥാഘടനയാണ് നോവലിന്റെ ഒരു സവിശേഷത. എഴുത്തുകാരനായ ഞാൻ(കറുപ്പൻ), പുതുതായി പരിചയപ്പെട്ട കബീർ എന്നിവരുടെ ജീവിതഗതി ഒരു ഭാഗത്ത് വ്യക്തമാക്കപ്പെടുമ്പോൾ, സമാന്തരമായി മാധവന്റെയും ഊറായിയുടെയും മറ്റും ഗതിവേഗങ്ങൾ വെളിപ്പെടുന്നു. ബാംഗ്ലൂർ, കോഴിക്കോട്, ഇരുട്ടുകാനം, മലമുണ്ട എന്നിങ്ങനെ ഗ്രാമീണവും നാഗരികവുമായ വ്യത്യസ്ത ഇടങ്ങളാണ് നോവലിന്റെ പശ്ചാത്തലം. ഒരേ പേരിൽ രണ്ടു കഥാപാത്രങ്ങൾ (പ്രൂഫ്റീഡറും എഴുത്തുകാരനുമായ കറുപ്പൻ, മാധവന്റെ അച്ഛനായ മറ്റൊരു കറുപ്പൻ) പ്രത്യക്ഷപ്പെടുന്നതും വായനക്കാരെ ചെറുതായൊന്ന് ഉലയ്ക്കുന്നുണ്ട്. എന്നോ മരിച്ചുപോയ കാക്കായുടെയും ചോരയുടെയും കഥ ഭ്രമാത്മകതയുടെ തലം സൃഷ്ടിക്കുന്നു. മാധവനെ സംഗീതലോകത്തുനിന്ന് അകറ്റുന്നത് ചോരയെക്കുറിച്ചുള്ള ദുസ്സ്വപ്നങ്ങളാണ് (ഈ കഥാപാത്രത്തിന്റെ പേരുതന്നെ വിചിത്രമായിതോന്നുന്നു). ഭിന്നകാലങ്ങളിൽ നടന്ന സംഭവങ്ങളെ കഥനവൈഭവത്തോടെ ചേർത്തുവയ്ക്കുകയും എന്നാൽ വായനക്കാരനെ തെല്ലൊന്ന് അമ്പരപ്പിക്കുകയും ചെയ്യുന്ന രചനാരീതിയാണ് എഴുത്തുകാരൻ ഇതിൽ പയറ്റിയിട്ടുള്ളത്. വെള്ളപ്പൊക്കവും ഉരുൾപ്പൊട്ടലും പോലുള്ള പ്രകൃതിപ്രതിഭാസങ്ങളും നോവലിന് വൈചിത്ര്യം നല്കുന്നുണ്ട്.

## കഥാപാത്രവൈവിധ്യങ്ങൾ

പ്രതിജനഭിന്നമായ ജീവിതത്തെയാണ് ഈ നോവലിൽ കാണാനാവുന്നത്. ഒറ്റയായി ജീവിക്കുകയും തന്നിലേക്കുതന്നെ ഒതുങ്ങിക്കൂടുകയും ചെയ്യുന്ന പ്രൂഫ്റീഡറും എഴുത്തുകാരനുമായ കറുപ്പൻ, നിഗൂഢമായ ജീവിതപശ്ചാത്തലമുള്ള ഊറായി, പിടിതരാത്ത മാധവൻ, സഹായമനസ്കനായ കബീർ, മരിച്ചുപോയ മകളെയോർത്ത് നീറുന്ന ഇമാംഹുസൈൻ, മാധവന്റെ പകൽക്കിനാക്കളിൽ വന്നുപോവുന്ന ചോര, ചോരയുടെ കഥയിൽ മിന്നിമറയുന്ന കാക്കാ, മാധവന്റെ കാമുകിയായ ഏക, ഭാര്യയായ റഷീദ, ഇമാമിന്റെ മകളും റഷീദയുടെ ഉമ്മയുമായ മിനാ...ഇങ്ങനെ വിചിത്ര സ്വഭാവക്കാരായ നിരവധി കഥാപാത്രങ്ങളാണ് നോവലിനെ ശ്രദ്ധേയമാക്കുന്നത്.

മാധവനെയും കറുപ്പനെയും കൂട്ടിയിണക്കുന്ന കഥാപാത്രം എന്ന നിലയിലും ഇതിവൃത്തത്തെ മുന്നോട്ടു നയിക്കുന്നയാൾ എന്ന രീതിയിലും കബീർ പ്രധാനിയാണ്. സമാന്തര രേഖകൾപോലെയാണ് കഥ മുന്നോട്ടുനീങ്ങുന്നത്. എഴുത്തുകാരന്റെ അപരൻ എന്ന നിലയിൽ കറുപ്പൻ നോവലിന്റെ അരികുപറ്റി നീങ്ങുമ്പോൾ മാധവനാണ് കേന്ദ്രസ്ഥാനത്ത് നില്ക്കുന്നത്. എന്നാൽ അയാളുടെ മനോനില പ്രവചനീയമല്ല. തനിഗ്രാമീണ ഭൂമികയിൽനിന്ന് നാഗരികതയിലേക്ക് എത്തപ്പെട്ടയാളാണ്. എന്നാൽ ഉള്ളിലിപ്പോഴും കാട്ടുറങ്ങുന്നുണ്ട്. കുട്ടിക്കാലത്തെ ഏകാന്തമായ ഒളിഞ്ഞിരിപ്പുകളും ചോരയുമായുള്ള സ്വപ്നസമാനമായ കൂടിക്കാഴ്ചകളും മാധവന്റെ മനസ്സിനെ പില്ക്കാലത്തും ഉലയ്ക്കുന്നു. ഏകയൊത്തുള്ള നിമിഷങ്ങൾ, കൂടിക്കാഴ്ചകൾ, തൊട്ടുരുമ്മിയിരുപ്പുകൾ, ഉമ്മവയ്ക്കലുകൾ, കണ്ണിൽ നോക്കിയിരിക്കൽ, വീട്ടിലെത്തിയ ഉടനെ അവൾക്കുള്ള കത്തെഴുത്തുകൾ... എല്ലാം അയാളെ വ്യത്യസ്തനാക്കുന്നു. എന്നിട്ടും അയാൾ റഷീദയെ പ്രണയിച്ചു, വിവാഹംകഴിച്ചു. കൊച്ചാപ്പയെ ഇഷ്ടപ്പെട്ടു. അയാൾ വിളിച്ചിടത്തൊക്കെ പോയി. ഊറായിയോടൊപ്പമുള്ള യാത്രകൾ പലതും ബോധ്യപ്പെടുത്തി. 'ജീവിതം വലിയ അനീതികളെ മാത്രമല്ല വലിയ നീതിയെയും കൊണ്ടുവരുമെന്നും ബോധ്യമായി'.

ഊറായി എന്ന കൊച്ചാപ്പയാണ് നോവലിനു രാഷ്ട്രീയ മാനം നല്കുന്ന കഥാപാത്രം. ഒട്ടും വെളിപ്പെടാതെ മാറിനില്ക്കുന്ന ഇയാൾ. ഉയർന്ന ഉദ്യോഗമുണ്ടായിരുന്നിട്ടും കുടുംബവും സൗകര്യങ്ങളുമെല്ലാം വരുതിയിലിരുന്നിട്ടും അലയാൻ വിധിക്കപ്പെട്ട ജന്മം. ഒടുങ്ങാത്ത യാത്രകളായിരുന്നു എപ്പോഴും. ഭാര്യയായ മിനായെ അയാൾക്കൊട്ടും മനസ്സിലാക്കാനായില്ല. 'ഒരു പുരുഷൻ എത്ര ഉദാരനും കാരുണ്യവാനും ആയാലും അയാൾ സ്വന്തം പെണ്ണിന്റെ കണ്ണുകളിലെ വേദന തിരിച്ചറിയുന്നതിൽ പരാജയപ്പെടും, തനിക്കു പാർക്കാനുള്ള ഒരു വീടായി മാത്രം അവൻ പെണ്ണിനെ കരുതുകയും ചെയ്യും. എന്തൊരു പരാജയമാണിത്'' എന്ന് നോവലിസ്റ്റ് പറയുന്നുണ്ട്. ഒടുവിൽ പോലീസുമായുള്ള ഏറ്റുമുട്ടലിൽ മരണപ്പെടുകയായിരുന്നു, അയാൾ.

ഒരു ജീവിതകാലം മുഴുവൻ ഭർത്താവിനും മകനുംവേണ്ടി ജീവിച്ച മാധവന്റെ അമ്മ രാധ, നോവലിൽ പ്രത്യക്ഷപ്പെടുന്ന നിശ്ശബ്ദയായ ഒരു കഥാപാത്രമാ

ഊറായി എന്ന കൊച്ചാപ്പയാണ് നോവലിനു രാഷ്ട്രീയ മാനം നല്കുന്ന കഥാപാത്രം. ഒട്ടും വെളിപ്പെടാതെ മാറിനില്ക്കുന്ന ഇയാൾ. ഉയർന്ന ഉദ്യോഗമുണ്ടായിരുന്നിട്ടും കുടുംബവും സൗകര്യങ്ങളുമെല്ലാം വരുതിയിലിരുന്നിട്ടും അലയാൻ വിധിക്കപ്പെട്ട ജന്മം. ഒടുങ്ങാത്ത യാത്രകളായിരുന്നു എപ്പോഴും. ഭാര്യയായ മിനായെ അയാൾക്കൊട്ടും മനസ്സിലാക്കാനായില്ല.

ണ്. എന്നാൽ തന്റേടത്തോടെയും തന്മയത്വത്തോടെയും ജീവിച്ച അവർ സാഹചര്യങ്ങളെ സധീരം നേരിട്ടവളാണ്. മകൻ ആദ്യമായി വീട്ടിൽനിന്നും വിട്ടുനിന്നപ്പോൾ പറഞ്ഞത്, 'എന്നെ ഓർക്കാതിരിക്കുക, സ്വന്തം കാര്യംനോക്കി നന്നായി പഠിക്കുക' എന്നാണ്. അവസാനം മകന്റെ അസാന്നിധ്യത്തിൽ മരുമകളായ റഷീദയ്ക്ക് താങ്ങായിമാറുന്നതും അവർ തന്നെ.

മകൾ മിനായുടെ അകാലമരണത്തിൽ നീറുന്ന ഇമാം ഹുസൈൻ, മരുമകൻ ഊറായി വീടുവിട്ടുപോയതിലും മകൾ ലോകം വിട്ടുപോയതിലും ഏറെ ദുഃഖിതനാണ്. പേരമകൾ റഷീദയെ കാണുമ്പോഴാണ് അല്പമെങ്കിലും ആശ്വസിക്കുന്നത്. മകളുടെ മരണശേഷം അവളുടെ കവിതകളും കുറിപ്പുകളും ഇമാം കാണാനിടയാവുന്നുണ്ട്. മകളുടെ മനസ്സ് കാണാൻ കഴിയാതെപോയതിൽ അയാൾ സങ്കടപ്പെടുന്നു. 'എന്റെ സന്തോഷങ്ങൾക്ക് ഒപ്പമാണ് അവൾ വളർന്നത്, അവളുടെ സന്തോഷങ്ങൾക്ക് ഒപ്പമല്ല' എന്ന് ആശങ്കപ്പെടുന്നു. 'അകത്ത്, മനുഷ്യരുടെ അകങ്ങളിലാണ് ഏറ്റവും ഭയങ്കരമായ വ്യതിയാനങ്ങൾ സംഭവിക്കുന്നത്'. 'അവൾ എന്നും ഇവിടെയുണ്ടാകണമെന്നു ഞാൻ വാശിപിടിച്ചു. ഞാൻ അവളുടെ പഠനം മുടക്കി, അവളുടെ യാത്രകൾ മുടക്കി, അവളുടെ ലോകത്തെ അടച്ചുകളഞ്ഞു. എന്റെ ആത്മാവിന്റെ ശൂന്യതയാണ് എന്നെ അതു ചെയ്യിപ്പിച്ചത്. അതെന്റെ പാപമായിരുന്നു' എന്നയാൾ പിന്നീട് നൊമ്പരപ്പെടുന്നുണ്ട്.

പതിനഞ്ചു വയസ്സുമാത്രമുള്ള ചോര അനാഥനായി ഇരുട്ടുകാനത്തെത്തുന്നതും പിന്നീട് അവന്റെ ജീവിതത്തിലുണ്ടാകുന്ന ആകസ്മികതകളും ഒരു കിനാവുപോലെ നോവലിൽ മിന്നിമറയുന്നു. സമ്പത്തും അത്യാഗ്രഹങ്ങളും മനുഷ്യനിലുണ്ടാക്കുന്ന വ്യതിയാനങ്ങളും അതുമൂലമുണ്ടാകുന്ന ദുരന്തങ്ങളും വിഭ്രമാത്മക ദൃശ്യസമാനം നോവലിൽ ഉൾച്ചേരുന്നുണ്ട്. വർഷങ്ങൾക്കുശേഷവും, ചോരയുടെ ദുരന്തവുമായി ബന്ധപ്പെട്ട ഓർമകൾ മാധവനെ വേട്ടയാടുന്നു എന്നതാണ് കൗതുകകരം. ഈ നോവലിലെ സ്ത്രീകഥാപാത്രങ്ങളേറെയും ദുരന്തമുഖത്തുനില്ക്കുന്നവരാണ്. ഒന്നുകിൽ പിടഞ്ഞൊടുങ്ങേണ്ടിവന്നവർ. അല്ലെങ്കിൽ ദുരിതങ്ങൾ ആവോളം പേറേണ്ടിവന്നവർ.

വിഭിന്ന പ്രതലങ്ങളിൽ ജീവിച്ചവരും എന്നാൽ ഏറെക്കുറേ സമാനാനുഭവങ്ങൾ പങ്കിടുന്നവരുമാണ് കഥാപാത്രങ്ങൾ. സമാനത എന്നത് ആൾത്തിരക്കിനിടയിലും ഏകാന്തത അനുഭവിക്കുന്നതിലും അശാന്തിയിലൂടെ കടന്നുപോവുന്നതിലും മാത്രമാണെന്നത് പ്രത്യേകം ഓർക്കുന്നത് നന്ന്. ഇടയ്ക്കൊന്ന് പ്രത്യക്ഷപ്പെട്ടുപോവുന്ന റിട്ടയേർഡ് തഹസീൽദാറും കാളിയപ്പനുംവരെ ജീവിതാഘാതമേറ്റ് തളർന്നവരാണ്. ജീവിതം ഇത്രമേൽ കഠിനമാണെന്ന് ബോധ്യപ്പെടുത്തുകയാണോ ഇത്തരം കഥാപാത്രങ്ങളുടെ ദൗത്യമെന്ന് തോന്നിപ്പോകുന്നു.

## നോവൽരാഷ്ട്രീയം

എഴുത്ത്, പ്രസാധനം, പ്രസാധനത്തിന്റെ കച്ചവടമനോഭാവം, അസാധാരണജീവിതം, അരികുവൽക്കരിക്കപ്പെടുന്നവരുടെ അധഃസ്ഥിതി, തീവ്രഇടതുപക്ഷരാഷ്ട്രീയം, അധികാരം/ഭരണകൂടഭീകരത, പകയുടെയും പകപോക്കലിന്റെയും ധനമോഹങ്ങളുടെയും രാഷ്ട്രീയം എന്നിവയെല്ലാം ഏറിയും കുറഞ്ഞും ഈ നോവലിൽ പ്രതിഫലിക്കുന്നുണ്ട്. മുമ്പ് സൂചിപ്പിച്ചതുപോലെ ജീവിതവൈവിധ്യമാണ് നോവൽ രാഷ്ട്രീയത്തിന്റെ ആണിക്കല്ല്. തങ്ങൾക്ക് ശരിയെന്ന് തോന്നുന്ന രീതിയിൽ ജീവിച്ചവരാണ് ഇതിലെ മിക്ക കഥാപാത്രങ്ങളും. വിശ്വാസങ്ങളെ മുറുകെ പിടിക്കുന്നവരെയും തങ്ങളിലേക്ക് ഒതുങ്ങിക്കൂടുന്നവരെയും നമുക്കിവിടെ കാണാനാവും.

എഴുത്തിനെയും പുസ്തകപ്രസാധനത്തെയും സ്വാർഥലാഭത്തിനും പണത്തിനുംവേണ്ടി ഉപയോഗിക്കുന്ന പുതിയ പ്രസാധകന്മാരെയും പ്രസാധനരംഗത്തെ മൂല്യശോഷണത്തെയും നോവൽ വെളിപ്പെടുത്തുന്നു. പ്രകൃതിക്ഷോഭങ്ങളിലും കലാപങ്ങളിലും ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ടവർ, വീടും ഊട്ടുവെപ്പുകളും ഉപേക്ഷിക്കേണ്ടിവന്നവർ...അവരുടെ ജീവിതവും ജീവിതാവസ്ഥയും ചില സൂചനകളിലൂടെയും ഭാഷണങ്ങളിലൂടെയും നോവൽ മുന്നോട്ടുവയ്ക്കുന്നുണ്ട്. തിരസ്കൃതനെ സഹായിക്കുവാൻ പ്രത്യയശാസ്ത്രങ്ങളും പ്രത്യയശാസ്ത്രനിലപാടുകളും ഉടലെടുക്കുമെന്നത് ചരിത്രമാണ്. സാമൂഹികപ്രവർത്തകരും എൻ.ജി.ഓ-കളും തീവ്രഇടതുപക്ഷപ്രവർത്തകരും സാഹചര്യങ്ങളെ ഉപയോഗിക്കുന്നതാണ് നാമിവിടെ കാണുന്നത്. അധികാരവും ഭരണകൂടത്തിന്റെ ഉപകരണങ്ങളും പ്രശ്നങ്ങളെ പരിഹരിക്കാൻ ശ്രമിക്കുന്നതിനുപകരം കൂടുതൽ സങ്കീർണമാക്കുകയാണ് ചെയ്യുന്നത്. വ്യാജ ഏറ്റുമുട്ടലുകളും കൗണ്ടർ അറ്റാക്കുകളും പെരുകുന്ന കാലത്ത് ഭരണകൂടത്തിൽനിന്ന് സമ്പൂർണ നീതി ലഭിക്കുമെന്ന് പ്രതീക്ഷിക്കാനാവില്ല. അവിടെയാണ് ഊറായിയെപ്പോലുള്ളവർ പ്രവർത്തിക്കുന്നത്. നക്സലിസത്തിന്റെ രാഷ്ട്രീയം പറയാതെ പറഞ്ഞുപോവുന്ന ഒരു നോവലാണിതെന്ന് ചിലർക്കെങ്കിലും തോന്നാവുന്നതാണ്. അപ്രത്യക്ഷനാവുന്ന മാധവൻ നിരവധി ചോദ്യങ്ങൾ ഉയർത്തുന്നുണ്ട് (മൊബൈൽ ഫോണും പഴ്സും എ.ടി.എം. കാർഡും ഐഡന്റിറ്റി കാർഡും എടുക്കാതെയാണ് മാധവൻ അപ്രത്യക്ഷനാവുന്നത്). എന്നാൽ അത്തരം ചോദ്യങ്ങൾക്കൊന്നും ഉത്തരം കാണാതെ നോവൽ പൊടുന്നനെ അവസാനിക്കുകയാണ്. അല്ലെങ്കിലും ചില ചോദ്യങ്ങൾ ഉയർത്തുക എന്നതാണല്ലോ പ്രധാനം. ഉത്തരം അപ്രസക്തമാക്കുന്ന ചില ചോദ്യങ്ങൾ... ആദിമധ്യാന്ത പൊരുത്തമുള്ള ഇതിവൃത്തത്തിനുപകരം സാധ്യതകളുടെ ഒരു വലിയ വാതിൽ തുറക്കുകയും ശിഥിലവും വികലവുമായ ലോകത്തെ തുറന്നുവയ്ക്കുകയുമാണ് പുതിയകാല നോവലുകൾ. മൂന്നു കല്ലുകൾ എന്ന നോവലും മറ്റൊന്നല്ല ചെയ്യുന്നത്.

*(ഡോ. ഉണ്ണി ആമപ്പാറയ്ക്കൽ- 9446487210, 9645274796.)*

എഴുത്തിനെയും പുസ്തകപ്രസാധനത്തെയും സ്വാർഥലാഭത്തിനും പണത്തിനുംവേണ്ടി ഉപയോഗിക്കുന്ന പുതിയ പ്രസാധകന്മാരെയും പ്രസാധനരംഗത്തെ മൂല്യശോഷണത്തെയും നോവൽ വെളിപ്പെടുത്തുന്നു. പ്രകൃതിക്ഷോഭങ്ങളിലും കലാപങ്ങളിലും ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ടവർ, വീടും ഊട്ടുവെപ്പുകളും ഉപേക്ഷിക്കേണ്ടിവന്നവർ...അവരുടെ ജീവിതവും ജീവിതാവസ്ഥയും ചില സൂചനകളിലൂടെയും ഭാഷണങ്ങളിലൂടെയും നോവൽ മുന്നോട്ടുവയ്ക്കുന്നുണ്ട്.



# മലയാളഭാഷാ സാങ്കേതിക വിഭവ സ്രോതസ്സുകൾ – ഒരവലോകനം

ഡോ. സരിത എസ്. എൽ

ഭാഷാപഠനത്തിനും വിശകലനത്തിനും ഭാഷാവിഭവങ്ങൾ അത്യാവശ്യമാണ്. ഇതിന്റെ ഭാഗമായി ഉയർന്ന നിലവാരമുള്ള ഡാറ്റ വികസിപ്പിക്കുന്നതിനായി ഗണ്യമായ പ്രവർത്തനവും സമയവും ആവശ്യമാണ്.

## 1. ആമുഖം

ഭാഷാപഠനത്തിനും വിശകലനത്തിനും ഭാഷാ വിഭവങ്ങൾ അത്യാവശ്യമാണ്. ഇതിന്റെ ഭാഗമായി ഉയർന്ന നിലവാരമുള്ള ഡാറ്റ വികസിപ്പിക്കുന്നതിനായി ഗണ്യമായ പ്രവർത്തനവും സമയവും ആവശ്യമാണ്. റൈറ്റിങ് സിസ്റ്റം, പ്രിന്റിങ് പ്രസ്സ്, കമ്പ്യൂട്ടറുകൾ, ഭാഷാശേഖരങ്ങൾ മുതലായവ ഉയർന്ന നിലവാരമുള്ള ഡാറ്റ സൂക്ഷിക്കാൻ സഹായിച്ചിട്ടുണ്ട്. ഭാഷാ പുരോഗതിക്കായി ലഭ്യമായ ഭാഷാവിഭവങ്ങൾ ലിസ്റ്റ് ചെയ്യുന്നതിനും കൂടുതൽ ഉപയോഗപ്രദമാക്കുന്നതിനുമായി ആധികാരിക ഭാഷാ ഡാറ്റയും ടൂളുകളും വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഒരു പ്രത്യേക ഭാഷയുടെ വികാസവും വളർച്ചയും അറിയുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഇവ വികസിപ്പിച്ചെടുത്തിട്ടുള്ളത്. മാത്രമല്ല ഗവേഷണമേഖലാ മുന്നേറ്റത്തിന് ഈ വിഭവങ്ങൾ ആവശ്യമാണ്. ഇവ വികസിപ്പിച്ചെടുത്തതിന്റെ ഫലമായി ഭാഷാ സാങ്കേതികവിദ്യയുടെ പ്രവർത്തനങ്ങളെ ഇവ പരിപോഷിപ്പിക്കുകയും ഇവയുടെ കാര്യക്ഷമത വർധിപ്പിക്കുകയും ചെയ്യുന്നു.

### 1.1 മലയാളഭാഷാ ചരിത്രം

ദ്രാവിഡഭാഷാഗോത്രത്തിൽ ഉൾപ്പെടുന്ന ഒരു ആധുനിക ഭാഷയാണ് മലയാളം. എ. ഡി ഒൻപതാം നൂറ്റാണ്ടിലാണ് മലയാള ഭാഷ തമിഴിന്റെയോ ദ്രാവിഡത്തിന്റെയോ ഒരു ഉപഭാഷ എന്ന നിലയിൽ പ്രത്യേക ഭാഷയായി രൂപപ്പെട്ടത് എന്നാണ് പൊതുവായ നിഗമനം. ദ്രാവിഡഭാഷാ കുടുംബത്തിൽ ഉൾപ്പെട്ട മലയാളത്തിന് ഇതര ഭാരതീയ ഭാഷകളായ സംസ്കൃതം, തമിഴ് എന്നീ ഭാഷകളുമായി പ്രകടമായ ബന്ധമുണ്ട്. മലയാളം എന്ന പേര് മലകളും സമുദ്രവും ഒത്തു ചേരുന്ന എന്ന അർഥമുള്ള മല, ആളം (സമുദ്രം) എന്നീ ദ്രാവിഡവാക്കുകൾ ചേർന്ന് ഉണ്ടായതാണെന്ന് ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. മല എന്ന പദവും ആൾ, ആളുക എന്ന നപുംസകപദവും ചേർന്നും സന്ധിനിയമമനുസരിച്ച് വിടവടയ്ക്കാൻ 'യ'കാരം ചേർന്നുമാണ് മലയാളം ഉണ്ടായതെന്ന് കരുതുന്നു. മലയാൺമ, മലയായ്മ എന്നീ പദങ്ങളും ഇങ്ങനെ ആൺമൈ എന്നതിൽ നിന്നാണെന്ന് മലയാളത്തെക്കുറിച്ച് പഠിച്ച വിദേ

ശീയനായ റോബർട്ട് കാഡ്വൽ പറയുന്നു.

## 1.2 മലയാള ലിപിയുടെ പരിണാമം

മലയാളഭാഷയ്ക്ക് ശ്രേഷ്ഠഭാഷാപദവി അനുവദിച്ചുകൊണ്ട് കേന്ദ്രമന്ത്രിസഭ തീരുമാനമെടുത്തത് 2013 മെയ് 23-നാണ്. മലയാളഭാഷ സംസ്കൃതത്തിൽ നിന്ന് ഉദ്ഭവിച്ചതാണെന്നും അതല്ല സംസ്കൃതവും തമിഴും കൂടിക്കലർന്ന ഒരു മിശ്രഭാഷയാണെന്നും ആദ്യകാലങ്ങളിൽ വിശ്വസിച്ചിരുന്നു. കേരളത്തിൽ നിന്ന് കണ്ടുകിട്ടിയിട്ടുള്ളതിൽവച്ച് പഴയ ലിഖിതമാണ് വാഴപ്പള്ളി ശാസനം. എ. ഡി 832-ൽ ആണ് വാഴപ്പള്ളി ശാസനം എഴുതപ്പെട്ടത് എന്നു കരുതപ്പെടുന്നു. നസ്രാണി ക്രൈസ്തവരുടേയും കേരളത്തിന്റെയും ചരിത്രത്തിലെ സുപ്രധാനരേഖകളായ ലിഖിതങ്ങളാണ് തരിസാപ്പള്ളി ശാസനങ്ങൾ. പതിമൂന്നാം നൂറ്റാണ്ടിൽ എഴുതാൻ ഉപയോഗിച്ച ആദ്യകാല സ്ക്രിപ്റ്റ് വട്ടെഴുത്ത് ആണെന്നും കരുതപ്പെടുന്നു. പിന്നീട് അതിൽനിന്ന് ഉരുത്തിരിഞ്ഞതാണ് കോലെഴുത്ത്.

നിലവിലെ 'മലയാളം' വട്ടെഴുത്ത് സ്ക്രിപ്റ്റിനെ വിപുലീകരിച്ച് ഉണ്ടാക്കിയിട്ടുള്ളതാണ്. മലയാളം സ്ക്രിപ്റ്റ് ഒരു യൂണികേസ് സ്ക്രിപ്റ്റാണ്. ഇത് ഇടത്തുനിന്ന് വലത്തോട്ട് എഴുതപ്പെട്ടിരിക്കുന്നു. അക്കാലത്തെ ടൈപ്പ്റൈറ്റിങ് സാങ്കേതികവിദ്യ പ്രിന്റിനായി സ്ക്രിപ്റ്റ് ലളിതമാക്കുക എന്ന ലക്ഷ്യത്തോടെ യാണ് ഇത് ഇങ്ങനെ വിന്യസിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി 1971 ൽ പരിഷ്കരിച്ച സ്ക്രിപ്റ്റ് പ്രാബല്യത്തിൽ വന്നു. അതുവഴി ആവശ്യമായ ഗ്ലിഫുകളുടെ എണ്ണം കുറയുന്നു. ഇതിന്റെ ഭാഗമായി മലയാളത്തിന്റെ ഓർത്തോഗ്രഫി പരിഷ്കരിച്ചുകൊണ്ട് കേരളാ ഗവൺമെന്റ് ആവശ്യമായ ഗ്ലിഫുകളുടെ (glyphs) എണ്ണം കുറച്ചുകൊണ്ട് വിദ്യാഭ്യാസ വകുപ്പിന് സർക്കാർ ഉത്തരവ് നൽകി. അച്ചടി മാധ്യമങ്ങളിൽ മിക്കവാറും പരിഷ്കരിച്ച ഓർത്തോഗ്രഫിയാണ് പ്രയോജനപ്പെടുത്തുന്നത്. പ്രാഥമിക വിദ്യാഭ്യാസത്തിനായി പരിഷ്കരിച്ച ലിപിയിൽ മാത്രം വിദ്യാർഥികൾക്ക് മലയാള രചനയെ പരിചയപ്പെടുത്തുകയും അതിനനുസരിച്ച് പുസ്തകങ്ങൾ അച്ചടിക്കുകയും ചെയ്യുന്നു. ഈ സ്ക്രിപ്റ്റ് കൊങ്കണിയും കൂടാതെ പനിയ, ബെട്ട കുറുമ്പ മുതലായ നിരവധി ന്യൂനപക്ഷ ഭാഷകളും എഴുതുന്നതിനായി ഉപയോഗിക്കുന്നു

## 1.3 ഭാഷാ സാങ്കേതിക വിഭവ വികസനത്തിന്റെ വെല്ലുവിളികൾ

ഭാഷാവികസനത്തിന്റെ തടസ്സങ്ങൾ മറികടക്കുന്നതിനുള്ള ലാഭകരവും സുസ്ഥിരവും സാമൂഹികവുമായ പരിഹാരമാർഗമാണ് ഭാഷാ സാങ്കേതികവിദ്യ വികസിപ്പിക്കുക എന്നത്. ഇതുവഴി ഡിജിറ്റലൈസ്ഡ് ചെയ്യപ്പെട്ട ഭാഷാഡാറ്റ സംഭരിക്കുന്നതിനും ഡാറ്റ പങ്കിടുന്നതിനും ആക്സസ് ചെയ്യുന്നതിനും ഭാഷാസാങ്കേതികവിദ്യ മുഖേന അനായാസമാക്കി മാറ്റുന്നു. ഇങ്ങനെ ഡാറ്റാ പരിവർത്തനം നടത്തുന്നതിന് വളരെ സങ്കീർണമായ ബുദ്ധിമുട്ടുകൾ നേരിടേണ്ടതായിട്ടുണ്ട്. വളരെ സങ്കീർണവും കൃത്യതയാർന്നതുമായ മാനവഭാഷാ മോഡൽ നിർമിക്കുകയെന്നത് ബുദ്ധിമുട്ടാണ്, പ്രത്യേകിച്ചും മലയാളഭാഷയുടെ കാര്യത്തിൽ. ആയതിനാൽ ഒരു ശക്തമായ ഭാഷാ സാങ്കേതികവിദ്യ നിർമിക്കുക എന്നത് ഒരു വെല്ലുവിളി നിറഞ്ഞ ജോലിതന്നെയാണ്.

ഉചിതമായ സാങ്കേതികവിദ്യ സ്വീകരിച്ചുകൊണ്ടു മാത്രമേ കാലക്രമത്തിൽ ഭാഷയെ നിലനിർത്താൻ കഴിയുകയുള്ളൂ. മലയാളത്തിൽ ഈ വരുന്ന മാറ്റങ്ങൾ കാലാകാലങ്ങളിൽ പൂർണമായും പ്രാബല്യത്തിൽ വരുത്തുന്നുണ്ട്. മാനവഭാഷ മനസ്സിലാക്കുന്നതിനായി നാച്വറൽ ലാംഗ്വേജ് പ്രോസ്സസിങ് എന്ന സാങ്കേതികവിദ്യയാണ് കാലാകാലങ്ങളായി ഉപയോഗിക്കുന്നത്. ഇതുവഴി കമ്പ്യൂട്ടറുകൾ ഭാഷയുമായി സംവദിക്കുന്നു. എന്നാൽ ഭാഷയ്ക്ക് സ്വാഭാവികവും സന്ദർഭോചിതവുമായി അർഥങ്ങൾ ഉളവാക്കുന്ന ഉഭയാർഥങ്ങൾ ഉണ്ട്. അത് മനുഷ്യന് എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കും. പക്ഷേ, കമ്പ്യൂട്ടറുകൾക്ക് അത് സാധ്യമല്ല. ആദ്യത്തെ ആവശ്യകത എന്തെന്നാൽ കമ്പ്യൂട്ടറുകൾക്ക് മനുഷ്യഭാഷ മനസ്സിലാക്കുന്നതിനായുള്ള ഭാഷ എൻകോഡ് ചെയ്യുക എന്നതാണ്. യൂണികോഡ് എന്നാൽ എല്ലാ ഭാഷകളുടെയും പ്രതീകത്തിനും പ്രത്യേക കോഡ് നൽകുന്ന ഒരു പദ്ധതിയാണ്. യൂണികോഡ് ശ്രേണിയിൽ മലയാളം സ്ക്രിപ്റ്റിനായി OD00-OD7F കോഡ് പോയിന്റാണ് ഉപയോഗിക്കുന്നത്. മലയാള ഭാഷയുടെ ഒരു പ്രത്യേകത എന്തെന്നാൽ പല പദങ്ങൾ സംയോജിച്ച് ഒരൊറ്റ പദമായി മാറുന്നു. (Agglutinative lge) ഒരു വാക്കിന് ശരാശരി 10.56 യൂണിറ്റ് പ്രതീകങ്ങൾ വരെ ഉണ്ടാകാം.

മറ്റ് ഇന്ത്യൻ ഭാഷകളുടെ ടെക്സ്റ്റിനെ അപേക്ഷിച്ച് മലയാളം ടെക്സ്റ്റിന്റെ ശരാശരി പദദൈർഘ്യം വളരെ വലുതാണ്. സമാഹാരപരമായി വളരെ ഉയർന്നതും രൂപശാസ്ത്രപരമായി സമ്പന്നവുമായ ഭാഷയാണ് മലയാളം. ഒരു യൂണിറ്റ് ഇൻപുട്ട് ചെയ്യപ്പെട്ട ദത്തശേഖരത്തിൽ മലയാളത്തിന്റെ പുതിയ വാക്കുകളുടെ വ്യാപനനിരക്ക് മറ്റുഭാഷകളുമായി താരതമ്യപ്പെടുത്തുമ്പോൾ മറ്റ് ഭാഷകൾക്ക് കൂടുതലാണ്.

## 2. ഭാഷാ സാങ്കേതിക വിഭവ സ്രോതസ്സുകൾ

വിശകലനത്തിന് വ്യത്യസ്തമായ സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിനായി ധാരാളം ഭാഷാസാമഗ്രികൾ ആവശ്യമാണ്. മലയാളഭാഷയുടെ ഉന്നമനത്തിനായി ധാരാളം പ്രവർത്തനങ്ങൾ നടക്കുകയാണ്. നിലവിൽ ഭാഷാ വിഭവങ്ങളിൽ പ്രധാനമായും ഭാഷാഡാറ്റയും ലാംഗ്വേജ് സോഫ്റ്റ്വയറുകളും ഉൾപ്പെടുന്നു. നിഘണ്ടു, ഓണ്ടോളജി, മൾട്ടീമീഡിയാ ഡാറ്റാസെറ്റ് മുതലായവയും അവയുടെ ശേഖരം തയാറാക്കൽ, വ്യാഖ്യാനം, വിശകലനം എന്നിവ നിർമിക്കുന്നതിന് ആവശ്യമായ സോഫ്റ്റ്

> **ഉചിതമായ സാങ്കേതികവിദ്യ സ്വീകരിച്ചുകൊണ്ടു മാത്രമേ കാലക്രമത്തിൽ ഭാഷയെ നിലനിർത്താൻ കഴിയുകയുള്ളൂ. മലയാളത്തിൽ ഈ വരുന്ന മാറ്റങ്ങൾ കാലാകാലങ്ങളിൽ പൂർണമായും പ്രാബല്യത്തിൽ വരുത്തുന്നുണ്ട്. മാനവഭാഷ മനസ്സിലാക്കുന്നതിനായി നാച്വറൽ ലാംഗ്വേജ് പ്രോസ്സസിങ് എന്ന സാങ്കേതികവിദ്യയാണ് കാലാകാലങ്ങളായി ഉപയോഗിക്കുന്നത്.**

വെയറുകൾ എന്നീ വിഭവങ്ങൾ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. മാത്രമല്ല ഭാഷാപഠനം, ഇലക്ട്രോണിക് പ്രസിദ്ധീകരണങ്ങൾ, പ്രാദേശികവൽക്കരണം, വ്യവസായികരംഗത്തെ ഭാഷാസേവനങ്ങൾ ഇവയെല്ലാം ഇതിൽ ഉൾപ്പെടുന്നു.

മലയാളത്തിൽ ഭാഷാ സ്രോതസ്സുകൾ വികസിപ്പിക്കുന്നതിനായി ധാരാളം ശ്രമങ്ങൾ നടന്നിട്ടുണ്ട് ഭാഷാസാങ്കേതികവിദ്യയുടെ അടിസ്ഥാന ഉറവിടം എന്നുപറയുന്നത് ഭാഷാശാസ്ത്രപരമായി സമ്പന്നവും വളരെ വലുതുമായ ഡാറ്റയാണ്.

കോർപ്പസ് ഗ്രന്ഥങ്ങളുടെ വലിയ ശേഖരമാണ്. ഏതൊരു ഭാഷയുടെയും വിശകലനത്തിന് അടിസ്ഥാനമായിട്ടുള്ള ഒരു പ്രാരംഭ വസ്തുവായിട്ടാണ് സാധാരണയായി കോർപ്പസിനെ നാം കണക്കാക്കുന്നത്. കോർപ്പോറ എന്ന പദത്തിന്റെ ബഹുവചനമാണ് കോർപ്പസ്. ഒരു കോർപ്പസ് എന്നത് ഭാഷയുടെ തത്സമയ പ്രാതിനിധ്യം ആണ്. കോർപ്പസ് ഭാഷാശാസ്ത്ര മേഖലയ്ക്കുള്ളിൽ വിവിധങ്ങളായ നിരവധി മൊഡ്യൂളുകൾക്കുള്ള പ്രധാന ഉറവിടമാണിത്. സ്പെൽചെക്കറുകൾ, വേഡ് എഡിറ്ററിൽ ഈ സ്പെൽചെക്കർ ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നു. ഈ ആപ്ലിക്കേഷനുകൾ ഇന്ത്യൻ ഭാഷകളിൽ പ്രവർത്തിക്കുന്ന സ്വാഭാവിക ഭാഷയിലെ ഡവലപ്പർ കമ്മ്യൂണിറ്റിക്ക് പലപ്പോഴും വെല്ലുവിളികൾ ഉയർത്തുന്നു . പ്രോസസ്സിംഗ് / കൃത്രിമ ഇന്റലിജൻസ് മാസ്-ആപ്ലിക്കേഷൻ നിർമിക്കുന്ന ടെക്നോളജി ഡവലപ്പർമാർ ഉപകരണങ്ങൾ / ഉൽപ്പന്നങ്ങൾ വളരെക്കാലമായി ഭാഷാഡാറ്റ വലിയതോതിൽ ലഭിക്കണമെന്ന് ആവശ്യപ്പെടുന്നു. എന്നിരുന്നാലും ടെക്നോളജി ഡവലപ്പർമാരുടെ ഈ ഗ്രൂപ്പുകൾ വ്യത്യസ്തങ്ങളായ രീതിയിൽ ഡാറ്റ ശേഖരിക്കുകയും ഓർഗനൈസുചെയ്യുകയും സംഭരിക്കുകയും വേണം.

വർഷങ്ങളായി, ഇന്ത്യൻ ഭാഷകളിൽ ടെക്സ്റ്റ് കോർപ്പസ് വികസിപ്പിക്കുന്നതിന് ധാരാളം ശ്രമങ്ങൾ നടക്കുന്നുണ്ട്. സർക്കാർ ഏജൻസികൾ ഉൾപ്പെടെ നിരവധി ഏജൻസികൾ, അക്കാദമിക് സ്ഥാപനങ്ങളും സ്വകാര്യസ്ഥാപനങ്ങളും ഇതിന് സംഭാവന നൽകിയിട്ടുണ്ട്. എന്നിരുന്നാലും, കൂടുതൽ നിരന്തരമായ അത്യാഗ്രഹം സമകാലിക മെഷീൻ ലേണിങ് ഓറിയന്റഡ് ടെക്നോളജി മോഡലുകൾക്ക് ആവശ്യമായ ഇലക്ട്രോണിക് ഡാറ്റ ഇന്ത്യയിലെ എല്ലാ ഷെഡ്യൂൾഡ് ഭാഷകൾക്കും ആവശ്യമായ ഡാറ്റ ഇപ്പോഴും പര്യാപ്തമല്ലെന്ന് തെളിയിച്ചു.

ഭാഷാ വികസനത്തിനായി വിവിധ ഫണ്ടിംഗ് ഏജൻസികൾ വഴി ഇന്ത്യൻ ഗവൺമെന്റ് സാമ്പത്തിക സഹായം നൽകുന്നു. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ ലാംഗ്വേജ് (CIIL), ടെക്നോളജി ഡെവലപ്മെന്റ് ഫോർ ഇന്ത്യൻ ലാംഗ്വേജസ് (TDIL), സി-ഡാക് തിരുവനന്തപുരം, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്-കേരള മുതലായ സ്ഥാപനങ്ങൾ മലയാളഭാഷാ വികസനത്തിന് ശ്രമിക്കുന്ന സ്ഥാപനങ്ങളിൽ പ്രധാനപ്പെട്ടവയാണ്

**2.1 ലിംഗ്വസ്റ്റിക്സ് ഡാറ്റാ കൺസോർഷ്യം ഫോർ ഇന്ത്യൻ ലാംഗ്വേജസ്സ് (LDC-IL)**

ലിംഗ്വസ്റ്റിക്സ് ഡാറ്റാ കൺസോർഷ്യം ഫോർ ഇന്ത്യൻ ലാംഗ്വേജസ്സ് (LDC-IL) മലയാളത്തിന്റെ ടെക്സ്റ്റ്, സ്പീച്ച് കോർപ്പസ് വികസിക്കുന്നതിൽ നൂറുമേനി വിജയം കൈവരിക്കുകയുണ്ടായി. ‘എ ഗോൾഡ് സ്റ്റാൻഡേർഡ് മലയാള ടെക്സ്റ്റ് കോർപ്പസ്’, പുസ്തകങ്ങൾ, മാസികകൾ ഔദ്യോഗിക രേഖകൾ, പത്രങ്ങൾ എന്നിവയിൽ നിന്നൊക്കെയാണ് ശേഖരിച്ചിട്ടുള്ളത്. സൗന്ദര്യശാസ്ത്രം, വാണിജ്യം, സമൂഹമാധ്യമങ്ങൾ, ശാസ്ത്രസാങ്കേതികവിദ്യ, സാമൂഹികശാസ്ത്രം എന്നീ മേഖലകളിലെ ഡാറ്റകൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 1,119 വ്യത്യസ്ത ശീർഷകങ്ങളിൽ നിന്ന് എടുത്ത 63,70,954 വാക്കുകൾ എൽഡിസിഐഎൽ ടെക്സ്റ്റ് കോർപ്പസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

എൽഡിസിഐഎൽ മലയാള റോ സ്പീച്ച് കോർപ്പസിൽ സ്വയം വായിക്കപ്പെട്ട കോർപ്പസും ചട്ടലമായ ഭാഷണ ഡാറ്റയും ഉൾപ്പെടുത്തിയിരിക്കുന്നു. 164:01:02 മണിക്കൂർ ഭാഷണ ഡാറ്റാ വാക്കുകൾ, വാക്യങ്ങൾ എന്നിങ്ങനെയുള്ള വിവിധ ഉള്ളടക്കങ്ങളിൽനിന്ന് ശേഖരിച്ചു. വ്യത്യസ്ത പ്രായത്തിലുള്ള പുരുഷന്മാരും സ്ത്രീകളും ഉൾപ്പെടെയുള്ള 458 സ്പീക്കറുകളിൽനിന്നാണ് ഡാറ്റ ശേഖരിച്ചിട്ടുള്ളത്.

**2.2 ടെക്നോളജി ഡെവലപ്മെന്റ് ഫോർ ഇന്ത്യൻ ലാംഗ്വേജസ്സ് (TDIL)**

ടിഡിഐഎൽ (TDIL) ആരംഭിക്കുന്നത് മിനിസ്ട്രി ഓഫ് ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ ടെക്നോളജിയുടെ കീഴിലാണ്. വിവിധ ടിഡിഐഎൽ (TDIL) പ്രോജക്ടുകൾക്ക് കീഴിൽ ടെക്സ്റ്റ് കോർപ്പസ്, സ്പീച്ച് കോർപ്പസ്, നിഘണ്ടുക്കൾ, വേഡ് നെറ്റ്, സ്ക്രിപ്റ്റ് വ്യാകരണം, ചെക്കറുകൾ തുടങ്ങിയ ഭാഷാശാസ്ത്ര വിഭവങ്ങൾ വികസിപ്പിച്ചെടുക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഇത് ആരംഭിച്ചത്. ടിഡിഐഎല്ലിന് (TDIL) മലയാളം ഇമേജ് കോർപ്പസ് ഉണ്ട്. അതിൽ 500 മലയാള ഭാഷാചിത്രങ്ങൾ ഗ്രേസ്കെയിൽ മോഡിൽ 600 ഡിപിഐയിൽ ചിത്രങ്ങൾ സ്കാൻ ചെയ്തത് ഉൾപ്പെടുത്തിയിരിക്കുന്നു. ടി.ഡി.എൽ. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ ലാംഗ്വേജുമായി ചേർന്ന് ഷെഡ്യൂൾഡ് ലാംഗ്വേജിന്റെ വികസനത്തിനായി 20,95,145 വാക്കുകൾ അടങ്ങിയ കോർപ്പസ് ഏകോപിപ്പിക്കുകയുണ്ടായി.

**2.3 സി-ഡാക് തിരുവനന്തപുരം C-DAC Thiruvananthapuram)**

സി-ഡാക് കമ്പ്യൂട്ടിങ്ങിനായുള്ള ഒരു ദേശീയ വിഭവ കേന്ദ്രമാണ്. കൂടാതെ സി-ഡാക് ആപ്ലിക്കേഷൻ ഓറിയന്റഡും ആണ്. കൂടാതെ മലയാളഭാഷയിലെ ഗവേഷണത്തിനായി പ്രവർത്തിക്കുന്നു. ഭാഷാസാങ്കേതികവിദ്യ വികസിപ്പിക്കുന്നതിലും വ്യാപിപ്പിക്കുന്നതിനും പ്രാരംഭം കുറിച്ചത് സി-ഡാക് ആണ്. ഇതിൽ മൾട്ടിമീഡിയയും ഒപ്പം ബഹുഭാഷാ കമ്പ്യൂ

എൽഡിസിഐഎൽ മലയാള റോ സ്പീച്ച് കോർപ്പസിൽ സ്വയം വായിക്കപ്പെട്ട കോർപ്പസും ചട്ടലമായ ഭാഷണ ഡാറ്റയും ഉൾപ്പെടുത്തിയിരിക്കുന്നു. 164:01:02 മണിക്കൂർ ഭാഷണ ഡാറ്റാ വാക്കുകൾ, വാക്യങ്ങൾ എന്നിങ്ങനെയുള്ള വിവിധ ഉള്ളടക്കങ്ങളിൽനിന്ന് ശേഖരിച്ചു. വ്യത്യസ്ത പ്രായത്തിലുള്ള പുരുഷന്മാരും സ്ത്രീകളും ഉൾപ്പെടെയുള്ള 458 സ്പീക്കറുകളിൽ നിന്നാണ് ഡാറ്റ ശേഖരിച്ചിട്ടുള്ളത്.



ട്ടിങ് പരിഹാരമാർഗങ്ങളും വിശാലമായ ആപ്ലിക്കേഷനുകളും ഓപ്പറേറ്റിംഗ് പ്ലാറ്റ്ഫോമുകളും, മെഷീൻ പോലുള്ള ആപ്ലിക്കേഷനുകളുടെ വിവർത്തനം, ഭാഷാപഠനം തുടങ്ങിയവയും ഉൾപ്പെടുന്നു.

ഇന്ത്യൻഭാഷയിലെ കൺസോർഷ്യം പ്രോജക്റ്റ് മോഡിലെ ഭാഷകൾക്കായി ടിടിഎസ് (TTS) സംവിധാനം വികസിപ്പിച്ചെടുക്കാൻ നേതൃത്വം നൽകിയത് ഐഐടി മദ്രാസ് ആണ്. മറ്റ് കൺസോർഷ്യം അംഗങ്ങൾ: ഐഐടി ഹൈദ്രാബാദ്, ഐഐടി ഘോരക്പൂർ, ഐഐടി ഗുവാഹട്ടി, ഐഐടി മാണ്ടി, സി-ഡാക്, സി-ഡാക് തിരുവനന്തപുരം, സി-ഡാക് കൊൽക്കത്ത, എസ്എസ്എൻസിഇ ചെന്നൈ, DA-IICT ഗുജറാത്ത് കൂടാതെ പെസിറ്റ് ബാംഗ്ലൂർ മുതലായ സ്ഥാപനങ്ങൾ ആണ്.

ടിഡിഎൽ പ്രോഗ്രാമിനു കീഴിലുള്ള ഈ പ്രോജക്ടുകൾക്ക് ധനസഹായം ലഭിച്ചത് മിനിസ്ട്രി ഓഫ് ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി, ഗവൺമെന്റ് ഓഫ് ഇന്ത്യയിൽ നിന്നുമാണ്. ഇതിന്റെ ഭാഗമായി മലയാളം ഉൾപ്പെടെയുള്ള 13 ഇന്ത്യൻ ഭാഷകൾക്ക് ഓപ്പൺ സോഴ്സ് ഫെസ്റ്റിവോക്സ് (FESTIVOX ) ഫ്രെയിംവർക്കും സ്റ്റേറ്റ് ഓഫ് ആർട്ട് എച്ച്സിഎസ് അധിഷ്ഠിത എഞ്ചിനും വികസിപ്പിച്ചെടുത്തിട്ടുണ്ട്. സി-ഡാക് മലയാളത്തിനായി കാര്യക്ഷമമായ ഒസിആർ വികസിപ്പിച്ചെടുക്കുകയുണ്ടായി. ഇ-അക്ഷയം പ്രോജക്ടിന്റെ കീഴിലാണ് ഇത് വികസിപ്പിച്ചെടുത്തത്.

### 2.4 കൊച്ചി യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി (CUSAT)

കൊച്ചി യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി (കുസാറ്റ്) ബി ഐ എസ് ടാഗ്സെറ്റ് (BIS tagset) ഉപയോഗിച്ച് പിഒഎസ് (POS) ടാഗുചെയ്യപ്പെട്ട 28,7588 പദങ്ങളുടെ കോർപ്പസ് തയാറാക്കിയിട്ടുണ്ട്. കൂടാതെ മലയാളം വേഡ്നെറ്റ് ആയ പദശൃംഖല വികസിപ്പിക്കുകയുണ്ടായി. ഇത് സാധാരണക്കാർക്കും നിയന്ത്രിത ജനസമൂഹത്തിൽ പ്രവർത്തിക്കുന്ന ഉപയോക്താക്കൾക്കും സിൻസെറ്റുകൾ (synset) അല്ലെങ്കിൽ പുതിയത് ചേർക്കാനും നിലവിലുള്ളത് എഡിറ്റുചെയ്യാനും കഴിയും.

### 2.5 അമൃത വിശ്വവിദ്യാപീഠം (Amrita Vishwa Vidyapeetham)

മെയ്റ്റി (MeiTy), ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ സാമ്പത്തിക സഹായത്തോടുകൂടി അമൃതാ യൂണിവേഴ്സിറ്റി 2011-2015 കാലഘട്ടത്തിൽ മലയാള വേഡ്നെറ്റ് ഏറ്റെടുത്തു പ്രവർത്തിക്കുകയുണ്ടായി. മലയാള വേഡ്നെറ്റ് നിർമിച്ചിരിക്കുന്നത് ഹിന്ദി വേഡ്നെറ്റിനെ അടിസ്ഥാനമാക്കി ദ്രവീഡിയൻ വേഡ്നെറ്റിന് കീഴിലുള്ള ഡയ്റ്റി (DietY) ധനസഹായത്തോടുകൂടിയാണ്. കൂടാതെ 30,000 ത്തോളം സിൻസെറ്റുകൾ (synset) സൃഷ്ടിക്കുകയും നാല് പ്രധാന ദ്രാവിഡ ഭാഷകളുമായി സംയോജിപ്പിക്കുകയും ചെയ്തു. ദ്രവീഡിയൻ വേഡ്നെറ്റ് പ്രോജക്റ്റിന്റെ ഭാഗമാണ് വേഡ്നെറ്റ് (WordNet).

### 2.6 ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്-കേരളം

(Indian Institute of Information Technology and Management –Kerala)

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് കേരളസർക്കാർ 2000-ൽ സ്ഥാപിച്ച ഒരു സ്വയംഭരണ വിദ്യാഭ്യാസ സ്ഥാപനമാണ്. കമ്പ്യൂട്ടർ സയൻസ്, ഐടി എന്നീ മേഖലയുടെ വിപുലമായ ശേഷി വർധിപ്പിക്കുന്നതിനും ഇവയുടെ ആവശ്യകതകൾ മനസ്സിലാക്കുന്ന ഒരു മൾട്ടി ഡിസിപ്ലിനറി പ്രീമിയർ ബിരുദാനന്തര സ്ഥാപനമാണ് ഐഐഐടിഎം-കെ. ശാസ്ത്ര സാങ്കേതിക വിദ്യയിൽ ഊന്നൽ നൽകി ഉന്നത നിലവാരത്തിലുള്ള വിദ്യാർഥികളുടെ സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഗവൺമെന്റ് ഇതിന് പ്രാരംഭംകുറിച്ചത്.

ബിഐഎസ്(BIS) (ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻ

ഇന്ത്യൻഭാഷയിലെ കൺസോർഷ്യം പ്രോജക്റ്റ് മോഡിലെ ഭാഷകൾക്കായി ടിടിഎസ് (TTS) സംവിധാനം വികസിപ്പിച്ചെടുക്കാൻ നേതൃത്വം നൽകിയത് ഐഐടി മദ്രാസ് ആണ്.

ഡേർഡ്സ്) ടാഗ്സെറ്റും ഐഐഐടിഎം-കെ. ഒരു മലയാളം പിഒഎസ് ടാഗ് ട്ടൂളും ടാഗ്സെറ്റും ഐഐഐടിഎച്ച് (IIITH) (ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ഹൈദരാബാദ്) ടാഗ്സെറ്റും വികസിപ്പിച്ചു.

### 2.7 കമ്മീഷൻ ഫോർ സയന്റിഫിക് ആൻഡ് ടെക്നിക്കൽ ടെർമിനോളജി (Commission for Scientific and Technical Terminology)

നിരവധി നിഘണ്ടുക്കൾ. ഗ്ലോസറികൾ, പാഠപുസ്തകങ്ങൾ, റഫറൻസ് മെറ്റീരിയലുകൾ, മോണോഗ്രാഫുകൾ, ത്രൈമാസ ജേണലുകളും സമാനസ്വഭാവമുള്ള നിരവധി കൃതികളും സി.എസ്.ടി.ടി. പ്രസിദ്ധീകരിച്ചു.

വിവിധ സർക്കാർവകുപ്പുകൾ, സ്ഥാപനങ്ങൾ, ഗവേഷണ ലബോറട്ടറികൾ, സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ വ്യാപകമായി ഉപയോഗിക്കുന്ന അഡ്മിനിസ്ട്രേറ്റീവ്, വിവിധ ഡിപ്പാർട്ടുമെന്റൽ ഗ്ലോസറികളും സി.എസ്.ടി.ടി. (CSTT) പ്രസിദ്ധീകരിച്ചിട്ടുണ്ട്. സി.എസ്.ടി.ടി. (CSTT) പതിവായി വർക്ക് ഷോപ്പുകൾ, സെമിനാറുകൾ, സിമ്പോസിയം, കോൺഫറൻസുകൾ, ഓറിയന്റേഷൻ, പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ സി.എസ്.ടി.ടി. (CSTT) അടിസ്ഥാന അഡ്മിനിസ്ട്രേറ്റീവ് സാങ്കേതികത പദങ്ങൾ ഇംഗ്ലീഷിൽനിന്ന് മലയാളത്തിലേക്ക് മാറ്റുകയും ഇതിനെ പ്രാദേശികവൽക്കരിക്കുകയും ചെയ്തു. ആകർഷകത്വം നിലനിർത്തുന്നതോടൊപ്പം അതത് ഭാഷയിലെ സ്റ്റാൻഡേർഡ് പദങ്ങൾ ജനപ്രിയമാക്കിക്കൊണ്ട് സി.എസ്.ടി.ടി. (CSTT) ടെക്സ്റ്റ് ബുക്ക് ഓറിയന്റഡ് ഗ്ലോസറി ഓഫ് ആർക്കിയോളജി, മാത്തമാറ്റിക്സ്, കെമിസ്ട്രി, ഇക്കണോമിക്സ്, വിദ്യാഭ്യാസം, ജിയോളജി, പൊളിറ്റിക്കൽ സയൻസ്, കൊമേഴ്സ്, ജിയോഗ്രഫി, സോഷ്യോളജി എന്നിവ പ്രസിദ്ധീകരിച്ചു,

### 2.8 ഓപ്പസ് (OPUS)

വെബിൽ നിന്ന് വിവർത്തനം ചെയ്തതും പൊതുവായി ലഭ്യമായതുമായ കോർപ്പസിനെ സമാന്തര കോർപ്പസുകളായി വിന്യസിപ്പിക്കുന്ന കോർപ്പസിന്റെ ശേഖരം ആണ് ഓപ്പസ്. വാക്യങ്ങൾ ആയിട്ടാണ് ഇതിൽ ടെക്സ്റ്റ് വിന്യസിക്കുന്നത്. ആയതിനാൽ ഭാഷകളിൽ സെർച്ച് ചെയ്യുന്നതിനും വിവർത്തനം ചെയ്യുന്നതിനും ഇത് വളരെ സഹായകമാണ്. ഓപ്പസ് ഓപ്പൺ സോഴ്സ് വിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. കൂടാതെ ഓപ്പസ് ഒരു തുറന്ന ഉള്ളടക്ക പാക്കേജും കൂടിയാണ്.

### 2.9 ഓപ്പൺ എസ് എൽ ആർ (Open SLR )

ഓപ്പൺ സ്പീച്ചും ഭാഷാ വിഭവങ്ങളും വഴി നമുക്ക് എല്ലാ സോഫ്റ്റ്‌വെയറും ഭാഷാ ഉറവിടങ്ങളും ഡൗൺലോഡുചെയ്യുന്നതിനായുള്ള ഒരു സൈറ്റ് ഓപ്പൺ എസ് എൽ ആർ (Open SLR) പ്രദാനംചെയ്യുന്നു. കൂടാതെ ഉയർന്ന നിലവാരമുള്ള ക്രൗഡ്സോഴ്സ്ഡ് (Crowd sourced) മലയാളം മൾട്ടി-സ്പീക്കർ സ്പീച്ച് ഡാറ്റ സെറ്റ് ഓപ്പൺ എസ് എൽ ആറിൽ ലഭ്യമാണ്. ഇതിൽ "ഓരോ സ്പീക്കറും ഒരു മണിക്കൂറിൽ 100 വാക്യങ്ങൾ വായിച്ചിട്ടുണ്ട്. ഓരോ സ്വരഭേദങ്ങളും സ്പീക്കറെക്കൊണ്ട് ഉച്ചരിപ്പിക്കുക മാത്രമല്ല അവയെക്കുറിച്ച് ചോദിച്ച് മനസ്സിലാക്കിയിട്ടുമുണ്ട്. ഉയർന്ന നിലവാരമുള്ള മലയാള വാക്യങ്ങളുടെ ഓഡിയോ ഈ ഡാറ്റാസെറ്റിൽ ട്രാൻസ്ക്രിപ്റ്റ് ചെയ്തിരിക്കുന്നു. 2,103 വാക്യങ്ങൾ സ്ത്രീ സ്പീക്കറുകളിൽനിന്നും പുരുഷനിൽനിന്ന് 2,023 വാക്യങ്ങളും റെക്കോർഡ് ചെയ്യപ്പെട്ടിട്ടുണ്ട്. ഈ ഡാറ്റാ സെറ്റിൽ വേവ് ഫയലുകളും ഒരു ടിഎസ്‌വി (TSV) ഫയലും (line_index.tsv) അടങ്ങിയിരിക്കുന്നു.

### 2.10 കഗ്ഗ്ലെ (Kaggle)

ഡാറ്റാസെറ്റ് സ്വകാര്യമായി പങ്കിടാനും പ്രസിദ്ധീകരിക്കാനുമുള്ള പ്ലാറ്റ്ഫോമാണ് കഗ്ഗ്ലെ. ഇത് ഒരു ശേഖരം മാത്രമല്ല ഒരു കമ്മ്യൂണിറ്റി കൂടിയാണ്.

## 3. മലയാളം ഭാഷാ റിസോഴ്സ് താരതമ്യം

Table 1.
Malayalam language resource comparison

| റിസോഴ്സ് /ടൂൾ | റിസോഴ്സ് സെന്റർ | ഉള്ളടക്കം |
|---|---|---|
| ടെക്സ്റ്റ് കോർപ്പസ് (Text corpus) | LDC-IL | 63,70,954 words |
| | TDIL | 20,95,145 words |
| | SMC | 98,15,533 words |
| സമാന്തര കോർപ്പസ് (Parallel corpus) | TDIL | 50,000 words |
| | SMC | 98,15,533 words |
| | OPUS | Millions of tokens |
| ഭാഷണ കോർപ്പസ് (Speech corpus ) | LDC-IL | Public data platform |
| | Kaggle | 4,126 Sentences |
| | Open | SLR |
| പിഒഎസ് POS) | CUSAT | 2,87,588 words |
| | IIITM-K | Online tagger |
| | ILCI | 50,000 sentences |
| ചങ്കിംഗ് (Chunking) | ILCI | 50,000 sentences |
| വേഡ്നെറ്റ് (Word net) | CUSAT | 30,482 synset |
| | Amritha | 30,000 synset |
| ഒസിആർ (OCR) | TDIL | Application software |
| | C-DAC | Image data |
| | TC-11 | Handwritten data |

അവിടെ ഒരാൾക്ക് അറിവ് കണ്ടെത്താനും ചർച്ച ചെയ്യാനും സാധിക്കും. ഇതിൽ മലയാള മൾട്ടി-സ്പീക്കർ സ്പീച്ച് ഡാറ്റാസെറ്റും ലഭ്യമാണ്.

### 2.11 ടിസി-11 ഓൺലൈൻ റിസോഴ്സസ്

ഡോക്യുമെന്റ് ഇമേജ് വിശകലനവും തിരിച്ചറിയലും മികച്ച രീതിയിൽ ഗവേഷണ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ സഹായകമായിട്ടുണ്ട്. ഈ ഹാന്റ്റിട്ടൺ ഡാറ്റാ ശേഖരിച്ചിരിക്കുന്നത് 77 സ്വദേശി മലയാള എഴുത്തുകാരിൽ നിന്നും 20 നും 55 നും ഇടയിൽ പ്രായമുള്ള ബിരുദം വിദ്യാഭ്യാസ യോഗ്യതയായുള്ള എല്ലാ എഴുത്തുകാരും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്.

## 4. ഉപസംഹാരം

ചില ഇന്ത്യൻ ഭാഷകളും യൂറോപ്യൻ ഭാഷകളുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാളത്തിൽ വളരെക്കുറച്ച് സ്രോതസ്സുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. സ്രോതസ്സുകൾ വികസിപ്പിക്കുന്നതിന് ധാരാളം സമയവും പണവും ആവശ്യമാണ്. അതിനാൽ ലഭ്യമായ സ്രോതസ്സുകൾ മറ്റ് സ്ഥാപനങ്ങൾക്ക് പങ്കിട്ടാൽ മാത്രമേ ഇത് വളരെ എളുപ്പം ലഭ്യമാകുകയുള്ളൂ. മാത്രമല്ല വികസിപ്പിച്ചെടുത്ത സ്രോതസ്സുകളുടെ ആവർത്തനം ഒഴിവാക്കേണ്ടതുമാണ്. മലയാളത്തിന്റെ സാങ്കേതിക വികസനം ഉറപ്പാക്കുന്നതിനായി സംയോജിതമായ ശ്രമങ്ങൾ നടത്തണം. ടെക്നോളജി നിലകൊള്ളുന്നത് സ്വാഭാവിക ഭാഷാ പ്രോസസ്സിങ്, ഗവേഷണം, വികസനം, വ്യാവസായിക മേഖല എന്നീ മേഖലകളിൽ ടെക്നോളജി വഴിത്തിരിവിലാണ്. നൂതന ഭാഷാ പ്രോസസ്സിംഗ് ടെക്നിക്കുകൾ വളരെയധികം വികാസം പ്രാപിച്ചുകഴിഞ്ഞു. അതിൽ മലയാളം സമ്പൂർണ ഡിജിറ്റലൈസ് ചെയ്യപ്പെട്ട ഭാഷയായി പരിഷ്കരിക്കപ്പെട്ടുകഴിഞ്ഞു. അപൂർണമായ നിരവധി പ്രവർത്തനങ്ങൾ ബന്ധപ്പെട്ട അതോറിറ്റികൾ ഏറ്റെടുത്ത് ഉപയോഗപ്രദമായ രീതിയിൽ പൂർത്തിയാക്കേണ്ടതായിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിഘണ്ടുക്കൾ പോലുള്ള ഭാഷാ ഉറവിടം നിർമിക്കുക, പൊതുവായതും നിർദിഷ്ടവുമായ ഡൊമെയ്നിനായുള്ള വലിയ ഡാറ്റാ ബേസ് നിർമിക്കുക, അനോട്ടേറ്റഡ് കോർപ്പസ് നിർമിക്കുക എൻഎൽപി സിസ്റ്റങ്ങൾ, ആപ്ലിക്കേഷൻ എന്നിവ പോലുള്ള ഭാഷാ വിഭവങ്ങൾ നിർമിക്കുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതാണ്.

ഡാറ്റാശേഖരണത്തിന്റെ ആയാസം കുറയ്ക്കുന്നതിനും വിതരണ നയത്തിന്റെ ശരിയായ മാർഗങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഭാഷാ ഡാറ്റ മാനേജ്മെന്റിന്റെ ഘടന മെച്ചപ്പെടുത്തുന്നതിനും ക്ലൗഡ് സോഴ്സിംഗ് പ്രോത്സാഹിപ്പിക്കുക. കൂടാതെ മലയാള ഭാഷാ സാങ്കേതികവിദ്യയും ഗവേഷണവും വികസിപ്പിക്കുന്നതിന് യോഗ്യതയുള്ള അതോറിറ്റി അതിന് ആവശ്യമായ ഫണ്ട് വർധിപ്പിക്കുകയും വേണം.

## 5. REFERENCES


1. Technology Development for Indian Languages Programme, MeitY, Govt of India. (http://tdil.meity.gov.in/)
2. K.S., Rejitha, Saritha S.L., Sajila S., Rajesha N., Manasa G., Narayan Choudhary & Ramamoorthy, L. "Documentation of LDC-IL Malayalam Raw Text Corpus". Central Institute of Indian Languages, Mysore. 2019.
3. K.S., Rejitha, Rajesha N. "Saturation of Indian Language Corpora - Malayalam vs. Hindi". Working Papers on Linguistics and Literature, Department Of Linguistics, Bharathiyar University, Coimbatore. Volume: XIII No.2, 2019. ISSN 2349-8420
4. Data Distribution Portal of Linguistic Data Consortium for Indian Languages ( https://data.ldcil.org/)
5. Swathanthra Malayalam Computing (SMC) is a free software collective engaged in development, localization, standardization and popularization of various Free and Open Source Softwares in Malayalam language. (https://smc.org.in/)
6. Indian Language to Indian Language Machine Translation System (https://tdildc.in/index.php?option=com_vertical&parentid=74&lan g=en)
7. TTS Consortium, DeitY (https://www.iitm.ac.in/donlab/tts/)
8. e-Aksharayan, Indian Language OCR (http://xn---- ytdg2a7eme8k7bydbgb.xn--h2brj9c/eocr/index.html)
9. CUSAT Tagged Malayalam Corpus dataset (https://cs.cusat.ac.in/mlpos.jsp)
10. Malayalam WordNet (http://malayalamwordnet.cusat.ac.in/search.do)
11. Commission for scientific & technical terminology (http://www.csttpublication.mhrd.gov.in/english/result.php)
12. OPUS Data portal (http://opus.nlpl.eu/)
13. Open Speech and Language Resources (https://openslr.org/63/)
14. ] Malayalam Character Image Database (http://tc11.cvc.uab.es/datasets/Amrita_MalCharDb_1)
15. Malayalam multi-speaker speech data set portal (https://www.kaggle.com/kurianbenoy/malayalammultispeaker-speech-data-set/kernels)



*(ഡോ. സരിത എസ്. എൽ*
*sarithasantha@gmail.com)*


വെബിൽ നിന്ന് വിവർത്തനം ചെയ്തതും പൊതുവായി ലഭ്യമായതുമായ കോർപ്പസിനെ സമാന്തര കോർപ്പസുകളായി വിന്യസിപ്പിക്കുന്ന കോർപ്പസിന്റെ ശേഖരം ആണ് ഓപ്പസ്. വാക്യങ്ങൾ ആയിട്ടാണ് ഇതിൽ ടെക്സ്റ്റ് വിന്യസിക്കുന്നത്. ആയതിനാൽ ഭാഷകളിൽ സെർച്ച് ചെയ്യുന്നതിനും വിവർത്തനം ചെയ്യുന്നതിനും ഇത് വളരെ സഹായകമാണ്.



*എൻ.എസ്. മാധവൻ*

# ഉൾക്കൊള്ളലിന്റെ സാംസ്കാരികാഖ്യാനങ്ങൾ: ഭിന്നശേഷിയും മാനവികാനന്തരതയും

**ഡോ. ഷീബ എം. കുര്യൻ**

ദൈനംദിനജീവിതത്തിൽ മനുഷ്യനായി ജീവിക്കാൻ ആരെയാണ് അനുവദിക്കുന്നത്? കുറേയധികം ആളുകളെ മനുഷ്യരായി ജീവിക്കുന്നതിൽ നിന്നും മാറ്റിനിർത്തുന്നുണ്ടോ? മാനവികാനന്തരകാലത്ത് ഈ ചോദ്യങ്ങൾ പ്രസക്തമാണ്. സമകാലികമലയാള ചെറുകഥകളിലെ ഭിന്നശേഷി ആഖ്യാനങ്ങളെ മാനവികാനന്തരതയുമായി ചേർത്തുവച്ച് ഇവയുടെ ഉത്തരങ്ങൾ അന്വേഷിക്കാനാണ് ഈ ലേഖനത്തിൽ ശ്രമിക്കുന്നത്. കനകം (എൻ എസ്. മാധവന്റെ അതേ പേരിലുള്ള കഥ, അർധനാരീകാണ്ഡം, ഡി.സി.ബുക്സ്, 2003), നൂർ എന്ന നൂർജഹാൻ ('ഏകാന്തതയുടെ നൂർ വർഷങ്ങൾ', കെ. ആർ. മീര, കഥകൾ, ഡി.സി.ബുക്സ്, 2018), സുഷമ ('വധക്രമം', സുഭാഷ്ചന്ദ്രൻ, ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം, 1999) എന്നീ കഥാപാത്രങ്ങളുടെ വ്യക്തിസത്ത (subjectivity), സ്വത്വം (identity) എന്നിവ അന്വേഷിക്കുന്നു. മാത്രമല്ല, 'സാധാരണ'മനുഷ്യരെന്ന പ്രബലസമൂഹം ഭിന്നശേഷിസമൂഹത്തെ ഉൾക്കൊള്ളുന്ന രീതികളും വേർതിരിക്കാൻ കഴിയും. കഥാപാത്രനിർമിതിയുടെയും ആഖ്യാനത്തിന്റെയും പ്രത്യേകതകൾ കൊണ്ട് ഈ ചെറുകഥകൾ ഭിന്നശേഷിയെ സമീപിക്കുന്നതെങ്ങനെ എന്നതും പ്രധാനമാണ്.

## ശേഷിയുള്ളവരും ഇല്ലാത്തവരും

മാനവികവാദത്തിൽ മനുഷ്യനും മനുഷ്യശരീരവുമാണ് പ്രധാനം. ശക്തിയും ബുദ്ധിയുമുള്ള ആണിന്റെ പൂർണശരീരമാണ് മാനവികതാവാദത്തിന്റെ സങ്കല്പങ്ങളിലുള്ളത്. യുക്തിപരവും ശാസ്ത്രീയവുമായി ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള മനുഷ്യന്റെ ശേഷിയെ ഈ സങ്കല്പനവുമായി ബന്ധിപ്പിച്ചാണ് ആലോചിക്കാറുള്ളത്. മാനുഷികതയെന്ന പേരിലുള്ള എല്ലാ പ്രവർത്തനങ്ങളും കേന്ദ്രീകരിക്കുന്നത് ഈ ശരീരസങ്കല്പനത്തിൽ തന്നെയാണ്. ഇത്തരത്തിൽ ലക്ഷണമൊത്ത ശരീരമുള്ള ഒത്ത മനുഷ്യനാണ് 'ഏകാന്തതയുടെ നൂർ വർഷങ്ങളി'ലെ സത്യൻ. മുസ്ലീങ്ങളുടെ വീടുകൾ ആക്രമിക്കാൻ പുറപ്പെട്ട സംഘങ്ങളിലൊരാളായാണ് നൂർമഹലിൽ അയാളെത്തിയത്. വേട്ടക്കാരന്റെ ഉണർവിൽ, ആണിന്റെ ആസുരതയിലാണ് അയാൾ നൂറിനെ ആദ്യമായി കണ്ടത്. "പഴുത്ത ഓറഞ്ചുപോലെ ഒരുവൾ. കണ്ണുകൾ, മൂക്ക്, കവിൾ, കഴുത്ത്, മുലകൾ,

പൊക്കിൾ, അടിവയർ- എല്ലാം കിറുകൃത്യം. താഴെ, തുടകളില്ല. കാൽവണ്ണകളും തുടുത്ത കാൽപ്പാദങ്ങളുമില്ല. പകരം വാടിപ്പോയ താമരവള്ളികൾ പോലെ രണ്ട് ശോഷിച്ച മാംസശകലങ്ങൾ.” (പു. 127). ശരീരത്തിന്റെ ഈ വ്യത്യാസമാണ് കഥയിൽ അർഥനിർമിതി നടത്തുന്നത്. നൂറിന്റെ ശരീരത്തിലെ കാലുകളുടെ കുറവ് സത്യനെ ഭയപ്പെടുത്തുന്നു. അയാളിലെ വേട്ടക്കാരനെ ഇല്ലാതാക്കുകയും മൂത്രം നിറഞ്ഞ ബെഡ്പാനെടുത്ത് ബാത്തുറൂമിലേക്ക് കൊണ്ടുപോയി കളഞ്ഞ് വൃത്തിയാക്കിവയ്ക്കാനയാളെ പ്രേരിപ്പിക്കുകയും ചെയ്തു. മനുഷ്യനെന്ന സ്വത്വമോ സഹഭാവമോ അല്ല അതിനയാളെ പ്രേരിപ്പിക്കുന്നത്. ആ ആസുരനിമിഷത്തിലും ഉണർന്ന സഹതാപവും ചലനശേഷിയുള്ളവന്റെ ഇല്ലാത്തവരോട് ചെയ്യേണ്ട കടമയുമായിരുന്നു. ‘അവൾ യഥാർഥമായും ഒരു മാംസക്കഷണമായിരുന്നു’ എന്നതാണ് പരാമർശം. ഇരയെക്കൊന്ന്, സാധനങ്ങൾ തകർത്ത്, സ്ത്രീകളെ ബലാൽക്കാരം ചെയ്ത് വീട് തീ വച്ച് പകരത്തിനു പകരംവീട്ടാൻ വേണ്ടി വടിവാളുമേന്തി കറുത്ത പാന്റും ഷർട്ടുമണിഞ്ഞെത്തിയ സത്യനിൽ ‘മാനുഷികത’ ഉണർന്നത് ഈ മാംസക്കഷണം കണ്ടപ്പോഴായിരുന്നു. ഈ മാംസക്കഷണത്തിൽ നിന്നുമാണ് മലയാളകഥ മുഴുവൻ നിറഞ്ഞു നിൽക്കുന്ന പ്രണയമായി നൂർ മാറുന്നത്. സത്യന്റെയും ജീവിതമാകെ മാറി. അയാൾക്ക് താൻ ശൂന്യനും ഭീരുവുമായതുപോലെ തോന്നി. ആണിന്റെ അഹന്ത നൂറിന്റെ നോട്ടത്തിനും വാക്കുകൾക്കും എഴുത്തുകൾക്കും മുന്നിൽ ഉരുകി പ്രേമമായി മാറുന്നതാണ് പ്രമേയം. സത്യൻ ആദ്യംകണ്ട മാംസക്കഷണമല്ല നൂർ. അത് പ്രണയത്തിന്റെ അലകടലായി മാറുന്നു. നൂറിനെ ഉൾക്കൊണ്ട്, അംഗീകരിച്ച്, അടയാളപ്പെടുത്തി അതിനുമപ്പുറമുള്ള നൂറിന്റെ സ്വത്വം വെളിപ്പെടുത്താൻ ഈ ആഖ്യാനത്തിന് കഴിയുന്നു. മലയാളകഥാസാഹിത്യത്തിൽ അതേവരെ എഴുതാത്ത മനുഷ്യനിർമിതിയാണിത്. ചലനശേഷിയില്ലാതെ, മാംസക്കഷണമായി മുറിക്കുള്ളിൽ ഒതുങ്ങേണ്ട വ്യക്തിയെ അനശ്വരമാക്കി. സാംസ്കാരികമായി അടയാളപ്പെടുത്താനുള്ള നൂറിനെപ്പോലെയുള്ള ആയിരങ്ങളുടെ അവകാശമാണത്.

എൻ.എസ്. മാധവന്റെ കഥയിൽ പുരുഷൻ/സ്ത്രീ ദ്വന്ദ്വത്തിനുള്ളിൽ വച്ചാണ് കനകത്തെ പരിചയപ്പെടുത്തുന്നത്. “പുരുഷന്മാർ ഒറ്റയ്ക്കു സംസാരിക്കുമ്പോഴും അവരുടെ അഹന്ത കൈവെടിയാറില്ല. അവർ കൈയാംഗ്യങ്ങൾ അപ്പോഴും നൃത്തത്തിലെ മുദ്രകൾ പോലെ സൂക്ഷിച്ച് കൈകാര്യം ചെയ്യുന്നു. എന്നാൽ കനകത്തിനാകട്ടെ ശബളാഭമായ ഏകാന്തതയിൽ വാക്കുകൾ സൃഷ്ടിക്കാനുള്ള പാടവം ഇല്ലായിരുന്നു. സ്ത്രീകളുടെ എല്ലാ കർമങ്ങളും പ്രസവം പോലെയാണ്, സ്വന്തം ചോരകൊടുത്ത്, ചൂടു കൊടുത്ത്, ചിന്ത കൊടുത്ത്, കനകം വാക്കുകൾ വലിച്ചെറിഞ്ഞു” (പു. 26). വേദന കൊണ്ടു വക്രിച്ച മുഖം, പൂച്ചക്കണ്ണും ചുരുണ്ട മുടിയും. പുളിയുടെ ചുവട്ടിലിരുന്ന് ഒറ്റയ്ക്കുള്ള സംസാരം, എപ്പളും കുളിക്കണമെന്ന വിചാരം, തീണ്ടാരിയും വാലായ്മയും ഇല്ലാത്തത് - ഇതെല്ലാം കനകത്തെ ‘പിരിലൂസും’ ‘ഭ്രാന്തി’യുമാക്കി. കനകത്തിന് സ്വന്തം ഇഷ്ടാനിഷ്ടങ്ങളും ചിന്തകളും സ്വപ്നങ്ങളുമുണ്ട്. അത് ഉൾക്കൊള്ളാനാണ് മറ്റുള്ളവർക്ക് ബുദ്ധിമുട്ട്. മനുഷ്യർ മാത്രമല്ല എല്ലാ മൃഗങ്ങളും ശരീരങ്ങൾ മാത്രമാണ്. ചില കഴിവുകൾ വഹിക്കുന്ന ശരീരങ്ങൾ. ഇത് രക്ഷാകർത്താവിന്റേത്, ഇത് കുട്ടികളുടേത്, ഇത് അമ്മമാരുടേത്, പത്തുവയസ്സുള്ള ആൺകുട്ടിയുടേത്, പെൺകുട്ടിയുടേത് എന്നിങ്ങനെ. മാറ്റിനിർത്തേണ്ടവ പലതരത്തിൽ സമൂഹത്തിൽ രൂപപ്പെടുന്നു. ഓരോന്നും മുന്നസ്തിത്വമുള്ള അർഥം വഹിക്കുന്നവ. ഇന്നയിന്ന അർഥത്തിലേക്ക് കടക്കേണ്ടവ. കടന്നില്ലെങ്കിൽ നോട്ടവും ആക്ഷേപവും മാറ്റിനിർത്തലും സഹിക്കേണ്ടവ. കനകവും അതുപോലെതന്നെ. പ്രായത്തിനനുസരിച്ച് ഉല്പാദനത്തിന്റെ ഉപകരണങ്ങൾ എന്ന നിലയിൽ ഓരോ ശരീരവും ഓരോ പെരുമാറ്റവും ശീലങ്ങളും ഭാഷയും ആവശ്യപ്പെടുന്നു. അതില്ലാത്തപ്പോൾ പപ്പടംകുത്തികൊണ്ട് പൊള്ളിച്ചും താന്ത്രികൻ ഭട്ടതിരിപ്പാടിനെകൊണ്ട് ചൂരലുകൊണ്ടടിപ്പിച്ചും ‘ശരി’യാക്കാൻ ശ്രമിക്കുന്നു. ശരീരത്തിന്റെയും മനസ്സിന്റെയും വ്യത്യസ്തതകളെ അംഗീകരിക്കാൻ ആധുനികത രൂപപ്പെടുത്തിയ മാനവികതാസങ്കൽപ്പനം തയാറായിരുന്നില്ല.

ഉണ്ണിയുടെ കാഴ്ചയും അനുഭവങ്ങളിലൂടെയുമാണ് കനകത്തിന്റെ ചിത്രം കഥയിൽ വെളിപ്പെടുന്നത്. ‘അതിന് ബാധയൊന്നുമില്ല. ഇത്തിരി കുട്ടിക്കളി കൂടുതലാ. അതെല്ലാവരും കൂടി വലിച്ചു നീട്ടി ഭ്രാന്താക്കി’ (പു.30). ‘നമ്മളൊക്കെ ഒറ്റയ്ക്ക് ഓരോന്നിരുന്ന് ചിന്തിക്കുന്നു. അവള് സംസാരിക്കുന്നു അത്രതന്നെ’(പു.31) ബാലേട്ടന്റെ നിലപാടുകൾക്ക് ഉണ്ണി ചെവികൊടുക്കുന്നു. വ്യക്തി എങ്ങനെയാകണമെന്ന പ്രബലസമൂഹത്തിന്റെ ശാഠ്യത്തിനുമപ്പുറം ബാലേട്ടന്റെ തിരിച്ചറിവുകൾക്ക് പ്രാധാന്യം നൽകാൻ കഥയ്ക്ക് കഴിയുന്നത് ഉണ്ണിക്ക് ബാലേട്ടനോടുള്ള മനോഭാവം കൊണ്ടാണ്. കനകത്തെ അംഗീകരിക്കാതെ സദാ സംശയത്തോടെ നോക്കുന്ന അമ്മിണിയേടത്തിയെക്കാൾ ബാലേട്ടനോടാണ് ആഖ്യാതാവ് ചേർന്നു നിൽക്കുന്നത്. കനകത്തിന്റെ വ്യത്യസ്തതകൾ അംഗീകരിക്കുന്ന സഹോദരന്റെ സ്നേഹനിലപാടാണത്. ബാലേട്ടന്റെ വീട്ടിലെ മൂലകളിലെ നിഴലുകളിൽ കനകത്തിന്റെ ജീവിതം തീരാനുള്ള യഥാർഥകാരണം, കഥയ്ക്കുള്ളിലെ ശേഷിയുള്ള മനുഷ്യർക്കറിയാത്ത സത്യങ്ങൾ വായനക്കാർക്കറിയാം. ഉണ്ണിയെ ആഖ്യാതാവെന്ന നിലയിൽ, കഥപറയാനേൽപ്പിച്ചതിൽ കനകത്തോടുള്ള ആഭിമുഖ്യമാണ്. ഭിന്നശേഷിയനുഭവങ്ങളോട് ആഭിമുഖ്യം കാട്ടുന്ന ഈ ആഖ്യാനത്തിന്റെ സവിശേഷത കനകത്തിന്റെ ആഗ്രഹങ്ങളും സങ്കടങ്ങളും ആവിഷ്കരിക്കാൻ പ്രാപ്തമാണ്. ഭ്രാന്തില്ലെന്നു കരുതുന്ന പ്രബലസമൂഹത്തിന്റെ പരമാധികാരവും അസഹിഷ്ണുതയും അസഹ്യതകളും ‘മനുഷ്യത്വ’മില്ലാത്ത പ്രവർത്തനങ്ങളും കാട്ടിത്തരാൻ കഥയ്ക്ക് കഴിയുന്നു.

**‘സാധാരണ’മനുഷ്യരെന്ന പ്രബലസമൂഹം ഭിന്നശേഷിസമൂഹത്തെ ഉൾക്കൊള്ളുന്ന രീതികളും വേർതിരിക്കാൻ കഴിയും. കഥാപാത്രനിർമിതിയുടെയും ആഖ്യാനത്തിന്റെയും പ്രത്യേകതകൾ കൊണ്ട് ഈ ചെറുകഥകൾ ഭിന്നശേഷിയെ സമീപിക്കുന്നതെങ്ങനെ എന്നതും പ്രധാനമാണ്.**

**മാനവികവാദത്തിൽ മനുഷ്യനും മനുഷ്യശരീരവുമാണ് പ്രധാനം. ശക്തിയും ബുദ്ധിയുമുള്ള ആണിന്റെ പൂർണശരീരമാണ് മാനവികതാവാദത്തിന്റെ സങ്കല്പങ്ങളിലുള്ളത്. യുക്തിപരവും ശാസ്ത്രീയവുമായി ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള മനുഷ്യന്റെ ശേഷിയെ ഈ സങ്കല്പനവുമായി ബന്ധിപ്പിച്ചാണ് ആലോചിക്കാറുള്ളത്.**



ചെറിയ കുട്ടിയായ ഉണ്ണിപോലും സ്വയം രക്ഷപ്പെടാനായി കനകത്തെ ഒറ്റിക്കൊടുക്കുന്നു. സംസ്കാരവും പാരമ്പര്യവുമാണ് വ്യക്തികളെയും സമൂഹത്തെയും നിയന്ത്രിക്കുന്നത്. അപരന്റെ സ്വാതന്ത്ര്യത്തെയും ജീവിക്കാനുള്ള അവകാശത്തെയും ഇല്ലാതാക്കാൻ അതിന് മടിയില്ല.

ഉണ്ണിയുടെ കാഴ്ചയിലേക്ക് കഥയെ തിരിച്ച് കനകത്തിന്റെ ജീവിതം മറ്റുള്ളവരുടെ ഭാവനയ്ക്കനുസൃതം വെട്ടിച്ചുരുക്കുന്നതും ചെറിയ കുറവുകൾ പോലും ജീവന് ഭീഷണിയുള്ള പരിമിതികളായി മാറ്റുന്നതും സമൂഹം മുഴുവൻ ക്രൂരവും നിർദയവുമായി കൈകാര്യം ചെയ്യുന്നതും ആവിഷ്കരിക്കാൻ വാക്കുകളില്ലാതെയാണ് കഥ അവസാനിപ്പിക്കുന്നത്.. 'കനകത്തിന്റെ കൈയും കാലും കെട്ടിയിട്ടതും എല്ലാവരും ചുറ്റും കൂടിനിന്നതും ബാലേട്ടൻ നീളൻ കത്രിക കൊണ്ട് കനകത്തിന്റെ തലമുടി മുറിച്ചിട്ടതും കനകത്തിന്റെ കണ്ണുകളിൽ പളുങ്കു പടർന്നതും എല്ലാവരും കരയാൻ വിസമ്മതിച്ചതും ...'. വാക്യം അവസാനിക്കാനാവാതെ പ്രബലസമൂഹത്തിന്റെ അവസാനിക്കാത്ത ചെയ്തികളുടെ ഇരകളായി ഒന്നും മനസ്സിലാകാതെ കനകത്തെയും കൃഷ്ണ ('കൃഷ്ണഗാഥ', കെ.ആർ. മീര)യെയും പോലുള്ള വ്യക്തികൾ മനുഷ്യസമൂഹത്തിൽ ജീവിതം തീർക്കുന്നു. ഭിന്നശേഷിസമൂഹത്തെ വേർതിരിച്ചു നിർത്തുന്ന സമൂഹത്തെയും സാംസ്കാരിക ബന്ധങ്ങളെയും വെളിപ്പെടുത്താൻ കഥയ്ക്ക് കഴിയുന്നു. ഉണ്ണിയുടെ വാക്കുകളെ വിശ്വസിക്കുന്നവർ കനകത്തോട് സത്യമെന്തെന്ന് തിരക്കുന്നതേയില്ല. സത്യമറിയുന്നത് വായനക്കാർക്കാണ്. അവരിലാണ് കഥയുടെ പ്രതീക്ഷ. കനകത്തിന്റെ മാനസികാവസ്ഥയും സംഘർഷങ്ങളും മനസ്സിലാക്കിയത് അവരാണ്. ഭിന്നശേഷിയനുഭവങ്ങളെ ആവിഷ്കരിക്കാനും ഉൾക്കൊള്ളലിന്റെ ആശയം മുന്നോട്ടു വയ്ക്കാനുമുള്ള ആഖ്യാനത്തിന്റെ തന്ത്രമാണത്. സത്യമറിയുന്ന വായനക്കാർ കനകത്തെ ചേർത്തുനിർത്തുന്നു. സാംസ്കാരികരൂപങ്ങളിൽ ഭിന്നശേഷിസൗന്ദര്യശാസ്ത്രം സവിശേഷമായി പ്രവർത്തിക്കുന്നത് ഇത്തരത്തിലാണ്. ഭ്രാന്തൻ വേലായുധനെ അവതരിപ്പിച്ചപ്പോൾ എം.ടി ഉപയോഗിച്ച കലാതന്ത്രമാണിത്. ആരെയും ഉപദ്രവിക്കാത്ത കനകത്തോട് ഭ്രാന്തില്ലാത്ത പൊതുസമൂഹം കാണിച്ചുകൂട്ടുന്ന ചെയ്തികളെല്ലാം ഭിന്നശേഷിസമൂഹത്തോട് ചേർന്നുനിന്നാണ്. ആർക്കാണ് ഭ്രാന്ത് എന്ന ചോദ്യമാണ് 'ഭ്രാന്തൻ വേലായുധൻ' തൊട്ടിങ്ങോട്ടുള്ളവർക്കെല്ലാം ഉന്നയിക്കാനുള്ളത്. പൂർണരെന്ന് അവകാശപ്പെടുന്ന പൊതുസമൂഹത്തിന്റെ നിലപാടുകളും ചെയ്തികളുമാണ് മാറാനുള്ളത് എന്നതാണ് ഈ കഥകൾ മുന്നോട്ടുവയ്ക്കുന്ന ആശയം. പൂർണരായ ഞങ്ങളും അപൂർണരായ നിങ്ങളും എന്നതിനുപകരം നമ്മളെന്ന ആശയത്തിലേക്കാണ് മാനവികാനന്തരലോകം പോകേണ്ടത്.

'വധക്രമ'ത്തിൽ കാഴ്ചയില്ലാത്ത സുഷമയുടെ ജീവിതം സുഷമയുടെ സഹോദരനായ 'ഞാനെ'ന്ന ആഖ്യാതാവിന്റെ ഇരയാകുന്നതിന്റെ ന്യായം നിരത്തലുകളാണ്. കൊളോണിയൽക്കാലത്തെ 'വെള്ളക്കാരന്റെ ഭാരം' പോലെ അംഗങ്ങൾക്ക് പൂർണതയുള്ളവരുടെ ചുമതല അഥവാ ഭാരമായി അംഗപരിമിതിയുള്ള വ്യക്തികൾ മാറുന്നു. സഹോദരന്റെ ഭാരിച്ച ഉത്തരവാദിത്വമാണ് സുഷമ. ഒരേ വയറ്റിൽ ഒന്നിച്ച് ജനിച്ചു വളർന്നവരാണ് സുഷമയും ആഖ്യാതാവും. തന്റെ വിവാഹത്തോടനുബന്ധിച്ചാണ് ഭാവിജീവിതത്തിന് തടസ്സമായേക്കാവുന്ന സുഷമയെ ഇല്ലാതാക്കാൻ അയാൾ തീരുമാനിച്ചത്. സുഷമയെന്ന പേര് അയാൾ വെറുത്തു, തുറന്ന വായിൽ കൊഴുത്ത ഉമിനീരൊലിപ്പിച്ച്, കണ്ണുകൾ എവിടെയൊക്കെയോ വെറുതേ തടഞ്ഞ്, ലോകത്തിലെ ഏറ്റവും വിരൂപയായ പെണ്ണായി കൂടപ്പിറപ്പിനെ കാണാൻ തുടങ്ങി. ഇടവഴിയുടെ ഓരത്ത് പാവാട ഉയർത്തിയിരുന്ന് മൂത്രമൊഴിച്ചത് അയാൾക്ക് അസഹനീയമായി. വസ്ത്രംധരിച്ച് പുറത്തേക്ക് പോകുമ്പോൾ വെളിക്കു കാണുന്ന അടിവസ്ത്രങ്ങളും ആളുകളുടെ സഹതാപം നിറഞ്ഞ നോട്ടവും അയാളെ അലോസരപ്പെടുത്തി. ഒടുവിൽ, തീവണ്ടി കാണിക്കാനായി മുള്ളഞ്ചീരകൾ നിറഞ്ഞുനിൽക്കുന്ന പാഴ്പ്പറമ്പിനടുത്ത റെയിൽപ്പാളത്തിലേക്ക് എത്തിക്കുന്നിടത്ത്, 'ഒരു തീവണ്ടിയെ തന്റെ പെങ്ങൾ എങ്ങനെയാവും അറിയുക?' എന്ന ആകാംക്ഷയിൽ കഥ അവസാനിക്കുന്നു. മാനവികതയിലൂന്നിയ ആശയങ്ങൾ പൂർണവും ഉൽപ്പാദനക്ഷമതയുള്ളതുമായ മനുഷ്യശരീരത്തെയാണ് അംഗീകരിക്കുന്നത്. ആധുനികതയുടെ യുക്തിയും പരമാധികാരവുമാണവിടെ പ്രവർത്തിക്കുന്നത്. ഭിന്നശേഷിസമൂഹത്തിന്റെ ജീവിതത്തിൽ തീരുമാനമെടുക്കാനുള്ള ശേഷിയുള്ളവരുടെ അവകാശത്തെ, അതിനിടയാക്കുന്ന സാമൂഹികവും സാംസ്കാരികവുമായ സാഹചര്യങ്ങളെയാണ് ഈ കഥ വെളിപ്പെടുത്തുന്നത്. ശാരീരിക, മാനസികപരിമിതികൾ ജീവിക്കാനുള്ള അവകാശവും സ്വാതന്ത്ര്യവും നിഷേധിക്കുന്നതിനും ഇല്ലാതാക്കുന്നതിനും 'കനക'വും 'വധക്രമ'വും ഉദാഹരണങ്ങളാണ്.

## ആഖ്യാനത്തിലെ ഭിന്നശേഷിസൗന്ദര്യശാസ്ത്രം

മൂന്നു കഥകളും ഭിന്നശേഷിശരീരങ്ങളെയും അനുഭവങ്ങളെയും ആവിഷ്കരിക്കുന്നത് സവിശേഷമായ രീതിയിലാണ്. ചാതുര്യത്തോടെ പ്രവർത്തിക്കാനും എഴുതാനും സംസാരിക്കാനും ശേഷിയുള്ളവരെഴുതിയ ഈ കഥകൾ കഴിവുകൾ കുറവുള്ള മനുഷ്യരുടെ അനുഭവങ്ങളാണ് മുഖ്യപ്രമേയമാക്കുന്നത്. ആഖ്യാതാവായി വരുന്ന കഴിവുകളെല്ലാം തികഞ്ഞ പൂർണമനുഷ്യന്റെ ചിന്തകളും പരിമിതികളുമാണ് കനകത്തിലും വധക്രമത്തിലും വിമർശന വിധേയമാകുന്നത്. മനുഷ്യരെ വെട്ടിക്കൊല്ലാൻ വടിവാളുമായി വന്ന സത്യനും എത്രകുട്ടിയായിട്ടും താൻ പിടിക്കപ്പെടുന്നത് ഒഴിവാക്കാൻ കനകത്തിന്മേൽ കുറ്റം ചാർത്തുന്ന ഉണ്ണിയും വിവാഹത്തിനുശേഷമുള്ള നല്ല നാളേക്കായി ഒപ്പം ജനിച്ച കാഴ്ചപരിമിതിയുള്ള സുഷമയെ കൊല്ലാൻ തീരുമാനിക്കുന്ന സഹോദരനും മനുഷ്യനെന്ന പൂർണതയുടെ സങ്കൽപ്പനങ്ങളെ ചോദ്യം ചെയ്യുന്ന, മാറ്റംവരുത്തുന്ന കഥാപാത്രങ്ങളാണ്. സവിശേഷമായ കഥപറച്ചിൽരീതിയിലൂടെയാണ് ഈ കഥകൾ ഒരേസമയം ഭിന്നശേഷിവ്യക്തിയനുഭവങ്ങളെ വെളിപ്പെടുത്തുകയും മാനവികതയുടെ കാപട്യങ്ങളെ തുറന്നുകാണിക്കുകയും ചെയ്യുന്നത്. കാണാനും കേൾക്കാനും ചലിക്കാനും സംസ്കാരത്തിന്റെ ശരിതെറ്റുകൾക്കനുസരിച്ച് ബുദ്ധിപൂർവം ജീവിക്കാനും കഴിയുന്ന മനുഷ്യരുടെ ചെയ്തികളാണ് ഇവിടെ ചോദ്യം ചെയ്യപ്പെടുന്നത്. ഭിന്നശേഷിവ്യക്തികളുടെ സാമൂഹികനീതിയും സമത്വവും നിഷേധിക്കുന്നതും ജീവിക്കാനുള്ള അവകാശത്തെ നിരാകരിക്കുന്നതും ആഖ്യാനത്തിലുണ്ട്. നിരാസത്തിന്റെ സാംസ്കാരികപരിസരവും സാമ്പത്തികപരിസരവും ഈ കഥകൾ വെളിപ്പെടുത്തുന്നുണ്ട്. സഹതാപമോ നാടകീയതയോ വൈകാരികതയോ ഇല്ലാതെ അഥവാ പറയാതെ പറയുന്ന കഥാകഥനരീതിയാണ് ഈ കഥകളിലെല്ലാം എഴുത്തുകാർ സ്വീകരിച്ചത്. ചെറിയ മുറിയിൽ അടച്ചിട്ട നിലയിലാണ് നൂറിനെ സത്യൻ കാണുന്നത്. ശംഖിനുള്ളിലെ ജീവിയെപ്പോലെ മുറിക്കുള്ളിൽ ചുറ്റിത്തിരിയുന്ന സുഷമയുടെ ചിത്രവും കഥയിലുണ്ട്. തൊടിയിൽ കളിച്ചും പുളിമരത്തിനു ചുവട്ടിൽ തനിയെ സംസാരിച്ചും ഉറക്കെ ചിരിച്ചും കളിയാക്കിയും നടന്ന കനകം നിഴലായി ഒതുങ്ങുന്നതും ഈ കഥകൾ വിളിച്ചുപറയുന്നു.

വ്യത്യസ്തതകളെ അടിച്ചമർത്തിയും പുറത്തുകാണിക്കാതെയും രൂപപ്പെടുത്തിയതാണ് ആധുനികതയിലെ പൂർണമനുഷ്യനെന്ന സങ്കൽപ്പനം. പൂർണമല്ലാത്തതെല്ലാം നാണക്കേടും ഭാരവും പുറത്തുകാണിക്കാൻ കഴിയാത്തതുമായി മാറി. ഈ അവസ്ഥയോടുള്ള പ്രതികരണമാണ് 'കനക'വും 'വധക്രമ'വും. ഭിന്നശേഷി ആഖ്യാനങ്ങളെന്ന നിലയിൽ വ്യത്യസ്തമായ കാഴ്ചപ്പാടും സൗന്ദര്യശാസ്ത്രവുമാണ് ഇവയ്ക്കുള്ളത്. ശേഷിയുള്ളവരുടെ ചിന്തകളും ചെയ്തികളുമാണ് ആവിഷ്കരിക്കുന്നത്. കഥയ്ക്കുള്ളിലെ ഭിന്നശേഷിവ്യക്തിയുടെ ജീവിതത്തിന്റെ മാത്രമല്ല, സാമൂഹികവേർതിരിവിന്റെ കാരണവും ഉത്തരവാദിത്വവും ശേഷിയുള്ളവർക്കാണെന്ന നിലപാടാണ് സ്വീകരിക്കുന്നത്. കനകത്തിന്റെ ഭിന്നശേഷിജീവിതം അനാവൃതമാകുന്നതിന് കനകത്തിനു പകരം ഉണ്ണിയെ ആഖ്യാനം ഏൽപ്പിക്കുന്ന ആവിഷ്കരണരീതിയാണ് ശ്രദ്ധിക്കേണ്ടത്. അതുപോലെ സഹോദരനിലൂടെയാണ് സുഷമയുടെ ജീവിതം വെളിപ്പെടുന്നത്. ഈ പകരംവയ്ക്കൽ ഭിന്നശേഷിയനുഭവങ്ങളെ ആധികാരികമാക്കുന്ന ആഖ്യാനതന്ത്രമാണ്. കനകത്തിന്റെ കുസൃതിത്തരങ്ങൾ ഉണ്ണിക്കാണ് കൂടുതൽ ഉൾക്കൊള്ളാനാകുന്നത്.



കെ. ആർ. മീര

കനകത്തോടൊപ്പം കളിക്കുന്നത് ഉണ്ണിക്ക് ഇഷ്ടവുമാണ്. ഒപ്പം ജനിച്ചുവളർന്ന സഹോദരിക്ക് താനനുഭവിച്ച കാഴ്ചകളും രുചികളും അനുഭവിക്കാൻ വഴികളന്വേഷിക്കുന്നത് ഉണ്ണിയാണ്. ഭിന്നശേഷിയനുഭവങ്ങളെ പുറത്തുള്ള വ്യക്തിയെക്കൊണ്ട് വിവരിക്കുന്ന കഥപറച്ചിൽരീതിയാണ് രണ്ടു കഥകളിലുമുള്ളത്. ഭിന്നശേഷിയനുഭവങ്ങളുടെ ആവിഷ്കരണത്തിൽ ഭാവനയോ ഫാന്റസിയോ ഇല്ലെന്ന ധാരണ ഉറപ്പിക്കാനും പൊതുസമൂഹം ഭിന്നശേഷിയനുഭവങ്ങളെ കൂടുതൽ ഉൾക്കൊള്ളാനും ഇത് ലക്ഷ്യം വയ്ക്കുന്നു. 2012-ലെഴുതിയ 'ഏകാന്തതയുടെ നൂർ വർഷങ്ങളി'ൽ അപൂർണതയുടെ വ്യക്തിസത്തയെ വെളിപ്പെടുത്തുന്നതോടൊപ്പം ഭിന്നശേഷിസ്വത്വത്തെ വേർതിരിക്കുകയും ചെയ്യുന്നു. നൂറിന്റെ വ്യക്തിത്വമെന്നത് നൂറിന്റെ അപൂർണമായ ശരീരമല്ല. അത് നാം മറക്കുന്നു. അവളുടെ വായനയും വാക്കുകളും നോട്ടവും പ്രണയവും ചലനങ്ങളും നിറഞ്ഞ് മലയാളസാഹിത്യത്തിലെ എക്കാലത്തെയും മികച്ച കഥാപാത്രമായി നൂർ മാറുന്നു. നൂറും കനകവും സുഷമയുമെല്ലാം ഈ ലോകജീവിതത്തിന് അവകാശപ്പെട്ടവരാണെന്ന് ഉറപ്പിക്കാൻ ഈ കഥകളുടെ ആഖ്യാനരീതിക്ക് സാധിക്കുന്നുണ്ട്.

## മാനവികാനന്തരതയും ഭിന്നശേഷിയും

എല്ലാ മനുഷ്യരും പരിപൂർണമനുഷ്യന്റെ ശേഷി കൈവരിക്കണമെന്ന ചിന്തയിൽ നിന്നുള്ള മാറ്റമാണ് മാനവികാനന്തരവാദത്തിലുള്ളത്. അത് മനുഷ്യരെ എല്ലാ മൃഗങ്ങളെയും പോലെ പ്രകൃതിയുമായി ബന്ധിപ്പിച്ചു. Humanimal എന്ന പ്രയോഗം ചർച്ചയായി. മനുഷ്യനെന്ന പരിപൂർണതയുടെ സങ്കൽപ്പനങ്ങൾക്ക് മാറ്റം വന്നു. പ്രകൃതിയും ജീവികളും വ്യക്തിപരമായ വ്യത്യസ്തതകളും അംഗീകരിക്കാൻ തുടങ്ങി. റോസി

മൂന്നു കഥകളും ഭിന്നശേഷിശരീരങ്ങളെയും അനുഭവങ്ങളെയും ആവിഷ്കരിക്കുന്നത് സവിശേഷമായ രീതിയിലാണ്. ചാതുര്യത്തോടെ പ്രവർത്തിക്കാനും എഴുതാനും സംസാരിക്കാനും ശേഷിയുള്ളവരെഴുതിയ ഈ കഥകൾ കഴിവുകൾ കുറവുള്ള മനുഷ്യരുടെ അനുഭവങ്ങളാണ് മുഖ്യപ്രമേയമാക്കുന്നത്.



*സുഭാഷ്ചന്ദ്രൻ*

> സ്ത്രീവാദപഠനങ്ങളും ലിംഗപദവിയെക്കുറിച്ചുള്ള ആശയങ്ങളും വിവിധ വംശ, വർഗ, ജാതീയപഠനങ്ങളും സംസ്കാരപഠനത്തിന്റെ സ്വാധീനതയിൽ വൈജ്ഞാനികരംഗത്ത് കടന്നുവന്ന അധികാരത്തെ ചോദ്യം ചെയ്യുന്ന ഭിന്നശേഷിപഠനങ്ങൾ ഉൾപ്പെടെയുള്ള എല്ലാവിധ ആശയങ്ങളും മാനവികാനന്തര ചിന്തകളാണെന്നും പറയാം.




ബ്രൈഡോറ്റി(Rosi Braidotti, Post Human, 2013) മുന്നോട്ട് വച്ച മാനവികാനന്തരസാഹചര്യം പരമ്പരാഗത മനുഷ്യാധിപത്യചിന്തകളെ എതിർക്കുകയും മനുഷ്യപ്രകൃതിയെക്കുറിച്ചുള്ള പുതിയ ആശയങ്ങൾക്ക് തുടക്കംകുറിക്കുകയും ചെയ്തു. പ്രപഞ്ചത്തെക്കുറിച്ചുള്ള മനുഷ്യനിർമിതമായ, മനുഷ്യകേന്ദ്രിതചിന്തകളുടെ ഏകപക്ഷീയതയും അസംബന്ധവും തിരിച്ചറിഞ്ഞത് മാനവികാനന്തരചിന്തയിലാണ്. സുസ്ഥിരമായ ഭാവിക്കുവേണ്ടിയുള്ള ചിന്തയാണ് ഇത് മുന്നോട്ടുവച്ചത്. ഫെമിനിസ്റ്റ്ചിന്തകയായ ബ്രൈഡോറ്റി സമൂഹത്തിലെ വേർതിരിവുകൾക്ക് പിന്നിലുള്ള മാനവികചിന്തയുടെ സ്വാധീനം തിരിച്ചറിഞ്ഞ് പുതിയ സാമൂഹികബന്ധങ്ങളെക്കുറിച്ചുള്ള ആശയങ്ങൾക്ക് ഇടം നൽകി. മനുഷ്യരുടെ തന്നെ അസ്ഥിരാവസ്ഥകൾ തിരിച്ചറിഞ്ഞു, ബഹുമുഖസ്വത്വങ്ങൾ അംഗീകരിക്കപ്പെടേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി. ശേഷി എല്ലാവർക്കും ഒരുപോലെയല്ല എന്നത് അംഗീകരിക്കപ്പെട്ടു. മനുഷ്യബന്ധങ്ങളെ വിശകലനം ചെയ്തു. ഭിന്നശേഷി ശരീരങ്ങളും വ്യക്തികളും സമൂഹത്തിൽ അടയാളപ്പെടുത്തുന്നതിനെ വിശകലനം ചെയ്തു. മനുഷ്യനുമായി ചേർന്നിരിക്കുന്ന എല്ലാത്തിനെയും പുനർവിചിന്തനം ചെയ്യുകയാണ് മാനവികാനന്തരവാദം ചെയ്യുന്നത്. ഭിന്നശേഷിശരീരത്തെയും വ്യക്തികളെയും പ്രമുഖമാക്കിക്കാട്ടുന്ന ഈ കഥകൾ ശാരീരിക, മാനസിക, ബുദ്ധിപരമായ പരിമിതികൾ കാരണം സമൂഹം മനുഷ്യരായി കണക്കാക്കാത്ത എല്ലാ പ്രവർത്തനങ്ങളെയും വിമർശനവിധേയമാക്കുന്നു. മനുഷ്യരിലെ എല്ലാതരം വ്യത്യസ്തതകളെയും അംഗീകരിക്കുകയും മനുഷ്യനെക്കുറിച്ചുള്ള യുക്തിപരവും സ്ഥിരവുമായ സങ്കൽപ്പനങ്ങളെ നിരാകരിക്കുകയും പ്രകൃതിയിലെ ജീവജാലങ്ങളേതുംപോലെ ജീവിക്കാനുള്ള അവകാശത്തെ നിലനിർത്തുകയും ചെയ്തു. ഭിന്നശേഷി ശരീരങ്ങളെ അവഗണിക്കുകയും നിരാകരിക്കുകയും നിരസിക്കുകയും ചെയ്യുന്ന ലോകത്തോട് നിരവധി ചോദ്യങ്ങളുന്നയിക്കാൻ ഈ കഥകൾക്ക് കഴിയുന്നു.

മാനുഷികകേന്ദ്രിതചിന്തയിൽ ഭിന്നശേഷിസമൂഹത്തിനുവേണ്ടിയുള്ള പ്രത്യേകസ്ഥാപനങ്ങളെക്കുറിച്ചും അവർക്കുവേണ്ടി പ്രബലസമൂഹം ചെയ്യേണ്ട 'നല്ല കാര്യ'ങ്ങളെക്കുറിച്ചുമാണ് ചിന്തിച്ചത്. ഒരു സവിശേഷവിഭാഗം, പ്രബലസമൂഹത്തിന്റെ പരിഗണന ആവശ്യമുള്ള അബലസമൂഹം എന്ന വേർതിരിവ് ഓരോ പ്രവർത്തനത്തിലും ഉണ്ടായിരുന്നു. സ്പെഷ്യൽ സ്കൂളുകളും പുനരധിവാസകേന്ദ്രങ്ങളും തുടങ്ങിയത് ഈ ആശയത്തിന്മേലാണ്. മനുഷ്യത്വമെന്നും മനുഷ്യത്വപരമായ സമീപനമെന്നും വിശേഷിപ്പിച്ച് നാളിതുവരെയും ചെയ്തത് ശേഷിയെ അടിസ്ഥാനമാക്കിയുള്ള വർഗീകരണം നൽകിയ അധികാരത്തിനു പുറത്താണ്. അരികുവൽക്കരണ അവസ്ഥയെ നിലനിർത്തിക്കൊണ്ടുതന്നെയുള്ള സമീപനമാണ് ഇത്. ശേഷിയെ മുൻനിർത്തിയുള്ള മാനവികാനന്തരവാദം ഈ ആശയങ്ങളെ പൊളിച്ചെഴുതുകയും മനുഷ്യസമൂഹമെന്നതിൽ എല്ലാ വ്യത്യസ്തതകളും ഉൾപ്പെടുമെന്ന സങ്കൽപ്പനം (inclusion) സമൂഹത്തിൽ ആഴ്ന്നു തുടങ്ങുകയും ചെയ്തു. മുഖ്യധാരയ്ക്കൊപ്പം ജീവിക്കാനുള്ള അവസരമുണ്ടാക്കുക, എല്ലാ മനുഷ്യരെയും ഉൾക്കൊള്ളുന്ന രീതിയിലുള്ള സാമൂഹിക മാനസികാവസ്ഥ രൂപീകരിക്കുകയാണ് പ്രധാനം. മാനവികതാവാദത്തിൽ ആണിനും വെള്ളക്കാരനും മധ്യവർഗത്തിനും ലഭിച്ച പ്രാധാന്യത്തെ എടുത്തുകളയാനും സ്ത്രീയുൾപ്പെടെയുള്ള വ്യത്യസ്ത ലിംഗ, ലൈംഗികസ്വത്വങ്ങളും മറ്റ് വംശ, വർഗ, ജാതിയിൽ ഉൾപ്പെട്ടവരും കുട്ടികളും വൃദ്ധരും രോഗികളും ഉൾപ്പെടുന്ന വലിയ മനുഷ്യസമൂഹവും മനുഷ്യരുൾപ്പെടുന്ന പ്രകൃതിയുടെ സമഗ്രതയുമാണ് മാനവികാനന്തരവാദം ലക്ഷ്യം വയ്ക്കുന്നത്. ജ്ഞാനോദയവും ആധുനികതയും നിർമിച്ച മനുഷ്യകേന്ദ്രിതവാദത്തിന്റെ പരിമിതികളാണ് മാനവികാനന്തരവാദത്തിലേക്ക് നയിച്ചത്. അതായത് സ്ത്രീവാദപഠനങ്ങളും ലിംഗപദവിയെക്കുറിച്ചുള്ള ആശയങ്ങളും വിവിധ വംശ, വർഗ, ജാതീയപഠനങ്ങളും സംസ്കാരപഠനത്തിന്റെ സ്വാധീനതയിൽ വൈജ്ഞാനികരംഗത്ത് കടന്നുവന്ന അധികാരത്തെ ചോദ്യം ചെയ്യുന്ന ഭിന്നശേഷിപഠനങ്ങൾ ഉൾപ്പെടെയുള്ള എല്ലാവിധ ആശയങ്ങളും മാനവികാനന്തരചിന്തകളാണെന്നും പറയാം. ജീവിതത്തിന്റെ മുഖ്യധാരയിൽ ഉൾപ്പെടാനും സാമൂഹികപരിഗണനയ്ക്കും വേണ്ടിയുള്ള കലാപങ്ങളായിരുന്നു എല്ലാ ആശയങ്ങളും.

## സഹായകഗ്രന്ഥങ്ങൾ


- Braidotti Rosi, The Posthuman Cambridge: Polity, 2013.
- Goodley Dan, Disability and other Human Questions, Emerald Publishing, 2021
- Michael Davidson, 'Disability poetics', Oxford Handbooks.com/view/10.1093/



# പെൺവിനിമയത്തിന്റെ സാക്ഷാൽക്കാരങ്ങൾ

ഡോ. വിഷ്ണുരാജ് പി.

മനുഷ്യന്റെ സാമൂഹികവും വൈയക്തികവുമായ ജീവിതവ്യവഹാരങ്ങളെ ഇഴചേർത്ത് രൂപപ്പെടുത്തിയ ആഖ്യാനശിൽപ്പമാണ് അടൂർ ചിത്രങ്ങൾ. ഒരു ചലച്ചിത്രകർത്താവ് എന്ന അർഥത്തിൽ അദ്ദേഹത്തിന്റെ സമീപനങ്ങളെക്കുറിച്ച് വിവിധ വീക്ഷണകോണുകളിൽ നിന്നും വായനകൾ ഉണ്ടായിട്ടുണ്ട്. നവസിനിമയുടെ സ്വഭാവങ്ങൾ പേറുന്ന ആഖ്യാനരീതി, സാർവലൗകികമായ മനുഷ്യാവസ്ഥകളുടെ അവതരണം, ചരിത്രവും സാംസ്കാരിക ജീവിതവും വ്യക്തിയുടെ പെരുമാറ്റങ്ങളിലും രൂപപ്പെടലുകളിലും ഇഴ ചേർന്ന് കിടക്കുന്ന വിധം, ചരിത്രവും പ്രത്യയശാസ്ത്രവും തമ്മിലുള്ള ബലതന്ത്രങ്ങൾ, അധികാരത്തിന്റെയും വിധേയത്വത്തിന്റെയും ആന്തരിക പാഠങ്ങൾ, സ്വാതന്ത്ര്യത്തിന്റെയും നീതിയുടെയും സമസ്യകൾ തുടങ്ങി വൈവിധ്യമാർന്ന പ്രമേയസ്വരൂപങ്ങളെ ആഖ്യാനഭദ്രമായി അവതരിപ്പിച്ചുകൊണ്ടാണ് അടൂർ ഗോപാലകൃഷ്ണൻ തന്റെ കലാജീവിതത്തെ അടയാളപ്പെടുത്തിയിരിക്കുന്നത്. അദ്ദേഹത്തിന്റെ സർഗ സൃഷ്ടികളിലെ സ്ത്രീ കഥാപാത്രങ്ങളെ കുറിച്ചുള്ളതാണ് ഈ പഠനം. 'സ്വയംവരം' മുതൽ 'പിന്നെയും' വരെയുള്ള പതിമൂന്ന് ചിത്രങ്ങളിലും സ്ത്രീ കഥാപാത്രങ്ങൾക്ക് സവിശേഷമായ ഒരു നില അടൂർ ഗോപാലകൃഷ്ണൻ കൽപ്പിക്കുന്നുണ്ട്. ഓരോ സിനിമയും വ്യത്യസ്തമായ ഭാവവിനിമയങ്ങളിലൂടെയാണ് പെൺമയുടെ ആഖ്യാനങ്ങൾ ദൃശ്യമാകുന്നത്.

സ്വന്തം ഇഷ്ടപ്രകാരം ഒരുമിച്ച് ജീവിക്കാൻ തീരുമാനിച്ച വിശ്വത്തിന്റെയും സീതയുടെയും ജീവിതാവസ്ഥകളുടെ നേർചിത്രമാണ് സ്വയംവരം (1972). വിദ്യാഭ്യാസവും യോഗ്യതയും സമ്പാദിച്ചിട്ടും വരുമാനമുള്ള ഒരു ജോലി വിശ്വത്തിന് ലഭിക്കുന്നില്ല. സാമ്പത്തിക ഭദ്രതയില്ലാത്ത ഇരുവരുടെയും ജീവിതം ദുരിതപൂർണമായി തീരുന്നതാണ് സിനിമ. രോഗശയ്യയിലാകുന്ന വിശ്വം മരണപ്പെടുന്നതോടെ സീതയും കുഞ്ഞും ഒറ്റപ്പെടുകയും സീതയുടെ നിസ്സഹായമായ അവസ്ഥയിൽ സിനിമ പര്യവസാനിക്കുകയും ചെയ്യുന്നു. ദിവാസ്വപ്നങ്ങളുടെയും സങ്കൽപ്പങ്ങളുടെയും ലോകങ്ങളിൽ നിന്ന് ജീവിതയാഥാർഥ്യത്തിന്റെ പരുക്കൻഅനുഭവങ്ങളിലേക്ക് ഇറങ്ങിവരുന്ന സ്ത്രീയുടെ ജീവിതം/സീതയുടെ ജീവിതം തന്നെയാണ് സ്വയംവരത്തിലൂടെ ആവിഷ്കരിക്കുന്നത്. സമൂഹത്തിന്റെ നാനാതുറകളിൽ നിന്നും ഒരു പെണ്ണ് നേരിടേണ്ടിവരുന്ന പ്രതികൂല സാഹചര്യങ്ങളിലൂടെയെല്ലാം സീത കടന്നുപോകുന്നുണ്ട്. താമസിച്ച ലോഡ്ജിലെ ഇതര പുരുഷന്മാർ, അയൽപ്പക്കക്കാർ, പോലീസ് തുടങ്ങി പലതരം ആൺനോട്ടങ്ങൾ സീതയിൽ

'സ്വയംവരം' മുതൽ 'പിന്നെയും' വരെയുള്ള പതിമൂന്ന് ചിത്രങ്ങളിലും സ്ത്രീ കഥാപാത്രങ്ങൾക്ക് സവിശേഷമായ ഒരു നില അടൂർ ഗോപാലകൃഷ്ണൻ കൽപ്പിക്കുന്നുണ്ട്. ഓരോ സിനിമയും വ്യത്യസ്തമായ ഭാവവിനിമയങ്ങളിലൂടെയാണ് പെൺമയുടെ ആഖ്യാനങ്ങൾ ദൃശ്യമാകുന്നത്.

പ്രാദേശിക ജീവിതത്തിന്റെ ആഖ്യാനങ്ങൾ ഉള്ളടക്കം ചെയ്ത സിനിമയാണ് കൊടിയേറ്റം. ഈ ചിത്രത്തിൽ ഗോപി അവതരിപ്പിക്കുന്ന ശങ്കരൻകുട്ടി എന്ന കഥാപാത്രത്തെ കേന്ദ്രമാക്കി ഗ്രാമജീവിതത്തിന്റെ വ്യത്യസ്തമായ സ്ഥലരാശികളും മനുഷ്യജീവിതങ്ങളുമാണ് അവതരിപ്പിക്കുന്നത്.

തറയ്ക്കുന്നുണ്ട്. സീതയെ കൂടാതെ കെ.പി.എ.സി. ലളിത അവതരിപ്പിക്കുന്ന കല്യാണി എന്ന വേശ്യാവൃത്തി ചെയ്യുന്ന സ്ത്രീയുടെ കഥാപാത്രം, സീതയെ സഹായിക്കുന്ന അയൽപ്പക്കകാരിയായ സ്ത്രീ എന്നിങ്ങനെ സീതയുടെ ചുറ്റുപാടിൽ നിന്നും വ്യത്യസ്തഗണത്തിൽപ്പെട്ട സ്ത്രീപ്രതിനിധാനങ്ങളും സിനിമയിലുണ്ട്. വരനെ സ്വയം തിരഞ്ഞെടുക്കുന്ന, സമൂഹത്തിൽ പല കാരണങ്ങൾ കൊണ്ട് അനാഥയായി തീരുന്ന സീത എന്ന കഥാപാത്രം ഇതിഹാസകാവ്യമായ രാമായണത്തിന്റെ റഫറൻസ് ഉൾക്കൊണ്ടുകൊണ്ട് ഒറ്റപ്പെടുന്ന സ്ത്രീയുടെ നേർക്കുള്ള സമൂഹത്തിന്റെ നോട്ടത്തെ കൂടുതൽ തീക്ഷ്ണമായി അവതരിപ്പിക്കുന്നു. കൈക്കുഞ്ഞുമായി ഭാവിയെ നോക്കി നിൽക്കുന്ന പെണ്ണിന്റെ ചിത്രത്തിൽ സിനിമ അവസാനിക്കുമ്പോൾ അതിജീവനമോ അടിയറവോ എന്ന ഒരു ചോദ്യം അവശേഷിപ്പിക്കുകയാണ് സിനിമ.

പ്രാദേശിക ജീവിതത്തിന്റെ ആഖ്യാനങ്ങൾ ഉള്ളടക്കം ചെയ്ത സിനിമയാണ് കൊടിയേറ്റം. ഈ ചിത്രത്തിൽ ഗോപി അവതരിപ്പിക്കുന്ന ശങ്കരൻകുട്ടി എന്ന കഥാപാത്രത്തെ കേന്ദ്രമാക്കി ഗ്രാമജീവിതത്തിന്റെ വ്യത്യസ്തമായ സ്ഥലരാശികളും മനുഷ്യജീവിതങ്ങളുമാണ് അവതരിപ്പിക്കുന്നത്. നിഷ്കളങ്കനായ മനുഷ്യന്റെ നൈസർഗിക പ്രതികരണങ്ങൾ എന്ന മട്ടിൽ ശങ്കരൻകുട്ടിയുടെ പ്രതികരണങ്ങളെ വേഗം തന്നെ പ്രേക്ഷകർക്ക് കണക്ക് ചെയ്യാൻ പറ്റും. സിനിമയുടെ പ്രാഥമികമായ സംവേദന ആശയവും ഇതുതന്നെയാണ്.

ഗ്രാമജീവിതത്തിന്റെ ആഖ്യാനം എന്ന മട്ടിലുള്ള വിശദീകരണങ്ങളും ശങ്കരൻകുട്ടിയുടെ ഭാവവിനിമയങ്ങളുടെ സൂക്ഷ്മവശങ്ങളെക്കുറിച്ചുള്ള ചിന്തകളുമെല്ലാം സിനിമയെപ്പറ്റിയുള്ള പഠനത്തിൽ വിവിധ കാലയളവുകളിൽ വായിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഓരോ സീനുകളിലൂടെയും വികസിക്കുന്ന സംഭവങ്ങളെ മുൻനിർത്തി ശങ്കരൻകുട്ടിയുടെ മനോനിലയെ സൂക്ഷ്മമായി അപഗ്രഥിക്കുന്ന അന്വേഷണങ്ങൾ വിരളമാണ്. ഈ അന്വേഷണത്തിൽ അപരമായി വ്യവഹരിക്കപ്പെടുന്ന സ്ത്രീ കഥാപാത്രങ്ങളുടെ വിനിമയങ്ങൾ പ്രധാനമായി വരുന്നു. അതായത് ചിത്രത്തിലെ ശങ്കരൻകുട്ടിയുടെ കർതൃത്വത്തെ പലരീതിയിൽ വെളിപ്പെടുത്തുന്നത് സ്ത്രീ സാന്നിധ്യങ്ങളാണ്. പെങ്ങളായ സരോജിനിയും ശങ്കരൻകുട്ടി വേലയ്ക്ക് പോകുന്ന വീട്ടിലെ കമലമ്മയും ഒക്കെ സവിശേഷമായ ചില സൂചകങ്ങളായി നിലകൊള്ളുന്നു. പ്രമേയഗതിക്കനുയോജ്യമായ പാത്രസൃഷ്ടികൾ എന്നതിനപ്പുറം സിനിമയിലെ സ്ത്രീ കഥാപാത്രങ്ങളുടെ സാന്നിധ്യം സിനിമയുടെ ഇതര പാഠങ്ങളിലേക്കും വിരൽ ചൂണ്ടുന്നു.

കൊടിയേറ്റത്തിലെ എട്ടാമത്തെ മിനിറ്റിലാണ് ഒരു സ്ത്രീ സ്ക്രീനിൽ തെളിയുന്നത്. കുളിക്കടവിൽ വച്ചുള്ള കമലമ്മയുമായുള്ള ശങ്കരൻകുട്ടിയുടെ സംഭാഷണമാണ് ഈ സീൻ. ഇത് പെണ്ണുങ്ങളുടെ കടവാണ് എന്ന് വാചകത്തിലൂടെയാണ് കമലമ്മ സംഭാഷണം തുടങ്ങുന്നത്. സ്വതവേയുള്ള നാണത്തോടെ ചിരിച്ചുകൊണ്ടാണ് പെണ്ണുങ്ങളുടെ കുളക്കടവിൽ ശങ്കരൻകുട്ടി കമലമ്മയുമായുള്ള സംഭാഷണം മുന്നോട്ടു കൊണ്ടു പോകുന്നത്. വിറക് വെട്ടാനും മറ്റും വേലയ്ക്ക് വീട്ടിലേക്ക് എന്താണ് വരാത്തത് എന്ന് ചോദിച്ചു പിണങ്ങുന്ന കമലമ്മയുടെ സീൻ അവസാനിക്കുന്നത് ശങ്കരൻകുട്ടി മറുകരയിലേക്ക് നീന്തുന്നത് ആകാംക്ഷയോടെ നോക്കി നിൽക്കുന്നതിലാണ്. നോട്ടങ്ങളിലൂടെയും മൗനങ്ങളിലൂടെയും നെടുവീർപ്പുകളിലൂടെയുമാണ് കമലമ്മയുടെ ലൈംഗികമായ ആകാംക്ഷകൾ പ്രകടമാകുന്നത്. ശങ്കരൻകുട്ടിയുമായുള്ള സംഭാഷണങ്ങളിൽ കമലമ്മയുടെ കാമവും നിരാശയും അഭിനിവേശവും എല്ലാം പലനിലകളിൽ അടൂർ സന്നിവേശിപ്പിച്ചിട്ടുണ്ട്. സിനിമയുടെ പതിനേഴാം മിനിറ്റിലാണ് സരോജിനി എന്ന കഥാപാത്രത്തിന്റെ കടന്നുവരവ്. ശങ്കരൻകുട്ടിയുടെ പെങ്ങളായ സരോജിനി ആങ്ങളയ്ക്കുവേണ്ടി പെണ്ണ് അന്വേഷിക്കുകയും നല്ല ഭക്ഷണം ഉണ്ടാക്കിക്കൊടുക്കുകയുമൊക്കെ ചെയ്യുന്നതിൽ സംതൃപ്തി കണ്ടെത്തുന്നു. മറ്റൊരുതരത്തിൽ പറഞ്ഞാൽ സഹോദരനായ ശങ്കരൻക്കുട്ടിയെ പെണ്ണ് കെട്ടിക്കുക, നന്നായി ഊട്ടുക എന്നിങ്ങനെയുള്ള കാര്യങ്ങളിലാണ് സരോജിനി ശ്രദ്ധയൂന്നുന്നത്. കമലമ്മയുമായുള്ള ഒരു സീനിൽ ഭർത്താവിന്റെ ഓർമകളെക്കുറിച്ച് ശങ്കരൻകുട്ടി ചോദിക്കുമ്പോൾ നിരാശയോടും നഷ്ടബോധത്തോടും ആ സ്ത്രീ ശങ്കരൻകുട്ടിയെ നോക്കുന്നുണ്ട്. ആ സീനിന്റെ തുടർച്ച എന്നവണ്ണം പെങ്ങളായ സരോജിനി കടന്നു വരുന്നുണ്ട്. ആങ്ങളയ്ക്ക് കല്യാണാലോചനയ്ക്ക് ഉള്ള വരവാണ് അതെന്ന് കമലമ്മ പറയുമ്പോൾ ശങ്കരൻകുട്ടിയിൽ നാണം ഉടലെടുക്കുകയാണ്. കമലമ്മയും ശങ്കരൻകുട്ടിയും സരോജിനിയും ഉള്ള ഈ സീനിൽ ഭർത്താവിന്റെ ചിത്രം നെഞ്ചോട് ചേർത്തു പിടിച്ച് കമലമ്മ അർദ്ധനഗ്നനായി ജോലി ചെയ്യുന്ന ശങ്കരൻക്കുട്ടിയോട് വിവാഹത്തെക്കുറിച്ച് ചോദിക്കുമ്പോൾ എങ്ങനെയും ചേട്ടനെ കല്യാണം കഴിപ്പിക്കാനുള്ള താല്പര്യത്തോടെ സരോജിനി ശങ്കരൻകുട്ടി സമീപമെത്തുന്നതുമാണ് ഈ സീക്വൻസിന്റെ ആകെത്തുക. കല്യാണം ശങ്കരൻകുട്ടിയിൽ പരിവർത്തനങ്ങൾ ഉണ്ടാക്കുന്നില്ല. ഉത്തരവാദിത്വമില്ലാത്ത അയാളോട് ഭാര്യയും, അമ്മായിയമ്മയും നടത്തുന്ന പ്രതികരണങ്ങളും പ്രതിഷേധങ്ങളും വിലപ്പോകുന്നില്ല. അയാളുടെ അടിസ്ഥാനപരമായ ക്യാരക്റ്ററിനെ ചെയ്ഞ്ച് ചെയ്യാൻ ഇരുവർക്കും കഴിയുന്നില്ല.

അടൂർ സിനിമയിൽ ആവർത്തിച്ചുവരുന്ന ഭക്ഷണചിത്രീകരണം ഇവിടെയും പ്രധാനപ്പെട്ടതാണ്. ആത്യന്തികമായി ശരീരത്തിന്റെ വിശപ്പ് ശമിപ്പിക്കുന്നതിന്റെ സൂചന കൂടി ഇവിടെയുണ്ട്. ശങ്കരൻകുട്ടിയെ ഊട്ടുന്നത് മൂന്നു പെണ്ണുങ്ങളാണ്. പെങ്ങളായ സരോജിനിയും, അയൽവക്കത്തെ സ്ത്രീയായ കമലമ്മയും, ഭാര്യയായ സ്ത്രീയും അടങ്ങുന്ന സ്ത്രീകളാണ് അയാൾക്ക് വച്ചു വിളമ്പി കൊടുക്കുന്നത്. ആസ്വാദ്യകരവും തൃപ്തികരവുമായ രീതിയിൽ അയാളുടെ ആഹാരരീതി



*ചിത്രം : എലിപ്പത്തായം*

നോക്കിയിരിക്കുന്ന ഈ സ്ത്രീകളുടെ മനോനില സിനിമയിലെ സ്ത്രീ കഥാപാത്രങ്ങളുടെ അബോധ ആഖ്യാനം കൂടിയാണ്. വിധവയായിരിക്കെ മറ്റൊരു പുരുഷനുമായി ബന്ധം പുലർത്തുന്ന കമലമ്മ, ആങ്ങളയെ കല്യാണം കഴിപ്പിച്ചിട്ട് സ്വയം പങ്കാളിയെ തിരഞ്ഞെടുക്കുന്ന പെങ്ങൾ, അലഞ്ഞ് നടക്കുന്ന പുരുഷന്റെ കുഞ്ഞിനെ പോറ്റി വളർത്തുന്ന ശങ്കരൻകുട്ടിയുടെ ഭാര്യ, സമീപിക്കുന്ന പുരുഷൻമാർക്ക് കാമമേകുന്ന വേശ്യാവൃത്തി നടത്തുന്ന സ്ത്രീ, കുട്ടികളെ പോറ്റി വളർത്തി ഭർത്താവിന് വിധേയപ്പെട്ടു കഴിയേണ്ടി വരുന്ന ലോറി ഡ്രൈവറുടെ ഭാര്യ തുടങ്ങി വൈവിധ്യമാർന്ന സ്ത്രീ പ്രതിനിധാനങ്ങളാണ് കൊടിയേറ്റത്തിലുള്ളത്. വിവാഹമെന്ന സ്ഥാപനത്തിൽ പെണ്ണിനെ മാർക്ക് ചെയ്യുന്നതിന്റെ അടയാളങ്ങൾ പേറുമ്പോഴും ചില പ്രതിസ്വരങ്ങളും സിനിമയിൽ കാണാം. കെ.പി.എ.സി. ലളിത അവതരിപ്പിക്കുന്ന കഥാപാത്രം കവിതാരൂപത്തിൽ വിവാഹം വേണ്ടെന്ന് അച്ഛനോട് പറഞ്ഞതല്ലേ എന്നു പാടുന്നത് സിനിമയുടെ സബ്ടെക്സ്റ്റിൽ പ്രധാനമാണ്.

അടൂർ ഗോപാലകൃഷ്ണന്റെ അനന്തരം എന്ന സിനിമയിൽ നായികാ സ്ഥാനത്തുള്ള കഥാപാത്രത്തിന്റെ കടന്നുവരവ് സിനിമയുടെ മുപ്പതാം മിനിറ്റിലാണ്. ഒറ്റപ്പെട്ടുപോകുന്ന അജയൻ എന്ന വ്യക്തിയുടെ ഭ്രമാത്മകമായ മനോനിലകളെ അനാവരണം ചെയ്യുന്ന സിനിമയെന്ന നിലയിൽ തന്റെ കാമുകിയായി സങ്കൽപ്പിക്കുന്ന ഒരു പെൺകുട്ടിയിലൂടെയാണ് സിനിമയിലെ സ്ത്രീ സാന്നിധ്യം രേഖപ്പെടുത്തുന്നത്. സിനിമയിൽ കടന്നു വരുന്ന ഈ കഥാപാത്രം പ്രണയഭാവത്തിന്റെയും ശാലീനതയുടെയും പ്രതിരൂപമാണ്. അജയന്റെ മൂത്ത സഹോദരനായ ബാലുവിന്റെ ഭാര്യയായി വരുന്ന ഈ കഥാപാത്രത്തോട് അജയൻ നഷ്ടകാമുകിയോടുള്ള മനോഭാവത്തിലാണ് പെരുമാറുന്നത്. ചേട്ടത്തിയമ്മയുടെ സ്ഥാനത്ത് കാണേണ്ട ഈ സ്ത്രീയെ കാമുകിയായി മനസ്സിലാക്കുന്ന കഥാപാത്രത്തിന്റെ സൂക്ഷ്മവ്യതിയാനങ്ങൾ സിനിമയുടെ മുഖ്യപാഠമായി മാറുന്നു. കല്യാണവേഷത്തിൽ പ്രത്യക്ഷപ്പെടുന്ന ഈ സ്ത്രീ കഥാപാത്രം മണിയറയിൽ നിന്നും പുറത്തേക്ക് പ്രഭാതത്തിൽ വരുന്ന സീനിൽ തന്നെ നാണം കലർന്ന ലാസ്യഭാവത്തിലുള്ള നായികയെ രജിസ്റ്റർ ചെയ്യുന്നുണ്ട്. ഏറ്റവും നല്ല ചായ എന്ന് അജയൻ പറയുന്ന വിധം മികച്ച പാചകം ചെയ്യുന്ന, പാട്ടു പഠിച്ച, ഭർത്താവിന്റെ തുണികൾ ഇസ്തിരിയിടുന്ന, അച്ചടക്കവും ശാലീനതയുമുള്ള പ്രണയഭാവങ്ങൾ ഇണങ്ങിയ ഒരു സ്ത്രീയുടെ പ്രതിരൂപമായിത്തന്നെ സിനിമയിൽ ശോഭന അവതരിപ്പിക്കുന്ന നളിനിയുടെ കഥാപാത്രം അടയാളപ്പെട്ടിരിക്കുന്നു. അതായത്, അനന്തരം എന്ന സിനിമയിലെ സ്ത്രീ കഥാപാത്രം പരമ്പരാഗതമായ പ്രണയ ശരീരത്തിന്റെയും മൂല്യങ്ങളുടെയും സ്വപ്നസമാനമായ സ്ത്രീയുടെ പ്രതിബിംബമായിട്ടാണ് അടൂർ ഗോപാലകൃഷ്ണൻ അവതരിപ്പിച്ചിരിക്കുന്നത്.

ഉണ്ണിക്കുഞ്ഞിനെ കേന്ദ്ര കഥാപാത്രമാക്കിക്കൊണ്ട് ഫ്യൂഡൽ കാലഘട്ടത്തിന്റെ ജീർണതകളെ ആവിഷ്കരിച്ച സിനിമയാണ് എലിപ്പത്തായം. അധികാരം, നിസ്സംഗത, ജന്മിത്തവ്യവസ്ഥിതിയുടെ മൂല്യാവബോധങ്ങൾ തുടങ്ങി വിവിധ ചരിത്രസന്ദർഭങ്ങളെ ഒരു വ്യക്തിയുടെ ക്രിയകളിലൂടെയും ചലനങ്ങളിലൂടെയും മൗനങ്ങളിലൂടെയും കലാപരമായി സംവിധായകൻ ഈ സിനിമയിൽ ആവിഷ്കരിക്കുന്നുണ്ട്. വ്യവസ്ഥിതിയുടെ അപചയം വ്യക്തിയിലൂടെ എന്ന സിനിമയുടെ പ്രാഥമിക പാഠത്തെ കവിഞ്ഞ് ഈ സിനിമയിലെ സ്ത്രീ കഥാപാത്രങ്ങൾക്ക് സവിശേഷമായ ചില അടയാളങ്ങൾ ഉണ്ട്. ഉണ്ണിക്കുഞ്ഞിനോട് വിനിമയം നടത്തുന്ന നാല് സ്ത്രീ കഥാപാത്രങ്ങളെ ഈ സിനിമയിൽ കാണാം. ഇതിൽ മൂന്നുപേർ ജാനമ്മ,രാജമ്മ,ശ്രീദേവി എന്നിവർ ഉണ്ണിയുടെ സഹോദരിമാരാണ്. മറ്റൊരാൾ തറവാട്ടിലെ വേലക്കാരിയും. വീട്ടുവേലകളിലും സഹോദരനെ സേവിക്കുന്നതിലും മാത്രം ശ്രദ്ധിച്ചു ജീവിക്കുന്ന കഥാപാത്രമാണ് രാജമ്മ. ഉണ്ണിക്കുഞ്ഞിന് കുളിക്കാൻ ചൂടുവെള്ളം തിളപ്പിക്കുക, ഭക്ഷണം പാകം ചെയ്യുക, വസ്ത്രങ്ങൾ അലക്കി തേച്ച് നൽകുക തുടങ്ങി അയാളെ പരിചരിച്ചു കൊണ്ടുള്ള ജീവിതമാണ് രാജമ്മയുടേത്. അകന്ന ബന്ധുവായ കേശുവമ്മാവൻ രാജമ്മയ്ക്കായി കൊണ്ടുവരുന്ന വിവാഹാലോചനകൾ തന്ത്രപരമായി മുടക്കി തന്റെ അടിമയായി രാജമ്മയെ ഉണ്ണിക്കുഞ്ഞ് കണക്കാക്കുകയാണ്. "യജമാനനും അടിയാളനും എന്ന പഴയ ഫ്യൂഡൽ അധികാര സമവാക്യം മറ്റൊരു അധികാര ബലതന്ത്രമായി ഇവിടെ പരിവർത്തനം ചെയ്യപ്പെടുന്നു. സ്ത്രീയും പുരുഷനും തമ്മിലുള്ള അധികാര വിധേയത്വ ബന്ധങ്ങളാണവ. കുടുംബത്തിലെ കുറേക്കൂടി പ്രബലരായ അംഗങ്ങൾക്ക് മേൽ തന്റെ ആഗ്രഹങ്ങൾ അടിച്ചേൽപ്പിക്കാൻ ധൈര്യമില്ലാത്ത ഉണ്ണിയെ പോലെയുള്ള, മറ്റുള്ളവരെ ഭയപ്പെടുത്തി ഭരിക്കുന്ന ഒരാൾക്ക് നിലയ്ക്ക് നിർത്താൻ മാത്രം ദുർബലയായിരുന്നു രാജമ്മ എന്ന് ഗൗതമൻ ഭാസ്കരൻ (2011:146) എഴുതുന്നുണ്ട്. ഉണ്ണിക്കുഞ്ഞിന് വിധേയപ്പെട്ട ത്യാഗപൂർണമായ ഒരു ജീവിതമാണ് അവർ നയിക്കുന്നത്. ജ്യേഷ്ഠത്തിയായ ജാനമ്മയുടെ

**അടൂർ ഗോപാലകൃഷ്ണന്റെ അനന്തരം എന്ന സിനിമയിൽ നായികാ സ്ഥാനത്തുള്ള കഥാപാത്രത്തിന്റെ കടന്നുവരവ് സിനിമയുടെ മുപ്പതാം മിനിറ്റിലാണ്. ഒറ്റപ്പെട്ടു പോകുന്ന അജയൻ എന്ന വ്യക്തിയുടെ ഭ്രമാത്മകമായ മനോനിലകളെ അനാവരണം ചെയ്യുന്ന സിനിമയെന്ന നിലയിൽ തന്റെ കാമുകിയായി സങ്കൽപ്പിക്കുന്ന ഒരു പെൺകുട്ടിയിലൂടെയാണ് സിനിമയിലെ സ്ത്രീ സാന്നിധ്യം രേഖപ്പെടുത്തുന്നത്.**

സക്കറിയയുടെ ഭാസ്കര പട്ടേലരും എന്റെ ജീവിതവും എന്ന നോവലിനെ ആധാരമാക്കി അടൂർ സാക്ഷാൽക്കരിച്ച ചിത്രമാണ് വിധേയൻ. ജന്മിത്വ വ്യവസ്ഥിതിയുടെ പശ്ചാത്തലത്തിലുള്ള ഈ സിനിമയിൽ അധികാര വിധേയത്വങ്ങളുടെ ഭാവപരിണാമങ്ങൾ കാണാം.




മകനായ രവിക്കുട്ടൻ വരുമ്പോൾ മാത്രമാണ് സന്തോഷത്തോടെയുള്ള ചില പെരുമാറ്റങ്ങൾ രാജമ്മയിൽ കാണുന്നത്. കാല്പനികമായ സ്വപ്നങ്ങളിൽ ജീവിക്കുന്ന ഒരു യുവതിയുടെ പ്രതിരൂപമാണ് ശ്രീദേവി. വസ്ത്രാലങ്കാരങ്ങളിൽ എപ്പോഴും ശ്രദ്ധിക്കുന്ന പാരലൽ കോളെജിൽ പഠിക്കുന്ന യുവതിയാണ് ശ്രീദേവി. വീടിനുള്ളിൽ നിന്ന് എലി കുടുങ്ങുന്ന പെട്ടിയുമായി പുറത്തേക്ക് നടന്നു ഇറങ്ങുന്നത് ശ്രീദേവിയാണ്. സാമൂഹികജീവി എന്ന നിലയിൽ പുറംലോകത്തേക്കുള്ള ശ്രീദേവിയുടെ പ്രയാണം തന്നെയാണ് ഇത്.

ഗൾഫുകാരനായ മാത്തുക്കുട്ടിയോട് അന്യദേശത്തെ കുറിച്ചുള്ള അന്വേഷണങ്ങൾ നടത്തുന്ന ഈ കഥാപാത്രം ഒരു ഘട്ടത്തിൽ വീട് വിട്ട് പുറംലോകത്തേക്ക് പോകുന്നുണ്ട്. താൻ ആഗ്രഹിക്കുന്ന ഏതു കാര്യവും നേടിയെടുക്കാനുള്ള സാമർഥ്യവും ആവേശവും എല്ലാം പ്രകടിപ്പിക്കുന്ന സ്ത്രീ കഥാപാത്രമായിട്ടാണ് ശ്രീദേവിയെ സിനിമയിൽ ആഖ്യാനം ചെയ്തിരിക്കുന്നത്. കാമഭാവത്തോടെയുള്ള പെരുമാറ്റ രീതികളാണ് വേലക്കാരിയായ മീനാക്ഷിയിൽ കാണുന്നത്. ഉണ്ണിക്കുഞ്ഞിനോട് അടുപ്പം നടിച്ച് തറവാട്ടിലെ പറമ്പിലെ ഫലങ്ങളും വീട്ടിലെ വിഭവങ്ങളും മറ്റും കൈക്കലാക്കുന്ന സ്വഭാവരീതിയാണ് മീനാക്ഷിയുടേത്. ലൈംഗികത പ്രകടമാകുന്ന ഭാവചലനങ്ങളോടു കൂടിയാണ് ഈ കഥാപാത്രത്തെ വിന്യസിച്ചിരിക്കുന്നത്. സവർണ തറവാട്ടിലെ വേലക്കാരിയുടെ സ്വത്വത്തിന്റെ പ്രകാശനമായി കൂടി ഇതിനെ കാണേണ്ടതുണ്ട്. തറവാട്ടിലെ കാരണവരെ വശീകരിച്ച് ആവശ്യമെല്ലാം നടത്തിയെടുക്കുന്ന കർതൃത്വമായിട്ടാണ് മീനാക്ഷി എന്ന കഥാപാത്രത്തെ അടൂർ അവതരിപ്പിക്കുന്നത്. ചുരുക്കത്തിൽ എലിപ്പത്തായത്തിലെ സ്ത്രീ കഥാപാത്രങ്ങളിലും വൈവിധ്യ സ്വഭാവങ്ങളെ ദർശിക്കാൻ കഴിയും.

വിധേയപ്പെടലിന്റെയും വിമോചനാത്മകതയുടെയും വശീകരിക്കലിന്റെയും അടയാളങ്ങളെ അവശേഷിപ്പിച്ചു കൊണ്ടാണ് ഈ ചിത്രവും പെൺവിനിമയങ്ങളെ സാക്ഷ്യപ്പെടുത്തുന്നത്.

സ്വാതന്ത്ര്യസമരത്തിന്റെ കാലയളവിൽ ജയിൽ ശിക്ഷ അനുഭവിക്കേണ്ടി വന്ന ബഷീറിന്റെ ജയിൽ ദിനങ്ങളെക്കുറിച്ച് വിവരിക്കുന്ന രചനയാണ് മതിലുകൾ. പുറം ലോകവുമായുള്ള ബന്ധം വിച്ഛേദിക്കപ്പെട്ട കുറ്റവാളിയായി മതിലുകൾക്കുള്ളിൽ കഴിയേണ്ടി വരുന്ന മനുഷ്യന്റെ അവസ്ഥാന്തരങ്ങളാണ് സിനിമയിലൂടെ അടൂർ വിശകലനം ചെയ്യുന്നത്. പ്രാഥമികമായി സ്ത്രീ കഥാപാത്രങ്ങൾക്ക് പ്രാധാന്യമില്ലാത്ത പ്രമേയമാണിത്. എന്നാൽ ശബ്ദത്തിന്റെ സാന്നിധ്യംകൊണ്ട് സിനിമയിൽ നാരായണി എന്ന സ്ത്രീ കഥാപാത്രം നിറഞ്ഞുനിൽക്കുന്നുണ്ട്. വിഹ്വലമായ ബഷീറിന്റെ മനസ്സിനെ വഴി തിരിച്ചുവിടുന്നത് പെൺജയിലിൽ നിന്നും ഉയരുന്ന ഈ പ്രണയസാന്നിധ്യമാണ്. നാരായണിയുടെ സ്വരം ബഷീറിന്റെ മനോനിലയെ കാല്പനികമാക്കുന്നു. അയാളുടെ സ്വപ്നങ്ങളും പ്രതീക്ഷകളും നാരായണിയിൽ നിന്ന് രൂപപ്പെടുന്നു. അങ്ങനെ സ്വാതന്ത്ര്യം എന്ന സമസ്യയെ പ്രശ്നവൽക്കരിക്കുന്ന സിനിമയിൽ പോലും ഒരു സ്ത്രീയുടെ സാന്നിധ്യവും സാമീപ്യവും സന്ദർഭങ്ങളും ശബ്ദത്തിലൂടെ അടയാളപ്പെടുത്തികൊണ്ട് പ്രണയത്തിന്റെ മർമ്മമാണ് സംവിധായകൻ ചൂണ്ടി കാണിക്കുന്നത്.

സക്കറിയയുടെ ഭാസ്കര പട്ടേലരും എന്റെ ജീവിതവും എന്ന നോവലിനെ ആധാരമാക്കി അടൂർ സാക്ഷാത്കരിച്ച ചിത്രമാണ് വിധേയൻ. ജന്മിത്വ വ്യവസ്ഥിതിയുടെ പശ്ചാത്തലത്തിലുള്ള ഈ സിനിമയിൽ അധികാര വിധേയത്വങ്ങളുടെ ഭാവപരിണാമങ്ങൾ കാണാം. പട്ടേലരുടെയും തൊമ്മിയുടെയും വിനിമയങ്ങളുടെ ആഖ്യാനമെന്നമട്ടിൽ സിനിമ നിൽക്കുമ്പോഴും പട്ടേലരുടെ ഭാര്യയായ സരോജയും തൊമ്മിയുടെ ഭാര്യയായ ഓമനയും സവിശേഷമായി സിനിമയിൽ തെളിഞ്ഞ് നിൽക്കുന്നുണ്ട്. ഫ്യൂഡൽ അധികാരത്തിൽ മത്തുപിടിച്ച പട്ടേലരുടെ തിരുത്തൽ ശക്തിയായി വർത്തിക്കുകയാണ് സരോജ. അടിമത്തം സഹിച്ച് ജീവിതം നയിക്കുന്ന തൊമ്മിക്ക് ആശ്രയമായി നിൽക്കുന്ന ഓമന സഹനത്തിന്റെ പ്രതീകമായി സിനിമയിൽ അവതരിപ്പിക്കപ്പെടുന്നു. ഒരേസമയം അവർ പട്ടേലർക്കും തൊമ്മിക്കും ആശ്വാസവും ആശ്രയവുമായി വർത്തിക്കുന്നു. അതായത് അധികാരവിധേയത്വത്തിന്റെ കൈമാറ്റങ്ങൾ സാഹചര്യമനുസരിച്ച് സംഭവിക്കുന്നുവെന്ന് പട്ടേലർ-തൊമ്മി കഥയിലൂടെ പറഞ്ഞുവയ്ക്കുമ്പോഴും പ്രമേയ ശരീരത്തിൽ സ്ത്രീകഥാപാത്രങ്ങളുടെ സാന്നിധ്യവും സ്വാധീനവും പ്രബലമായി നിൽക്കുന്നുണ്ട്.

ജന്മിത്വവ്യവസ്ഥിതിയുടെ മൂല്യങ്ങൾക്കുള്ളിൽ നിന്നും വിപ്ലവാഭിമുഖ്യത്തിലേക്ക് സഞ്ചരിച്ച കുഞ്ഞുണ്ണിയുടെ കഥയാണ് കഥാപുരുഷൻ. കുഞ്ഞുണ്ണിയുടെ അമ്മ, മുത്തശ്ശി, ഭാര്യ, പരിചാരികയായ ജാനമ്മ, അവരുടെ മകൾ മീനാക്ഷി (ഈ മീനാക്ഷിയാണ്



*ചിത്രം : അനന്തരം*

പിന്നീട് കുഞ്ഞുണ്ണിയുടെ ഭാര്യയാകുന്നത്.) തുടങ്ങി വിവിധ തട്ടുകളിൽ നിൽക്കുന്ന സ്ത്രീകഥാപാത്രങ്ങൾക്കുള്ളിലാണ് കുഞ്ഞുണ്ണിയുടെ കർതൃത്വത്തെ അടൂർ രൂപപ്പെടുത്തുന്നത്. മിക്കപ്പോഴും രോഗശയ്യയിൽ കിടക്കുന്ന കുഞ്ഞുണ്ണിയുടെ അമ്മയും സ്നേഹവാത്സല്യവും സംരക്ഷണവുമേറ്റികൊണ്ട് നിൽക്കുന്ന മുത്തശ്ശിയും പാരമ്പര്യാഭിമുഖ്യമായ ജീവിത വീക്ഷണത്തെ പ്രതിനിധീകരിക്കുന്നു. പുരുഷ പീഡനങ്ങൾ ഏറ്റുവാങ്ങാൻ വിധേയപ്പെടുന്ന ജാനമ്മയുടെ ചിത്രം മറുഭാഗത്ത് സ്ത്രീയുടെ മറ്റൊരു മുഖത്തെ കാണിക്കുന്നു. വിശ്വാസവും വിപ്ലവവും എല്ലാം കലർന്നുകിടക്കുന്ന ഗാർഹിക അന്തരീക്ഷത്തിന്റെ ഉൽപ്പന്നമായി കുഞ്ഞുണ്ണിയുടെ ജീവിതത്തെ വിശകലനം ചെയ്തുകൊണ്ടാണ് അടൂർ ഈ സിനിമ ആഖ്യാനം ചെയ്തിരിക്കുന്നത്. പുരുഷന്റെ അവസ്ഥാന്തരങ്ങൾക്കെല്ലാം മൂകസാക്ഷിയായി നിൽക്കുന്ന സ്ത്രീയുടെ വിഭിന്നഭാവങ്ങൾ സിനിമയിൽ പല നിലകളിൽ പ്രതിഫലിക്കുന്നുണ്ട്.

കാളിയപ്പൻ എന്ന ആരാച്ചാരുടെ ജീവിതാനുഭവങ്ങളുടെ ആവിഷ്കാരമാണ് നിഴൽക്കുത്ത്. അധികാര വർഗത്തിന്റെ ആജ്ഞ അനുസരിച്ച് കുറ്റവാളികളെ തൂക്കിലേറ്റുന്ന ആരാച്ചാരുടെ കർമമാണ് കാളിയപ്പൻ പാരമ്പര്യമായി അനുഷ്ഠിച്ചു പോരുന്നത്. ഈ വധശിക്ഷ നടപ്പാക്കൽ അയാളിൽ പാപബോധം സൃഷ്ടിക്കുന്നു. കൊലപാതകത്തിന്റെ പാപം സ്വയം ഏറ്റുവാങ്ങേണ്ടി വരുന്നവന്റെ ആത്മസംഘർഷങ്ങളുടെ ആഖ്യാനമായി നിഴൽക്കുത്ത് എന്ന സിനിമ വിപുലമാകുന്നു. പ്രസ്തുത ചിത്രത്തിൽ ആചാരങ്ങൾ മുടക്കാതെ പാപചിന്തയുടെ ഭാരമില്ലാതെ ആരാച്ചാരുടെ ഭാര്യ എന്ന നിയോഗം പേറി ജീവിക്കേണ്ടി വരുന്നവളായി കാളിയപ്പന്റെ ഭാര്യയെ അവതരിപ്പിക്കുന്നു. കൂടാതെ രാജനീതികളെ ഉൾക്കൊണ്ട് ജീവിക്കാൻ ആഗ്രഹിക്കുന്ന രണ്ട് പെൺമക്കളെയും സിനിമയിൽ കാണിക്കുന്നുണ്ട്. മകനാകട്ടെ പുരോഗമന ചിന്താഗതി വെച്ചുപുലർത്തുമ്പോഴും പാരമ്പര്യ വൃത്തിയിലേക്ക് എത്തിപ്പെടുന്നതായും സിനിമ പറയുന്നു. ഈ സിനിമയിലെ സ്ത്രീ കഥാപാത്രങ്ങൾ അധികാരത്തിന്റെയും സാമൂഹിക നിയമങ്ങളുടെയും പിടിയിൽ അമർന്ന് നിശ്ശബ്ദരാകേണ്ടി വരുന്നവരാണ്. അഥവാ സാമൂഹിക പ്രക്രിയകളിൽ കർതൃത്വം ഇല്ലാത്ത കഥാപാത്രങ്ങളായി തന്നെയാണ് സ്ത്രീകഥാപാത്രങ്ങളെ രേഖപ്പെടുത്തിയിരിക്കുന്നത്.

സമൂഹത്തിന്റെ വ്യത്യസ്ത നിലകളിൽ ഉള്ള സ്ത്രീ അനുഭവങ്ങളുടെ ആഖ്യാനമാണ് അടൂർ ഗോപാലകൃഷ്ണന്റെ നാലു പെണ്ണുങ്ങൾ, ഒരു പെണ്ണും രണ്ടാണും എന്നീ ചിത്രങ്ങൾ. തകഴിക്കഥകളുടെ അനുവർത്തനങ്ങളാണ് രണ്ട് സിനിമകളും. സ്ത്രീകഥാപാത്രങ്ങളുടെ അവസ്ഥാന്തരങ്ങളും പ്രതിരോധവും ആത്മസംഘർഷങ്ങളും പ്രതിഷേധങ്ങളുമാണ് ചലച്ചിത്രകാരൻ സവിശേഷമായി ഇവിടെ അടയാളപ്പെടുത്തുന്നത്. ഒരുകാലത്ത് വേശ്യാവൃത്തി നയിക്കേണ്ടി വന്ന കുഞ്ഞിപ്പെണ്ണ് എന്ന സ്ത്രീയുടെ ജീവിതത്തെ പുരുഷാധിപത്യ സമൂഹത്തിലെ നിയമവ്യവസ്ഥ വേട്ടയാടുന്ന രീതികളാണ് ഒരു നിയമലംഘനത്തിന്റെ കഥ എന്ന സിനിമ. വിവാഹിതയായിട്ടും കന്യകയായി ജീവിക്കേണ്ടിവരുന്ന കുമാരിയുടെ കഥയാണ് കന്യക. വിവാഹിതയുടെ സദാചാരബോധത്തിന് അതീതമായി സ്ത്രീ മനസ്സിന്റെ അവസ്ഥാന്തരങ്ങളെ ചിന്നുവമ്മ എന്ന ശീർഷകത്തിലുള്ള ഭാഗം ആവിഷ്കരിക്കുന്നു. സമൂഹത്തിൽ ഒറ്റയ്ക്ക് കഴിയുന്ന സ്ത്രീ നേരിടേണ്ടിവരുന്ന പ്രശ്നങ്ങളാണ് നിത്യകന്യക എന്ന സിനിമയിലെ കാമാക്ഷി എന്ന കഥാപാത്രത്തിലൂടെ അവതരിപ്പിക്കുന്നത്. കള്ളന്റെ മകൻ, നിയമവും നീതിയും, ഒരു കൂട്ടുകാരൻ, പങ്കിയമ്മ എന്നീ കഥകളുടെ അനുവർത്തനമാണ് ഒരു പെണ്ണും രണ്ടാണും എന്ന സിനിമ. ഈ സിനിമയിൽ ഒരു കൂട്ടുകാരൻ എന്ന മൂന്നാമത്തെ ഭാഗം സ്ത്രീപുരുഷ പ്രണയത്തിലെ നീതിബോധത്തെയാണ് ചർച്ച ചെയ്യുന്നത്. വേലക്കാരിയായ പെണ്ണിനോട് യുവാവിന് ഉണ്ടാകുന്ന അടുപ്പത്തിന്റെ ഭിന്ന

**സമൂഹത്തിന്റെ വ്യത്യസ്ത നിലകളിൽ ഉള്ള സ്ത്രീ അനുഭവങ്ങളുടെ ആഖ്യാനമാണ് അടൂർ ഗോപാലകൃഷ്ണന്റെ നാലു പെണ്ണുങ്ങൾ, ഒരു പെണ്ണും രണ്ടാണും എന്നീ ചിത്രങ്ങൾ. തകഴിക്കഥകളുടെ അനുവർത്തനങ്ങളാണ് രണ്ട് സിനിമകളും. സ്ത്രീകഥാപാത്രങ്ങളുടെ അവസ്ഥാന്തരങ്ങളും പ്രതിരോധവും ആത്മ സംഘർഷങ്ങളും പ്രതിഷേധങ്ങളുമാണ് ചലച്ചിത്രകാരൻ സവിശേഷമായി ഇവിടെ അടയാളപ്പെടുത്തുന്നത്.**




ഭാവങ്ങളാണ് ഈ സിനിമയിലൂടെ വിശകലനം ചെയ്യുന്നത്. എന്നാൽ പങ്കിയമ്മ എന്ന കഥയുടെ പ്രമേയം വ്യത്യസ്തമാണ്. ഒരേസമയം പല പുരുഷന്മാരെ പലരീതിയിൽ മോഹിപ്പിക്കുകയും പ്രണയിക്കുകയും ചെയ്യുന്ന അവർ ലോകം ഭരിക്കുന്ന പുരുഷനിയമങ്ങളെ അംഗീകരിക്കുന്നില്ല. പുരുഷന്റെ അധികാര ചട്ടങ്ങൾക്ക് കീഴ്പ്പെടാതെ സ്വന്തം അഭിലാഷങ്ങളെ പിന്തുടരുന്ന കഥാപാത്രമാണ് പങ്കിയമ്മ. ചുരുക്കത്തിൽ, നിലവിലിരിക്കുന്ന സാമൂഹിക വ്യവസ്ഥയിലെ നീതിയും നിയമവും ഒക്കെ പ്രമേയമാക്കുന്ന കഥയുടെ ചലച്ചിത്ര വ്യാഖ്യാനമാണ് ഒരു പെണ്ണും രണ്ടാണുമെന്ന സിനിമ. വ്യവസ്ഥിതിയിലെ സ്ത്രീവിരുദ്ധതയും പുരുഷകോയ്മയെയും ദൃശ്യപ്പെടുത്തികൊണ്ടുള്ള സമീപനമാണ് തകഴിയുടെ കഥകളെ മുൻനിർത്തിയുള്ള രണ്ട് ചിത്രങ്ങളിലും കാണാൻ കഴിയുന്നത്. വിവാഹവും ലൈംഗികതയും സ്ത്രീ-പുരുഷബന്ധങ്ങളും സൂക്ഷ്മതലത്തിൽ വിശകലനം ചെയ്യുന്ന തകഴിക്കഥകളുടെ അനുവർത്തനങ്ങളിൽ വ്യത്യസ്തമായ സാഹചര്യങ്ങളിൽ ജീവിക്കേണ്ടിവരുന്ന പെണ്ണിന്റെ അവസ്ഥാന്തരങ്ങളും അനുഭവങ്ങളും ആഖ്യാനം ചെയ്യുന്നതോടൊപ്പം തന്നെ സാമൂഹിക ക്രമത്തിൽ അവൾ നേരിടേണ്ടിവരുന്ന അനീതികളെയും തുറന്നുകാണിക്കാൻ ശ്രമിക്കുന്നുണ്ട്.

പണത്തിനോടുള്ള അത്യാർത്തി മൂലം കുറ്റകൃത്യങ്ങളിലേക്ക് ഇറങ്ങിത്തിരിക്കുന്ന പുരുഷോത്തമൻ നായർ എന്ന വ്യക്തിയുടെ ജീവിതകഥയാണ് 'പിന്നെയും' എന്ന സിനിമ. സ്കൂൾ ടീച്ചറായ ഭാര്യയുടെ വരുമാനത്തിലാണ് അയാളുടെ കുടുംബം മുന്നോട്ടുപോയിരുന്നത്.ധനാർത്തി മൂലം അയാൾ നടത്തുന്ന കൊലപാതകത്തെ ഭാര്യ തള്ളിപ്പറയുകയും തന്റെ ഭർത്താവ് മൂലം അനാഥമായ കുടുംബത്തെ അവൾ സംരക്ഷിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ വൈകാരികമായ ബന്ധനങ്ങൾക്കപ്പുറം നീതിബോധത്തെ പ്രതിഷ്ഠിക്കുന്ന സ്ത്രീ കഥാപാത്രമാണ് 'പിന്നെയും' എന്ന സിനിമയിൽ കാണുന്നത്.

അടൂർ ഗോപാലകൃഷ്ണന്റെ സാക്ഷാൽക്കാരത്തിൽ പുറത്തിറങ്ങിയ ചിത്രങ്ങളിൽ ഓരോ സ്ത്രീ കഥാപാത്രങ്ങളും തന്റേതായ സാഹചര്യങ്ങളിലും അവസ്ഥകളിലും തീവ്രമായ അനുഭവങ്ങൾ പേറികൊണ്ട് വെളിപ്പെടുന്നവരാണ്. സവിശേഷമായ സാമൂഹികക്രമങ്ങളും പുരുഷ താൽപ്പര്യങ്ങളും എങ്ങനെയാണ് സ്ത്രീയുടെ കാഴ്ചപ്പാടിനെയും ജീവിതസമീപനത്തെയും രൂപപ്പെടുത്തുന്നത് എന്നതിന്റെ ഉദാഹരണമാണ് ഓരോ ചിത്രങ്ങളിലെയും പെൺജീവിതങ്ങൾ. കാമനകളും കരുണയും കാഴ്ചപ്പെടുന്ന കഥാപാത്രങ്ങൾ മാത്രമല്ല ; പ്രതിരോധവും കരുതലും കൈമുതലാക്കിയ സ്ത്രീകളെയും അദ്ദേഹത്തിന്റെ കലാസൃഷ്ടികളിൽ കാണാം. വ്യവസ്ഥയെ വെല്ലുവിളിക്കുന്ന തന്റേടമുള്ള സ്ത്രീസ്വരൂപങ്ങൾ കൂടുതലായും തകഴിക്കഥകളുടെ അനുവർത്തനത്തിലാണ് ദൃശ്യമാകുന്നത്. സാമൂഹികചരിത്രവും ചലച്ചിത്ര പാഠങ്ങളും തമ്മിൽ ഇഴ ചേർത്ത് നടത്തുന്ന ആഖ്യാനത്തിൽ സ്ത്രീയുടെ നിലയും വളരെ പ്രധാനപ്പെട്ടതായി അടൂർ ഗോപാലകൃഷ്ണന്റെ സിനിമകൾ സൂക്ഷ്മമായി വിലയിരുത്തുമ്പോൾ കാണാവുന്നതാണ്.

## ഗ്രന്ഥസൂചി

ഗൗതമൻ ഭാസ്കരൻ,2011, അടൂർ ഗോപാലകൃഷ്ണൻ സിനിമയിൽ ഒരു ജീവിതം, (വിവ.എൻ.പി.സജീഷ്) മാതൃഭൂമി ബുക്ക്സ്, കോഴിക്കോട്.

*(ഡോ. വിഷ്ണുരാജ് പി. - ഫോൺ: 9447900551)*

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്




**സിനിമയുടെ ലോകം**
**അടൂർ ഗോപാലകൃഷ്ണൻ**

ലോകസിനിമയുടെ ഭൂപടത്തിൽ മലയാളസിനിമയ്ക്കും ഒരു ഇടം കണ്ടെത്തിയ ചലച്ചിത്രകാരൻ സിനിമയുടെ വിവിധ വശങ്ങളെക്കുറിച്ച് ഉറക്കെ ചിന്തിക്കുന്നു. ഏറ്റവും മികച്ച ചലച്ചിത്ര ഗ്രന്ഥത്തിനുള്ള ദേശീയ പുരസ്കാരം നേടിയ കൃതിയുടെ ആറാം പതിപ്പ്.

₹ 110



# ആലിയ ഡയസ്പോറയുടെ നേർസാക്ഷ്യം

ഡോ. അമ്പിളി പി.സി.

രാഷ്ട്രീയമോ മതപരമോ മറ്റെന്തെങ്കിലും കാരണത്താലോ ഒരു രാജ്യത്തിൽ നിന്ന് വേർപിരിഞ്ഞ് മറ്റു നാട്ടുകളിൽ അഭയം പ്രാപിക്കുകയും എന്നാൽ സ്വന്തം ദേശീയ സംസ്കാരം കാത്തുസൂക്ഷിക്കുകയും ചെയ്യുന്ന ജീവിതരീതിയെയാണ് കുടിയേറ്റം അല്ലെങ്കിൽ ഡയസ്പോറ എന്നു പറയുന്നത്. ഡയസ്പോറ എന്ന ഗ്രീക്കുപദത്തിന് ചിതറിപ്പോകുക, വിതരണം എന്ന അർഥം നൽകാമെന്നും മതപരമായ അർഥത്തിൽനിന്ന് കുതറിമാറി എല്ലാത്തരം ശിഥിലീകരണത്തെയും സൂചിപ്പിക്കുന്ന വാക്കായി അത് മാറിയിട്ടുണ്ടെന്നും സ്റ്റീഫൻ ഡുഫോയിക്സ് അഭിപ്രായപ്പെടുന്നുണ്ട്. ഉപജീവനത്തിനായി അല്പകാലത്തേക്ക് മറ്റൊരു രാജ്യത്തേക്ക് യാത്രയാവുന്ന പ്രവാസത്തിൽനിന്ന് കുടിയേറ്റം വ്യത്യാസപ്പെട്ടിരിക്കുന്നു. പോസ്റ്റ് കൊളോണിയൽ സിദ്ധാന്തങ്ങളുടെ ഉപവിഭാഗങ്ങളായി നിലനിന്നുകൊണ്ട് ദേശീയതയെ സംബന്ധിച്ച സങ്കല്പനങ്ങൾക്കും ദേശ-രാഷ്ട്രാധിഷ്ഠിത ജ്ഞാനശാസ്ത്രങ്ങൾക്കും ഡയസ്പോറ പഠനങ്ങൾ നിരവധി സംഭാവനകൾ നൽകുന്നുണ്ട്.

പ്രാദേശികതയിൽനിന്ന് വിട്ടുമാറി ലോകത്തെ ഒരു സാർവലൗകിക സംസ്കാരത്തിലേക്ക് അടുപ്പിക്കുന്ന സാമൂഹികഘടനയെ അനുകൂലിക്കുകയാണ് ഡയസ്പോറ ചെയ്യുന്നതെന്ന് ബ്രിട്ടീഷ് ചരിത്രകാരനായ അർനോയിഡ് ടോയൻബി എ സ്റ്റഡി ഓഫ് ഹിസ്റ്ററി എന്ന പന്ത്രണ്ട് വാല്യങ്ങൾ ഉള്ള പുസ്തകപരമ്പരയിലൂടെ അഭിപ്രായപ്പെടുന്നു.

കുടിയേറ്റജനതയിൽ ഏറ്റവുമധികം സംഘർഷങ്ങളെ നേരിട്ടവരാണ് യഹൂദർ. പാലസ്തീനിൻ വിഭജനത്തിനുശേഷം ലോകത്തിന്റെ പല ഭാഗങ്ങളിലേക്ക് കുടിയേറിയ ജൂതരിൽ ഒരുവിഭാഗം കേരളത്തിലും എത്തിച്ചേർന്നു. കേരളത്തിൽ അവർക്കു ലഭിച്ച സ്വീകാര്യതയെ വ്യക്തമാക്കുന്നതാണ് എ.ഡി. ആയിരാമാണ്ടിൽ പുറത്തുവന്ന ജൂതശാസനം. ജൂതജീവിതത്തെ വിഷയമാക്കിയുള്ള ഏതാനും കൃതികളും മലയാളസാഹിത്യത്തിലുണ്ട്. വൈലോപ്പിള്ളി ശ്രീധരമേനോന്റെ കേരള യഹൂദർ ഇസ്രായി



*സിനഗോഗ്*

**പ്രാദേശികതയിൽ നിന്ന് വിട്ടുമാറി ലോകത്തെ ഒരു സാർവലൗകിക സംസ്കാരത്തിലേക്ക് അടുപ്പിക്കുന്ന സാമൂഹികഘടനയെ അനുകൂലിക്കുകയാണ് ഡയസ്പോറ ചെയ്യുന്നതെന്ന് ബ്രിട്ടീഷ് ചരിത്രകാരനായ അർനോയിഡ് ടോയൻബി എ സ്റ്റഡി ഓഫ് ഹിസ്റ്ററി എന്ന പന്ത്രണ്ട് വാല്യങ്ങൾ ഉള്ള പുസ്തകപരമ്പരയിലൂടെ അഭിപ്രായപ്പെടുന്നു.**

ലേക്ക് എന്ന കവിത, എൻ.എസ്. മാധവന്റെ ലന്തൻ ബത്തേരിയിലെ ലുത്തീനിയകൾ, സേതുവിന്റെ മറുപിറവി, ആലിയ എന്നിവ അവയിൽ പ്രധാനപ്പെട്ടതാണ്. നമ്മുടെ ഭാഷയുടെയും സംസ്കാരത്തിന്റെയും അടരുകളിൽ ജൂതജനതയ്ക്കുണ്ടായിരുന്ന പങ്കിനെ കൃത്യമായി അനാവരണം ചെയ്യുന്ന നോവലാണ് ആലിയ. നോവലിന്റെ ആമുഖത്തിൽ കോട്ടയിൽ കോവിലകം എന്ന സേതുവിന്റെ ഗ്രാമത്തെക്കുറിച്ചും അവിടെ വസിച്ചിരുന്ന അമ്പതോളം യഹൂദകുടുംബങ്ങളെക്കുറിച്ചും സ്മരിക്കുന്നുണ്ട്. മറുപിറവിയിൽ ജൂതരുടെ മടക്കയാത്രയെക്കുറിച്ച് വിവരിച്ചിരുന്നുവെങ്കിലും സൂക്ഷ്മമായ രീതിയിൽ യഹൂദജീവിതം വരച്ചിടാൻ കഴിഞ്ഞത് ആലിയയിലൂടെയാണെന്ന് അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. ചരിത്രവും മിത്തും ഭാവനയും ഇടകലർത്തി സങ്കല്പത്തിൽ സൃഷ്ടിച്ചെടുത്ത കഥാപാത്രങ്ങളിലൂടെ അദ്ദേഹം നോവൽ രചിച്ചിരിക്കുന്നു.

ലോകമെങ്ങും മതത്തിന്റെ പേരിൽ ചോര വീണുകൊണ്ടിരുന്ന കാലത്ത് കോട്ടയിൽ കോവിലകത്തെ ജനങ്ങൾ മതസൗഹാർദത്താൽ സമാധാനപരമായി ജീവിച്ചവരാണ്. ഹിന്ദുക്കളും ക്രിസ്ത്യാനികളും മുസ്‌ലീങ്ങളും യഹൂദരും അവരുടെ ആരാധനാലയങ്ങളും ഒരുമയോടെ നിലനിന്നുപോന്നു. എപ്രായിം, എസേക്ക്, ഏവറോൺ, സോളമൻ എന്നിങ്ങനെ നാലു തലമുറയുടെ ചരിത്രവിവരണമാണ് നോവലിന്റെ ഘടന.

തൃപ്പൂണിത്തുറക്കോവിലകത്തേക്ക് പച്ചക്കറികളും പലചരക്കും എത്തിക്കാനുള്ള കരാർ എപ്രായിം കുടുംബത്തിനായിരുന്നു. എസേക്കിന്റെകാലത്ത് അത് ഒന്നുകൂടി ബലപ്പെട്ടു. എറണാകുളം മാർക്കറ്റ് ഭരിച്ചിരുന്ന ക്രിസ്ത്യാനികൾ ആ കരാർ അവർക്കു ലഭിക്കാൻ മെത്രാനെക്കൊണ്ടുവരെ പറയിച്ചിരുന്നുവെങ്കിലും വിട്ടുകൊടുക്കാൻ എപ്രായിം തയാറായിരുന്നില്ല. സേവനത്തിന്റെ സത്യസന്ധതയും കച്ചവടത്തിന്റെ നേരുംനെറിയും കണക്കിലെടുത്ത് കൊച്ചിത്തമ്പുരാൻ ഒരു ചെമ്പുകെട്ടിയ വടിവാൾ ആചാരപൂർവം എപ്രായിമിന് കൽപ്പിച്ചുനൽകിയിരുന്നു. അത് അവരുടെ കുടുംബത്തിന്റെ നില മറ്റ് യഹൂദർക്കിടയിൽ വാനോളം ഉയർത്തി.

## ആചാരങ്ങളും അനുഷ്ഠാനങ്ങളും

യഹൂദർക്കിടയിൽ നിന്ന് ആചാരങ്ങളെക്കുറിച്ചും വിശ്വാസങ്ങളെക്കുറിച്ചും കൃത്യമായ വിവരണങ്ങൾ നോവൽ നൽകുന്നുണ്ട്. കുടുംബത്തിൽ ഒരു കുഞ്ഞ് ജനിച്ചാൽ മുപ്പതാം ദിവസം നടത്തുന്ന ചടങ്ങാണ് പീഡിയൺ. കുട്ടിയുടെ നെറുകയിൽ കൈവച്ച് അനുഗ്രഹിക്കുന്ന കോഹൻ (പുരോഹിതപദവി പാരമ്പര്യമായി കൈവശം വച്ചിരിക്കുന്നവരുടെ കൂട്ടത്തിലൊരാൾ) കുട്ടിയുടെ അമ്മ കൊടുക്കുന്ന വെള്ളിയരഞ്ഞാണത്തിന് ഒരു ഏകദേശ വില

പറയുന്നു. ആ തുക കൊടുത്ത് അവർക്ക് കുട്ടിയെ തിരികെ വാങ്ങാം. അടിമകിടത്തലിന് സമാനമായ ചടങ്ങാണിത്.

ഹിന്ദുക്കളുടെ വിദ്യാരംഭച്ചടങ്ങിനോട് സാമ്യമുള്ള ഒരു ആചാരവും നോവലിൽ കടന്നുവരുന്നു. പള്ളിയുടെ മുകളിലുള്ള റബ്ബാനിമിൽ വച്ച് അക്ഷരത്തിന്റെ ആകൃതിയിലുള്ള അപ്പമുണ്ടാക്കി കോൽത്തേനിൽ മുക്കി കുട്ടിക്ക് നൽകുന്നു. അക്ഷരം മധുരമാണെന്നും അപ്പം ദൈവവുമാണെന്ന് ചടങ്ങിന് നേതൃത്വം നൽകുന്ന യോസഫ് ഹസാം മന്ത്രിക്കുന്നുണ്ട്. ഷോഫർ എന്ന കൊമ്പ് ഊതിയാണ് യഹൂദർ പുതുവത്സരത്തെ വരവേൽക്കുന്നതെന്ന് നോവലിന്റെ തുടക്കത്തിൽ സൂചിപ്പിക്കുന്നുണ്ട്. എട്ടോളം ജൂതപ്പള്ളികളിലെ പ്രധാന ആഘോഷമാണ് 'ഹാനുക്ക'. ആ സമയത്ത് രാത്രികാലങ്ങളിൽ തെരുവിലെ വീടുകളാകെ ദീപാലംകൃതമായിരിക്കും. പള്ളിയിൽ ഒമ്പതു ശാഖകളുള്ള ആചാരവിളക്ക് പ്രാർഥനയോടെ കത്തിക്കും. ഓരോ ദിവസത്തിനും ഓരോ കൊമ്പ് നടുവിലായി ഉയരം കൂടിയ ഒരെണ്ണവും. ഇസ്രയേൽ ഭൂമി കയ്യടക്കിവച്ചിരുന്ന യവനത്തലവനാണ് അന്ത്യോഖസ്സ്. അയാളുമായി നീണ്ടുനിന്ന് യുദ്ധത്തിൽ വിജയം കൈവരിച്ച് യറുശലേം പള്ളി തിരിച്ചുപിടിച്ചതിന്റെ ഓർമയ്ക്കായാണ് ഹനുക്കപ്പെരുന്നാൾ ആഘോഷിക്കുന്നത്. ഉണങ്ങിയ പുല്ലും വൈയ്ക്കോലും ഉപയോഗിച്ച് അന്ത്യോഖസ്സിന്റെ വലിയ രൂപമുണ്ടാക്കിവയ്ക്കും. ആറ് നാളത്തെ സൃഷ്ടികർമത്തിനുശേഷം ദൈവം വിശ്രമിക്കുന്ന ഏഴാമത്തെ നാളായ ശാബത്ത് ദിനത്തിൽ തുടങ്ങി എട്ടു ദിവസം നീണ്ടുനിൽക്കുന്ന ആഘോഷങ്ങൾ അന്ത്യോവസ്സിന്റെ പട്ടാളത്തെ തോൽപ്പിച്ചോടിച്ച് പള്ളി തിരിച്ചുപിടിക്കുമ്പോൾ പള്ളിക്കകത്ത് ഒരു രാത്രിയിൽ വിളക്കുകൾ കത്തിക്കാനുള്ള ഒലിവെണ്ണ മാത്രമേ ഉണ്ടായിരുന്നുള്ളൂ. നിത്യവും ഓരോ വിളക്കു മാത്രം കത്തിച്ച് അത്രയും എണ്ണകൊണ്ട് എട്ടുനാൾ കത്തിച്ചതിന്റെ ഓർമ്മയ്ക്കായാണ് എട്ടുനാളത്തെ ഉത്സവം. ആചാരപൂർവ്വം തോറ (മതഗ്രന്ഥം) വായിക്കുന്ന ചടങ്ങും ഇതിനോടൊപ്പം നടക്കും.

ഏകദേശം കേരളത്തിലെ കല്യാണനിശ്ചയമായും സ്ത്രീധനസമ്പ്രദായമായും സാമ്യമുള്ളതാണ് ജൂതരുടെ കല്യാണച്ചടങ്ങുകളും. കല്യാണം ഉറപ്പിക്കാനിരിക്കുന്ന കാരണവന്മാർ പൊന്നും പണവും തീയതിയും പറഞ്ഞ് കരാർ ഒപ്പിടുന്ന സമ്പ്രദായമാണ് കെത്തുബ. കല്യാണനാളിൽ പെണ്ണിന് കൈമാറുന്ന ഈ പ്രമാണം കെട്ടിയവന്റെ വരുംകാല നടത്തിപ്പുകൾക്കെതിരെ പെണ്ണിനുള്ള ഉറപ്പാണ്. ഇത് കല്യാണനാളിൽ ഇമ്പമുള്ള ഈണത്തിൽ കെത്തുബ വായിക്കാൻ യുവാക്കളെ പരിശീലിപ്പിച്ചിരുന്നു. പൊന്നിന്റെയും പണത്തിന്റെയും കണക്കുകളിൽ മാതാപിതാക്കളെക്കാൾ നാട്ടുകാർക്കും ബന്ധുക്കൾക്കുമാണ് താൽപ്പര്യം എന്ന വി മർശനാത്മക നിരീക്ഷണവും നോവലിന്റെ ഈ ഭാഗത്ത് കടന്നുവരുന്നുണ്ട്. പതിനഞ്ചുദിവസം വരെ നീണ്ടുനിൽക്കുന്ന ചടങ്ങുകളായിരുന്ന ആദ്യകാലത്ത്




ഉണ്ടായിരുന്നത്. വഴി മുഴുവൻ അലങ്കാരങ്ങളും പാട്ടും വാദ്യവും മൃഷ്ടാന്നഭോജനവും ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി. അച്ചാരപ്പുടവയും കുപ്പായവും കൊടുക്കൽ, കാപ്പ് ചടങ്ങ്, താലിക്കും മോതിരത്തിനുമുള്ള പൊന്നു കൈമാറൽ, നഗരംചുറ്റൽ, പെണ്ണിനെ ശുദ്ധിയാക്കുന്ന തെമ്പില എന്നിങ്ങനെ ഓരോ ദിവസങ്ങളിലായി ഓരോ ചടങ്ങുകളെ ക്രമീകരിച്ചിരിക്കും. ചെക്കനെ അരുസ് എന്നും പെണ്ണിനെ അരുസയെന്നും വിളിക്കും. കല്യാണദിവസം സിംഹാസനം പോലെയുള്ള ഇരിപ്പിടത്തിലിരിക്കുന്ന വരൻ അഞ്ചുവണ്ണം കച്ചവടസംഘത്തിന്റെ തലവൻ ജോസഫ് റബ്ബാന്റെ പ്രതീകമാവുന്നു. ചുറ്റമിരിക്കുന്ന സ്ത്രീകൾ റബ്ബാന്റെ പുകഴ്ച്ചപാട്ടുകൾ പാടും. കാലങ്ങൾ കഴിഞ്ഞപ്പോൾ ഇതെല്ലാം ഒരു ദിവസത്തെ ചടങ്ങായി മാത്രം മാറി.

## കേരളീയരുടെ സഹിഷ്ണുത

കൊച്ചിരാജകുടുംബം ജൂതന്മാർക്കുവേണ്ടി വിദ്യാഭ്യാസപരമായ പല സൗകര്യങ്ങളും ചെയ്തിരുന്നതായി നോവലിൽ പറയുന്നുണ്ട്. ഹീബ്രു പഠിക്കാൻ പത്തു കുട്ടികളെങ്കിലും ഉണ്ടെങ്കിൽ ആ സ്കൂളിൽ ഒരു പാർട്ട് ടൈം ഹീബ്രു മാഷിനെ വയ്ക്കാം. അയാളുടെ ശമ്പളം സർക്കാരും സമുദായവും പങ്കിട്ട് നൽകും. മതാചാരങ്ങൾ പാലിച്ചുകൊണ്ടായിരുന്നു സ്കൂളിലെ പ്രവൃത്തിദിനങ്ങൾ. ശാബത്ത് നാളിൽ ജൂതർ ഒരു പ്രവർത്തിയും ചെയ്യാൻ പാടില്ല എന്ന് നിയമമുണ്ട്. അന്നേദിവസം (ശനി) പരീക്ഷവന്നാൽ ജൂതക്കുട്ടികളെ രാവിലെ തന്നെ സ്കൂളിലെ ഒരു പ്രത്യേക മുറിയിൽ മാറ്റിയിരുത്തും. സന്ധ്യകഴിഞ്ഞാൽ അതേ ചോദ്യപേപ്പർ വച്ചുതന്നെ പരീക്ഷ എഴുതാം. കൂടാതെ കോളെജിലും സർക്കാർ

ഏകദേശം കേരളത്തിലെ കല്യാണനിശ്ചയമായും സ്ത്രീധനസമ്പ്രദായമായും സാമ്യമുള്ളതാണ് ജൂതരുടെ കല്യാണച്ചടങ്ങുകളും. കല്യാണം ഉറപ്പിക്കാനിരിക്കുന്ന കാരണവന്മാർ പൊന്നും പണവും തീയതിയും പറഞ്ഞ് കരാർ ഒപ്പിടുന്ന സമ്പ്രദായമാണ് കെത്തുബ. കല്യാണനാളിൽ പെണ്ണിന് കൈമാറുന്ന ഈ പ്രമാണം കെട്ടിയവന്റെ വരുംകാല നടത്തിപ്പുകൾക്കെതിരെ പെണ്ണിനുള്ള ഉറപ്പാണ്.




ജോലിയിലും രണ്ട് സീറ്റുകൾ മാറ്റിവച്ചിട്ടുണ്ട് എന്നും നോവലിൽ പറയുന്നു.

## ജാതിവ്യവസ്ഥ

കേരളത്തിലെ അക്കാലത്തെ ജാതിസമ്പ്രദായം ജൂതരെ ബാധിച്ചിരുന്നില്ല. അവർക്ക് പൊതുവഴി ഉപയോഗിക്കുന്നതിന് നിയന്ത്രണങ്ങൾ ഉണ്ടായിരുന്നില്ല. എന്നാൽ ജൂതർക്കിടയിൽ ജാതിവ്യവസ്ഥ നിലനിന്നിരുന്നു. സമ്പത്തിന്റെയും നിറത്തിന്റെയും അടിസ്ഥാനത്തിൽ പാണ്ടികഭാഗം, കടവുംഭാഗം, തെക്കുംഭാഗം തുടങ്ങിയ സാമ്പത്തിക ചേരിതിരിവുകൾ പതിയെ ജാതികളും ഉപജാതികളുമായപ്പോൾ അവർ തമ്മിൽ തർക്കങ്ങളും വഴക്കുകളും പതിവായി എന്ന് നോവലിൽ വിവരിക്കുന്നു. പതിമൂന്നാം നൂറ്റാണ്ടിനു മുമ്പുതന്നെ ഇവിടെ മലബാറിയഹൂദർ ഉണ്ടായിരുന്നു എന്നത് അവരുടെ സെമിത്തേരിയിൽ രേഖപ്പെടുത്തിയിരിക്കുന്ന വർഷംകൊണ്ട് മനസ്സിലാക്കാം. തൊലി വെളുത്തവൻ മുകളിലാണെന്നുള്ള നിയമം വെള്ളക്കാരന്റേതാണ്. അവരെ അനുകരിച്ചാണ് മട്ടാഞ്ചേരി ജൂതന്മാർ മലബാറി ജൂതന്മാരെ നിറത്തിന്റെ പേരിൽ വേർതിരിച്ചതെന്ന് നോവലിലെ പവിത്രൻ സഖാവ് എന്ന കഥാപാത്രം പറയുന്നുണ്ട്. പരദേശി ജൂതർ മലബാറി ജൂതർക്കുശേഷം വന്നവരായിട്ടും അവർ സമുദായത്തിൽ മുന്തിയവരാണ് എന്നറിയപ്പെടാൻ കാരണം നിറത്തിലുള്ള വ്യത്യാസമാണ്.

വെളുത്തവരും കറുത്തവരും (മലബാറി ജൂതർ) തമ്മിൽ വിവാഹബന്ധത്തിൽ ഏർപ്പെട്ടിരുന്നില്ല. മലബാറിജൂതരുടെ ഇടയിൽ പുരോഹിതന്മാരും ഉണ്ടായിരുന്നില്ല. വ്യവസ്ഥിതി അനുവദിച്ചിരുന്നില്ല എന്നുപറയാം. പരദേശിപ്പള്ളിയിൽ (മട്ടാഞ്ചേരിപ്പള്ളി) പ്രവേശിക്കുന്നതുൾപ്പെടെ കറുത്തവരുടെ അവകാശങ്ങൾക്കുവേണ്ടി നിരന്തരം പോരാടിയിരുന്ന വ്യക്തിയായിരുന്നു. എ.ബി.സേലം നോവലിലെ ജൂതകുടുംബാംഗങ്ങൾ പ്രമാണികളായിരുന്നുവെങ്കിലും മലബാറി ജൂതരെന്നനിലയിലുള്ള എല്ലാത്തരം അവഗണനകളും അവർക്കും നേരിടേണ്ടിവന്നു. കറുത്തവർ പൊതുവേ മുട്ടക്കച്ചവടം പോലെയുള്ള ചെറിയ വ്യാപാരങ്ങളിൽ ഏർപ്പെട്ടിരുന്നവരാണ്. എന്നാൽ എപ്രായിംകുടുംബം സമ്പന്നരായിരുന്നുവെങ്കിലും അത് അംഗീകരിക്കാൻ തദ്ദേശീയർക്കുപോലും മടിയുണ്ടായിരുന്നു. അതേയ് മുട്ടക്കിപ്പോ എന്താ വില, സായിപ്പേ? എന്ന ആന പാപ്പാൻ ശങ്കുണ്ണിനായർ സോളമൻ എന്ന കഥാപാത്രത്തിനോട് ചോദിക്കുന്നതിൽ നിറഞ്ഞ പരിഹാസമാണുള്ളത്.

## ഡയസ്പോറയും ലിംഗപദവിയും

ഡയസ്പോറ പഠനങ്ങളിൽ സ്ത്രീപ്രശ്നങ്ങൾ വേണ്ടവിധത്തിൽ പരിഗണിക്കപ്പെടുന്നില്ല എന്ന് ഗായത്രി സ്പിവാക്ക് നിരീക്ഷിക്കുന്നുണ്ട്. ലിംഗഭേദം, വർഗം, ലൈംഗികത എന്നിവയേക്കാളുപരിയായി വംശീയതയ്ക്കും രാഷ്ട്രീയത്തിനും പ്രാധാന്യം നൽകുകവഴി യഥാർഥ സ്ത്രീപ്രശ്നങ്ങൾ അവഗണിക്കപ്പെടുന്നുണ്ട്. നോവലിൽ ഏവറോൺ ഭാര്യ റബേക്കയെ പ്രണയിച്ച് വിവാഹം കഴിച്ചതാണ്. എന്നാൽ വിവാഹശേഷം പ്രണയം നിലനിർത്താനോ വ്യക്തിയെന്ന നിലയിലുള്ള റബേക്കയുടെ ആഗ്രഹങ്ങളെ മനസ്സിലാക്കാനോ അയാൾക്ക് സാധിക്കുന്നില്ല. എം.എ.വിദ്യാഭ്യാസമുള്ള റബേക്കയ്ക്ക് പത്താംതരം പാസായ ഏവറോണിനെ വിവാഹം ചെയ്യേണ്ടിവന്നു. കെട്ടിക്കേറി വരുന്ന പുതുപ്പെണ്ണിൽ നിന്ന് കുടുംബക്കാർ ആദ്യം ആഗ്രഹിക്കുന്നത് അവരുടെ തലമുറയെ നിലനിർത്താനുള്ള ഒരു ആൺകുട്ടിയെയാണ്. അത്രേയുള്ളൂ പെൺജന്മത്തിന്റെ കർമം. കായ വിരിയുന്നതുപോലെ വാടാനുള്ളതാണ് പൂക്കൾ എന്ന് നോവലിൽ സൂചിപ്പിക്കുന്നത് അന്വർഥമാക്കുന്ന വിധത്തിലായിരുന്നു റബേക്കയുടെ ജീവിതം. വിദ്യാഭ്യാസം കൊണ്ട് പ്രയോജനമില്ലാതെ അടുക്കളയിൽ തന്നെ ഒതുങ്ങിപ്പോയതിന്റെ ദുഃഖം മനസ്സിലൊതുക്കുകയും മാനസികമായ പിരിമുറുക്കം അനുഭവിച്ച് മരണത്തിന് കീഴ്പ്പെടുകയുമാണ് റബേക്ക.

## ട്രാൻസ്നാഷണലിസവും സ്വത്വപ്രതിസന്ധിയും

ആയിരത്തിതൊള്ളായിരത്തി നാല്പത്തിയെട്ടിൽ ഇസ്രയേൽ രാജ്യം രൂപീകരിക്കപ്പെട്ടു. അതോടെ വിശുദ്ധഭൂമിയിലേക്കുള്ള തിരിച്ചുപോക്കിനായി ലോകമെമ്പാടുമുള്ള യഹൂദർ തയാറെടുപ്പുകൾ നടത്തി. അക്കൂട്ടത്തിൽ ഏവറോണിന്റെ കുടുംബവും തിരിച്ചുപോക്കിനായി ശ്രമിക്കുന്നു. 'ആലിയ' എന്ന വാക്കിന്റെ അർഥം പുണ്യഭൂമിയിലേക്കുള്ള തിരിച്ചുപോക്ക് എന്നാണ്. ട്രാൻസ്നാഷണലിസവും ഡയസ്പോറയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് നിരവധി പഠ

നങ്ങൾ നടത്തിയ വ്യക്തിയാണ് തോമസ് ലാക്രോയിക്സ്. വിശ്വാസത്തെത്തുടർന്നോ മറ്റെന്തെങ്കിലും കാരണത്താലോ സംഭവിക്കുന്ന നിർബന്ധിത മടക്കയാത്രയാണെങ്കിൽ അത് കുടിയേറ്റക്കാർക്ക് കൂടുതൽ അനിശ്ചിതത്വം നൽകുന്നു. ഡിപോർട്ട്സ്പോറ എന്നാണതിനെ അദ്ദേഹം വിശേഷിപ്പിച്ചത്. മതവിശ്വാസത്തിന്റെ പേരിൽ തിരിച്ചുപോക്കിനായി ഏവറോണിന്റെ മാതാവ് ഏശുമ്മ ധൃതിവയ്ക്കുന്നുണ്ടെങ്കിലും കേരളത്തെ ഉപേക്ഷിച്ചുപോകാൻ അവർക്കും മനസ്സുണ്ടായിരുന്നില്ല.

'ചെലപ്പോ തോന്നും എന്തിനാ അക്കരയ്ക്ക് പോണേന്നു. ആദ്യം തിന്ന മണ്ണല്ലേ മ്മടെ മണ്ണ്? പെറ്റമ്മ പറഞ്ഞതല്ലേ മ്മടെ ഭാഷ?' എന്ന അവരുടെ വാക്കുകൾ തിരിച്ചുപോയ ഓരോ യഹൂദന്റെയും സ്വത്വപ്രതിസന്ധിയെ സൂചിപ്പിക്കുന്നുണ്ട്.

ഇസ്രയേലിന്റെ രാഷ്ട്രരൂപീകരണത്തിൽ പൂർണമായും പാലസ്തീനിന്റെ നിലപാടുകളോട് ചേർന്നു നിന്നുകൊണ്ടാണ് നോവലിലെ പവിത്രൻ സഖാവ് സംസാരിക്കുന്നത്. പടിഞ്ഞാറൻ മുതലാളിത്ത രാജ്യങ്ങളുടെ സഹായത്തോടെ വല്ലവന്റെയും കൈയിൽനിന്നു തട്ടിയെടുത്ത ഭൂമിക്ക് വിശുദ്ധ പദവി നൽകേണ്ടതില്ല എന്നാണ് പവിത്രന്റെ അഭിപ്രായം. വർഷങ്ങളായി തുടരുന്ന ഇസ്രയേൽ പാലസ്തീൻ പ്രശ്നങ്ങൾക്ക് ഇതുവരെയും പരിഹാരമായിട്ടില്ല. സമീപകാലത്ത് ജറുസലേമിലെ അൽ-അക്സ പള്ളിയുടെ ഉടമസ്ഥതയെ സംബന്ധിച്ച തർക്കം യുദ്ധത്തിലേക്ക് നയിക്കുകയും നിരവധിപേരുടെ ജീവനെടുക്കുകയും ചെയ്തു. അതുപോലെ ജറുസലേമിലെ ഷെയ്ഖ് ജാറയിലെ ഭൂ ഉടമസ്ഥതയെ സംബന്ധിച്ച തർക്കവും നിലനിൽക്കുന്നുണ്ട്. ഇത്തരം പ്രശ്നങ്ങൾക്കിടയിൽ കഴിയുന്ന കേരളയഹൂദർ ഒരുകാലത്ത് അവരുടെ മുൻതലമുറയ്ക്ക് കേരളത്തിൽ ലഭിച്ചിരുന്ന സ്വീകാര്യതയെക്കുറിച്ച് നഷ്ടബോധത്തോടെ ഓർക്കുമെന്നത് തർക്കമില്ലാത്ത വസ്തുതയാണ്.

> ഡയസ്പോറ പഠനങ്ങളിൽ സ്ത്രീപ്രശ്നങ്ങൾ വേണ്ടവിധത്തിൽ പരിഗണിക്കപ്പെടുന്നില്ല എന്ന് ഗായത്രി സ്പിവാക്ക് നിരീക്ഷിക്കുന്നുണ്ട്. ലിംഗഭേദം, വർഗം, ലൈംഗികത എന്നിവയേക്കാളുപരിയായി വംശീയതയ്ക്കും രാഷ്ട്രീയത്തിനും പ്രാധാന്യം നൽകുകവഴി യഥാർഥ സ്ത്രീപ്രശ്നങ്ങൾ അവഗണിക്കപ്പെടുന്നുണ്ട്.

## സഹായകഗ്രന്ഥങ്ങൾ


1. പീതാംബരൻ പി.കെ. ഡോ., 2014, കേരളയഹൂദരുടെ സാംസ്കാരികചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
2. മാധവൻ എൻ.എസ്., 2003, ലന്തൻബത്തേരിയിലെ ലുത്തിനിയകൾ, ഡി.സി.ബുക്സ്, കോട്ടയം.
3. സേതു, 2018, ആലിയ, ഡി.സി. ബുക്സ്, കോട്ടയം
4. ശ്രീധരമേനോൻ എ., 1967, കേരളചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.
5. Michael Payne and Jessica Rae Barbera (ed) 1997, A dictionary of culture and critical theory, Blackwell Publishers Ltd. UK.
6. Robin Cohen and Caroline Fisher, 2019, Routledge handbook of diaspora studies, Routledge, Abingdon.
7. Stephane Dufoix, diaspora before it become a concept, Ibid.


*(ഡോ. അമ്പിളി. പി.സി- 8621908440)*


# വിജ്ഞാനകൈരളി

## വിജ്ഞാനകൈരളിയിലേയ്ക്ക് ലേഖനങ്ങൾ അയയ്ക്കുന്നവരുടെ ശ്രദ്ധയ്ക്ക്

വിജ്ഞാനകൈരളിലേയ്ക്ക് ലേഖനങ്ങൾ അയയ്ക്കുന്നവർ ലേഖനത്തിനോടൊപ്പം പേര്, മേൽവിലാസം, ഇ-മെയിൽ, ഫോൺ നമ്പർ എന്നിവ ഉൾപ്പെടുത്താൻ ശ്രദ്ധിക്കുക. ലേഖനത്തിന്റെ വർക്ക് ഫയൽ, പി.ഡി.എഫ്, ചിത്രങ്ങൾ, ചാർട്ടുകൾ എന്നിവ hariivkairali@gmail.com എന്ന വിലാസത്തിലോ editorvijnanakairali@gmail.com എന്ന വിലാസത്തിലോ അയയ്ക്കുക.

– എഡിറ്റർ




# ഇരവികുളം ദേശീയ ഉദ്യാനത്തിലെ മുതുവാൻ ഗോത്രത്തിന്റെ വംശീയസസ്യശാസ്ത്രനിരീക്ഷണങ്ങൾ

ഡോ. ജെയ്സൺ ജേക്കബ് വർഗ്ഗീസ്,
ഡോ. എഫ്. ജി. ബെന്നോ പെരേര

ഇരവികുളം ദേശീയോദ്യാനത്തിനകത്ത് ലക്കംകുടിക്ക് സമീപം ചട്ടമൂന്നാറിൽ 5 ഹെക്ടറോളം വിസ്തൃതിയുള്ള, അധിനിവേശസമയം സംബന്ധിച്ച് യാതൊരു രേഖകളും ഇല്ലാത്ത ഒരു പഴയ അധിവാസകേന്ദ്രമുണ്ട്. ലക്കംകുടിയെന്ന മുതുവഗോത്രസങ്കേതമിതിനുള്ളിലാണ് സ്ഥിതിചെയ്യുന്നത്. സസ്യ-ജന്തുക്കളുടെ വ്യത്യസ്തവുമപൂർവവുമായ ആവാസവ്യവസ്ഥയാൽ പ്രത്യേകമായി നിൽക്കുന്ന ഭൂപ്രദേശമാണ് ഈ ദേശീയോദ്യാനത്തിന്റേത്. അനവധി ശാസ്ത്രീയ ഗവേഷണങ്ങൾ ഈ ഉദ്യാനത്തിലെ സസ്യ-ജന്തുവിജ്ഞാനീയ പരിപ്രേക്ഷ്യത്തിൽ കാലാകാലങ്ങളായി നടത്തിയിട്ടുണ്ട്. ഈ ഗവേഷണങ്ങൾക്കും കണ്ടെത്തലുകൾക്കുമൊക്കെ എത്രയോ മുമ്പ് ഈ ആവാസവ്യവസ്ഥയിലെ ജന്തു-സസ്യങ്ങളെക്കുറിച്ച് സ്വതന്ത്രവും ഗോത്രപരവുമായ വിജ്ഞാനം ഈ ഗോത്രത്തിനിടയിൽ നിലനിൽക്കുന്നു. വാമൊഴിയായി ഒരു തലമുറയിൽ നിന്നും മറ്റൊന്നിലേക്ക് ഈ ഗോത്രവംശീയവിജ്ഞാനം പകർന്നു കൊടുക്കപ്പെടുന്നു. കാലങ്ങളായുള്ള പ്രയോഗ അറിവാണ് ഈ ഔഷധവിജ്ഞാനത്തിനു ഹേതു. മുതുവാന്റെ ഔഷധവിജ്ഞാനത്തെക്കുറിച്ച് നിലവിൽ ഗൗരവതരമായ അക്കാദമിക പഠനങ്ങൾ ഒന്നും തന്നെയില്ല. ഈ ഗോത്രത്തിന്റെ വംശീയ സസ്യൗഷധവിജ്ഞാനം കണ്ടെത്താനും വിശകലനം ചെയ്യുവാനുമുള്ള ഗവേഷണശ്രമമാണ് ഈ ലേഖനത്തിലൂടെ മുമ്പോട്ട് വയ്ക്കുന്നത്. മുതുവഗോത്രം അനവധി സസ്യങ്ങളെ ഉപയോഗിക്കുന്നുവെങ്കിലും 39 സസ്യകുടുംബങ്ങളിൽ നിന്നായി 56 ഇനം ഔഷധസസ്യങ്ങളെയാണ് ചികിത്സയ്ക്കായി ഉപയോഗിക്കുന്നത് എന്നു കണ്ടെത്തിയിട്ടുണ്ട്. മേത്തോന്നി എന്ന സസ്യമാണ് പാമ്പുവിഷത്തിന്റെ ചികിത്സക്കായി ഉപയോഗിക്കുന്നത്. മുറികൂട്ടി, ഞെരിഞ്ഞിൽ, തൊട്ടാവാടി, കുടങ്ങൽ, നിലപ്പന, കുപ്പമേനി എന്നീ സസ്യങ്ങളുടെ എല്ലാ ഭാഗങ്ങൾക്കും ഔഷധഗുണങ്ങളുണ്ട് എന്ന് ഈ ഗോത്രങ്ങൾ കാലങ്ങളായി മനസ്സിലാക്കിയിരിക്കുന്നു. കൃത്യമായ രീതിയിൽ തുടർപഠനങ്ങൾ നടത്തിയാൽ ആരോഗ്യരംഗത്ത് മുതൽക്കൂട്ടാവുന്ന തരം ഔഷധവിജ്ഞാനമാണ് ഈ ഗോത്രത്തിനുള്ളത്.

താക്കോൽ വാക്കുകൾ : വംശീയസസ്യശാസ്ത്രം, ദേശീയോദ്യാനം, ഔഷധശാസ്ത്രം (ഫാർമക്കോളജി)

ദേശീയോദ്യാനങ്ങൾ നമ്മൾ കണ്ടെത്തുന്നതിനും അടയാളപ്പെടുത്തുന്നതിനുമൊക്കെ എത്രയോ വർഷങ്ങൾക്കു മുമ്പ് നദികളാലും കുന്നുകളാലും സസ്യജാലങ്ങളുടെ ആവാസവ്യവസ്ഥയാലുമൊക്കെ വ്യതിരിക്തമായ കാടിന്റെ സസ്യജാല വിജ്ഞാനവും ഭംഗിയും കൃത്യമായി മനസ്സിലാക്കിയവരാണ് ഗോത്രവർഗക്കാർ. ജീവിതവുമായി ബന്ധപ്പെട്ട ഓരോ സംഗതിക്കും സസ്യങ്ങളും വൃക്ഷങ്ങളും ജീവജാലങ്ങളുമായുള്ള പാരസ്പര്യം ഏറെ പ്രധാനമാണ്. ഒരു ദേശീയോദ്യാനത്തിന്റെ അകത്ത് ജീവിക്കുന്ന മുതുവാൻ ഗോത്രവർഗക്കാരുടെ തനത് ഔഷധവിജ്ഞാനീയത്തെക്കുറിച്ച് പഠിക്കുകയാണ് ഈ ലേഖനത്തിലൂടെ.

കേരളത്തിലെ ഇടുക്കി ജില്ലയിൽ പശ്ചിമഘട്ടത്തിനോട് ചേർന്നാണ് ഇരവികുളം ദേശീയോദ്യാനം സ്ഥിതി ചെയ്യുന്നത്. കേരളത്തിലെ ആദ്യത്തെ ദേശീയോദ്യാനമായ ഇത് മൂന്നാറിലെ കേരള വനം വന്യജീവി വകുപ്പിന്റെ കീഴിലാണ്. പുൽമേടുകൾ, കുറ്റിച്ചെടികൾ, വനവൃക്ഷങ്ങൾ എന്നിവയാണ് ഉദ്യാ

നത്തിൽ കാണപ്പെടുന്ന പ്രധാനപ്പെട്ട മൂന്ന് സസ്യ സമൂഹങ്ങൾ. ലക്കംകുടി മുതുവാൻ ഗോത്ര സങ്കേതം സ്ഥിതി ചെയ്യുന്നത് ഈ ദേശീയോദ്യാനത്തിലാണ്. ഉദ്യാനത്തെക്കുറിച്ചും അതിനകത്തെ ആവാസവ്യവസ്ഥയെക്കുറിച്ചുമൊക്കെ കൃത്യമായ അറിവുകൾ സൂക്ഷിക്കുകയും അവ തലമുറകളിൽ നിന്നും തലമുറകളിലേക്ക് വാമൊഴിയായി പകർന്നു നൽകുകയും ചെയ്യുന്നുണ്ട്.

ഗോത്രവർഗക്കാർ അവരുടെ ദൈനംദിന ജീവിതാവശ്യങ്ങളായ ഭക്ഷണം, പാർപ്പിടം, മരുന്നുകൾ മുതലായവയ്ക്കായി ലഭ്യമായ സസ്യവിഭവങ്ങൾ ധാരാളമായി ഉപയോഗിക്കുന്നു. ആ അറിവുകളെയും ഇടപെടലുകളെയും ശാസ്ത്രീയമായി ഈ ലേഖനത്തിലൂടെ പരിശോധിക്കുകയാണ് ചെയ്യുന്നത്. മനുഷ്യസമൂഹവും സസ്യലോകവും തമ്മിലുള്ള പരസ്പര ഇടപെടലുകൾ പരിശോധിക്കുന്ന പഠനമേഖലയെയാണ് വംശീയസസ്യശാസ്ത്രം അഥവാ എത്നോബോട്ടണി എന്നു പറയുന്നത്. പ്രത്യേകിച്ചും തദ്ദേശീയ ജനത അവർക്കു ചുറ്റുമുള്ള സസ്യങ്ങളെ എങ്ങനെ മനസ്സിലാക്കുന്നു, കൈകാര്യം ചെയ്യുന്നു, പ്രയോജനപ്പെടുത്തുന്നു എന്നുള്ള കാര്യങ്ങളാണ് പഠിക്കുന്നത് (പി, സൈമൺ, 2016).

ഇരവികുളം ദേശീയോദ്യാനത്തിനകത്ത് ലക്കംകുടി എന്ന ഒരു മുതുവാൻ സങ്കേതം മാത്രമേയുള്ളൂ, അതാകട്ടെ ഉദ്യാനത്തിന്റെ തെക്കേ അതിർത്തിയിലാണുള്ളത്. ലക്കംകുടിക്ക് സമീപം ചട്ടമൂന്നാറിൽ 5 ഹെക്ടറോളം വിസ്തൃതിയുള്ള, അധിനിവേശസമയം സംബന്ധിച്ച് യാതൊരു രേഖകളും ഇല്ലാത്ത ഒരു പഴയ അധിവാസകേന്ദ്രവുമുണ്ട്. എന്തിനും പ്രകൃതിയും വനവും മാത്രമാണിവരുടെ ആദ്യത്തെയും അവസാനത്തെയും അത്താണി.

“ഒറ്റപ്പെട്ട ഇടങ്ങളിൽ താമസിക്കുന്ന ഗോത്രവിഭാഗക്കാർ ഔഷധം, ഭക്ഷണം, നാൽക്കാലികളുടെ തീറ്റ, ഇന്ധനം എന്നിവയ്ക്കായി സസ്യാധിഷ്ഠിത വിഭവങ്ങളെ ആശ്രയിക്കുന്നതോടൊപ്പം, പ്രകൃതിവിഭവങ്ങളുടെ പരിപാലനത്തിലും സുപ്രധാന പങ്ക് വഹിക്കുന്നുണ്ടെന്ന് നിരവധി പഠനങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട് (സേവിയർ et al., 2014). ഉദ്യാനത്തിന്റെ പടിഞ്ഞാറേ അതിരിലുള്ള പരപ്പയാർകുടി, പറക്കുടി, നൂറടിക്കുടി എന്നിവിടങ്ങളിലെ മൂന്ന് സങ്കേതങ്ങൾ കേരളത്തിലെ ആദ്യത്തെ ആദിവാസി പഞ്ചായത്തായ ഇടമലക്കുടിയുടെ ഭാഗമാണ്. മൂന്നാർ ഡിവിഷനിലെ മൂന്നാർ റേഞ്ചിന്റെ കീഴിലാണ് ഈ പ്രദേശം. ദേശീയോദ്യാനത്തിന്റെ കിഴക്കൻ അതിർത്തിയിൽ മറയൂർ ചന്ദന ഡിവിഷനു കീഴിലുള്ള കുടക്കാട് നിർദിഷ്ട റിസർവിൽ നിരവധി ഗോത്ര സങ്കേതങ്ങളുണ്ട്.

ഉദ്യാനത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന ലക്കംകുടി മുതുവാൻ ഗോത്രസങ്കേതം 44.088 ഹെക്ടർ വിസ്തീർണമുള്ളതാണ് (വനാവകാശ നിയമമനുസരിച്ച് 2010 ൽ നടന്ന സർവേ പ്രകാരം). ഇത് ജണ്ടയുമായി വ്യക്തമായി വേർതിരിക്കപ്പെട്ടിരിക്കുന്നു. വനാവകാശ നിയമപ്രകാരം ഭൂമിയുടെ മേലുള്ള അവകാശം തീർപ്പാക്കി 45 കുടുംബങ്ങൾക്ക് പട്ടയം നൽകിയിട്ടുണ്ട്.

## മുതുവാൻ ഗോത്രം

തമിഴ്നാട്ടിലെ മധുരയിൽ നിന്ന് പതിനാലാം നൂറ്റാണ്ടിൽ ഹൈറേഞ്ചിലേക്ക് കുടിയേറിയ ഗോത്രമാണ് മുതുവാന്മാർ എന്നു പുരാവൃത്തമുണ്ട്. മധുരയിൽ നിന്നും പലായനം ചെയ്യുമ്പോൾ മീനാക്ഷിയമ്മന്റെ വിഗ്രഹത്തെ മുതുകിൽ ചുമന്നു കൊണ്ടു വന്നുവെത്രെ. അതിനാൽ മുതുവർ എന്നു പേരുണ്ടായി. അലഞ്ഞു നടന്നു കൃഷിചെയ്യുന്നവർ എന്നാണ് അയ്യർ മുതുവാന്മാരെ വിശേഷിപ്പിക്കുന്നത്. മാറ്റക്കൃഷി രീതിയിൽ റാഗിയും നെല്ലും കൃഷിചെയ്യുന്നു. എല്ലാ രണ്ടുവർഷവും ഇവർ കൃഷിഭൂമിയെ മാറ്റുന്നു. ഭൂമി തരിശിനിടുകയും അടുത്തയിടത്തിൽ മാറി മാറി കൃഷി ചെയ്യുകയും ചെയ്യുന്ന രീതിയായിരുന്നു ഇവർ ശീലിച്ചിരുന്നത്.

എന്നാൽ ഇപ്പോൾ വ്യവസ്ഥാപിതമായ കൃഷിരീതി ആരംഭിച്ചിട്ടുണ്ട്. ലക്കംകുടിയിലെ ജനങ്ങൾ അടിസ്ഥാനപരമായി കൃഷിയെയും ദേശീയ ഉദ്യാനത്തിലെ തൊഴിലുകളെയുമാണ് ഉപജീവനത്തിനായി ആശ്രയിക്കുന്നത്. കൊളോണിയൽ കാലഘട്ടം മുതൽ ആരംഭിച്ച ഉദ്യാനവുമായുള്ള അവരുടെ ബന്ധം ഇപ്പോഴും തുടരുന്നു. ഇവർ പ്രധാനമായും ഇഞ്ചിപ്പുല്ല് , ഏലം എന്നിവയാണ് നാണ്യവിളകളായി കൃഷി ചെയ്യുന്നത്. സ്വന്തം ആവശ്യത്തിനായുള്ള പച്ചക്കറികളും കിഴങ്ങുവർഗങ്ങളും അവരിവിടെ ഉൽപ്പാദിപ്പിക്കുന്നുണ്ട്. കുറഞ്ഞ എണ്ണത്തിലുള്ള കന്നുകാലികളെ വളർത്തുകയും അവയെ സങ്കേതത്തിലും അതിനടുത്തുള്ള ദേശീയ ഉദ്യാനത്തിന്റെ പരിസരങ്ങളിലും മേയ്ക്കുകയും ചെയ്യുന്നു. ഉദ്യാനപ്രദേശങ്ങളിൽ നിന്ന് തടി ഇതര വന വിഭവങ്ങൾ (NTFP), പ്രധാനമായും തേൻ, വളരെ കുറച്ചു വിറക്, പുര മേയാനുള്ള പുല്ല് എന്നിവ ഇവർ ഉദ്യാന പ്രദേശത്തു നിന്ന് ശേഖരിക്കുന്നു. കുടിവെള്ളത്തിനായും ജലസേചനത്തിനായുമാകട്ടെ ഉദ്യാനത്തെതന്നെയാണ് ഇവർ ആശ്രയിക്കുന്നത്. മുതുവാന്മാർക്ക് ഉദ്യാനവുമായുള്ള അടുത്ത ബന്ധത്തിനുള്ള അംഗീകാരമെന്ന നിലയിൽ 8 മുതുവാൻ വാച്ചർമാരെ ജോലിയിൽ സ്ഥിരപ്പെടുത്തുകയുണ്ടായി. അതിൽ 6 പേർ ലക്കംകുടിയിൽ നിന്നുള്ളവരാണ്. ഈ ഗോത്രസങ്കേതത്തിൽ നിന്നുള്ള ദിവസവേതനക്കാരായ തൊഴിലാളികളെ സന്ദർശകരെ കൈകാര്യം ചെയ്യുന്നതിനായും ദേശീയോദ്യാനത്തിലെ അകവനങ്ങളുടെ സംരക്ഷണത്തിനായും കാട്ടുതീയിൽ നിന്നുള്ള സംരക്ഷണത്തിനായും നിയമിച്ചിട്ടുണ്ട്. ലക്കംകുടിക്കാരുടെ കൈവശഭൂമി പരിമിതമാണ്, അവർക്ക് സുസ്ഥിര വരുമാനം ലഭ്യമാക്കുന്നതിനായി അവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്.

ദേശീയോദ്യാനത്തിന്റെ കിഴക്കൻ അതിർത്തിയിൽ, മറയൂർ ചന്ദന ഡിവിഷന്റെ കീഴിലുള്ള മറയൂർ റേഞ്ചിലെ സങ്കേതങ്ങളിൽ നിന്നുള്ള ആളുകൾ കുടിവെള്ളവും തടിയിതര വനവിഭവങ്ങളും, പ്രത്യേകി

ച്ച് തേൻ, ദേശീയ ഉദ്യാനത്തിൽ നിന്നാണ് ശേഖരിക്കുന്നത്. എന്നാൽ കാട്ടുതീയുണ്ടാകുമ്പോൾ അവരിൽ ചിലരെ ഇടപെടുത്തുന്നതിലേക്ക് മാത്രമായി അവരുടെ സഹകരണം പരിമിതപ്പെടുത്തിയിരിക്കുന്നു. ഈ ജനവാസ കേന്ദ്രങ്ങളിൽ നിന്ന് ഉദ്യാനമേഖലകളിലേക്ക് തീ പടരാനും, ഉദ്യാനപ്രദേശങ്ങളിലൂടെ ചന്ദനം, കഞ്ചാവ് മുതലായ നിയമവിരുദ്ധ വസ്തുക്കൾ കടത്തുന്നതിനു സഹായിക്കാനും, കഞ്ചാവ് കൃഷിയിലും വേട്ടയിലും ഏർപ്പെടാനും സാധ്യതയുണ്ട്. അതിനാൽ പാർക്കിന്റെ ദീർഘകാല സംരക്ഷണത്തിന് ഗോത്രസങ്കേതവുമായുള്ള സഹകരണം വർധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

## രീതിശാസ്ത്രം (Methodology)

2017-2018 കാലയളവിൽ പുഷ്പങ്ങളെപ്പറ്റി നടന്ന പഠനത്തിനിടെ(Floristic Study) ഗോത്രവംശീയ വൈദ്യന്മാരിൽ നിന്ന് എത്നോബൊട്ടാണിക്കൽ വിവരങ്ങൾ ശേഖരിച്ചു. തയാറാക്കിയ പട്ടികയുടെ മാതൃകകൾ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KFRI) യിൽ നിക്ഷേപിച്ചിട്ടുണ്ട്. ഗോത്രനാമങ്ങൾ, ഉപയോഗപ്രദമായ ഭാഗങ്ങൾ, ഔഷധങ്ങൾ തയാറാക്കുന്ന രീതി മുതലായ വിവരങ്ങൾ ഗോത്രവിഭാഗത്തിൽപ്പെട്ട ആവേദകരിൽനിന്ന് ശേഖരിക്കുകയും ചില സസ്യങ്ങളുടെ ഉപയോഗങ്ങൾ നേരിട്ട് നിരീക്ഷിക്കുകയും ചെയ്തു.

## ഫലങ്ങളും സംവാദവും

നിലവിലെ അന്വേഷണത്തിൽ ഇരവികുളത്തെ ഗോത്രവിഭാഗക്കാർ ചികിത്സയ്ക്കായി 56 ഔഷധ സസ്യങ്ങൾ ഉപയോഗിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ രോഗങ്ങളുടെ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന ഔഷധസസ്യങ്ങൾ പട്ടിക 2 ൽ പെടുത്തിയിട്ടുണ്ട്. ഈ ഔഷധസസ്യങ്ങളെ അവയുടെ ബൊട്ടാണിക്കൽ നാമം, കുടുംബപ്പേര്, പൊതുനാമം, ഉപയോഗിച്ച സസ്യഭാഗങ്ങൾ, ഔഷധ ഉപയോഗങ്ങൾ എന്നിവ ഉപയോഗിച്ച് ക്രമീകരിച്ചിരിക്കുന്നു. ഈ പട്ടികയിൽ 39 കുടുംബങ്ങളിൽപ്പെടുന്ന 56 ഔഷധ സസ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോത്രവിഭാഗത്തിലുള്ളവരും പാരമ്പര്യ വൈദ്യന്മാരും ഔഷധസസ്യങ്ങളുടെ വിവിധഭാഗങ്ങൾ , അതായത് ഇല, വേര്, കായ്, ചിലവയുടെ എല്ലാ ഭാഗങ്ങളും, തണ്ട്, വിത്ത്, മൂലകാണ്ഡം, പുറംതൊലി എന്നിവ മരുന്നുകളുടെ ഉറവിടമായി ഉപയോഗിച്ചിരുന്നു. രോഗങ്ങൾക്കുള്ള പ്രതിവിധികളിൽ ഭൂരിഭാഗവും ലഭിച്ചിരുന്നത് ഇലകളിൽ നിന്നാണ്. പ്രകാശസംശ്ലേഷണം അടങ്ങിയ പ്രധാന പ്രകാശസംശ്ലേഷണ അവയവങ്ങൾ ഇലകളായതാവാം ഔഷധമൂല്യത്തിന് കാരണം (ജാഫരിറാഡ്, റസൂൽപൂർ, 2019). വേരുകളേയും കായകളേയും അപേക്ഷിച്ച് ഇലകളുടെ ശേഖരണവും മരുന്ന് തയാറാക്കലും വളരെ എളുപ്പമാണ്. ഇലകളാണ് ഏറ്റവും സാധാരണമായി ഉപയോഗിക്കുന്ന സസ്യഭാഗം. അതിനെത്തുടർന്ന് വേരുകൾ, പഴങ്ങൾ, മുഴുവൻ ചെടികൾ, കിഴങ്ങുവർഗങ്ങൾ, ഉണങ്ങിയ കാണ്ഡം, വിത്തുകൾ, പുറംതൊലി എന്നിവയും ഉപയോഗിക്കുന്നു. സമാനമായ തരത്തിലുള്ള ഫലങ്ങൾ മറ്റ് ഗവേഷണങ്ങൾക്കും ലഭിച്ചിട്ടുണ്ട് (നാലുമാൻസി എറ്റ്., 2017). രോഗശമനത്തിന് ഉപയോഗിക്കുന്ന മിക്ക പ്രതിവിധികളും ഒരേ സസ്യത്തിൽ നിന്നാണ് തയാറാക്കിയിരുന്നത്. ചിലപ്പോൾ ഒരേ ചെടിയുടെ മറ്റു ഭാഗങ്ങൾ ഉപയോഗിച്ചതായും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മേന്തോന്നി എന്ന ചെടി പാമ്പുവിഷത്തിന്റെ ചികിത്സക്കായി ഉപയോഗിക്കപ്പെടുന്നു. നിലപ്പന, മുറികൂട്ടി, ഞെരിഞ്ഞിൽ, തൊട്ടാവാടി, കുടങ്ങൽ, നിത്യകല്യാണി, മുക്കുറ്റി, കട്ടപ്പ, കുപ്പമേനി എന്നീ സസ്യങ്ങളുടെ എല്ലാ ഭാഗങ്ങളും ഔഷധപ്രാധാന്യമുള്ളവയാണ്.

## ഉപയോഗിച്ച സസ്യഭാഗങ്ങളുടെ നില

ഗോത്രവിഭാഗത്തിൽപ്പെട്ടവർ അവരുടെ സങ്കേതത്തിൽ റാഗി, തുവര, നെല്ല്, മരച്ചീനി, മധുരക്കിഴങ്ങ്, പച്ചക്കറികൾ തുടങ്ങി മിക്ക ഭക്ഷ്യ സസ്യങ്ങളും കൃഷി ചെയ്യുന്നു. ഒപ്പം ഇഞ്ചിപ്പുല്ലും വ്യാപകമായി കൃഷി ചെയ്യുന്നു . ഇതിന്റെ എണ്ണയാണ് ഇവരുടെ പ്രധാനവരുമാനമാർഗം. ഇന്ത്യൻ നെല്ലിക്ക, മാമ്പഴം, കുടംപുളി, തേൻ എന്നിവയാണ് ശേഖരിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്ന പ്രധാന തടി ഇതര വന ഉൽപ്പന്നങ്ങൾ (NTF). നെല്ലിക്കയുടെ വലിപ്പത്തിൽ വ്യത്യാസമുണ്ട്. ചിലപ്പട്ടമരം ഉറങ്ങാനുള്ള പായയായി ഉപയോഗിക്കുന്നു. തുണ്ടിനാര് കുടിയിൽ വ്യത്യസ്താവശ്യങ്ങൾക്കുള്ള കയറായി ഉപയോഗിക്കുന്നു.

പുഴക്കളെ പുറന്തള്ളാനായി ഞള്ളിന്റെ വേരുഭാഗം വായിലൂടെ കൊടുക്കുന്നു. വിരുമെൻചെടിയുടെ നീരിന്റെ സത്തും കുപ്പമേനിയുടെ മുഴുവൻ ഭാഗങ്ങളും ചൊറിക്കുള്ള മരുന്നായി ഉപയോഗിക്കുന്നു. കട്ടപ്പയുടെ മുഴുവൻ ഭാഗങ്ങളും, കാന്താരിമുളക്, നാരകം, കാപ്പി, ഏലം, ചിറ്റമൃത് ഇവയെല്ലാം വയറിളക്കം, അതിസാരം, ഗ്യാസ് ട്രബിൾ മുതലായ

പട്ടിക 1 സങ്കേതങ്ങളുടെ വിവരങ്ങൾ

| സങ്കേതത്തിന്റെ പേര് | കുടുംബങ്ങൾ | ജനസംഖ്യ | വിസ്തീർണം | അഭിപ്രായം |
|---|---|---|---|---|
| ലക്കംകുടി | 46 | 168 | 44.088 Ha | ഉദ്യാനത്തിനുള്ളിൽ |
| പരപ്പയാർകുടി | 56 | 204 | - | ഉദ്യാനത്തിന്റെ പ്രാന്തപ്രദേശത്ത് |
| പറക്കുടി | 24 | 73 | - | ഉദ്യാനത്തിന്റെ പ്രാന്തപ്രദേശത്ത് |
| നൂറടിക്കുടി | 32 | 105 | - | ഉദ്യാനത്തിന്റെ പ്രാന്തപ്രദേശത്ത് |

പട്ടിക 2 സസ്യങ്ങളും അവയുടെ ഉപയോഗങ്ങളും

| Sl No. | Botanical Name | Vernacular Name | Parts used | Medicinal properties used in curing |
|---|---|---|---|---|
| 1 | Acalypha indica | കുപ്പമേനി | മുഴുവൻ സസ്യവും | ചൊറി |
| 2 | Antiaris toxicaria | ചിലപ്പട്ട | പുറം തൊലി | പുറംതൊലി പായനിർമാണത്തിന് ഉപയോഗിക്കുന്നു |
| 3 | Ageratum conyzoides | കട്ടപ്പ | മുഴുവൻ സസ്യവും | ഉദരരോഗങ്ങൾക്ക് |
| 4 | Argemone mexicana | വിരുമെൻ ചെടി | നീര് | ചൊറിക്ക് പുരട്ടുന്നു |
| 5 | Alstonia scholaris | പാല | പുറംതൊലി | ചെവിരോഗങ്ങൾക്ക് ഉപയോഗിക്കുന്നു |
| 6 | Pittosporum tetraspermum | അണലിവേഗം | പുറംതൊലി, കായ് | ത്വക്‌രോഗങ്ങൾക്ക് |
| 7 | Amaranthus cruentus | അരിച്ചീര | തണ്ട്, ഇല, വിത്ത് | പ്രതിരോധശേഷിക്ക്, വിളർച്ച ചികിത്സിക്കാൻ |
| 8 | Anacardium occidentale | കശുമാവ് | വിത്ത്, പഴത്തിന്റെ നീര് | ഹൃദയരോഗങ്ങൾക്ക് |
| 9 | Artocarpus heterophyllus | ചക്ക | പഴം | പോഷകാഹാരം |
| 10 | Artocarpus hirsutus | ആഞ്ഞിലി | പഴം, ഇല | മുഖക്കുരു, പച്ചക്കറി |
| 11 | Artocarpus incisus | കടപ്പിലാവ് | വേര്, കായ്, ഇല | മയക്കം,ഛർദ്ദി, ഹൃദയസംബന്ധമായ പ്രശ്നങ്ങൾ എന്നിവയുടെ ചികിത്സക്ക് |
| 12 | Bambusa bambos | മുള | വേര്, വിത്ത് | കുഷ്ഠം, വിളർച്ച, വിര രോഗങ്ങൾ |
| 13 | Biophytum sensitivum | മുക്കുറ്റി | മുഴുവൻ സസ്യവും | ആസ്ത്മ, പ്രമേഹം, വിളർച്ച |
| 14 | Boerhavia diffusa | തഴുതാമ | മുഴുവൻ സസ്യവും | കരൾ, ഹൃദയം, പ്രമേഹം എന്നിവയെ ഉത്തേജിപ്പിക്കുന്നു |
| 15 | Cajanus cajan | തുവരപ്പരിപ്പ് | വിത്ത് | ചുമ, പല്ലുവേദന, പോഷകാഹാരം |
| 16 | Calamus rotang | അരിച്ചൂരൽ | തണ്ട്, വിത്ത് | പോഷകാഹാരം |
| 17 | Calotropis gigantea | എരുക്ക് | പൂവ്, ഇല | ത്വക് രോഗങ്ങൾക്ക്, പാമ്പുകടിക്ക് |
| 18 | Capsicum frutescens | കാന്താരിമുളക് | കായ് | ഗ്യാസ് ട്രബിളിനും ത്വക് രോഗങ്ങൾക്കും |
| 19 | Catharanthus roseus | നിത്യകല്യാണി | മുഴുവൻ സസ്യവും | രക്താർബുദം, രക്തസമ്മർദ്ദം, പ്രമേഹം |
| 20 | Centella asiatica | കുടങ്ങൽ | മുഴുവൻ സസ്യവും | അപസ്മാരം, കുഷ്ഠം, പനി |
| 21 | Chamaesyce hirta | നിലപ്പന/ കുഴിനാഗപ്പാല | മുഴുവൻ സസ്യവും | ത്വക് രോഗങ്ങൾ, ചുമ |
| 22 | Chromolaena odorata | കമ്യൂണിസ്റ്റ് പച്ച | ഇല | മുറിവുണങ്ങാൻ |
| 23 | Cinnamomum malabatrum | വയന | ഇല, പുറംതൊലി | വിരരോഗങ്ങൾക്കും വയറിളക്കത്തിനും |
| 24 | Cissampelos pareira | കെരണക്കൊടി | മൂലകാണ്ഡം | വായിലൂടെ വയറുവേദനയ്ക്ക് |
| 25 | Citrus aurantifolia | വടുകപ്പുളിനാരകം | കായ് | വിരരോഗങ്ങൾക്ക് |
| 26 | Citrus limon | നാരകം | കായ് | ദഹനത്തിന്, ഗ്യാസ് ട്രബിളിന് |
| 27 | Clerodendrum infortunatum | പെരുക്/ പെരുവേലം | ഇല, പുറംതൊലി | ത്വക് രോഗങ്ങൾക്കും വിര രോഗങ്ങൾക്കും |
| 28 | Coffea arabica | കാപ്പി | വിത്ത് | പാനീയമായും വയറിളക്കത്തിനും |
| 29 | Combretum ovalifolium | മഞ്ഞക്കൊടി | പുറംതൊലി | മഞ്ഞപ്പിത്തം |

| | | | | |
|---|---|---|---|---|
| 30 | Emilia sonchifolia | മുയൽച്ചെവിയൻ | ഇല | ശരീരത്തിലെയും തൊണ്ടയിലെയും അണുബാധ കുറയ്ക്കുന്നു |
| 31 | Ensete superbum | കല്ലുവാഴ | വിത്ത് | വൃക്കയിലെ കല്ലിന് |
| 32 | Eucalyptus globulus | യൂക്കാലി | ഇല | എണ്ണയായും തലവേദനയ്ക്കും |
| 33 | Elettaria cardamomum | ഏലം | വിത്ത് | ആസ്തമയ്ക്കും ദഹനത്തിനും |
| 34 | Entada rheedii | പരണ്ടക്കായ് | വിത്ത് | പല്ലുവേദനയ്ക്കും അൾസറിനും |
| 35 | Erythrina variegata | മുള്ളുമുരിക്ക് | പുറംതൊലി, ഇല | ചുമയ്ക്കും ചെവിരോഗങ്ങൾക്കും |
| 36 | Garcinia gummi-gutta | കൊടംപുളി | വിത്തെണ്ണ, കായ് | അമിതവണ്ണത്തിനു കറിവയ്ക്കാനും |
| 37 | Gloriosa superba | മേന്തോന്നി | കിഴങ്ങ് | പാമ്പിൻ വിഷത്തിന് |
| 38 | Grewia tiliifolia | ഉന്നം | വിത്ത് | പോഷകാഹാരം |
| 39 | Hemionitis arifolia | പട്ടിച്ചെവിയൻ | ഇല | ചെവിവേദനയ്ക്കും സന്ധിവാതത്തിനും |
| 40 | Helicteres isora | ഇടംപിരി വലംപിരി | കായ്, പുറംതൊലി | ത്വക് രോഗങ്ങൾക്ക് |
| 41 | Hemidesmus indicus | നന്നാറി | വേര് | രക്തശുദ്ധീകരണത്തിന് |
| 42 | Hemigraphis colorata | മുറികൂട്ടി | മുഴുവൻ സസ്യവും | മുറിവുണങ്ങാൻ |
| 43 | Hibiscus rosa sinensis | ചെമ്പരത്തി | ഇല , പൂവ് | എണ്ണയായും, ത്വക് രോഗങ്ങൾക്കും |
| 44 | Jasminum sambac | മുല്ല | പൂവ് | ആന്റിസെപ്റ്റിക് ആയും കാമാസക്തിയുണ്ടാക്കാനും |
| 45 | Leea macrophylla | ഞള്ള് | വേര് | വിര കളയാൻ വായിലൂടെ കൊടുക്കുന്നു |
| 46 | Mentha rotundifolia | പുതിന | ഇല | പാനീയം |
| 47 | Mimosa pudica L. | തൊട്ടാവാടി | മുഴുവൻ സസ്യവും | മുറിവുണങ്ങാൻ |
| 48 | Murraya koenigii | കറിവേപ്പ് | ഇല | കറിയിൽ ഉപയോഗിക്കുന്നു |
| 49 | Ocimum tenuiflorum | കൃഷ്ണതുളസി | ഇല | ഔഷധ ചായയുണ്ടാക്കാനും സൗന്ദര്യവർദ്ധനയ്ക്കും |
| 50 | Plumbago zeylanica | വെള്ളക്കൊടുവേലി | വേര് | ത്വക് രോഗങ്ങൾക്ക് |
| 51 | Rubia cordifolia | എല്ലുമ്പറക്കി | തണ്ട് | പാമ്പിന്റെയും തേളിന്റെയും കടിക്ക് |
| 52 | Sida rhomboidea | കുറുന്തോട്ടി | തണ്ട് | പനി, ഹൃദ്രോഗങ്ങൾ, ഉള്ളുരുക്കം, പൈൽസ് എന്നിവയ്ക്ക് |
| 53 | Terminalia chebula | കടുക്ക | കായ് | ത്രിഫലയിലെ ചേരുവ |
| 54 | Tetrastigma sulcatum | ചിത്തിരക്കൊടി | ഇല, തണ്ട് | തലവേദനയ്ക്ക് |
| 55 | Tinospora cordifolia | ചിറ്റമൃത് | തണ്ട് | വിട്ടുമാറാത്ത വയറിളക്കത്തിന് |
| 56 | Tribulus terrestris | ഞെരിഞ്ഞിൽ | മുഴുവൻ സസ്യവും | വൃക്കയിലെ കല്ലിന് |




ഉദരസംബന്ധമായ പ്രശ്നങ്ങൾക്കാണ് ഉപയോഗിക്കുന്നത്. ഏലം ആസ്ത്മയ്ക്കുള്ള മരുന്നായും ഉപയോഗിക്കുന്നു. Apocynaceae കുടുംബത്തിൽ നിന്നുള്ള പാല (Alstonia scholaris), Leguminosae കുടുംബത്തിൽ നിന്നുള്ള മുള്ളുമുരിക്ക് എന്നിവയുടെ പുറംതൊലി ചെവി രോഗത്തിന് ഉപയോഗിക്കുന്നു. ചെമ്പരത്തിയുടെയും യൂക്കാലിയുടെയും (Eucalyptus) ഇല എണ്ണയുണ്ടാക്കാനും തലവേദനയ്ക്കുള്ള മരുന്നായും ഉപയോഗിക്കുന്നു . ചിത്തിരക്കൊടിയുടെ (Tetrastigma sulcatum) ഇലയും തണ്ടും തലവേദനക്കു തന്നെയാണ് ഉപയോഗിക്കുന്നത്. അണലിവേഗ (Pittosporum tetraspermum) ത്തിന്റെ ഭാഗങ്ങളായ പുറംതൊ

ലിയും കായും, എരുക്കിന്റെ പൂക്കളും ഇലയും, കാന്താരിമുളക്, നിലപ്പനയുടെ മുഴുവൻ ചെടിയും ഇടംപിരി വലംപിരിയുടെ കായും പുറം തൊലിയും, ചെമ്പരത്തി, വെള്ളക്കൊട്ടവേലിയുടെ വേര് എന്നിവയാണ് ത്വക് സംബന്ധമായ രോഗങ്ങൾക്ക് ഉപയോഗിക്കുന്നത്.

മുതുവാന്മാരുടെ പല്ലുകൾക്ക് അപൂർവമായ ഒരു വെളുപ്പും ആരോഗ്യവും കാണാം. മോണപഴുപ്പ് രോഗങ്ങളോ മറ്റ് ദന്തരോഗങ്ങളോ ഇവരിൽ കുറവാണ്. കുറുന്തോട്ടിയുടെ തണ്ട് പല്ല് തേയ്ക്കുന്നതിന് ഉപയോഗിക്കുന്നതിനാലാണത്രെ ഇവർക്ക് ദന്താരോഗ്യം.

മുറിവിനുമുണ്ട് കാട്ടുമരുന്നുപ്രയോഗം. തൊട്ടാവാടിയുടെ എല്ലാ ഭാഗങ്ങളും കമ്മ്യൂണിസ്റ്റ് പച്ചയുടെ ഇലയും ചേർത്തുള്ള മരുന്നുകൾ മുറിവുണക്കാനായി ഉപയോഗിക്കുന്നു. കശുമാവിന്റെ വിത്തും പഴത്തിന്റെ നീരും തഴുതാമയും ഹൃദ്രോഗങ്ങൾക്ക് ഉപയോഗിക്കുന്നു. ഇത് കരളിനെ ഉത്തേജിപ്പിക്കുന്ന പ്രത്യേക മരുന്നായും കൂടാതെ രക്തസമ്മർദത്തിനും പ്രമേഹത്തിനുമുള്ള മരുന്നായും ഉപയോഗിക്കുന്നുണ്ട്. മുക്കുറ്റിയും രക്തസമ്മർദത്തിനും പ്രമേഹത്തിനുമുള്ള മരുന്നാണ്. Apocynaceae കുടുംബത്തിൽ നിന്നുള്ള നിത്യകല്യാണിയുടെ എല്ലാ ഭാഗങ്ങളും രക്താർബുദ ചികിത്സയ്ക്ക് ഉപയോഗിക്കുന്നു. നന്നാറിയുടെ വേര് രക്തശുദ്ധീകരണത്തിന് ഉപയോഗിക്കുന്നു. കടുക്കയുടെ ഫലം ത്രിഫലയിലെ ഘടകമായും, കൃഷ്ണതുളസി ഔഷധ ചായയ്ക്കും സൗന്ദര്യ വർദ്ധകവസ്തുവായും ഉപയോഗിക്കുന്നു. ഞെരിഞ്ഞിലിന്റെ മുഴുവൻ ചെടിയും വൃക്കയിലെ കല്ലിന് ഉപയോഗിക്കുന്നു

പട്ടിച്ചെവിയന്റെ ഇല പൊള്ളലേൽക്കുമ്പോൾ പുരട്ടുന്നു. മുയൽചെവിയന്റെ ഇല തൊണ്ടയിലെ അണുബാധയ്ക്ക് മികച്ച ഔഷധമായി കണ്ടെത്തിയിട്ടുണ്ട്. ഇത് കഴുത്തിൽ കുഴമ്പ് രൂപത്തിൽ പുരട്ടിയാണ് ഉപയോഗിക്കുന്നത്.

മഞ്ഞപ്പിത്തത്തിനുള്ള നല്ലൊരു മരുന്നാണ് മഞ്ഞക്കൊടിയുടെ തൊലി. കുടങ്ങൽ, മുല്ല, മുക്കുറ്റി എന്നിവയുടെ വേരുകൾ കുഷ്ഠം, വിളർച്ച, അപസ്മാരം, പനി, വിര രോഗങ്ങൾ എന്നിവയ്ക്ക് മരുന്നായി ഉപയോഗിക്കാറുണ്ട്. തുവരപ്പരിപ്പ് പല്ലുവേദനയ്ക്കും ചുമയ്ക്കും ഒപ്പം പോഷകാഹാരമായും ഉപയോഗിക്കുന്നു. അരിച്ചൂരലും ചക്ക പോലെ പോഷകസമൃദ്ധമായ ഒന്നാണ്. ആഞ്ഞിലി മുഖക്കുരുവിന് പ്രത്യേകമായും, കുടംപുളി അമിതവണ്ണത്തിനും ഉപയോഗിക്കുന്നു.

ഇരവികുളം ദേശീയ ഉദ്യാനത്തിനുള്ളിലെ ഗോത്രസങ്കേതമായ ലക്കംകുടിയിൽ വസിക്കുന്ന ഗോത്രവിഭാഗക്കാർക്കിടയിൽ സമഗ്രമായതും വ്യവസ്ഥിതവുമായ എത്തോബൊട്ടാണിക്കൽ പഠനങ്ങൾ ഇതുവരെ നടന്നിട്ടില്ല.

പഠനം അവരുപയോഗിക്കുന്ന എല്ലാ സസ്യങ്ങളുടെയും പ്രാധാന്യത്തെ വിശദമായി പ്രതിപാദിക്കുന്നു. അവയുടെ പ്രാധാന്യവും ഗുണങ്ങളും പ്രാഥമികമായി ബോധ്യമായിട്ടുമുണ്ട്. അതിനാൽ, ഇതിൽ പ്രസ്താവിച്ചിട്ടുള്ള എല്ലാ വംശീയ ഔഷധസസ്യങ്ങളുടെയും ഉപയോഗവും സുരക്ഷിതത്വവും ഫൈറ്റോകെമിക്കൽ, ഫാർമക്കോളജിക്കൽ പഠനങ്ങൾക്കായി വിശകലനം ചെയ്യുന്നുണ്ട്. ചിലവ് കുറഞ്ഞതും തദ്ദേശീയവുമായ നാട്ടറിവുകൾ പാർശ്വഫലങ്ങളില്ലാത്ത മരുന്നുമാതൃകകളാക്കാവുന്നതാണ്.




## References


Adnan, M., Ullah, I., Tariq, A., Murad, W., Azizullah, A., Khan, A.L., Ali, N., 2014. Ethnomedicine use in the war affected region of northwest Pakistan. Journal of Ethnobiology and Ethnomedicine 10, 1–16. https://doi.org/10.1186/1746-4269-10-16

Jafarirad, S., Rasoulpour, I., 2019. Pharmaceutical ethnobotany in the mahabad (West Azerbaijan) biosphere reserve: Ethno-pharmaceutical formulations, nutraceutical uses and quantitative aspects. Brazilian Journal of Pharmaceutical Sciences 55, 1–13. https://doi.org/10.1590/s2175-97902019000118133

Nalumansi, P.A., Kamatenesi-Mugisha, M., Anywar, G., 2017. Medicinal plants used during antenatal care by pregnant women in Eastern Uganda. African Journal of Reproductive Health 21, 33–44. https://doi.org/10.29063/ajrh2017/v21i4.4

P, S.K., Simon, S., 2016. Ethnobotanical survey in the coastal areas of Kerala 02, 193–196.

Xavier, T.F., Kannan, M., Lija, L., Auxillia, A., Rose, A.K.F., Kumar, S.S., 2014. Ethnobotanical study of Kani tribes in Thoduhills of Kerala, South India. Journal of Ethnopharmacology 152, 78–90. https://doi.org/10.1016/j.jep.2013.12.016



*(ഡോ. ജെയ്സൺ ജേക്കബ് വർഗ്ഗീസ് - 75107 52012*
*ഡോ. എഫ്. ജി. ബെന്നോ പെരേര )*




**ദളിത് പോപ്പ്**
**ജോണി എം.എൽ.**

കഴിഞ്ഞ രണ്ടു ദശകങ്ങൾക്കിടെ കേരളത്തിൽ ദളിത് സൗന്ദര്യശാസ്ത്രത്തിന് വമ്പിച്ച മുന്നേറ്റമുണ്ടായിട്ടുണ്ട്. സാഹിത്യം, സിനിമ, ദൃശ്യകല, രാഷ്ട്രീയം എന്നീ രംഗങ്ങളൊടൊപ്പം ജനപ്രിയ സംസ്കാരത്തിൽ വലിയൊരു പങ്കു വഹിക്കാൻ ദളിത് സൗന്ദര്യശാസ്ത്രത്തിന് കഴിഞ്ഞിട്ടുണ്ട്.

സൈൻ ബുക്സ് ₹ 200



**ഒരു ഹിപ്നോട്ടിസ്റ്റിന്റെ അനുഭവങ്ങൾ**
**ജോൺസൺ ഐരൂർ**

ജോൺസൺ ഐരൂരിന്റെ ഒരു ഹിപ്നോട്ടിസ്റ്റിന്റെ അനുഭവങ്ങൾ ഞാൻ താത്പര്യത്തോടെയാണ് വായിച്ചത്. വിശ്വാസത്തിൽ നിന്നും യുക്തിവാദത്തിലേയ്ക്ക് നീങ്ങിയ ഒരു മനസ്സിന്റെ കഥയും ഒപ്പം തന്നെ ആ യുക്തിവാദം അനേകം വെല്ലുവിളികളെ നേരിടുന്നതിന്റെ രസകരമായ ആഖ്യാനവും ആണ് ഈ ആത്മകഥ.

സച്ചിദാനന്ദൻ
(അവതാരികയിൽ നിന്ന്)
കറന്റ് ബുക്സ് തൃശ്ശൂർ ₹ 380




**പൗരത്വം**
**റൊമില ഥാപ്പർ**
**എൻ.റാം**
**ഗൗതം ഭാട്ടിയ**
**ഗൗതം പട്ടേൽ**

'ഇന്ത്യൻ പൗരത്വം' ഭരണഘടനാശില്പികൾ വിഭാവനം ചെയ്യതെങ്ങിനെ എന്ന് ചരിത്രപരമായി വിശകലനം ചെയ്യുന്ന നാലു പ്രബന്ധങ്ങളാണ് ഈ പുസ്തകത്തിൽ.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ₹ 220



**സമകാലിക സാഹിത്യ സിദ്ധാന്തങ്ങൾ**
**ഡോ.സി.ഗോപിനാഥൻപിള്ള**

സമകാലിക സാഹിത്യസിദ്ധാന്തങ്ങളെക്കുറിച്ച് ആധികാരികമായി വിശകലനം ചെയ്യുന്ന ഗ്രന്ഥം.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ₹ 160




**ശാസ്ത്രത്തിന്റെ ഉദയം**
**താണു പദ്മനാഭൻ**
**വസന്തി പദ്മനാഭൻ**
**വിവ: പി.സുരേഷ് ബാബു**

ശാസ്ത്രചിന്തകളുടെ ചരിത്രപരമായ ഉദയവും വികാസവും ഗ്രന്ഥകർത്താക്കളിൽ സൃഷ്ടിച്ച ആവേശം സമാനമനസ്കരും ജിജ്ഞാസാഭരിതരും വിദ്യാസമ്പന്നരുമായ സാമാന്യജനങ്ങളുമായി പങ്കുവയ്ക്കുന്ന പുസ്തകം.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ₹ 540




**വർക്കല**
**ചരിത്രം സംസ്കാരം വർത്തമാനം**
**തനിമ സുഭാഷ്**

വർക്കലയുടെ ഭൂത-വർത്തമാനകാല ചരിത്രത്തെയും സംസ്കാരത്തെയും വീണ്ടും വായിക്കാൻ പ്രേരിപ്പിക്കുന്ന രചനാരീതിയിലൂടെ കേരളത്തിന്റെ സാംസ്കാരിക ഭൂപടത്തിൽ വർക്കലയെന്ന പ്രദേശം എങ്ങനെയൊക്കെ അടയാളപ്പെടുത്തപ്പെട്ടിരിക്കുന്നുവെന്നും ആ പ്രദേശം ഉൾക്കൊള്ളുന്ന പഴമയും ഗരിമയും തനിമയും അന്നും ഇന്നും എത്രത്തോളമുണ്ടെന്നും നമ്മെ ബോധ്യപ്പെടുത്തിയ ഗ്രന്ഥം.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ₹ 175



**ആഫ്രിക്കൻ യാത്രകളുടെ സാംസ്കാരിക ദൂരങ്ങൾ**
**ഡോ.എ.കെ.അബ്ദുൽ ഹക്കീം**

അപരരെ വേറിട്ട് കാണാനുള്ള ഒരു ശ്രമം സഞ്ചാരസാഹിത്യത്തിലുണ്ട്. ആഫ്രിക്ക 'ഇരുണ്ട ഭൂഖണ്ഡ'മായത് അങ്ങനെയാണ്. രണ്ട് വ്യത്യസ്ത കാലങ്ങളിൽ എസ്.കെ. പൊറ്റക്കാട്ടും സക്കറിയയും ആഫ്രിക്കൻ മണ്ണിലൂടെ നടത്തിയ യാത്രകളെക്കുറിച്ചുള്ള രാഷ്ട്രീയ നിരീക്ഷണങ്ങളാണ് ഈ ഗ്രന്ഥം.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ₹ 140




**ഇന്ത്യൻ സസ്തനങ്ങൾ**
**ഡോ.ആർ.എസ്. പിള്ള**

ഇന്ത്യയിൽ കാണപ്പെടുന്ന നൂറ്റിഎഴുപത്തേഴ് സസ്തനങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ഗ്രന്ഥമാണിത്. വർഗീകരണം, പൊതുലക്ഷണങ്ങൾ, ജീവിതരീതികൾ, സ്വഭാവസവിശേഷതകൾ, പ്രത്യുല്പാദനം എന്നിവയെപ്പറ്റി വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ₹ 670